



**ഖുത്വ്ബ:** വാഗ്ദത്ത പുത്രൻ: ജീവനുള്ള ദൈവത്തിന്റെ സജീവ ദൃഷ്ടാന്തം


# സത്യദൂതൻ

2013 ഫെബ്രുവരി | ലക്കം 2

വില ₹ 20

## ഇതര മതങ്ങളോടുള്ള ഇസ്‌ലാമിന്റെ സമീപനം





Ahmadiyya Muslim Mosque, Kampala, Uganda




Masjid Mahmood Kodiyathur, Kerala, India




لا اله الا الله محمد رسول الله

# സത്യദൂതൻ

2013 ഫെബ്രുവരി
ഹി.ശ.1392 - തബ്‌ലീഗ്
1434 - റ.അവ്വൽ - റ.ആഖർ
പുസ്തകം 85 ലക്കം 2
വില 20 രൂപ

ഒരു നൂറ്റാണ്ടിനോടടുക്കുന്ന മലയാളത്തിലെ ഏക ഇസ്‌ലാമിക പ്രസിദ്ധീകരണം

5 എഡിറ്റോറിയൽ

6 യുഗശബ്ദം



7
ഖുത്‌ബ
**വാഗ്ദത്ത പുത്രൻ:**
**ജീവനുള്ള ദൈവത്തിന്റെ സജീവ ദൃഷ്ടാന്തം**
ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു..)

15
**തിരുനബിയുടെ തിരുമൊഴികൾ**
സമ്പാദകൻ : സർമുഹമ്മദ് സഫറുല്ലാഹ് ഖാൻ



16
**ഇതര മതങ്ങളോടുള്ള**
**ഇസ്‌ലാമിന്റെ സമീപനം**
ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ് ( റഹ്)

ബഹുമാനാദരങ്ങളോട് കൂടിയ ഒരു സമീപനമാണ് ഇസ്‌ലാം മറ്റു മതങ്ങളോട് വെച്ച് പുലർത്തുന്നത്. അന്യമതസ്ഥരെ അവജ്ഞയോടും പുച്ഛത്തോടും കാണുന്നത് ശീലമാ ക്കിയ തീവ്രവാദികളായ വിശ്വാസികൾ ഇസ്‌ലാമിന്റെ മഹാ മനസ്കതയും വിശുദ്ധ ഖുർആന്റെ മഹത്തായ അദ്ധ്യാപനങ്ങളും തിരിച്ചറിയേണ്ടതുണ്ട്.



21
**ഉമ്മുൽമുഅ്മിനീൻ**
**ഹദ്റത്ത് മയ്മൂന (റദിയല്ലാഹുഅൻഹ)**
സ്വാദിഖ ഫദ്ൽ

25
**അർഥവത്തായ രണ്ട് ഖുർ ആനിക പ്രവചനങ്ങൾ**
ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ്(റഹ്)

28
**തുർക്കി സാമ്രാജ്യവും ഉഥ്മാനിയാ ഖിലാഫത്തിന്റെ ഉത്ഥാനപതനങ്ങളും**
എ .ക്യു. മഹ്ദി



30
**നവ തലമുറയുടെ സംസ്കരണവും**
**മാതാക്കളുടെ ചുമതലകളും**
ബുഷ്റ നജീബ്, വാഴക്കാല

സന്താനങ്ങളെ നല്ലവരാക്കി വളർത്തിയെടുക്കുന്നതിൽ മാതാക്കൾക്കുള്ള പങ്ക് വലുതാണ്

32
**ആരോപണങ്ങൾ**
**അപ്രസക്തമാകുമ്പോൾ**
മുഹമ്മദ് നജീബ് ഖാൻ, വാഴക്കാല

36
**സയണിസത്തിന്റെ ആവിർഭാവം**
എ.എം. മുഹമ്മദ് സലീം

യഹൂദ ജനതക്ക് ഒരു ജന്മഗേഹം എന്ന ലക്ഷ്യം സാക്ഷാത്ക്കരിച്ച പ്രസ്ഥാനമാണ് സയണിസം. സയണിസത്തിന് രണ്ട് ഘട്ടങ്ങളുണ്ട്. ഒന്ന് അതിന്റെ മതകീയവും ആത് മീയവുമായ ഘട്ടമാണ്. മറ്റേത് അതിന്റെ സംഹാരാത്മകമായ രാഷ് ട്രീയ ഘട്ടമാണ്.

39
**ലൈംഗികാതിക്രമങ്ങളും ശിക്ഷയും**
മുസാഫിർ

43
**വാർത്തകൾ**

**സത്യദൂതൻ**
മസ്ജിദ് ഉമർ, സെന്റ്ബെനഡിക്ട് റോഡ്,
എറണാകുളം നോർത്ത്, കൊച്ചി - 682018
email-sathyadoothan1@gmail.com

ചീഫ് എഡിറ്റർ
**എം. നാസിർ അഹ്മദ്**
**ഫോൺ:** 9497343704

എഡിറ്റർ
**ഏ. എം. മുഹമ്മദ് സലീം**
**ഫോൺ:** 8907182933
Email-salimqld@gmail.com


മാനേജർ
**എച്ച്. അഹ്മദ് ഷാഫി**
**ഫോൺ:** 8089574250

Printed & Published by B.B. Ahmad Kabeer, for the Kerala Ahmadiyya Muslim Jama-ath
Printed at Anaswara Offset, Perandoor Jn.,Elamakkara, Ernakulam-682 026.
Published at Masjid Umar, St. Benedict Road, Ernakulam, Kochi-18. Edited by A.M. Muhammed Salim. Design: Ziyad Rahman

## വിശുദ്ധ ഖുർആനിൽ നിന്ന്



അല്ലയോ വിശ്വാസികളേ, വെളിപ്പെടുത്തിത്തന്നാൽ നിങ്ങൾക്ക് പ്രയാസമുണ്ടാക്കുന്ന പ്രശ്നങ്ങളെ ക്കുറിച്ച് നിങ്ങൾ ചോദിക്കായ്‌വീൻ...... അല്ലാഹു തന്നെ അവയെ വിട്ടുകളഞ്ഞിരിക്കയാണ്. അല്ലാഹു ഏറ്റവും പൊറുക്കുന്നവനും സഹനമുള്ളവനും അത്രെ. നിങ്ങൾക്ക് മുമ്പുള്ള ഒരു ജനം നിശ്ചയമായും അപ്രകാരം ചോദിച്ചു കൊണ്ടിരുന്നിട്ടുണ്ട്. അവർക്ക് നിർദേശങ്ങൾ ലഭിച്ചപ്പോഴൊക്കെ അവർ അവയെ തിരസ്ക്കരിച്ചു കളയുകയാണ് ചെയ്തത്. **(5:102-103)**



## നബിവചനം

ആയിശ(റ)യിൽ നിന്ന് നിവേദനം. നബി (സ) അരുൾ ചെയ്തു: അല്ലാഹു ദയയുള്ളവനും ദയ ഇഷ്ടപ്പെടു ന്നവനുമാണ്. മാത്രമല്ല, പരുഷസ്വഭാവത്തിനോ മറ്റേതെങ്കിലും കാര്യങ്ങൾക്കോ നൽകാത്ത പ്രതിഫലം കാരുണ്യത്തിന് അവൻ നൽകുന്നതാണ്. **(മുസ്‌ലിം)**

## വാഗ്ദത്ത മസീഹിന്റെ വചനം

### ദൈവികബന്ധവും പാപവിമുക്തിയും



വിശുദ്ധ ഖുർആനെ സംബന്ധിച്ച് അവധാനതയോടെ പഠിക്കാത്തത് കൊണ്ടാണ് അവർ ഇത്തരത്തിൽ ചിന്തിക്കുന്നത്. സിവിൽ ക്രിമിനൽ റവന്യൂ നിയമങ്ങളെ സംബന്ധിച്ച് ഖുർആനിക നിർദേശങ്ങൾ രണ്ടു വിധമുണ്ട്. ഒന്നാമത് പറഞ്ഞത് ശിക്ഷയെ സംബന്ധിച്ചോ നടപടിക്രമങ്ങളെ സംബന്ധിച്ചോ വിശദാംശമുള്ളതാണ്. ചിലത് തത്ത്വങ്ങൾ അടങ്ങുന്ന നിർദേശങ്ങൾ മാത്രമുള്ളവ. രണ്ടാമത് പറഞ്ഞത് മാറിക്കൊണ്ടിരിക്കുന്ന പരിതസ്ഥിതികളെ നേരിടാൻ വേണ്ടിയാണ് ...ഈ കാലത്തെ പറ്റി ചിന്തിക്കുമ്പോൾ ചില നിയതമായ ശിക്ഷാനിയമങ്ങൾ ഫലപ്രദ മല്ലാതാവുമ്പോൾ ആ നിയമത്തെ വിശാലമാക്കുകയാണ് ചെയ്യുന്നത്..... വിശുദ്ധ ഖുർആൻ എല്ലാ ശിക്ഷകൾക്കും ബാധകമായ പൊതു തത്ത്വങ്ങളാണ് ഈ വിഷയത്തിൽ നിർദേശിച്ചിട്ടുള്ളത്. തൗറാത്ത് ഈ മാർഗം പിന്തുടർന്നിട്ടില്ല. സുവിശേഷം ഇവ തീർത്തുംഅവഗണി ച്ചിരിക്കുന്നു. **(കിതാബുൽ ബരിയ്യ)**

എഡിറ്റോറിയൽ

# വാഗ്ദത്ത പരിഷ്ക്കർത്താവിനെ സ്മരിക്കുമ്പോൾ

**പ**രിശുദ്ധമായ പിന്തുടർച്ചക്കായി സന്താനങ്ങളില്ലാതെ ദുഖിച്ച ചില പ്ര വാചകന്മാരുണ്ടായിരുന്നു. അവർ ദൈവത്തോട് മനം നൊന്തു പ്രാർഥിച്ചപ്പോൾ ദൈവം അവർക്ക് പരിശുദ്ധരായ സന്താനങ്ങളെ നൽകി. റസൂൽ തിരുമേനി (സ) പ്രവചന പൂർത്തിയുടെ നിറവിൽ ആഗതനായ ഹദ്റത്ത് അഹ്മദ് (അ) ഇസ്ലാമിന്റെ ദയനീയമായ അവസ്ഥയിൽ മനംനൊന്തു വ്രണിത ഹൃദയത്തോടെ ഹോഷിയാർപൂരിലെ ഒരു കെട്ടിടത്തിൽ സുദീർഘമായ പ്രാർഥനയിലും ആരാധനയിലും നിമഗ്നനായി. ദൈവത്തോട് ഹൃദയമുരുകി വിലാപങ്ങളുരുക്കഴിച്ചു കൊണ്ടുള്ള ഏകാന്തതീവ്രമായ നാൽപ്പത് ദിവസത്തെ തപോയത്നമായിരുന്നു അത്. ഒടുവിൽ ദൈവത്തിൽ നിന്ന് തന്റെ ദുഖവിലാപങ്ങൾക്ക് പരിഹാരമായി യുഗ പ്രഭാവനായ ഒരു ദിവ്യസുതനെക്കുറിച്ചുള്ള സുവിശേഷം ഹദ്റത്ത് അഹ്മദി(അ)ന് വെളിപാടായി നൽകപ്പെട്ടു. ആ വാഗ്ദത്ത പുത്രനായിരുന്നു ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ്(റ). സുവിശേഷത്തിൽ ഹദ്റത്ത് അഹ്മദി(അ)നെ അഭിസംബോധന ചെയ്തുകൊണ്ട് അല്ലാഹു അരുളി: ഞാൻ നിനക്ക് അനുഗ്രഹത്തിന്റെ ഒരു അടയാളം നൽകുന്നു. നീ എന്നോട് ചോദിച്ച പ്രകാരം ഞാൻ നിന്റെ വിലാപങ്ങൾ കേൾക്കുകയും എന്റെ കാരുണ്യത്താൽ നിന്റെ പ്രാർഥനകൾക്ക് സ്വീകാര്യം നൽകുകയും നിന്റെ യാത്ര നിനക്ക് അനുഗ്രഹകരമാവുകയും ചെയ്തിരിക്കുന്നു. ആകയാൽ നിനക്ക് സുവിശേമറിയിക്കട്ടെ. പ്രതാവവാനും പരിശുദ്ധനുമായ ഒരു പുത്രൻ നിനക്ക് നൽകപ്പെടും. ഒരു പാവനപുത്രൻ നിനക്ക് ലഭിക്കുന്നതാണ്. ആ കുട്ടി നിന്റെ ബീജത്തിൽനിന്നും നിന്റെ സന്തതിയിൽ നിന്നുമുള്ളവനായിരിക്കും. അവൻ ലോകത്ത് വന്നു തന്റെ മസീഹി ഗുണവും റൂഹുൽ ഖു ദ്സിന്റെ അനുഗ്രഹവും മുഖേന അനേകരുടെ രോഗത്തെ സുഖപ്പെടുത്തും. അവൻ കലിമത്തുല്ലാഹ് ആകുന്നു. എന്തുകൊണ്ടെന്നാൽ ദൈവത്തിന്റെ അനുഗ്രഹം അവനെ മഹത്വത്തിന്റെ വചനത്താൽ അയച്ചിരിക്കുന്നു. അവൻ വലിയ ബുദ്ധിശാലിയും കാര്യജ്ഞനും സഹനശീലനും ആയിരിക്കും....

1889 ജനുവരി 12 ന് വാഗ്ദത്ത മസീഹിന് വാഗ്ദത്തം ചെയ്യപ്പെട്ട ആ ഉത്തമ സുതൻ ഭൂജാതനായി. ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് (റ) 1914 ൽ അഹ്മദിയ്യാ ജമാത്തിന്റെ സാരഥ്യമേറ്റെടുക്കുകയായിരുന്നു. 1965 നവംബർ 8ന് അദ്ദേഹം ദിവംഗതനാകുകയും ചെയ്തു. അഹ്മദിയ്യാ മുസ്ലിം ജമാഅത്തിന്റെ ഖലീഫയായി അദ്ദേഹം വിരാജിച്ച അര നൂറ്റാണ്ട് ലോകചരിത്രത്തിലെ സംഭവ സാന്ദ്രമായ ഒരു കാലഘട്ടമാകുന്നു. ഒന്നും രണ്ടും ലോകമഹായുദ്ധങ്ങൾ, 1917 ലെ കമ്മ്യൂണിസ്റ്റ് വിപ്ലവം, വാർത്താവിനിമയ രംഗത്തെ വളർച്ച, 1920 ലെ ലീഗ് ഓഫ് നേഷന്റെ രൂപീകരണം, തുർക്കിഖിലാഫത്തിന്റെ പതനം. 1929 ലെ ആഗോള സാമ്പത്തിക തകർച്ച, 1932 ലെ ആറ്റത്തിന്റെ വിഭജനം, ഹിറ്റ്ലറുടെയും ഫാസിസത്തിന്റെയും മുന്നേറ്റം, കമ്പ്യൂട്ടർ യുഗത്തിന്റെ ആരംഭം, ഹിരോഷിമയിലേയും നാഗസാക്കിയിലെയും ആറ്റംബോംബ് വർഷം, ഐക്യരാഷ്ട്ര സഭയുടെ രൂപീകരണം ഇസ്രയേലിന്റെ ജനനം, ഇന്ത്യാപാക്ക് വിഭജനം, 1950 ലെ കൊറിയൻ യുദ്ധം, സ്പുട്നിക്കിന്റെ വിക്ഷേപം അങ്ങനെ മാനവരാശിയുടെ ഭാഗധേയം നിർണയിച്ച നിരവധി ലോകസംഭവങ്ങൾക്ക് മുമ്പിൽ സ്ഥാപിച്ച ഇസ്ലാമിക ദർപ്പണം പോലെ അദ്ദേഹം നിലകൊണ്ടു . പരിവർത്തനാത്മകമായ ഒരു യുഗസന്ധിയോട് ഇസ്ലാമികമായി പ്രതികരിക്കുകയും പ്രതി പ്രവർത്തിക്കുകയും ചെയ്ത ഖലീഫത്തുൽ മസീഹ് രണ്ടാമന്റെ അത്യുജ്ജ്വലമായ ജ്ഞാന ദീപ്തി ഭാവി ലോകത്തിന്റെ മാർഗ ദീപമായിരിക്കും

അഹ്മദിയ്യാ മുസ്ലിം ജമാത്തിന് നേരിട്ട എല്ലാ അഗ്നി പരീക്ഷണങ്ങളെയും ജ്ഞാനത്തിന്റെ അറ്റം കണ്ട സ്ഥിതപ്രജ്ഞനായ ആ മഹാ മനീഷി ധീരമായി നേരിടുകയുണ്ടായി. ഖിലാഫത്തിലുണ്ടായ ഭിന്നിപ്പ്, അഹ്രാരികളുടെ പ്രക്ഷോഭം, ഇന്ത്യാപാക്ക് വിഭജനത്തെ തുടർന്നുള്ള പലായനം, വിദേശങ്ങളിലെ മത പ്രചാരണം, സാഹിത്യ പ്രസിദ്ധീകരണം, ജമാഅത്തെ ഇസ്ലാമിയുടെ കലാപം, റബ്വാ നഗരിയുടെ നിർമാണം മുതലായ നിർണായകവും സംഘർഷനിർഭരവുമായ ഒരു പരീക്ഷണ കാലഘട്ടത്തെ അഹ്മദിയ്യാ മുസ്ലിം ജമാഅത്തിന്റെ വിജയസോപാനത്തിലേക്കുള്ള ചവിട്ടു പടികളാക്കി അദ്ദേഹം മാറ്റി.

ആ ധന്യ സ്മരണ ദൈവത്തോടുള്ള നന്ദി പ്രകടനമായി ഇവിടെ രേഖപ്പെടുത്തുന്നു.




ഹദ്റത്ത് അഹ്മദ് (അ)

# വിശുദ്ധ ഖുർആന്റെ അതുല്യത

ഇസ്ലാമിന്റെ ചില എതിരാളികൾ ഉന്നയിക്കുന്ന വാദം എന്തെന്നാൽ, "ദൈവത്തിന്റെ വചനങ്ങൾ യുക്തിയിലൂടെ മാത്രം അതുല്യമാണെന്ന് കാണുകയാണെങ്കിൽ തന്നെ ഒരു ഗ്രന്ഥത്തിന്റെ അതുല്യത്വം എങ്ങനെയാണ് കേവലം യുക്തിയിലൂടെ മാത്രം സ്ഥാപിക്കപ്പെടുക? വിശുദ്ധ ഖുർആൻ അതുല്യമാണെങ്കിൽ ഈ ഗുണം, ബോദ്ധ്യ മാവുന്ന ചില വാദങ്ങൾകൊണ്ട് സ്ഥാപിക്കപ്പെടണം. അറബി മാതൃഭാഷയായുള്ള ഒരാൾക്ക് മാത്രമേ അതിന്റെ ഭാഷാപരമായ മഹത്വം വിലയിരുത്താനാവൂ. അറബി മാതൃഭാഷയല്ലാത്ത ഒരാളെ സംബന്ധിച്ചിടത്തോളം ഖുർആൻ അതുല്യമാണെന്നതിന് അത് തെളിവാകുന്നില്ല. മറ്റുള്ളവർക്ക് അതിൽ നിന്ന് പ്രയോജനവും ലഭിക്കുന്നില്ല." ഇതിനുള്ള മറുപടി വിശുദ്ധ ഖുർആന്റെ അതുല്യതയെ സംബന്ധിച്ച് നിഷേധവാദം പുറപ്പെടുവിക്കുന്നവർ ഒരിക്കലും തന്നെ ഖുർആനെ പറ്റി വിവരമുള്ളവരിൽ നിന്നും ആ കാര്യങ്ങൾ ഗ്രഹിക്കാൻ ആത്മാർഥമായി ശ്രമിച്ചിട്ടില്ല. അതിന് പകരം വിശുദ്ധ ഖുർആന്റെ പ്രകാശം അവർ ഒഴിവാക്കുന്നു. ഇങ്ങനെ അവർ ചെയ്യാതിരുന്നെങ്കിൽ അവർക്ക് വിശുദ്ധ ഖുർആന്റെ പ്രകാശം കാണാൻ കഴിഞ്ഞേനെ. ഖുർആന്റെ അതുല്യത ഏറ്റവും സ്പഷ്ടമാണ്. സത്യാന്വേഷികളുടെ വിലയിരുത്തലിൽ അത് സത്യവുമായിരിക്കും. അതിന്റെ പ്രകാശം സൂര്യനെ പോലെ നാലു ഭാഗത്തും പ്രസരിക്കുന്നു. അത് മനസ്സിലാക്കാൻ ശ്രമിക്കുന്നവർക്ക് നിസ്സംശയം അത് ബോധ്യമാവും. പക്ഷപാതിത്വമോ അന്ധകാരമോ പകയോ ബാധിച്ചിട്ടില്ലെങ്കിൽ ചെറിയ ഒരു ശ്രദ്ധ കൊണ്ട് പോലും അതിന്റെ സമ്പൂർണ പ്രകാശം ഗ്രഹിക്കാവുന്നതാണ്. വിശുദ്ധ ഖുർആന്റെ അതുല്യതയുടെ ചില വശങ്ങൾ ഗ്രഹിക്കാൻ അറബി ഭാഷാജ്ഞാനം ആവശ്യമാണ് എന്നത് ശരി തന്നെ. പക്ഷേ വിശുദ്ധ ഖുർആന്റെ ദിവ്യാദ്ഭുത സാകല്യം മുഴുവൻ അറബി ഭാഷാ ജ്ഞാനം മാത്രം ആശ്രയിച്ചാണ് എന്ന നിഗമനം അജ്ഞതയുടെ ഫലമാണ്. ഖുർആനികമായ എല്ലാ അദ്ഭുതങ്ങളും ഈ വിവേചന ഗ്രന്ഥത്തിന്റെ എല്ലാ മഹിത ഗുണങ്ങളും അറബികൾക്ക് മാത്രമേ വിലയിരുത്താൻ കഴിയൂ എന്നും അനറബികൾ അതിൽ നിന്നും തടയപ്പെട്ടിരിക്കുന്നു എന്ന വാദവും തികച്ചും തെറ്റാണ്. വിശുദ്ധ ഖുർആന്റെ മിക്ക ഗുണങ്ങളും വളരെ ലളിതവും എളുപ്പത്തിൽ ഗ്രഹിക്കാൻ കഴിയുന്നതുമാണ്. ഉദാഹരണത്തിന് അതിന്റെ അതുല്യതയുടെ ഒരു വശം മിതത്വമാണ്. ഖുർആൻ വിവരിച്ച ഒരു കാര്യം ഒരു സാധാരണ എഴുത്തുകാരൻ എഴുതുകയാണെങ്കിൽ അത് ഏതാനും പേജുകളോളം വരും. പൂർവ പ്രവാചകന്മാരുടെ വിവിധ മത ഗ്രന്ഥങ്ങളിൽ ചിതറിക്കിടക്കുന്ന വൈവിധ്യങ്ങളെല്ലാം വിശുദ്ധ ഖുർആൻ ഉൾക്കൊള്ളുന്നു. കൂടാതെ ഒരാൾ തന്റെ ധിഷണാശേഷിയും സംവേദനത്വവും ഉപയോഗിച്ച് മതരംഗത്ത് അതീവ ശുഷ്കാന്തിയോടെ നടത്തുന്ന ശ്രമകരമായ ഗവേഷണങ്ങളാകട്ടെ , അല്ലെങ്കിൽ ഒരാളുടെ യുക്തി ഉപയോഗിച്ച് കൊണ്ടുള്ള നവീന രീതികളും ഉൾക്കാഴ്ചകളും തെളിവുകളും വാദങ്ങളുമാകട്ടെ, അല്ലെങ്കിൽ താരതമ്യത്തിന് വേണ്ടി പുരാതന തത്ത്വവാദികൾ കഠിനമായ പരിശ്രമങ്ങളിലൂടെ കണ്ടെത്തിയ അതിസൂക്ഷ്മങ്ങളായ യാഥാർഥ്യങ്ങളാകട്ടെ, അല്ലെങ്കിൽ നിരവധി ആളുകൾ അനുഭവിക്കുന്ന ആന്തരികമായ ക്രമരാഹിത്യത്തിനും ആത്മീയമായ രോഗങ്ങൾക്കും ഖുർആനിൽ നിന്നും ശമനം കണ്ടെത്തണ മെന്ന് ആഗ്രഹിക്കുന്ന ഏതൊരാളും അയാൾ ഇച്ഛിക്കുന്ന ഏത് രീതിയിലും ഏത് വിധേനയുമുള്ള പരിശോധന കൾക്കും വിശുദ്ധ ഖുർആനെ വിധേയമാക്കുകയും ചെയ്യട്ടെ. അങ്ങനെ ചെയ്യുന്ന ഒരാൾക്ക് അതിന്റെ ജ്ഞാനവും യാഥാർഥ്യവും വിവരിക്കുമ്പോൾ വിശുദ്ധ ഖുർആൻ എല്ലാറ്റിനേയും ഒരു വൃത്തം പോലെ വലയം ചെയ്ത് നിൽക്കുന്നതായി കാണാം. മതത്തിന്റെ ഒരു ഭാഗത്തെയും അത് വിട്ട് കളഞ്ഞിട്ടില്ല. തത്ത്വജ്ഞാനികൾ അവരുടെ വികലമായ യുക്തികൊണ്ടും പരിമിതമായ അറിവ് കൊണ്ടും നടത്തുന്ന ന്യൂനതനിറഞ്ഞ പ്രസ്താവനകളുടെ ഗുണനിലവാരം വിശുദ്ധ ഖുർആൻ ഉയർത്തുകയും അബദ്ധങ്ങൾ തിരുത്തുകയും ചെയ്യുന്നു. **(ബറാഹീനെ അഹ്മദിയ്യ. പേ. 247-277).**

# വാഗ്ദത്ത പുത്രൻ: ജീവനുള്ള ദൈവത്തിന്റെ സജീവ ദൃഷ്ടാന്തം

(ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽഖാമിസ് 18/02/2011ന് ചെയ്ത ഖുത്വ്ബയുടെ സംഗ്രഹമാണ് ചുവടെ ചേർക്കുന്നത്. വിവിധ ഗുണങ്ങളോടുകൂടിയ ഒരു മകൻ തനിക്കു ജനിക്കുമെന്ന് അല്ലാഹു തന്നെ അറിയിച്ചിട്ടുണ്ടെന്ന് ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് (അ) കുട്ടി ജനിക്കുന്നതിനും വർഷങ്ങൾക്ക് മുമ്പേ പ്രവചിക്കുന്നു. ആ പ്രവചന പുലർച്ചയെക്കുറിച്ചാണ് ഇവിടെ പ്രതിപാദിക്കുന്നത്.)




**വാ**ഗ്ദത്ത പുത്രനെക്കുറിച്ചുള്ള പ്രവചനം അതിമഹത്തായ ഒരു പ്രവചനമാണ്. ഇത് ഏതെങ്കിലും വ്യക്തിയുമായി ബന്ധപ്പെട്ടു നിൽക്കുന്നതല്ല. മറിച്ച് ഈ പ്രവചനം ഇസ്‌ലാമിന്റെ പുനർജനനവുമായി മാത്രം ബന്ധപ്പെട്ടതാണ്. ഈ പ്രവചനത്തിന്റെ അടിസ്ഥാനം തിരുനബി (സ) യുടെ പ്രവചനമാണ്. അതുകൊണ്ട് ഇതിനെ പരാമർശിക്കേണ്ടത് അത്യാവശ്യമാണ്.

ഹദ്റത്ത് മസീഹ് മൗഊദ് (അ) അല്ലാഹു തനിക്ക് ഒരു മകനെ നൽകുന്നതാണെന്നും അദ്ദേഹം വാഗ്ദത്ത പരിഷ്ക്കർത്താവായിരിക്കുമെന്നുമുള്ള പ്രവചനം നടത്തുകയുണ്ടായി. ഇതിന്റെ വിശദീകരണത്തിൽ ആ മകന്റെ പല സവിശേഷതകളും അദ്ദേഹം വിവരിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഈ പ്രവചനം ഹദ്റത്ത് മുഹമ്മദ് മുസ്തഫ (സ) 1400 വർഷങ്ങൾക്ക് മുമ്പെ നൽകിയിട്ടുള്ളതാണ്. പറയുന്നു. "യൻസിലു ഈസബ്നു മർയമ ഇലൽ അറ്ളി ഫയതസവ്വജു വ യൂലദു ലഹു." ഈസബ്നു മറിയം ഭൂമിയിലേക്ക് ഇറങ്ങുമ്പോൾ അദ്ദേഹം വിവാഹം ചെയ്യുന്നതാണ്. അദ്ദേഹത്തിന് മക്കളുണ്ടാകുകയും ചെയ്യും.

ഈസബ്നു മറിയം ആരായിരിക്കുമെന്നതിനെക്കുറിച്ച് ഹദ്റത്ത് മുഹമ്മദ് മുസ്തഫാ (സ) മറ്റു ഹദീസുകളിൽ വിവരിച്ചിട്ടുള്ളത് നമുക്ക് അറിയാവുന്നതാണ്. ബുഖാരിയിലും മുസ്‌ലിമിലും മറ്റ് ഹദീസ് ഗ്രന്ഥങ്ങളിലും ഇതു സംബന്ധമായി ഹദീസുകൾ കാണാവുന്നതാണ്.

തിരുനബി (സ) അരുളി. "കൈഫ അൻതും ഇദാ നസലബ്നു മർയമ ഫീകും വ ഇമാമുക്കും മിൻകും." ഫഅമ്മകും മിൻകും എന്നും കാണാം.

ഇബ്നുമറിയം നിങ്ങളിൽനിന്ന് നിങ്ങളുടെ ഇമാമായിരിക്കെ നിങ്ങളിൽ ആഗതനാകുമ്പോൾ, നിങ്ങളുടെ അവസ്ഥ എന്തായിരിക്കും. നിങ്ങളിൽ നിന്നായതുകൊണ്ട് നിങ്ങൾക്ക് അദ്ദേഹം ഇമാമത്ത് വഹിക്കുന്നതാണ് എന്നും മറ്റു നിവേദനങ്ങളിൽ കാണാം.

മറ്റൊരു ഹദീസിൽ ഇപ്രകാരം വന്നിരിക്കുന്നു. "നിങ്ങളിൽ ആര് ജീവിച്ചിരിക്കുമോ അവർ ഈസബ്നു മറിയമിന്റെ ഇമാം മഹ്ദിയും നീതിമാനായ വിധികർത്താവുമായി കാണുന്നതാണ്. അദ്ദേഹം കുരിശുടക്കും, പന്നിയെ ക്കൊല്ലും" (മുസ്നദ് അഹമദിലെ ഹദീസാണിത്)

ഇസ്‌ലാമിന്റെ പുനർജനനവുമായി ബന്ധപ്പെട്ട വാഗ്ദത്ത പുത്രനെക്കുറിച്ചുള്ള പ്രവചനം തിരുനബി (സ) യുടെ പ്രിയ പ്രേമിയും വാഗ്ദത്ത മഹ്ദീ മസീഹും മുഖേന അല്ലാഹു ഇക്കാലത്ത് വിശദീകരിച്ചുകൊണ്ട് വെളിപ്പെടുത്തിയെങ്കിലും ഇതിന്റെ അടിത്തറ പാകിയത് ഇന്നേക്ക് 1400 വർഷത്തിനും മുമ്പെ തിരുനബി (സ) യുടെ പ്രവചനമാണ്. ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെ പ്രവചനങ്ങളും അദ്ദേഹത്തിൽ ഇറങ്ങിക്കൊണ്ടിരിക്കുന്ന അല്ലാഹുവിന്റെ അനുഗ്രഹങ്ങളും ഒന്നും തന്നെ ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെ വലിപ്പത്തരം കാണിക്കാനുള്ളതല്ല. മറിച്ച് ഇതെല്ലാം അദ്ദേഹത്തിന്റെ യജമാനനും മാർഗദർശിയും നേതാവുമായ ഹദ്റത്ത് മുഹമ്മദ് മുസ്തഫ (സ) യുടെ മഹത്വം ഉയർത്തിക്കാട്ടുന്നതിനുവേണ്ടിയാണ്. തിരുനബി (സ) യുടെ പതാക ലോകത്ത് നിലനിർത്തുന്നതിനുവേണ്ടിയാണ്.

ഹദ്റത്ത് മസീഹ് മൗഊദ് (അ) നെ പിൻതുണച്ചുകൊണ്ട് അല്ലാഹു പ്രകടമാക്കുന്ന ഈ അടയാളങ്ങൾ യഥാർഥത്തിൽ തിരുനബി (സ) യുടെ മഹത്വം പ്രഘോഷിക്കുന്നതിനാണ്. ഇസ്‌ലാമിന്റെ ദൈവം ജീവനുള്ള ദൈവമാണെന്നും പ്രവാചകൻ ജീവനുള്ള പ്രവാചകനാണെന്ന് തെളിയിച്ചുകാട്ടുന്നതിനുംവേണ്ടിയാണ് ഈ പ്രവചനങ്ങൾ ഹദ്റത്ത് മസീഹ് മൗഊദ് (അ) മുഖേന അല്ലാഹു വെളിപ്പെടുത്തിയത്.

ചുരുക്കത്തിൽ അഹ്മദിയ്യത്ത് എന്നത് ഇസ്‌ലാമിൽ നിന്നും വേറിട്ട് നിൽക്കുന്ന ഒന്നല്ല. ഹദ്റത്ത് മസീഹ് മൗഊദ് (അ) നെക്കാളും തിരുനബി(സ)യെ പ്രേമിക്കുന്ന മറ്റൊരാളും ലോകത്തില്ല. ഒരു സ്ഥലത്ത് ആ മഹാത്മാവ് പറയുന്നു.

"ആകാശത്തിൻ കീഴെ ഒരേ ഒരു നബിയേ ഉള്ളൂ; ഒരേയൊരു ഗ്രന്ഥവും. അതായത് ഹദ്റത്ത് മുഹമ്മദ് മുസ്തഫ (സ). അദ്ദേഹം സർവ നബിമാരിലും അത്യുന്നതനും അതിശ്രേഷ്ഠനുമാണ്. മുഴു പ്രവാചകൻമാരേക്കാളും സമ്പൂർണനും തികവാർന്നവനുമാണ്. ആദ്ദേഹം ഖാത്തമുൽ അമ്പിയായും മനുഷ്യകുലോത്തമനുമാണ്. അദ്ദേഹത്തെ പിൻപറ്റുന്നതിലൂടെ ദൈവത്തെ ലഭിക്കുന്നു. അന്ധകാരാവൃതമായ മറകൾ നീങ്ങിപ്പോകുന്നു. ഈ ലോകത്ത്‌വെച്ച്തന്നെ യഥാർഥ മോക്ഷത്തിന്റെ അടയാളങ്ങൾ പ്രത്യക്ഷമായിത്തുടങ്ങുന്നു. വിശുദ്ധ ഖുർആൻ സത്യാധിഷ്ഠിതവും സമ്പൂർണവുമായ മാർഗദർശനമുൾക്കൊള്ളുന്നതും സ്വാധീനശക്തി ഉള്ളതുമായ ഗ്രന്ഥമാണ്. അതു മുഖേന ദൈവീകമായ അറിവുകളും ആത്മീയജ്ഞാനങ്ങളും കരഗതമാകുന്നു. മാനുഷിക ചാപല്യങ്ങളിൽ നിന്നും ഹൃദയം ശുദ്ധമായിത്തീരുന്നു. അറിവില്ലായ്മയിൽ നിന്നും അലസതയിൽ നിന്നും സംശയങ്ങളുടെ മറകളിൽ നിന്നും മോചിതരായി ദൃഢജ്ഞാനത്തിന്റെ സ്ഥാനം വരെ മനുഷ്യന് കരസ്ഥമാക്കാൻ സാധിക്കുന്നു. (ബറാഹീനെ അഹ്മദിയ്യ)

ഹദ്റത്ത് മസീഹ് മൗഊദ് (അ)ന്റെ ഏതൊരു കാര്യമെടുത്താലും അദ്ദേഹത്തിന്റെ ജീവിതത്തിലെ ഏതു പ്രവർത്തനമോ, രചനയോ എടുത്ത് നോക്കിയാലും അതിന്റെയെല്ലാം ദിശ അല്ലാഹുവിലേക്കും വിശുദ്ധ ഖുർആനിലേക്കും തിരുനബി (സ) യിലേക്കും തിരിഞ്ഞിരിക്കുന്നതായി നിങ്ങൾക്ക് കാണാൻ സാധിക്കുന്നതാണ്. അദ്ദേഹം ലോകത്തോട് ഉച്ചൈസ്ഥരം ഉദ്ഘോഷിച്ചത് ഇപ്രകാരമാണ്. ഇന്ന് ജീവനുള്ള മതമുണ്ടെങ്കിൽ അത് ഇസ്‌ലാം മാത്രമാണ്. ഇന്ന് അല്ലാഹുവുമായി ബന്ധിപ്പിക്കുവാൻ കഴിവുള്ള ജീവനുള്ള പ്രവാചകനുണ്ടെങ്കിൽ അത് മുഹമ്മദ് മുസ്തഫ (സ) തിരുമേനിയാണ്. തിരുനബി(സ)യെ പിൻപറ്റുന്നതിലൂടെ ദൈവത്തെ പ്രാപിക്കാൻ കഴിയുന്നതാണ്. ഇന്ന് പരിപൂർണ ഗ്രന്ഥങ്ങളുണ്ടെങ്കിൽ, നാനാതരം കൈകടത്തലുകളിൽ നിന്നും കൂട്ടിച്ചേർക്കലിൽനിന്നും പരിശുദ്ധമായി നിൽക്കുന്നതും അതിന്റെ തനതായ അവസ്ഥയിൽ നിലകൊള്ളുന്നതുമായ ഗ്രന്ഥമുണ്ടെങ്കിൽ അത് വിശുദ്ധ ഖുർആനാണ്. അത് പഠിക്കുമ്പോൾ ദൈവിക ജ്ഞാനങ്ങൾ കരഗതമാകുന്നു. അതിന്റെ പാരായണത്തിലൂടെ മനുഷ്യ ഹൃദയം ശുദ്ധമായിത്തീരുന്നു. അതായത് കാപട്യം കൈയൊഴിഞ്ഞുകൊണ്ട് ഇത് വായിക്കുമ്പോൾ. കപടതയോടെ ഇത് പഠിക്കുകയാണെങ്കിൽ ഒരു പ്രയോജനവുമില്ല. ഇക്കാര്യം വിശുദ്ധ ഖുർആനിലും അല്ലാഹു പറയുന്നുണ്ട്.

ഹദ്റത്ത് മസീഹ് മൗഊദ് (അ) പുതിയ ഒരു ചിന്താധാര നമുക്ക് നൽകിയിരിക്കുന്നു. ഇന്ന് ജീവനുള്ള ഒരു പ്രവാചകനുണ്ടെങ്കിൽ അത് തിരുനബി (സ) യുടെ അസ്തിത്വമാണെന്ന ജ്ഞാനം അദ്ദേഹം നമുക്ക് നൽകിയിരിക്കുന്നു. തിരുനബി (സ) നമ്മെ അല്ലാഹുവുമായി ബന്ധിപ്പിച്ചു. അല്ലാഹുവുമായി നേരിട്ട് ബന്ധപ്പെടാനുള്ള മാർഗം നമുക്ക് കാണിച്ചുതന്നു. അതുമുഖേന ഹൃദയത്തിലെ അന്ധകാരം അകറ്റപ്പെടുന്നതാണ്. സൃഷ്ടികളും സ്രഷ്ടാവുമായി ഒരു ബന്ധം സ്ഥാപിക്കപ്പെടുന്നതാണ്. ആ പ്രവാചകന്റെ ഗ്രന്ഥമാണ് ജീവനുള്ള ഗ്രന്ഥം. അതിൽ ഖിയാമത്ത് നാൾ വരെയുള്ള എല്ലാ കൽപനകളും അല്ലാഹുവിലേക്ക് എത്താനുള്ള സർവ മാർഗങ്ങളും വിവരിച്ചിട്ടുണ്ട്. ഈ മാർഗത്തിനുപുറമേ മറ്റു മാർഗങ്ങൾ അന്വേഷിക്കാനുള്ള കഴിവുപോലും മനുഷ്യന് ഇല്ല.

ഈ മഹാനും എന്നെന്നും ജീവിച്ചിരിക്കുകയും ചെയ്യുന്ന പ്രവാചകൻ തന്നെ പിൻപറ്റുന്നവരെ ഇന്നേക്ക് ആയിരത്തിനാന്നൂറ് വർഷം മുമ്പ് അല്ലാഹുവുമായി ബന്ധപ്പെടുത്തിയോ, 1400 വർഷങ്ങൾക്ക് ശേഷവും അതേ ഉൺമയോടുകൂടി ബന്ധിപ്പിക്കുകയുണ്ടായി. "ആഖിറീന മിൻഹും ലമ്മാ യല്ഹഖൂ ബിഹിം" ഇവരോട് ചേർന്നിട്ടില്ലാത്ത മറ്റൊരു കൂട്ടരിലും എന്ന വിശുദ്ധ ഖുർആന്റെ പ്രവചനം പുലരാനുള്ള കാലം സമാഗതമായപ്പോൾ ശിഷ്യന് തന്റെ യജമാനനോടുള്ള അതിരറ്റ പ്രേമം കാരണം വാഗ്ദത്ത മസീഹായി അവതരിച്ച്കൊണ്ട് സുരയ്യായിലേക്ക് ഉയർന്നുപോയ വിശ്വാസത്തെ ഭൂമിയിലേക്ക് തിരിച്ച് കൊണ്ട്‌വരാനുള്ള കാരണമായിത്തീർന്നു. മുഹമ്മദീ ദീൻ പുതിയ പ്രതാപത്തോടെ വാഗ്ദത്ത മസീഹ് മുഖേന ലോകത്ത് പ്രത്യക്ഷപ്പെടാൻ കാരണമായി. ആഖരീങ്ങൾ അവ്വലീങ്ങളുമായി കൂട്ടി ഇണക്കപ്പെടുകയുണ്ടായി. ഇതിനെക്കുറിച്ച് ഹദീസിൽ വരുന്നത് ഇപ്രകാരമാണ്.

ഹദ്റത്ത് അബൂഹുറൈറ (റ) നിവേദനം ചെയ്യുന്നു. ഞങ്ങൾ തിരുനബി (സ) യുടെ സദസ്സിൽ ഇരിക്കുകയായിരുന്നു. അപ്പോൾ സൂറത്തുൽ ജുമുആ തിരുനബി (സ)യിൽ അവതരിച്ചു. 'വ ആഖരീന മിൻഹും ലമ്മാ യൽഹഖൂ ബിഹിം.' ഇവരോട് ഇതേവരെ ചേർന്നിട്ടില്ലാത്ത മറ്റൊരു കൂട്ടരും ഈ സഹാബാക്കളിൽ ഉൾപ്പെടുന്നതാണ് എന്ന ആയത്ത് ഇറങ്ങിയപ്പോൾ ഒരാൾ ചോദിച്ചു. യാറസൂലുല്ലാഹ് ആ കൂട്ടർ ആരാണ്? സഹാബാക്കളുടെ പദവി അവർക്ക് ലഭിക്കുമെങ്കിലും ഇതേവരെ സഹാബാക്കളുടെ കൂടെ അവർ കൂടിയിട്ടില്ല. ഈ ചോദ്യത്തിന് തിരുനബി (സ) മറുപടി ഒന്നും പറഞ്ഞില്ല. ചോദ്യകർത്താവ് ഈ ചോദ്യം മൂന്ന് പ്രാവശ്യം ആവർത്തിച്ചു. നിവേദകൻ പറയുന്നു. ഹദ്റത്ത് സൽമാനുൽ ഫാർസി ഞങ്ങളുടെ കൂട്ടത്തിൽ ഇരിക്കുന്നുണ്ടായിരുന്നു. തിരുനബി (സ) തന്റെ കൈ അദ്ദേഹത്തിന്റെ തോളിൽ വെച്ചുകൊണ്ട് പറഞ്ഞു. "ലൗ കാനൽ ഈമാനു ഇൻദസ്സുരയ്യാ ലനാലഹു റിജാലുൻ മിൻ ഹാഉലാഇ." ഈമാൻ ഭൂമിയിൽ നിന്നും ഉയർന്ന് സുരയ്യാ നക്ഷത്രം വരെ എത്തിയാലും ഇദ്ദേഹത്തിന്റെ കുടുംബത്തിൽ നിന്നുള്ള ചിലർ അതിനെ തിരിച്ചുകൊണ്ടുവരുന്നതാണ്. റജാലുൻ എന്നും റിജാലുൻ (ഒരു പുരുഷൻ എന്നും പുരുഷന്മാർ) എന്നും നിവേദനത്തിൽ വന്നിട്ടുണ്ട്.

ഹദ്റത്ത് മസീഹ് മൗഊദ് (അ) മസീഹും മഹ്ദിയുമാണെന്ന് വാദം ഉന്നയിക്കുന്നതിനു മുമ്പും ഇസ്‌ലാമിന്റെ സേവനത്തിൽ മുഴുകിയിരുന്നു. അദ്ദേഹത്തിന് ഇൽഹാം മുഖേന ഈ നൂറ്റാണ്ടിലെ മുജദ്ദിദാണെന്ന അറിവ് ലഭിച്ചപ്പോൾ ഇംഗ്ലീഷിലും ഉർദുവിലും ഒരു വിജ്ഞാപനം അദ്ദേഹം പ്രസിദ്ധീകരിച്ചു. അതിൽ അദ്ദേഹം പ്രഖ്യാപിച്ചു. അല്ലാഹു ഈ നൂറ്റാണ്ടിലെ മുജദ്ദിദായി എന്നെ നിയമിച്ചിരിക്കുന്നു. ഇസ്‌ലാമിന്റെ സത്യത മറ്റെല്ലാ മതങ്ങളുടെമേലും തെളിയിക്കാൻ ഞാൻ നിയുക്തനായിരിക്കുന്നു. ജീവനുള്ള മതം ഇസ്‌ലാമും ജീവനുള്ള ഗ്രന്ഥം ഖുർആനും ജീവനുള്ള പ്രവാചകൻ ഹദ്റത്ത് മുഹമ്മദ് മുസ്തഫ (സ) തിരുമേ

നിയുമാണെന്ന് ലോകത്തിന്റെ മുമ്പാകെ ഞാൻ തെളിയിക്കുന്നതാണ്. എന്നിൽ ആത്മീയമായ രീതിയിൽ ഹദ്റത്ത് മസീഹിന്റെ ഗുണവിശേഷങ്ങൾ അന്തർലീനമാക്കിയിരിക്കുന്നു എന്നും അദ്ദേഹം പ്രഖ്യാപിച്ചു. ഇസ്‌ലാമിന്റെ സത്യതയെ പരീക്ഷിക്കുന്നതിന് തന്റെ മുമ്പാകെ വരാൻ ലോകത്തുള്ള മതങ്ങളെയെല്ലാം അദ്ദേഹം ക്ഷണിക്കുകയും ചെയ്തു. ആത്മീയ രോഗശാന്തി നൽകുന്ന ഒരേ ഒരു മതം ഇനി ഇസ്‌ലാം മാത്രമാണെന്നും അദ്ദേഹം പ്രഖ്യാപിച്ചു.

ഈ പ്രഖ്യാപനങ്ങൾ ഇന്ത്യയിലെ മറ്റു മതങ്ങളെ പിടിച്ചുകുലുക്കുകയുണ്ടായി. എന്നാൽ ഈ പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ ഇസ്‌ലാമിന്റെ സത്യത പരിശോധിക്കാൻ ആരും ധൈര്യപ്പെട്ടില്ല. ഇസ്‌ലാം ഉപേക്ഷിച്ച് ക്രിസ്തുമതത്തിൽ ചേക്കേറിയ വലിയ വലിയ പാതിരിമാരായ പാതിരി ഇമാമുദ്ദീനെ പോലെയുള്ളവർ ഒരു രീതിയിലുമുള്ള അടയാളം ആവശ്യപ്പെടേണ്ടതില്ലെന്ന് തീരുമാനിക്കുകയുണ്ടായി. എന്നാൽ പാതിരി സ്വിഫ്റ്റ്, ലേഖ്റാം പോലുള്ള ചിലർ അടയാളം ദർശിക്കാൻ ഒരുക്കമാണെന്ന് തോന്നുന്ന രീതിയിൽ തയ്യാറായെങ്കിലും പിന്നീടുള്ള സംഭവവികാസങ്ങൾ ഇവരുടെ ഈ സമ്മതംമൂളലുകൾ വെറും അഭിനയമായിരുന്നുവെന്ന് തെളിയുകയുണ്ടായി. ഇതിന്റെയെല്ലാം വിശദീകരണം ജമാഅത്തിന്റെ സാഹിത്യങ്ങളിലും ഹദ്റത്ത് മസീഹ് മൗഊദ് (അ)ന്റെ ഗ്രന്ഥങ്ങളിലും, അഹ്മദിയ്യാ ചരിത്രത്തിലും എല്ലാം ഉണ്ട്. അതെല്ലാം വിവരിക്കുക സാധ്യമല്ല. ഇസ്‌ലാമിന്റെ സത്യത പ്രകടിപ്പിക്കുന്നതിന് അദ്ദേഹം നൽകിയ ക്ഷണവും വിജ്ഞാപനവുമെല്ലാം ഇസാലെ ഔഹാം എന്ന ഗ്രന്ഥത്തിൽ ഹദ്റത്ത് മസീഹ് മൗഊദ് (അ) സ്വയം രേഖപ്പെടുത്തുന്നുണ്ട്. പറയുന്നു:

ഈ വിനീതൻ ഇതേ വിശ്വാസഭക്തിയുടെ ആവേശം കാരണത്താലാണ് ഇസ്‌ലാമിലേക്ക് ക്ഷണിക്കുന്നതിനായി നിലയുറപ്പിച്ചിരിക്കുന്നുത്. ഇസ്‌ലാമിലേക്ക് പന്ത്രണ്ടായിരത്തോളം ക്ഷണക്കത്തുകൾ റജിസ്റ്റർ ചെയ്തുകൊണ്ട് സമൂഹത്തിന്റെ നേതാക്കന്മാർക്കും അമീർമാർക്കും രാജ്യഭരണാധികാരികൾക്കും അയച്ചുകൊടുത്തിട്ടുണ്ട്. എത്രമാത്രമെന്നാൽ ഒരു കത്തും ഒരു വിജ്ഞാപനവും റജിസ്റ്റർ ചെയ്തുബ്രിട്ടീഷ് ഗവൺമെന്റിന്റെ യുവ രാജാവിന്റെ പേരിലും അയച്ചിട്ടുണ്ട്. ഇംഗ്ലണ്ടിലെ പ്രധാനമന്ത്രി ഗലേട് സ്റ്റോണിന്റെ പേരിലും വിജ്ഞാപനവും ഒരു കത്തും അയച്ചിട്ടുണ്ട്. ബിസ്മാർക്ക് രാജകുമാരന്റെ പേരിൽ മറ്റു നാടുകളിലെ ഭരണകർത്താക്കളുടെ പേരുകളിലും വിജ്ഞാപനവും കത്തും അയച്ചിട്ടുണ്ട്. ഇതെല്ലാം ഒരു വലിയ പെട്ടി നിറയെയുണ്ട്. ഇത്രയും വലിയ പ്രവർത്തനം യഥാർഥ വിശ്വാസഭക്തിയില്ലെങ്കിൽ ഒരിക്കലും ചെയ്യാൻ സാധ്യമല്ലെന്ന് ഓർത്തിരിക്കണം. ഇത് ആത്മ പ്രശംസക്കായി പറയുന്നതല്ല. യാഥാർഥ്യം വെളിപ്പെടുത്തുക എന്ന ഒരു ലക്ഷ്യം വെച്ചുകൊണ്ടും സത്യാന്വേഷികൾക്ക് ഒരു കാര്യത്തിലും സംശയം ഇല്ലാതിരിക്കുന്നതിന് വേണ്ടിയാണ് ഇത് വെളിപ്പെടുത്തുന്നത്.(ഇസാലെ ഔഹാം)

മറ്റെല്ലാ മതങ്ങളുടെയും മേൽ ഇസ്‌ലാമിന്റെ ശ്രേഷ്ഠത പ്രകടിപ്പിക്കുന്ന പ്രവർത്തനവുമായി അദ്ദേഹം മുന്നോട്ട് നീങ്ങി. അതിശക്തമായി തിരയടിച്ചുവരുന്ന ക്രിസ്തീയ കുത്തൊഴുക്കിനെ തടയിടുന്നതിന് അതിന്റെ മുമ്പിൽ ഒരു ശക്തമായ തടയണ തന്നെ അദ്ദേഹം സൃഷ്ടിച്ചു.

ഈ അവസരത്തിൽ ദുആ ചെയ്യുന്നതിനായി ഏകാന്തതയിൽ തപോയത്നം നടത്തുവാനും അദ്ദേഹം ആഗ്രഹിക്കുകയുണ്ടായി. ഇതിനായി ഖാദിയാന് പുറത്ത് ഒരു സ്ഥലത്ത് പോയി ഏകാന്തവാസമനുഷ്ഠിക്കാൻ അദ്ദേഹം തീരുമാനിച്ചു. ഈ അവസരത്തിൽ അല്ലാഹു ഇൽഹാം മുഖേന ഇപ്രകാരം അറിയിച്ചു. "നിന്റെ ഈ ആഗ്രഹപൂർത്തീകരണം ഹോശിയാർപൂരിൽ വെച്ചായിരിക്കും നടക്കുക."

ഇതിനായി 1886 ജനുവരി 20-ാം തീയതി ഹോശിയാർപൂരിലേക്ക് പുറപ്പെട്ടു. അവിടെപ്പോയി ദുആയിൽ നിമഗ്നനായി. അല്ലാഹു ഈ അവസരത്തിൽ ഇസ്‌ലാമിന്റെ പുരോഗതിയെക്കുറിച്ചും മറ്റുമായ പല സുവാർത്തകളും അദ്ദേഹത്തെ അറിയിക്കുകയും ചെയ്തു. ഈ തപോയത്നം കഴിഞ്ഞപ്പോൾ (നാൽപ്പതു ദിവസം പൂർത്തിയുകുന്നതിനു മുമ്പ്) ഹദ്റത്ത് മസീഹ് മൗഊദ് (അ) 1886 ഫെബ്രുവരി 20-ാം തീയ്യതി തന്റെ പേനകൊണ്ട് ഒരു വിജ്ഞാപനം **രിസാല സിറാജെമുനീർ ബർനിശാൻ ഹായെ റബ്ബെ ഖദീർ** എന്ന പേരിൽ പ്രസിദ്ധീകരിക്കുകയും ചെയ്തു. ഇത് അമൃതസറിലെ റിയാസെ ഹിന്ദ് പ്രസ്സിൽ നിന്ന്1886 മാർച്ച് ഒന്നിന് പ്രസിദ്ധീകരിച്ചു. ഇതിൽ ആമഹാത്മാവ് എഴുതുന്നു.

'ഈ ഗ്രന്ഥത്തിൽ പിന്നീട് വിശദമായി എഴുതാൻ പോകുന്ന മൂന്ന് വിധത്തിലുള്ള അടയാളങ്ങളിൽ ഒന്നാമത്തെ പ്രവചനം ഈ വിനീതനുമായി ബന്ധപ്പെട്ടതാണ്. ഇന്ന് 1886 ഫെബ്രുവരി 20-ാം തീയതി ജമാദിദുൽ അവ്വൽ 15 ന് ഇൽഹാമിന്റെ വചനങ്ങൾ ചുരുങ്ങിയ രൂപത്തിൽ ഉദാഹരണമായി എഴുതുന്നു. ഇതിന്റെ വിശദവിവരം ഈ ഗ്രന്ഥത്തിൽ എഴുതുന്നതായിരിക്കും. ഇൻശാ അല്ലാഹ്.'

'ഇതിലെ ഒന്നാമത്തെ പ്രവചനം കാരുണ്യവാനും ആദരണീയനും മഹത്വമുടയവനും ഉന്നതനും എല്ലാ കാര്യങ്ങൾക്കും കഴിവുള്ളവനും ആയ അല്ലാഹുവിന്റെ വെളിപാടിൽ എന്നെ സംബോധന ചെയ്തുകൊണ്ട് പറയുന്നു.

ഞാൻ നിനക്ക് അനുഗ്രഹത്തിന്റെ ഒരു അടയാളം നൽകുന്നു. നീ എന്നോട് ചോദിച്ച പ്രകാരം. ഞാൻ നിന്റെ വിലാപങ്ങൾ കേൾക്കുകയും എന്റെ കാരുണ്യത്താൽ നിന്റെ പ്രാർഥനകൾക്കു സ്വീകാരം നൽകുകയും നിന്റെ യാത്ര (ലുധിയാന-ഹോശിയാർപൂർ യാത്ര) നിനക്കു അനുഗ്രഹകരമാക്കുകയും ചെയ്തിരിക്കുന്നു. അദ്ഭുതശക്തിയുടെയും ഔദാര്യത്തിന്റെയും സായൂജ്യത്തിന്റെയും അടയാളം നിനക്ക് നൽകുന്നു. വരപ്രസാദത്തിന്റെയും അനുഗ്രഹവായ്പിന്റെയും അടയാളം നിനക്ക് ലഭിക്കാൻ പോകുന്നു. വിജയങ്ങളുടെ കുഞ്ചിക നിനക്കു കരസ്ഥമാവുകയാണ്. അല്ലയോ ജയശാലീ നിനക്കു സമാധാനം. ജീവിതത്തെ ആഗ്രഹിക്കുന്നവർക്ക് മരണത്തിന്റെ പിടിയിൽ നിന്നു രക്ഷ ലഭിക്കാനും ഖബറുകളിൽ മറവുചെയ്യപ്പെട്ടവർ പുറത്ത് വരുമാറാകാനും ഇസ്‌ലാം മതത്തിന്റെ മേൻമയും ദൈവവചനത്തിന്റെ പെരിമയും ജനങ്ങൾക്കു വെളിപ്പെടുന്നതിനും സത്യം അതിന്റെ സർവ അനുഗ്രഹങ്ങളാലും പ്രകടമാകുന്നതിനും അസത്യം അതിന്റെ മ്ലേച്ഛതയാൽ ഓടിമറയുന്നതിനും, ഞാൻ സർവശക്തനും ഇച്ഛിക്കുന്നതു ചെയ്യുന്നവനുമാണെന്നു ലോകത്തിനു മനസ്സിലാകുന്നതിനും, ഞാൻ നിന്നോടൊപ്പമാണെന്നു അവർക്ക് ദൃഢബോധ്യം വരുന്നതിനും, ദൈവത്തിന്റെ അസ്തിത്വത്തിൽ വിശ്വസിക്കുന്നവർക്കും ദൈവത്തിന്റെ മതത്തെയും ഗ്രന്ഥത്തെയും പരിശുദ്ധ പ്രവാചകൻ മുഹമ്മദ് മുസ്തഫ (സ)യെയും നിഷേധിക്കുകയും കള്ളവാദിയായി ചിത്രീകരിക്കുകയും ചെയ്യുന്നവർക്കും തുറന്ന ഒരു ദൃഷ്ടാന്തമായിരിക്കുന്നതിനും കുറ്റവാളികളുടെ മാർഗം വെളിപ്പെടുമാറാകുന്നതിനും വേണ്ടിയത്രെ ഇപ്രകാരം അരുളിയിട്ടുള്ളത്. ആകയാൽ, നിനക്കു സുവിശേഷമായിരിക്കട്ടെ. പ്രതാപവാനും പരിശുദ്ധനുമായ ഒരു പുത്രൻ നിനക്ക് നൽകപ്പെടും. ഒരു പാവനപുത്രൻ നിനക്ക് ലഭിക്കുന്നതാണ്. ആ കുട്ടി നിന്റെ ബീജത്തിൽ നിന്നും നിന്റെ സന്തതിയിൽ നിന്നുമുള്ളവൻ തന്നെയായിരിക്കും.

സുന്ദരനായ പരിശുദ്ധ സുതൻ നിന്റെ വിരുന്നുകാരൻ ഇതാ വരുന്നു. അവന്റെ പേർ ഇമ്മാനുവേൽ എന്നും ബശീർ എന്നും ആണ്. അവനു പാവനമായ ആത്മാവ് നൽകപ്പെട്ടിരിക്കുന്നു. അവൻ അശുദ്ധികളിൽ നിന്നെല്ലാം അതീതനായിരിക്കും. അവൻ ദൈവത്തിന്റെ പ്രഭ (നൂറുല്ലാഹ്) ആയിരിക്കും. ആകാശത്തിൽ നിന്ന് വരുന്നവൻ അനുഗൃഹീതൻ

അവന്റെ വരവോടുകൂടി വരുന്നവനോടൊപ്പം അനുഗ്രഹമുണ്ട്. അവൻ പ്രതാപവും പ്രഭാവവും ഐശ്വര്യവും ഉള്ളവനായിരിക്കും. അവൻ ലോകത്ത് വന്നു തന്റെ മസീഹി ഗുണവും റൂഹുൽ ഹഖി (സത്യത്തിന്റെ ആത്മാവ്) ന്റെ അനുഗ്രഹവും മുഖേന അനേകരുടെ രോഗത്തെ സുഖപ്പെടുത്തും. അവൻ കലിമത്തുല്ലാഹ് (അല്ലാഹുവിന്റെ വചനം) ആകുന്നു. എന്തുകൊണ്ടെന്നാൽ ദൈവത്തിന്റെ അനുഗ്രഹവും അവനെ മഹത്വത്തിന്റെ വചനത്താലും അയച്ചിരിക്കുന്നു. അവൻ വലിയ ബുദ്ധിശാലിയും കാര്യജ്ഞനും സഹനശീലനും ആയിരിക്കും. ലൗകികവും ആത്മീയവുമായുള്ള വിദ്യകളാൽ അവൻ നിറക്കപ്പെടും. അവൻ മൂന്നിനെ നാലാക്കുന്നവനായിരിക്കും (ഇതിന്റെ അർഥം മനസ്സിലായിട്ടില്ല). തിങ്കളാഴ്ച! അനുഗ്രഹപൂർണമായ തിങ്കളാഴ്ച!! വാൽസല്യപുത്രൻ, മഹാഭാഗ്യവാനായുള്ളവൻ. ആദ്യന്ത രഹിതനായ ദൈവം പ്രത്യക്ഷപ്പെടുന്ന സ്ഥാനവും സത്യത്തിന്റെയും ഔന്നത്യത്തിന്റെയും നിലയനവും ആയുള്ളവൻ. അല്ലാഹു ആകാശത്തിൽ നിന്നു ഇറങ്ങിയപോലെ. അവന്റെ ആവിർഭാവം എത്രയും അനുഗൃഹീതവും ദൈവത്തിന്റെ പ്രതാപം വെളിപ്പെടുത്തുന്നതിന് കാരണവും ആയിരിക്കും. പ്രകാശം വരുന്നു. ഏതൊരുവനെ ദൈവം തന്റെ അഭീഷ്ടമാകുന്ന പരിമളം കൊണ്ടു പരിലിപ്തനാക്കിയിരിക്കുന്നുവോ ആ പ്രഭാശാലി വരുന്നു. നാം നമ്മുടെ വചനം അവനിൽ ആക്കും. അവന്റെ തലക്കുമീതെ ദൈവത്തിന്റെ നിഴൽ ഉണ്ടായിരിക്കും. അവൻ വേഗം വേഗം വളർന്നുവരികയും ബന്ധനസ്ഥരുടെ മോചനത്തിനു കാരണമാകുകയും ചെയ്യും. ഭൂമിയുടെ കോണുകളിലെല്ലാം അവൻ കീർത്തി പ്രാപിക്കും. ജാതികൾ അവങ്കൽ നിന്നു അനുഗ്രഹം കൈകൊള്ളും. അനന്തരം അവൻ സ്വർഗത്തിൽ തനിക്കുള്ള ആത്മസ്ഥാനത്തേക്കു കരേറ്റപ്പെടും. ഇതു വിധിച്ചുപോയ കാര്യമാകുന്നു.

അത്യുന്നതനായ ദൈവം പിന്നേയും എനിക്കു സുവാർത്ത നൽകിക്കൊണ്ടു പറഞ്ഞു. നിന്റെ ഭവനം അനുഗ്രഹം കൊണ്ടു നിറയ്ക്കപ്പെടും. ഞാൻ എന്റെ അനുഗ്രഹങ്ങൾ നിന്നിൽ പൂർത്തിയാക്കും. അനുഗൃഹീതരായ സ്ത്രീകളിൽനിന്നും നിനക്ക് അനേകം തലമുറകൾ ഉണ്ടായിരിക്കും. ഞാൻ നിന്റെ സന്താനങ്ങളെ പെരുപ്പിക്കുകയും അനുഗ്രഹിക്കുകയും ചെയ്യും. എന്നാൽ, അവരിൽ ചിലർ അൽപായുസ്സുകളായിരിക്കും. നിന്റെ സന്താനങ്ങൾ അധികമായ രാജ്യങ്ങളിൽ പരക്കും. നിന്റെ പിതൃവ്യപരമ്പരയിലെ സഹോദരൻമാരുടെ ഓരോ ശാഖയും മുറിക്കപ്പെടും. അവർ അവിളംബം അനപത്യരായി അവസാനിക്കും. അവർ പശ്ചാത്തപിക്കുന്നില്ലെങ്കിൽ അവർ മുടിഞ്ഞുപോകും വരെ ദൈവം അവരിൽ ആപത്തുകൾ ഇറക്കും. അവരുടെ ഭവനം വിധവമാരാൽ നിറക്കപ്പെടും. ഗൃഹഭിത്തികളിൻമേൽ കോപം ഇറങ്ങും. എന്നാൽ അവർ മടങ്ങുമെങ്കിൽ ദൈവവും കാരുണ്യപൂർവം മടങ്ങും. ദൈവം നിന്റെ അനുഗ്രഹങ്ങൾ പരിസരത്തും പരത്തും. നിശ്ശൂന്യമായ ഒരു ഗൃഹം നീ മുഖേന നിബിഡമാക്കപ്പെടും. ഭയദമായ ഒരു ഭവനം അനുഗ്രഹങ്ങളാൽ നിറക്കപ്പെടും. നിന്റെ സന്താനപരമ്പര അവസാനിച്ചുപോകില്ല. അന്ത്യനാൾവരെയും അതു പച്ചളിപ്പുള്ളതായിരിക്കും. ലോകാന്ത്യംവരെ നിന്റെ നാമത്തെ ദൈവം ബഹുമാനപുരസ്സരം നിലനിർത്തും. നിന്റെ സന്ദേശ പ്രചാരണത്തെ ലോകത്തിന്റെ കോണുകളോളം എത്തിക്കുന്നതാണ്. ഞാൻ നിന്നെ ഉയർത്തുകയും എന്നിലേക്കു വിളിക്കുകയും ചെയ്യും. എന്നാൽ , ഭൂമിയുടെ ഏടുകളിൽ നിന്നു ഒരിക്കലും നിന്റെ പേർ എടുക്കപ്പെടുകയില്ല. നിന്നെ അപമാനിക്കാനുള്ള ആലോചനയിലേർപ്പെട്ടിരിക്കുന്നവരും നീ പരാജയപ്പെട്ടു കാണാൻ ആഗ്രഹിക്കുന്നവരും നിന്നെ നിർമൂലം നശിപ്പിക്കാൻ പ്രയത്നിക്കുന്നവരും ആശയറ്റവരായിത്തീരും. അവർ നിഷ്ഫലതയിലും നിരാശയിലുംപെട്ട് ഒടുങ്ങിപോകും. എന്നാൽ, ദൈവം നിന്നെ പൂർണമായും വിജയശ്രീലാളിതനാക്കുകയും നിന്റെ എല്ലാ ആഗ്രഹങ്ങളും നിനക്കു സാധിപ്പിച്ചു തരികയും ചെയ്യും. നിന്നോട് കൂറു പുലർത്തുന്നവരെയും നിന്നെ ആത്മാർഥമായി സ്നേഹിക്കുന്നവരെയും ഞാൻ വളർത്തും. അവരിലും അവരുടെ സമ്പത്തിലും ഞാൻ അനുഗ്രഹം ചൊരിയും. അതു വർദ്ധിപ്പിക്കുകയും ചെയ്യും. മുസൽമാൻമാരിൽ അസൂയാലുക്കളും ശാഠ്യബുദ്ധികളുമായ ആ മറ്റേ വിഭാഗത്തിനുമേൽ അവർ ഖിയാമത്ത് നാൾവരെ വിജയികളായിരിക്കും. അവരെ ദൈവം മറക്കുകയില്ല. അവഗണിക്കുകയുമില്ല. അവർ ആത്മാർത്ഥതയുടെ തോതനുസരിച്ച് അവർക്കുള്ള പ്രതിഫലം നേടും. നീ എനിക്ക് ബനീ ഇസ്റായീലിലെ നബിമാരെപോലെയത്രെ (അതായതു പ്രതിരൂപാത്മക സാദൃശ്യമുള്ളവൻ). നീ എനിക്ക് എന്റെ തൗഹീദ് പോലെയാകുന്നു. നീ എന്നിൽ നിന്നും ഞാൻ നിന്നിൽ നിന്നുമാകുന്നു. രാജാക്കൻമാരുടെയും ഭരണത്തലവൻമാരുടെയും ഹൃദയങ്ങളിൽ നിന്നോടുള്ള സ്നേഹം ഇട്ടുകൊടുക്കുന്ന നാൾ ഇതാവരുന്നു. അല്ല അത് വളരെ അടുത്താണ്. അവർ നിന്റെ വസ്ത്രങ്ങളിൽ നിന്നു അനുഗ്രഹം തേടുന്നവരും ആകും. ഹേ നിഷേധികളേ, സത്യത്തിന്റെ വിരോധികളേ, നിങ്ങൾ എന്റെ ദാസന്റെ കാര്യത്തിൽ സംശയഗ്രസ്ത രാണെങ്കിൽ, നാം നമ്മുടെ ദാസനു നൽകിയ അനുഗ്രഹത്തേയും ഔദാര്യത്തെയും നിങ്ങൾ നിഷേധിക്കുന്നുവെങ്കിൽ, ഈ അനുഗ്രഹാടയാളത്തിന് തുല്യമായ ഒന്നു നിങ്ങളെ സംബന്ധിച്ചിടത്തോളം നിങ്ങളും കൊണ്ടുവരുവിൻ. നിങ്ങൾ ആർജവമുള്ളവരാണെങ്കിൽ നിങ്ങളും കൊണ്ടുവരുവിൻ. നിങ്ങൾക്കു ഒരിക്കലും കൊണ്ടുവരാനാവില്ലെങ്കിൽ-ഒരിക്കലും കഴിയുകയില്ലെന്നോർത്തുകൊൾവിൻ- ധിക്കാരികൾക്കും അസത്യവാൻമാർക്കും അതിക്രമകാരികൾക്കും വേണ്ടി ഒരുക്കപ്പെട്ട തീനാളത്തെ ഭയപ്പെട്ടുകൊൾവിൻ (തബ്ലീഗ് റിസാലാ 1-ാം വാല്യം, ഭാഗം 55-61) രിയാസെ ഹിന്ദിലാണ് ഇത് പ്രസിദ്ധീകരിച്ചിരുന്നത്.

ഈ തപോയത്നത്തിന് ശേഷം അല്ലാഹു അദ്ദേഹത്തിന് നൽകിയ പ്രവചനങ്ങളാണിവ. ഇതിൽ ഒരു മകനെക്കുറിച്ചുള്ള സുവാർത്ത അടങ്ങിയിരിക്കുന്നു. ആ മകന് വിവിധ ഗുണങ്ങളുണ്ട്. ഈ ഗുണങ്ങളെ വിശദമായി നാം പരിശോധിച്ചാൽ 52 ഗുണങ്ങൾ കാണാൻ സാധിക്കുന്നതാണ്. ഒരു സ്ഥലത്ത് ഹദ്റത്ത് മുസ്ലിഹ് മൗഊദ് (റ) 58 ഗുണങ്ങൾ എന്നും പറഞ്ഞിട്ടുണ്ട്.

മസീഹ് വന്നാൽ പിന്നീട് അദ്ദേഹത്തിന് മക്കളുണ്ടാകും എന്ന് റസൂലുല്ലാഹി (സ) പറഞ്ഞ ഹദീസ് ഞാൻ കേൾപ്പിച്ചിരുന്നു. മക്കൾ പലർക്കും ഉണ്ടാകുന്നു. ഇതിൽ എന്താണ് പ്രത്യേകതയുള്ളത്. റസൂൽ (സ) പ്രവചനം ചെയ്തിട്ടുണ്ടെങ്കിൽ അതിൽ തീർച്ചയായും എന്തോ പ്രത്യേകത ഉണ്ടായിരിക്കണം. അദ്ദേഹത്തിനുണ്ടാകുന്ന മകനിൽ ദീൻ പ്രചരിപ്പിക്കാനുതകുന്ന ഗുണങ്ങൾ ഉണ്ടായിരിക്കും എന്നാണ് ഇതുകൊണ്ട് അർഥമാക്കുന്നത്. ആ മകൻ മുഖേന തൗഹീദിന്റെ പ്രചാ

രണം എളുപ്പമായിത്തീരും. തിരുനബി (സ) യുടെ സ്ഥാനം ലോകത്ത് പ്രകടമാകുന്നതിന് കാരണമായിത്തീരുന്നതാണ്.

ഈ പ്രവചനപ്രകാരം 1889 ൽ ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് ജനിക്കുകയുണ്ടായി. അതേ വർഷമാണ് ഹദ്റത്ത് മസീഹ് മൗഊദ് (അ) നോട് അല്ലാഹു ബൈഅത്ത് വാങ്ങാൻ കൽപ്പിച്ചതും ബൈഅത്ത് വാങ്ങിയതും. അഹ്മദിയ്യാ ജമാഅത്തിന്റെ അടിത്തറ പാകിയതും അതേ വർഷം തന്നെ. ഈ ജമാഅത്താണ് ഇനി ഇസ്ലാമിന്റെ പ്രബോധന പ്രവർത്തനങ്ങൾ ലോകത്ത് ചെയ്യുക. അവർ തങ്ങളുടെ അവസ്ഥ ശരിയാക്കുകയും ചെയ്യുന്നതാണ്. വാഗ്ദത്ത മസീഹ് മഹ്ദിയുടെ ബൈഅത്തിൽ വന്നുകൊണ്ട് തിരുനബി (സ) യുടെ പ്രവചനത്തെ പൂർത്തിയാക്കുന്നതും ഈ ജമാഅത്തായിരിക്കും. ജമാഅത്ത് രൂപീകരിച്ചതിന്റെ ഉദ്ദേശ്യവും ഇതു തന്നെയായിരുന്നു.

മുസ്ലിഹ് മൗഊദിനെക്കുറിച്ച് പറയപ്പെട്ട ആ അടയാളങ്ങളിലേക്ക് ഞാൻ തിരിച്ചുവരികയാണ്. വാഗ്ദത്ത പുത്രനെക്കുറിച്ച് അല്ലാഹുവിൽ നിന്ന് അറിവ് നേടിക്കൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ് (അ) പറഞ്ഞ ആ അടയാളങ്ങൾ എന്തെല്ലാമാണെന്ന് നോക്കാം. ആ മകൻ മുഖേനയായിരിക്കും ലോകത്ത് ദീനിന്റെ പ്രബോധന പ്രവർത്തനങ്ങൾ നടക്കുക. ലോകത്ത് പരിഷ്ക്കരണം ആ മകൻ മുഖേന നടക്കുന്നതാണ്.

അല്ലാഹുവിൽ നിന്നും ലഭിച്ച അറിവിന്റെ അടിസ്ഥാനത്തിൽ ഹദ്റത്ത് മുസ്ലിഹ് മൗഊദ് (റ) താനാണ് മുസ്ലിഹ് മൗഊദ് എന്ന് പ്രഖ്യാപിച്ച ആ വർഷത്തെ വാർഷിക സമ്മേളനത്തിൽ പ്രസംഗിക്കവേ മുസ്ലിഹ് മൗഊദിനുണ്ടാകുന്ന 52 അടയാളങ്ങൾ എണ്ണിപ്പറയുകയുണ്ടായി. അത് ഞാൻ അദ്ദേഹത്തിന്റെ വാക്കുകളിൽ തന്നെ ചുരുക്കി വിവരിക്കുകയാണ്.

"പ്രവചനത്തെക്കുറിച്ച് ശ്രദ്ധാപൂർവം പഠനം നടത്തുമ്പോൾ ഈ പ്രവചനത്തിൽ വരാനിരിക്കുന്ന മകനെക്കുറിച്ച് ചുവടെ ചേർക്കുന്ന അടയാളങ്ങൾ വിവരിച്ചിട്ടുണ്ടെന്ന് മനസ്സിലാകുന്നതാണ്. ഒന്നാമത്തെ അടയാളം അവൻ അല്ലാഹുവിന്റെ ശക്തി പ്രാഭാവമായിരിക്കും. രണ്ടാമത്തെ അടയാളം അവൻ അനുഗ്രഹത്തിന്റെ അടയാളമായിരിക്കും. മൂന്നാമത്തെ അടയാളം അവൻ ദൈവസാമീപ്യത്തിന്റെ അടയാളമായിരിക്കും. നാലാമത്തെ അടയാളം അവൻ ഫള്ലിന്റെ അടയാളമായിരിക്കും. അഞ്ചാമത്തേത് ഔദാര്യത്തിന്റെ അടയാളമായിരിക്കും. ആറാമത്തെ അടയാളം അത് വരപ്രസാദത്തിന്റെ അടയാളമായിരിക്കും. ഏഴാമത്തെ അടയാളം അവൻ പ്രതാപവാനായിരിക്കും എന്നാണ്. എട്ടാമത്തെ അടയാളം അവൻ സമ്പന്നനായിരിക്കും. ഒമ്പതാമത്തെ അടയാളം അവൻ മസീഹീ ഗുണമുള്ളവനായിരിക്കും. പത്താമത്തെ അടയാളം അവൻ റൂഹുൽ ഹഖിന്റെ അനുഗ്രഹത്താൽ പലരുടേയും രോഗ ശമനത്തിന് കാരണമായിത്തീരുന്നതാണ്. പതിനൊന്നാം അടയാളം അവൻ അല്ലാഹുവിന്റെ വചനമായിരിക്കും. പന്ത്രണ്ടാമത്തെ അടയാളം ദൈവത്തിന്റെ അനുഗ്രഹവും അഭിമാനവും അവനെ മഹത്വത്തിന്റെ വചനത്താൽ അയച്ചിരിക്കും. പതിമൂന്നാമത്തെ അടയാളം അവൻ വലിയ ബുദ്ധിശാലി ആയിരിക്കും. പതിനാലാമത്തെ അടയാളം അവൻ നല്ല കാര്യജ്ഞനായിരിക്കും. പതിനഞ്ചാമത്തെ അടയാളം അവൻ സഹനശീലനായിരിക്കും, പതിനാറാമത്തെ അടയാളം അവൻ ലൗകികമായ അറിവിനാൽ നിറക്കപ്പെടുന്നതാണ്. പതിനേഴാമത്തെ അടയാളം അവൻ ആത്മീയമായ വിദ്യകളാൽ നിറക്കപ്പെടും. പതിനെട്ടാമത്തെ അടയാളം അവൻ മൂന്നിനെ നാലാക്കുന്നതാണ്. പത്തൊമ്പതാമത്തെ അടയാളം തിങ്കളാഴ്ചയുമായി അദ്ദേഹത്തിന് വലിയ ബന്ധമുണ്ടാകും. ഇരുപതാം അടയാളം പറഞ്ഞത് വാത്സല്യ പുത്രനായിരിക്കും. ഇരുപത്തിഒന്നാം അടയാളം പറഞ്ഞത് മഹാഭാഗ്യവാനായിരിക്കും എന്നാണ്. ഇരുപത്തിരണ്ടാം അടയാളം പറഞ്ഞത് ആദ്യനായവന്റെ പ്രതിഛായയായിരിക്കും. ഇരുപത്തിമൂന്നാമത്തെ അടയാളം അവൻ അവസാനമായവന്റെ പ്രതിഛായ ആയിരിക്കും എന്നാണ്. ഇരുപത്തിനാലാമത്തെ അടയാളം സത്യത്തിന്റെ നിലയനമായിരിക്കും. ഇരുപത്തിഅഞ്ചാമത്തെ അടയാളം അവൻ ഔന്നത്യത്തിന്റെ നിലയനമായിരിക്കും. ഇരുപത്തിആറാമത്തെ അടയാളം അല്ലാഹു ആകാശത്തിൽ നിന്നും ഇറങ്ങിയപോലെയായിരിക്കും. ഇരുപത്തിഴേയാമത്തെ അടയാളം അവന്റെ ആവിർഭാവം എത്രയും അനുഗൃഹീതമായിരിക്കും. ഇരുപത്തി എട്ടാമത്തെ അടയാളം ദൈവത്തിന്റെ പ്രതാപം വെളിപ്പെടുത്തുന്നതിന് കാരണമായിരിക്കും. ഇരുപത്തിയൊമ്പതാമത്തെ അടയാളം അവൻ പ്രകാശമായിരിക്കും. മുപ്പതാമത്തെ അടയാളം അവനെ ദൈവം തന്റെ അഭീഷ്ടമാകുന്ന പരിമളംകൊണ്ടു പരിലിപ്തനാക്കിയിരിക്കുമെന്നാണ്. മുപ്പത്തിയൊന്നാമത്തെ അടയാളം അല്ലാഹു തന്റെ റൂഹ് അവനിൽ ഇടുമെന്നാണ്. മുപ്പത്തിരണ്ടാമത്തെ അടയാളം ദൈവത്തിന്റെ നിഴൽ അവന്റെ തലക്കുമീതെ ഉണ്ടായിരിക്കും എന്നാണ്. മുപ്പത്തിമൂന്നാമത്തെ അടയാളം അവൻ വേഗംവേഗം വളരും എന്നാണ്. മുപ്പത്തിനാലാമത്തെ അടയാളം ബന്ധനസ്ഥരുടെ മോചനത്തിനു കാരണമായിത്തീരും എന്നാണ്. മുപ്പത്തി അഞ്ചാമത്തെ അടയാളം ലോകത്തിന്റെ അറ്റങ്ങളോളം അവന്റെ കീർത്തി പരക്കും. മുപ്പത്തിആറാമത്തെ അടയാളം ജാതികൾ അവനിൽ നിന്നും അനുഗ്രഹം കൈകൊള്ളും. മുപ്പത്തിഏഴാമത്തെ അടയാളം അവൻ സ്വർഗത്തിൽ തനിക്കുള്ള ആത്മ സ്ഥാനത്തേക്കു കരേറ്റപ്പെടും എന്നാണ്. മുപ്പത്തിഎട്ടാമത്തെ അടയാളം അവൻ വൈകി വരുന്നവനായിരിക്കും. മുപ്പത്തിഒമ്പതാമത്തെ അടയാളം അവൻ ദൂരെനിന്ന് വരുന്നവനായിരിക്കും. നാൽപതാമത്തെ അടയാളം അവൻ പ്രവാചകന്റെ അഭിമാനമായിരിക്കും. നാൽപത്തിഒന്നാമത്തെ അടയാളം അവന്റെ ബാഹ്യമായ അനുഗ്രഹങ്ങൾ ഭൂമിയിലെല്ലായിടത്തും വ്യാപിക്കുന്നതാണ്. നാൽപത്തിരണ്ടാമത്തെ അടയാളം അവന്റെ ആത്മീയ അനുഗ്രഹങ്ങൾ ഭൂമിയിലെല്ലായിടത്തും വ്യാപിക്കും. നാൽപത്തിമൂന്നാമത്തെ അടയാളം യൂസുഫിനെപോലെ അവന്റെ മൂത്ത സഹോദരൻ അദ്ദേഹത്തെ എതിർക്കും. നാൽപത്തിനാലാമത്തെ അടയാളം അവൻ ബശീറു ഔല ആയിരിക്കും. നാൽപത്തിഅഞ്ചാമത്തെ അടയാളം അവൻ ശാദിഖാൻ ആയിരിക്കും. നാൽപത്തിആറാമത്തെ അടയാളം അവൻ യുവത്വത്തിന്റെ അവസ്ഥയിലായിരിക്കും. നാൽപത്തിഏഴാമത്തെ അടയാളം രൂപലാവണ്യത്തിലും ഔദാര്യത്തിലും ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെ പ്രതിപുരുഷനായിരിക്കും. നാൽപത്തിഎട്ടാമത്തെ അടയാളം അവൻ പ്രതാപവാനായ അല്ലാഹുവിന്റെ വചനമായിരിക്കും. നാൽപത്തിഒമ്പതാമത്തെ അടയാളം അവൻ കലിമത്തുല്ലാ ഖാൻ ആയിരിക്കും. അമ്പതാമത്തെ അടയാളം അവൻ ദീനിനെ സഹായിക്കുന്നവനായിരിക്കും. അമ്പത്തിഒന്നാമത്തെ അടയാളം അവൻ ദീനിനെ വിജയിപ്പിക്കുന്നവനായിരിക്കും. അമ്പത്തിരണ്ടാമത്തെ അടയാളം അവൻ രണ്ടാം ബശീർ ആയിരിക്കും എന്നാണ്." ( അൽമൗഊദ്)

ഈ അടയാളങ്ങളാണ് വിവരിച്ചിട്ടുള്ളത്. ഇത് ഓരോന്നും തന്നെ എടുത്ത് വിശദമായി വിവരിക്കാവുന്നതാണ്. ഇപ്പോൾ അതിനുള്ള സമയമില്ല. നാം ശ്രദ്ധാപൂർവം ഒരു പഠനം നടത്തുകയാണെങ്കിൽ ഹദ്റത്ത് മുസ്ലിഹ് മൗഊദ് (റ) ന്റെ ജീവിതവും 52 വർഷത്തെ ഖിലാ

ഫത്ത് കാലഘട്ടവും പരിശോധിക്കുകയാണെങ്കിൽ ഈ ഓരോ അടയാളവും അദ്ദേഹത്തിൽ പുലർന്നതായി കാണാൻ സാധിക്കുന്നതാണ്. ഇതിന്റെ വിശദീകരണത്തിലേക്ക് പോകാൻ സമയമില്ല. ചില കാര്യങ്ങൾ ഞാൻ ശേഷം പ്രതിപാദിക്കുന്നതാണ്. ഇതിന്റെ വിശദീകരണം ജമാഅത്തിലെ സാഹിത്യങ്ങളിൽ ഉള്ളതുമാണ്.

ഹദ്റത്ത് മസീഹ് മൗഊദ് (അ) ഈ പ്രവചനം പരസ്യപ്പെടുത്തിയപ്പോൾ പണ്ഢിറ്റ് ലേഖറാം നിർലജ്ജമായ പദപ്രയോഗത്തിലൂടെ ഈ ഓരോ പ്രവചനത്തെയും എതിർത്തുകൊണ്ട് തന്റെ മൃഗീയവും മ്ലേച്ഛവുമായ പ്രകൃതം പ്രകടിപ്പിച്ചുകൊണ്ട് പ്രവചനം പ്രസിദ്ധീകരിക്കുകയുണ്ടായി. പണ്ഢിറ്റ് ലേഖറാമിന്റെ മ്ലേച്ഛപ്രകൃതവും പ്രവചനത്തോടുള്ള അടങ്ങാത്ത കോപവും പ്രകടമാകുന്ന ചില ഉദാഹരണങ്ങൾ ഞാൻ കേൾപ്പിക്കാം. എല്ലാം വിവരിക്കുക എന്നത് പ്രയാസമാണ്. ഒന്നരണ്ട് ഉദാഹരണങ്ങൾ കേൾപ്പിക്കാം.

പണ്ഢിറ്റ് ലേഖറാം 1886 മാർച്ച് 18-ാം തീയതി ധിക്കാരസ്വരത്തിൽ അല്ലാഹുവിന്റെ പേരിൽ കറ്റുകെട്ടികൊണ്ടുള്ള ഒരു പ്രവചനം പ്രസിദ്ധീകരിച്ചു. അതിൽ ഓരോ വാക്കും ദൈവത്തിന്റെ വെളിപാടുമുഖേന എഴുതുന്നതാണെന്ന് വീരവാദം മുഴക്കിയിരുന്നു.

ഹദ്റത്ത് മസീഹ് മൗഊദ് (അ) തന്റെ പ്രവചനത്തിൽ പറഞ്ഞിരുന്നു. നിന്റെ സന്താന പരമ്പര അവസാനിച്ചുപോകില്ല. അത് വർദ്ധിച്ചുകൊണ്ടിരിക്കുന്നതാണ്. അതിനുപകരം ലേഖറാം പറഞ്ഞത്, നിന്റെ സന്താനപരമ്പര വളരെ വേഗം അവസാനിച്ചുപോകും. കവിഞ്ഞാൽ മൂന്ന് കൊല്ലംവരെ നിന്റെ ഖ്യാതി നില നിൽക്കും. ഇനി വല്ല ആൺകുട്ടിയുമാണ് ജനിക്കുന്നതെങ്കിൽതന്നെ ആ പ്രവചനത്തിൽ പറയപ്പെട്ട അടയാളങ്ങൾക്കെതിരിൽ അനുഗ്രഹത്തിന്റെ അടയാളമാകില്ല. മറിച്ച് ശാപത്തിന്റെ അടയാളമായിരിക്കും. അദ്ദേഹം മുസ്‌ലിഹ് മൗഊദ് ആയിരിക്കില്ല നഊദുബില്ലാഹ്, മുഫ്സിദ് മൗഊദ് (വാഗ്ദത്ത കുഴപ്പക്കാരൻ) ആയിരിക്കും.

ഈ ദുർവൃത്തൻ ഹദ്റത്ത് മസീഹ് മൗഊദ് (അ) പ്രസിദ്ധീകരിച്ച പ്രവചനത്തിന്റെ ഓരോ അടയാളത്തെയും സ്വയം കൃത വാക്കുകളിൽ നിഷേധിക്കുകയുണ്ടായി. ഏതുവരെ എഴുതിയെന്നാൽ എഴുതുകയാണ്: 'അവൻ പെരും കള്ളനാണ്, ഞാൻ ഇതേവരെ അവന്റെ പ്രാർഥന കേട്ടിട്ടില്ല ഇനി കേൾക്കുകയുമില്ല എന്ന് ദൈവം പറയുന്നു.'

എന്നാൽ ലേഖറാമിന്റെ ദാരുണ അന്ത്യം എങ്ങനെയായിരുന്നു എന്ന് ലോകം കണ്ടറിഞ്ഞതാണ്. ഇങ്ങനെയുള്ള ദുഷ്പ്രകൃതവും കറ്റു കെട്ടുംകൊണ്ട് അയാളുടെ വിജ്ഞാപനം നിറഞ്ഞുകിടക്കുന്നു. ലേഖറാം ഹിന്ദുമത വിശ്വാസിയായിരുന്നു. ഹദ്റത്ത് മസീഹ് മൗഊദ് (അ) അദ്ദേഹത്തെ വെല്ലുവിളിച്ചിരുന്നു. ഇസ്‌ലാമിന്റെ എതിരാളികളായ ചില ക്രിസ്തീയ പാതിരിമാരും ഇങ്ങനെയുള്ള എതിർപ്പുകൾ പ്രകടിപ്പിച്ചിരുന്നു. എന്നാൽ മുസ്‌ലിംകളായ ചിലരും ഈ രീതിയിൽ നിർലജ്ജമായ വാക്കുകൾ പ്രയോഗിക്കുകയുണ്ടായി. അവരുടെ ഈ വാക്കുകൾ കേട്ടുകൊണ്ട് ഒരു വിജ്ഞാപനം ഹദ്റത്ത് മസീഹ് മൗഊദ് (അ) പ്രസിദ്ധീകരിക്കുകയുണ്ടായി. അതിൽ ആ മഹാത്മാവ് പറയുന്നു. "തുറന്ന് നോക്കുക. ഇത് ഒരു പ്രവചനം മാത്രമല്ല. മറിച്ച് മഹത്തായ ഒരു ദൈവിക അടയാളംകൂടിയാണ്. ഇത് ആദരണീയനായ അല്ലാഹു നമ്മുടെ കാരുണ്യവാനും കരുണാനിധിയുമായ പ്രവാചകൻ മുഹമ്മദ് മുസ്തഫ (സ) യുടെ സത്യവും മഹത്വവും പ്രകടമാകുന്നതിന് പ്രത്യക്ഷപ്പെടുത്തിയതാണ്. ഈ അടയാളം ഒരു മൃതനെ ജീവിപ്പിക്കുന്നതിനെക്കാളും ഉത്തമവും ശ്രേഷ്ഠവും സമ്പൂർണവും ഔന്നത്യമുള്ളതും പരിപൂർണവുമായിട്ടുള്ളതാണ്. കാരണം മരിച്ചവനെ ജീവിപ്പിക്കുക എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് അല്ലാഹുവിന്റെ സവിധത്തിൽ പ്രാർഥനാനിരതനായി ഒരു ആത്മാവിനെ തിരിച്ചുകൊണ്ടുവരിക എന്നതാണ്. ഇവിടെ അല്ലാഹുവിന്റെ അനുഗ്രഹത്താലും കാരുണ്യത്താലും ഹദ്റത്ത് ഖാത്തമുൽ അമ്പിയാ (സ) യുടെ ബർക്കത്ത് കാരണം അല്ലാഹു ഈ വിനീതന്റെ പ്രാർഥന സ്വീകരിച്ചുകൊണ്ട് ഒരു അനുഗൃഹീത ആത്മീയവും ഭൗതികവുമായ അനുഗ്രഹങ്ങൾ ഭൂമിയിലാകമാനം വ്യാപിക്കുന്നതായിരിക്കും. അതുകൊണ്ട് ഈ അടയാളം മരിച്ചവരെ ജീവിപ്പിക്കുന്നതിന് തുല്ല്യമായിത്തോന്നാമെങ്കിലും ശ്രദ്ധാപൂർവം ഇതിനെ വീക്ഷിക്കുമ്പോൾ ഈ അടയാളം മരിച്ചവരെ ജീവിപ്പിക്കുന്നതിനെക്കാളും നൂറ്മടങ്ങ് ശ്രേഷ്ഠതരമാണെന്ന് മനസ്സിലാകുന്നതാണ്. മരിച്ചവരുടെ ആത്മാവ് തന്നെയാണ് തിരിച്ചുവരുന്നത്. ഇവിടെയും പ്രാർഥനയിലൂടെ അത് ആത്മാവിനെതന്നെയാണ് ചോദിച്ചിരിക്കുന്നത്. എന്നാൽ ആ ആത്മാവിനും ഈ ആത്മാവിനും ലക്ഷക്കണക്കിന് മൈലുകളുടെ അന്തരമുണ്ട്. മുസ്‌ലിംകളിലുള്ള മറഞ്ഞിരിക്കുന്ന മുർത്തദ്ദുകൾ റസൂൽ (സ) യുടെ മുഅ്ജിസത്തുകൾ പുലർന്നുകാണുമ്പോൾ സന്തോഷിക്കുന്നില്ല. അവർ ഇത് പുലർന്നതിൽ ദുഃഖിക്കുകയാണ് ചെയ്യുന്നത്." (ഇശ്തിഹാർ വാജിബുൽ ഇസ്ഹാറ്)

ഏതായിരുന്നാലും ഇത് പ്രൗഢമായ ഒരു പ്രവചനമായിരുന്നു. ഹദ്റത്ത് മുസ്‌ലിഹ് മൗഊദിന്റെ 52 വർഷ ഖിലാഫത്ത് കാലം അദ്ദേഹം എത്ര പെട്ടെന്ന് വളർന്നു എന്നും ലോകത്ത് ഇസ്‌ലാംമത പ്രബോധനപ്രവർത്തനം എത്ര ദ്രുതഗതിയിൽ മുന്നോട്ട് കൊണ്ടുപോയി എന്നും മിഷനുകളും മസ്ജിദുകളും സ്ഥാപിച്ചു എന്നും എല്ലാം തെളിയിച്ചു. അദ്ദേഹത്തിന്റെ കാലത്ത് ജമാഅത്തിന്റെ കൈവശം പ്രവർത്തനത്തിനാവശ്യമായ സ്രോതസ്സുകൾ കുറവായിരുന്നു. സാമ്പത്തിക നില പരിതാപകരമായിരുന്നു. എന്നിട്ടും 35 രാഷ്ട്രങ്ങളിൽ അന്ന് ജമാഅത്ത് സ്ഥാപിക്കപ്പെട്ടുകഴിഞ്ഞിരുന്നു. വിവിധ ഭാഷകളിൽ വിശുദ്ധ ഖുർആന്റെ പരിഭാഷ പ്രസിദ്ധീകരിക്കപ്പെട്ടിരുന്നു. മിഷനുകൾ തുറന്നിരുന്നു. ജമാഅത്തിന്റെ ഭരണ സംവിധാനത്തിനുള്ള ചട്ടക്കൂട് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ് (റ) തന്നെയാണ് ഉണ്ടാക്കിയത്. അത് ഇന്നും നില നിൽക്കുന്നു. ഇതിനെക്കാളും ഉത്തമമായ ഒരു ചട്ടക്കൂട് ഉണ്ടാക്കാൻ സാധ്യമല്ലായിരുന്നു. ഇതേപോലെ ജമാഅത്തിൽ കീഴ്ഘടകങ്ങളെ സ്ഥാപിച്ചതും അദ്ദേഹമാണ്. അത് ഇന്നും നിലനില്ക്കുന്നു. ഓരോ പ്രവർത്തനവും അദ്ദേഹത്തിന്റെ ബുദ്ധി വൈഭവത്തിന്റെയും ജ്ഞാനത്തിന്റെയും മകുടോദാഹരണങ്ങളാണ്. വിശുദ്ധ ഖുർആന്റെ വ്യാഖ്യാനമാകട്ടെ മറ്റു വൈജ്ഞാനിക സേവനങ്ങളാകട്ടെ അദ്ദേഹം ആത്മീയവും ഭൗതികവുമായ അറിവുകളാൽ നിറക്കപ്പെടുമെന്ന പ്രവചനത്തിന്റെ പ്രത്യക്ഷരൂപമാണ്.

ഹദ്റത്ത് മസീഹ് മൗഊദ് (അ) ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് (റ) എന്ന തന്റെ മകനെത്തന്നെയാണ് മുസ്‌ലിഹ് മൗഊദ് ആയി ഗണിച്ചിരുന്നത്. ശൈഖ് മുഹമ്മദ് ഇസ്മാഈൽ സാഹിബ് സർത്താവി (റ) വിവരിക്കുന്നു. പ്രവചനത്തിൽ പറയപ്പെട്ട മകൻ മിയാൻ മഹ്മൂദ് തന്നെയാണ് എന്ന് ഞങ്ങൾ പല വുരു ഹദ്റത്ത് മസീഹ് മൗഊദ് (അ) ൽ നിന്നും കേട്ടിട്ടുണ്ട്.

പറയുന്നു."മിയാൻ മഹ്മൂദിന് മതകാര്യങ്ങളിൽ വലിയ ആവേശമാണ്. അതു കാണുമ്പോൾ ഞാൻ അവനുവേണ്ടി പ്രത്യേകം പ്രാർഥിക്കാറുണ്ടെ"ന്ന് ഞങ്ങൾ കേട്ടിട്ടുണ്ട്.

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ് (റ) പ്രവചനത്തിൽ പറയപ്പെട്ട മുസ്‌ലിഹ് മൗഊദ്

താനാണെന്ന് അല്ലാഹു പറയാത്തിട ത്തോളം കാലം മുസ്‌ലിഹ് മൗഊദാ ണെന്ന് വാദിച്ചിരുന്നില്ല. അദ്ദേഹം ഇതു സംബന്ധമായി ഒരു സുദീർഘ സ്വപ്നം കാണുകയുണ്ടായി. ഇതുമായി ബന്ധപ്പെ ട്ടുകൊണ്ട് പറയുന്നു. ഇതിൽ കശ്ഫിന്റെയും ഇൽഹാമിന്റെയും ഭാഗ ങ്ങൾ അടങ്ങിയിട്ടുണ്ട്. അതിന്റെ അവ സാനത്തിൽ പറയുന്നു. "അല്ലാഹുവിന്റെ കല്പന പ്രകാരം സത്യം ചെയ്തുകൊണ്ട് ഇപ്രകാരം പ്രഖ്യാപിക്കുന്നു. ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെ പ്രവചനപ്ര കാരം ലോകത്തിന്റെ കോണുകളോളം ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെ നാമം എത്തിക്കുന്ന അദ്ദേഹത്തിന്റെ വാഗ്ദത്ത പുത്രൻ ഞാനാണെന്ന് അല്ലാഹു എന്നെ അറിയിച്ചിരിക്കുന്നു." 1944 ലാണ് ഈ പ്രഖ്യാപനം നടത്തിയത്.

ഹദ്റത്ത് മുസ്‌ലിഹ് മൗഊദിനെക്കു റിച്ച് ജമാഅത്തിന് പുറത്തുള്ളവരുടെ ചില സാക്ഷ്യങ്ങൾ നിങ്ങളുടെ മുമ്പാകെ വെക്കാൻ ആഗ്രഹിക്കുകയാണ്.

സമീഉല്ലാഖാൻ സാഹിബ് ഫാറൂഖി; ഇദ്ദേഹം ആദരണീയനായ ഒരു അനഹ്മദീ പണ്ഢിതനാണ്. പാകിസ്താൻ രൂപീകര ണത്തിന് മുമ്പ് സത്യം വെളിപ്പെടുത്തൽ എന്ന ശീർഷകത്തിൽ ഒരു നോട്ടീസ് പ്രസിദ്ധീകരിച്ചുകൊണ്ട് എഴുതി. "ഞാൻ ജമാഅത്തിനായി നിന്റെ സന്താനങ്ങ ളിൽപെട്ട ഒരാളെ നിയമിക്കുന്നതാണെന്ന് ഹദ്റത്ത് മസീഹ് മൗഊദ് (അ) ന് അറിവ് ലഭിക്കുന്നു. ആ വ്യക്തിയെ എന്റെ സാമിപ്യം കൊണ്ടും വെളിപാട്കൊണ്ടും അനുഗ്രഹിക്കുന്നതായിരിക്കും. അദ്ദേഹം മുഖേന സത്യം പുരോഗതി പ്രാപിക്കും. പലരും സത്യം സ്വീകരിക്കുന്നതാണ്. ഈ പ്രവചനത്തെ വീണ്ടും വീണ്ടും വായിക്കു ക." തുടർന്നെഴുതുന്നു. "എന്നിട്ട് ഈ പ്രവ ചനം പുലർന്നില്ലെന്ന് ആത്മാർഥതയോടു കൂടി പറയാൻ സാധിക്കുമോ? ഈ പ്രവ ചനം നടത്തിയ അവസരത്തിൽ ഇപ്പോ ഴുള്ള ഖലീഫ (ഖലീഫ സാനി) കുട്ടിയാ യിരുന്നു. മിർസാ സാഹിബ് അദ്ദേഹത്തെ ഖലീഫയാക്കുമെന്ന ഒരു വസിയ്യത്തും ചെയ്തിരുന്നില്ല. ഖിലാഫത്തിന്റെ തെര ഞ്ഞെടുപ്പ് പൊതുജനാഭിപ്രായത്തിന് വിട്ട തായിരുന്നു. അപ്പോൾ ഭൂരിഭാഗവും ഹദ്റത്ത് ഹകീം നൂറുദ്ദീൻ സാഹിബിനെ ഖലീഫയായി അംഗീകരിച്ചു. ഇതുകാ രണം എതിരാളികൾ പ്രവചനം പൊളി ഞ്ഞെന്ന് പറഞ്ഞ് പരിഹസിക്കുകപോലും ചെയ്യുകയുണ്ടായി. എന്നാൽ ഹകീം സാഹിബിന്റെ വഫാത്തിനുശേഷം മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് ഖലീ ഫയായി നിയമിക്കപ്പെട്ടു. അഹ്മദിയ്യ ത്തിന് അദ്ദേഹത്തിന്റെ കാലത്തുണ്ടായ പുരോഗതി അദ്ഭുതകരമാണെന്നത് തികച്ചും സത്യമാണ്." (ഒരു അനഹ്മദി യുടെ വരികളാണിവ) തുടർന്നെഴുതു ന്നു."മിർസാ സാഹിബിന്റെ കാലത്ത് അഹ്മദികളുടെ എണ്ണം വളരെ കുറവായി രുന്നു. ഖലീഫ നൂറുദ്ദീന്റെ കാലത്തും അത്രകണ്ട് പുരോഗതി കൈവരിച്ചിരുന്നി ല്ല. എന്നാൽ ഇപ്പോഴുള്ള ഖലീഫയുടെ കാലത്ത് മിർസായിയ്യത്ത് ലോകത്തിന്റെ എല്ലാ പ്രദേശത്തും എത്തിയിരിക്കുന്നു. അടുത്ത സെൻസസ് കണക്കെടുപ്പിൽ മിർസായികളുടെ എണ്ണം 1931 നെ അപേ ക്ഷിച്ച് ഇരട്ടിയേക്കാളും അധികമായിരി ക്കും. ഇക്കാലത്താണെങ്കിൽ മിർസായി യ്യത്തിനെ നശിപ്പിക്കുന്നതിനായി ചെയ്യ പ്പെടുന്ന സുസംഘടിതമായ പ്രവർത്തനം ഇതിനുമുമ്പ് ഉണ്ടായിട്ടേ ഇല്ല. ചുരുക്ക ത്തിൽ അദ്ദേഹത്തിന്റെ സന്താനങ്ങളിൽ നിന്ന് ഒരാളെ ജമാഅത്തിനായി എഴു ന്നേൽപ്പിക്കപ്പെട്ടു. അദ്ദേഹം മുഖേന ജമാ അത്തിന് അദ്ഭുതകരമായ വിജയം ലഭി ക്കുകയും ചെയ്തു. ഇതിൽ നിന്നും വ്യക്തമാകുന്നത് മിർസാ സാഹിബിന്റെ പ്രവചനം അക്ഷരം പ്രതി പുലർന്നിരി ക്കുന്നു എന്നാണ്." ഇതാണ് അദ്ദേഹം നൽകിയ വിവരണം. ( ഇസ്ഹാറുൽ ഹഖ് പേജ് 16,17)

ഇന്ത്യയിലെ സിക്ക് എഴുത്തുകാരൻ രങ്കീൻ അമൃത്സർ പത്രത്തിന്റെ എഡിറ്ററു മായ അർജുൻസിങ്ങ് എഴുതുന്നു. ഇപ്പോ ഴത്തെ ഖലീഫ കുട്ടിയായിരുന്ന കാലത്ത് 1901 ൽ മിർസാ സാഹിബ് ഒരു പ്രവചനം നടത്തിയിരുന്നു. അതിനുശേഷം ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെ കവിത അദ്ദേഹം എഴുതുന്നു.

"നീ എനിക്ക് ഒരു മകനെക്കുറിച്ച് സുവാർത്ത നൽകി. ഒരു കാലത്ത് ആ മകൻ എന്റെ പ്രിയനായിത്തീരുന്നതാണ്. ഈ ചന്ദ്രബിംബം മുഖേന അന്ധകാ രത്തെ ഞാൻ അകറ്റുന്നതാണ്. പ്രപഞ്ച ത്തിന് ഒരു പുതുയുഗം കാണിക്കുന്നതാ ണ്. ഇത് സുവാർത്ത മാത്രമല്ല. ഹൃദയ ത്തിനുള്ള ആഹാരം കൂടിയാണ്. എന്റെ ശത്രുക്കളെ നിന്ദ്യനാക്കിയ അല്ലാഹു പരി ശുദ്ധൻ."

ഇതെഴുതിയതിന് ശേഷം എഴുതുന്നു. 'ഈ പ്രവചനം തീർച്ചയായും അദ്ഭുതമു ളവാക്കുന്നത് തന്നെയാണ്. 1905 ൽ മിർസാ മഹ്മൂദ് വലിയ പണ്ഢിതനോ അദ്ദേഹത്തിന്റെ രാഷ്ട്രീയ പ്രബുദ്ധത വെളിപ്പെടുകയോ ചെയ്തിരുന്നില്ല. ആ സമയത്ത് ഇന്ന ഇന്ന ഗുണങ്ങളോടുകൂ ടിയ ഒരു മകൻ നിനക്കുണ്ടാകും എന്ന് പറ യുന്നത് തീർച്ചയായും ഏതോ ഒരാത്മീയ ശക്തിയെയാണ് തെളിയിക്കുന്നത്. മിർസാ സാഹിബ് ഒരു വാദം ഉന്നയിച്ചു കൊണ്ട് ഒരു പ്രസ്ഥാനത്തിന് തുടക്കം കുറിച്ചിരിക്കുകയാണ്. അതുകൊണ്ട് തന്റെ മരണശേഷം പിൻഗാമിയായി തന്റെ മകൻ വാഴ്ത്തപ്പെടുമെന്ന് ഒരു പക്ഷേ അദ്ദേഹം ധരിച്ചിരിക്കാം എന്നൊക്കെ പറയാമെങ്കിലും ഇത് തികച്ചും തെറ്റായ ധാരണയാണെന്ന് പിന്നീടുള്ള സംഭവങ്ങൾ തെളിയിച്ചിരിക്കു ന്നു. കാരണം മിർസാ സാഹിബ് ഖിലാ ഫത്ത് തന്റെ കുടുംബത്തിൽ നിന്ന് തന്റെ മക്കളായിരിക്കുമെന്ന നിബന്ധനയൊന്നും വെച്ചിട്ടില്ലായിരുന്നു. ആദ്യത്തെ ഖലീ ഫക്ക് മിർസാ സാഹിബിന്റെ കുടുംബവു മായി ഒരു ബന്ധവുമുണ്ടായിരുന്നില്ല. മൗലവി ഹക്കീം നൂറുദ്ദീൻ സാഹിബ് ഖലീഫ അവ്വലിന് ശേഷവും മറ്റാർക്കെ ങ്കിലും ഖലീഫയാകാനുള്ള അവസരം അവിടെ തുറന്നുകിടക്കുകയായിരുന്നു. ഈ സമയത്ത് ലാഹോർ ജമാഅത്തിന്റെ അമീറായിരുന്ന മൗലവി മുഹമ്മദലി സാഹിബ് ഖലീഫ സ്ഥാനാർഥിത്വത്തിൽ വരാൻ സാധ്യതയുണ്ടായിരുന്നു. എന്നാൽ ഭൂരിഭാഗം ജനങ്ങളും മിർസാ ബശീറുദ്ദീൻ സാഹിബിന്റെ കൂടെ നിൽക്കുകയാണ് ചെയ്തത്. അങ്ങനെ അദ്ദേഹം ഖലീഫയായി നിയമിക്കപ്പെട്ടു.'

അർജുൻ സിങ്ങ് സാഹിബ് എഴുതു ന്നു. വലിയ മിർസാ സാഹിബിൽ ആത്മീയ ശക്തി പ്രവർത്തിക്കുന്നില്ലായി രുന്നുവെങ്കിൽ തനിക്ക് ഇവ്വിധം ഗുണങ്ങ ളോടുകൂടിയ ഒരു മകൻ ഉണ്ടാകുമെന്ന് അദ്ദേഹത്തിന് എങ്ങനെ അറിയാൻ സാധി ച്ചു. ഈ പ്രവചനം നടത്തുന്ന സമയത്ത് അദ്ദേഹത്തിന് മൂന്ന് ആൺ മക്കളുണ്ടായി രുന്നു. മൂന്ന് പേർക്കും വേണ്ടി അദ്ദേഹം പ്രാർഥിച്ചിരുന്നു. എന്നാൽ പ്രവചനം ഒരാളെക്കുറിച്ച് മാത്രം. ഈ മകൻ ലോകത്ത് വലിയ വിപ്ലവം സൃഷ്ടിച്ചിരി ക്കുന്നു എന്ന യാഥാർഥ്യം നാം കാണു കയും ചെയ്യുന്നു.'( റിസാല ഖലീഫാ ഖാദിയാൻ)

വാഗ്ദത്ത പുത്രനെക്കുറിച്ചുള്ള ഒരു പ്രവചനം അവൻ ധൈര്യശാലി ആയി രിക്കും എന്നാണ്. ആത്മീയവും ഭൗതിക വുമായ വിജ്ഞാനത്താൽ അവൻ നിറക്ക പ്പെടും എന്നും ഉണ്ട്.

പ്രസിദ്ധ എഴുത്തുകാരനായ ഖാജാ ഹസൻ നിസാമി ദഹ്‌ലി എഴുതുന്നു. 'അദ്ദേഹം കൂടുതലും രോഗാവസ്ഥയിലാ യിരിക്കും.(മുസ്‌ലിഹ് മൗഊദിനെക്കുറി ച്ചാണ് എഴുതുന്നത്) എന്നാൽ ഈ രോഗ ങ്ങൾ അദ്ദേഹത്തിന്റെ പ്രവർത്തന ചടുല തയിൽ ഒരു വിഘ്നവും ഉണ്ടാക്കിയിട്ടില്ല.

എതിർപ്പിന്റെ കൊടുങ്കാറ്റുകളിൽ സമാധാനത്തോടെ പ്രവർത്തിച്ചുകൊണ്ട് മുഗളന്മാരുടെ ധീരത പ്രകടിപ്പിക്കുകയുണ്ടായി. മുഗളൻമാരെപോലെ പ്രവർത്തനത്തിൽ പ്രത്യേക പാഠവം അദ്ദേഹത്തിൽ കാണാവുന്നതാണ്. രാഷ്ട്ര തന്ത്രജ്ഞനും മത വിജ്ഞാന രംഗത്ത് നല്ല പരിജ്ഞാനമുള്ള വ്യക്തിത്വവുമാണ്. യുദ്ധതന്ത്രങ്ങൾ അറിയുന്നവനുമാണ്. അതായത് ബൗദ്ധികവും രചനാത്മകവുമായ രീതിയിൽ ധീരനായ പടനായകനാണദ്ദേഹം. ( ആദിൽ, ഡൽഹി )

പ്രവചനത്തിലുള്ള ഒരടയാളം അവൻ ബന്ധനസ്ഥരുടെ മോചനത്തിന്ന് കാരണമായിത്തീരും എന്നാണ്. ഈ പ്രവചനം ഏതർഥത്തിലാണ് പുലർന്നതെന്നോർത്ത് മനുഷ്യബുദ്ധി അദ്ഭുതസ്തബ്ദമായിത്തീരുന്നു. തഹ്‌രീഖ് ആസാദിയെ കശ്മീർ എന്നത് ഇതിനുള്ള പ്രകടമായ സാക്ഷ്യമാണ്. ഈ പദ്ധതിയെ വിജയിപ്പിച്ചതിനുള്ള എല്ലാ ബഹുമതിയും ആൾ ഇന്ത്യ കശ്മീർ കമ്മിറ്റിക്കാണുള്ളത്. ഈ പ്രസിദ്ധ കമ്മിറ്റി ഹുസൂറിന്റെ പ്രവർത്തനഫലമായി ഇന്ത്യ -പാക്കിലുള്ള പ്രഗല്ഭരായ മുസ്‌ലിം നേതാക്കന്മാരായി സർ സുൽഫിക്കാർ അലിഖാൻ, അല്ലാമ ഡോക്ടർ സർ മുഹമ്മദ് ഇഖ്ബാൽ, ഖാജാ ഹസൻ നിസാമീ ദഹ്‌ലവി, സയ്യിദ് അസീസ് എഡിറ്റർ സിയാസത്ത് തുടങ്ങിയവരുടെ അഭിപ്രായപ്രകാരം 1931 ന് ജൂലൈ 25 ന് ശിംലയിലാണ് രൂപീകരിക്കപ്പെട്ടത്. ഇതിന്റെ അദ്ധ്യക്ഷ പദവി ഖലീഫത്തുൽ മസീഹ് സാനിക്കാണ് നൽകിയിരുന്നത്. അദ്ദേഹത്തിന്റെ നേതൃത്വപാഠവംകാരണം ദീർഘകാലമായി നിസ്സാരമായ മനുഷ്യാവകാശം പോലും നിഷേധിക്കപ്പെട്ടുകൊണ്ട് അടിമത്ത്വത്തിൽ കഴിഞ്ഞിരുന്ന കശ്മീരികൾക്ക് ഒരു ചെറിയ കാലത്തിനിടയിൽതന്നെ സ്വാതന്ത്ര്യം ലഭിക്കുകയുണ്ടായി. അവരുടെ സാമൂഹികവും മൗലികവുമായ അവകാശങ്ങൾ അംഗീകരിക്കപ്പെട്ടു. ആ നാട്ടിൽ ആദ്യമായി നിയമനിർമാണ സഭ രൂപീകരിക്കപ്പെട്ടു. എഴുതാനും പറയാനുമുള്ള സ്വാതന്ത്ര്യം ലഭിച്ചതോടൊപ്പം അവർക്കതിൽ പ്രാതിനിധ്യം ലഭിക്കുകയും ചെയ്തു. മുസ്‌ലിം പ്രസ്സ് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ് (റ) ന്റെ പ്രവർത്തനങ്ങളെ ശ്ലാഘിച്ചുകൊണ്ട് ഇത്രവരെ എഴുതുകയുണ്ടായി.

"കശ്മീരികളുടെ അവസ്ഥ വളരെ പരിതാപകരമായിരുന്ന ആ നാളുകളിൽ വിശ്വാസവൈപരീത്യം നിലനിൽക്കേ തന്നെ മിർസാ സാഹിബിനെ അതിന്റെ പ്രസിഡന്റായി തിരഞ്ഞെടുത്തവർക്ക് പിന്നീടുള്ള പ്രവർത്തനങ്ങൾ വിലയിരുത്തുമ്പോൾ ഈ തിരഞ്ഞെടുപ്പ് എന്തുകൊണ്ടും ഉചിതമായിരുന്നു എന്ന് ബോധ്യമാകുന്നതാണ്. വിശ്വാസ വൈപരീത്യത്തിന്റെ പേരിൽ അപ്പോൾ മിർസാ സാഹിബിനെ തിരഞ്ഞെടുത്തില്ലായിരുന്നുവെങ്കിൽ ഈ പദ്ധതി തീർച്ചയായും പരാജയമടയുമായിരുന്നു. മുസ്‌ലിം ഉമ്മത്തിന് വലിയ നഷ്ടമായിരിക്കും അതുകൊണ്ടുണ്ടാകുന്നത്."( സർഗുസശ്ത്)

അല്ലാമ നിയാസ് ഫതഹ്പൂരി സാഹിബ് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ് (റ) ന്റെ വിഖ്യാത തഫ്സീർ കബീർ വായിച്ചതിന്ശേഷം ഖലീഫത്തുൽ മസീഹിന് ഇപ്രകാരം കത്തയക്കുകയുണ്ടായി. "തഫ്സീറെ കബീറിന്റെ മൂന്നാം വാല്യമാണ് ഇപ്പോൾ ഞാൻ വായിച്ചുകൊണ്ടിരിക്കുന്നത്. വളരെ ഗഹനമായാണ് അത് വായിക്കുന്നത്. വിശുദ്ധ ഖുർആൻ പഠനത്തിന് പുതിയ ഒരു ചിന്താസരണി താങ്കൾ വെട്ടിത്തുറന്നിട്ടുണ്ട് എന്നതിന് സംശയമില്ല. ഈ രീതിയിലുള്ള ആദ്യത്തെ തഫ്സീറാണിത്. യുക്തിയേയും പ്രമാണത്തേയും വളരെ സുന്ദരമായ രീതിയിൽ ഇതിൽ സംയോജിപ്പിച്ചിരിക്കുന്നു. താങ്കളുടെ വൈജ്ഞാനികമായ കഴിവും ഉൾക്കാഴ്ചയും അസാധാരണമായ ദീർഘ ദൃഷ്ടിയും ഓരോ കാര്യങ്ങളും ഭംഗിയായി തെളിയിക്കുവാനുള്ള കഴിവും ഇതിലെ ഓരോ വാക്കിൽ നിന്നും പ്രകടമാണ്. ഈ ഗ്രന്ഥത്തെക്കുറിച്ച് ഇതുവരെ ഞാൻ അറിയാതെപോയത് എന്തുകൊണ്ടെന്നതിൽ ഞാൻ ദുഃഖിക്കുന്നു. എനിക്ക് എല്ലാ വാല്യങ്ങളും കിട്ടിയിരുന്നെങ്കിൽ! ഇന്നലെ ഞാൻ സൂറഃഹൂദിന്റെ വ്യാഖ്യാനമാണ് വായിച്ചിരുന്നത്. അതിൽ ഹദ്റത്ത് ലൂത്ത് (അ) നെക്കുറിച്ചുള്ള താങ്കളുടെ കാഴ്ചപ്പാട് വായിച്ചപ്പോൾ ഹൃദയം സന്തോഷം കൊണ്ട് നിറയുകയുണ്ടായി. അതുകൊണ്ടാണ് ഈ കത്തെഴുതാൻ ഞാൻ നിർബന്ധിതനായത്. **ഹാഉലാഉ ബനാത്തീ** എന്നതിന്റെ വ്യാഖ്യാനം എഴുതിക്കൊണ്ട് മറ്റു വ്യഖ്യാതാക്കളിൽ നിന്നും വ്യത്യസ്തമായ ഒരു കാഴ്ചപ്പാട് താങ്കൾ സമർപ്പിച്ചിരിക്കുന്നു. ഇതിനെ എത്രമാത്രം പ്രശംസിച്ചാലും മതിയാവില്ല. അല്ലാഹു താങ്കൾക്ക് ദീർഘായുസ്സ് നൽകുമാറാകട്ടെ."(അൽഫസ്ൽ 1963 നവം: 17)

മൗലാനാ അബ്ദുൽ മജീദ് ദര്യാബാദി വിശുദ്ധ ഖുർആന്റെ വ്യാഖ്യാതാവും സിദ്ഖെ ജദീദിന്റെ പത്രാധിപരുമാണ്. മുസ്‌ലിഹ് മൗഊദ് (റ) വഫാത്തായപ്പോൾ എഴുതി. "ഖുർആനും ഖുർആന്റെ ജ്ഞാനവും അതിന്റെ ആഗോള പ്രചരണത്തിനും ഭൂതലമാകെയുള്ള ഇസ്‌ലാമിന്റെ പ്രചാരണപ്രവർത്തനത്തിനും ഇദ്ദേഹം തന്റെ ദീർഘകാല ജീവിതത്തിൽ ചെയ്ത ധീരോദാത്തമായ പ്രവർത്തനങ്ങൾക്ക് അല്ലാഹു പ്രതിഫലം നൽകുമാറാകട്ടെ. വൈജ്ഞാനിക രീതിയിൽ വിശുദ്ധ ഖുർആന്റെ അർഥവും അതിന്റെ വ്യാഖ്യാനവും അദ്ദേഹം ചെയതത് ഉന്നതമായ നിലവാരം പുലർത്തുന്നതാണ്."

പ്രവചനത്തിന്റെ പശ്ചാത്തലവും പ്രവചനവും ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് ഖലീഫത്തുൽ മസീഹ് സാനി(റ) യിൽ അതെങ്ങനെ പുലർന്നു എന്നുമുള്ള ചുരുങ്ങിയ വിവരണമാണ് ഞാൻ നൽകിയിരിക്കുന്നത്.

അദ്ദേഹത്തിന്റെ വൈജ്ഞാനിക പ്രവർത്തനം ലോകത്തിന് പുതിയ ഒരു ദിശാബോധം പ്രദാനം ചെയ്തിരിക്കുന്നു. അത് ലോകം അംഗീകരിച്ചിട്ടുള്ളതാണ്. സാമൂഹികവും സാമ്പത്തികവും രാഷ്ട്രീയവും മതപരവും ആത്മീയവുമായ വിവിധ വശങ്ങളെക്കുറിച്ച് അദ്ദേഹം പേന എടുക്കുകയോ സംസാരിക്കുകയോ മുസ്‌ലിം ഉമ്മത്തിനും ലോകജനതക്കും മുമ്പാകെ അഭിപ്രായങ്ങൾ പ്രകടിപ്പിക്കുകയും ചെയ്തപ്പോഴെല്ലാം അദ്ദേഹത്തിന്റെ വൈജ്ഞാനിക വൈപുല്യത്തിലും ബുദ്ധിവൈഭവത്തിലും ആത്മീയതയിലും ആരും ആകൃഷ്ടരാവാതിരുന്നിട്ടില്ല. അദ്ദേഹം മുസ്‌ലിഹ് മൗഊദ് (വാഗ്ദത്ത പരിഷ്കർത്താവ്) ആയിരുന്നു. ലോകത്തിന്റെ സംസ്കരണത്തിന് വേണ്ടിയാണ് അല്ലാഹു അദ്ദേഹത്തെ അയച്ചത്. ആത്മീയവും ധാർമികവുമായ നാനാതരം സംസ്ക്കരണവും അതിൽ ഉൾപ്പെടുന്നു.

അദ്ദേഹത്തിന്റെ 52 വർഷത്തെ ഖിലാഫത്ത് കാലത്ത് ഖുത്ബകൾ കൂടാതെ മറ്റനേകം പുസ്തകങ്ങളും എഴുതിയിട്ടുണ്ട്. പ്രഭാഷണങ്ങൾ നടത്തിയിട്ടുണ്ട്. ഇതെല്ലാം പുസ്തകരൂപത്തിൽ ക്രോഡീകരിക്കപ്പെട്ടപ്പോൾ വിജ്ഞാനത്തിന്റെ ഒരു അനർഘ ശേഖരമായിത്തീർന്നിരിക്കുകയാണ്. ഫള്‌ലെ ഉമർ ഫൗണ്ടേഷൻ എന്ന സ്ഥാപനം അദ്ദേഹത്തിന്റെ വഫാത്തിന് ശേഷം ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാലിസാണ് സ്ഥാപിച്ചത്. അദ്ദേഹത്തിന്റെ എല്ലാ വിഷയങ്ങളും ഗ്രന്ഥരൂപത്തിൽ പ്രസിദ്ധീകരിക്കുകയാണ്. ഇന്നും ഈ വകുപ്പിൽ പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്. ഇതിന്റെ 21 വാല്യങ്ങൾ ഇതേവരെ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഖുത്ബകൾ ഇതിനു പുറമെയാണ്. അൻവാറുൽ ഉലൂം എന്ന പേരിലാണ് ഈ ശേഖരം അറിയപ്പെടുന്നത്. ഇതിന്റെ ഓരോ വാല്യവും തന്നെ 600-700 പേജുകൾ

ശേഷം പേജ് 38 ൽ

# തിരുനബിയുടെ തിരുമൊഴികൾ

1. വിദ്യാസമ്പാദനം ഓരോ മുസ്‌ലിമിനും നിർബന്ധമാകുന്നു.
2. വിദ്യാസമ്പാദനം നടത്തുന്നത് ആരാധന ചെയ്യുന്നതിനേക്കാൾ പദവിയിൽ മുന്നിലാണ്.
3. കുറച്ച് വിദ്യ കരസ്ഥമാക്കാൻ സമയം ചെലവഴിക്കുന്നത് അധികമായ ആരാധനയേക്കാൾ ഉത്തമമാകുന്നു.
4. അറിവു നേടുവിൻ. അറിവിനുവേണ്ടി അന്തസ്സും മനഃശ്ശാന്തിയും നേടുവിൻ. ഗുരുനാഥന്റെ നേരെ വിനയവും ബഹുമാനവും കാട്ടുവിൻ.
5. നിങ്ങൾ വിദ്യ കരസ്ഥമാക്കുന്നതു ആരിൽ നിന്നാണോ അവരെ ആദരിക്കുവിൻ.
6. ജനങ്ങളെ പഠിപ്പിക്കുവിൻ, അവരുടെ നേരെ കടുപ്പം കാണിക്കരുത്. ഒരധ്യാപകൻ കണിശക്കാരനായ സേനാധിപനെക്കാൾ ഉത്തമനാകുന്നു.
7. വിദ്യ നേടാൻ ശ്രമിക്കുന്നവൻ ഏറ്റവും അസംതൃപ്തനാണ്. അതിനുവേണ്ടി ശ്രമിക്കാത്തവൻ മടുപ്പുള്ളവനും.
8. വിശന്നവരായ രണ്ട് ആളുകൾ ഒരിക്കലും തൃപ്തിപ്പെടുകയില്ല. വിജ്ഞാനം തേടുന്നവനും ഐഹിക സുഖം തേടുന്നവനും
9. ഒരു മുസ്‌ലിമിൽ നിന്നുള്ള ഉത്തമദാനം ജ്ഞാനസമ്പാദനവും അത് മറ്റുള്ളവരുമായി പങ്കുവെക്കലുംതന്നെ.
10. വിജ്ഞാന പ്രചാരണത്തെക്കാൾ ഉത്കൃഷ്ടമായ മറ്റൊരു ദാനമില്ല.
11. ജ്ഞാന സമ്പാദനത്തിൽ ഏർപ്പെട്ടിരിക്കെ മരണപ്പെടുന്നവൻ രക്തസാക്ഷിയത്രെ.
12. അജ്ഞർക്കിടയിൽ വിദ്യനേടുന്നവൻ മരിച്ചവർക്കിടയിൽ ജീവനുള്ളവനെപ്പോലെയാകുന്നു.
13. ബാല്യത്തിൽ ജ്ഞാനം നേടുന്നവൻ കല്ലിൽകൊത്തുന്നവനെപ്പോലെയും വാർധക്യത്തിൽ ജ്ഞാനം നേടുന്നവൻ വെള്ളത്തിലെഴുതുന്നവനെപ്പോലെയും ആകുന്നു.
14. വിജ്ഞാനം എഴുതി സൂക്ഷിക്കുക.
15. നിങ്ങൾ വിസ്മരിച്ചു പോകാനിടയുള്ളതിനെ എഴുതി വെക്കാൻ വലതുകയ്യിന്റെ സഹായം തേടുവിൻ.
16. മുസ്‌ലിംകളുടെ കളഞ്ഞുപോയ സ്വത്തിനെ കണ്ടെടുക്കുവിൻ – അതായത് വിദ്യാധനം.
17. ദുരാഗ്രഹം പണ്ഡിതന്റെ മനസ്സിൽ നിന്നു വിവേകജ്ഞാനത്തെ നീക്കിക്കളയും.
18. ബുദ്ധിശക്തിയാൽ  അനുഗ്രഹിക്കപ്പെട്ടവൻ അഭിവൃദ്ധിപ്പെടും.
19. വിദ്യ കണ്ടെത്താൻ നിങ്ങൾ അതിനായി തേടിപ്പോകണം.
20. ഒളിച്ചുവച്ച ജ്ഞാനം നഷ്ടപ്പെട്ടതത്രെ.
21. ലജ്ജാശീലനും ധിക്കാരിയും ജ്ഞാന സമ്പാദനത്തിൽ പരാജയപ്പെടുന്നു.
22. ആരാണ് ഏറ്റവും വലിയ പണ്ഡിതൻ എന്ന ഒരു പണ്ഡിതനോടു ചോദിച്ചാൽ എല്ലാ അറിവുകളും അല്ലാഹുവിനാണെന്നു പറയും.
23. സധർമികൾക്കിടയിൽ ജ്ഞാനി നക്ഷത്രങ്ങൾക്കിടയിൽ ചന്ദ്രബിംബം പോലെയാകുന്നു.
24. ചുരുക്കിപ്പറയൽ ആണ് ഉത്തമം

# ഇതര മതങ്ങളോടുള്ള ഇസ്‌ലാമിന്റെ സമീപനം

ബഹുമാനാദരങ്ങളോടു കൂടിയ ഒരു സമീപനമാണ് ഇസ്‌ലാം മറ്റു മതങ്ങളോട് വെച്ച് പുലർത്തുന്നത്. അന്യമത സ്ഥരെ അവജ്ഞയോടും പുച്ഛത്തോടും കാണുന്നത് ശീലമാക്കിയ തീവ്രവാദികളായ മുസ്‌ലിം നാമധാരികൾ ഇസ്‌ലാമിന്റെ മഹാമനസ്കതയും വിശുദ്ധ ഖുർആന്റെ മഹത്തായ അദ്ധ്യാപനങ്ങളും തിരിച്ചറിയേണ്ടതുണ്ട്.

ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ് (റഹ്)

**വി**ശുദ്ധ ഖുർആൻ പറയുന്നു: *എല്ലാ സമുദായത്തിലും നാം ഓരോ ദൂതനെ നിയോഗിച്ചിട്ടുണ്ട്. നിങ്ങൾ അല്ലാഹുവിനെ ആരാധിക്കുക, ദുശ്ശക്തികളെ വർജിക്കുക (എന്നതായിരുന്നു അവരുടെ പ്രബോധനം) (16:37)*

*തീർച്ചയായും നിനക്ക് മുമ്പേ പല ദൂതന്മരേയും നാം അയച്ചിട്ടുണ്ട്. അവരിൽ ചിലരുടെ വിവരങ്ങൾ നാം നിനക്ക് നൽകിയിട്ടുണ്ട്. അവരിൽ ചിലരുടെ വിവരം നാം നിനക്ക് നൽകിയിട്ടില്ല. (40:79)*

*നീ ഒരു മുന്നറിയിപ്പുകാരൻ മാത്രമാകുന്നു. തീർച്ചയായും സന്തോഷവാർത്ത അറിയിക്കുന്നവനായും മുന്നറിയിപ്പ് നൽകുന്നവനായും സത്യസമേതം നാം നിന്നെ അയച്ചിരിക്കുന്നു. ഒരു ദൈവിക മുന്നറിയിപ്പകാരൻ വന്നുകഴിഞ്ഞിട്ടില്ലാത്ത ഒരു സമുഹവുമില്ല.* (35:25)

വിശുദ്ധ ഖുർആനിലെ മേൽ പറഞ്ഞ വചനങ്ങളുടെ അടിസ്ഥാനത്തിൽ മറ്റു മതങ്ങളെ ഉന്മൂലനം ചെയ്ത് സത്യത്തിന്റെ അവകാശ കുത്തക ഇസ്‌ലാം സ്ഥാപിക്കുന്നില്ല എന്നകാര്യം സ്പഷ്ടമാണ്. മറിച്ച് മനുഷ്യന്റെ മതപരവും ആത്മീയവുമായ ആവശ്യങ്ങൾക്ക് വേണ്ടി ലോകത്തിലെ എല്ലാ ദേശങ്ങളിലും ദിവ്യപ്രേഷിത പ്രവർത്തനങ്ങൾക്കായി പ്രവാചകന്മാരെ ദൈവം നിയോഗിച്ചിട്ടുണ്ടെന്നാണ് ഖുർആൻ അസന്ദിഗ്ധമായി പ്രഖ്യാപിക്കുന്നത്.

**എല്ലാ പ്രവാചകന്മാരും തുല്യർ**

ലോകത്തിലെ വിവിധ ജനങ്ങളിലായി നിരവധി പ്രവാചക നിയോഗങ്ങളുണ്ടായിട്ടുണ്ട് എന്ന് വരുമ്പോൾ അവർക്കെല്ലാം



ഒരേ ദിവ്യാധികാരമാണോ ഉണ്ടായിരുന്നത് എന്ന ചോദ്യമുയരുന്നു. ഖുർആന്റെ വീക്ഷണ പ്രകാരം എല്ലാ പ്രവാചകന്മാരും ദൈവപ്രേഷിതരാണ്. ദൈവികമായ അവരുടെ സ്ഥാനത്തെപ്പറ്റിപറയുമ്പോൾ തുല്യമായ ദൈവിക ശക്തിയും ശേഷിയുമാണ് അവർക്കെല്ലാമുണ്ടായിരുന്നത്. ഒരാൾക്കും തന്നെ പ്രവാചകന്മാർക്കിടയിൽ പക്ഷഭേദം കൽപ്പിക്കാനുള്ള അവകാശമില്ല. പ്രവാചകന്മാരുടെ ആധികാരികതയെ പറ്റി പറയുകയാണെങ്കിൽ അവരെല്ലാവരും തുല്യരുമായിരിക്കണം. മറ്റു മത സ്ഥാപകരെ സംബന്ധിച്ചും ചെറിയ മത സ്ഥാപകരെപറ്റി പോലും ഇസ്‌ലാമിന്റെ സമീപനമിതാണ്. വിവിധ മതങ്ങളെ ഉദ്ഗ്രഥിക്കാനും സമന്വയിക്കാനുമുള്ള സുപ്രധാനമായ ഒരു കണ്ണിയാണ് ഇത്. എല്ലാ പ്രവാചകന്മാരുടെയും ആധികാരികതക്ക് തുല്യ പദവിയാണുള്ളതെന്ന ഈ സിദ്ധാന്തം വിവിധ മതങ്ങളെ ഏകോപിപ്പിക്കാനുള്ള ഏറ്റവും ശക്തമായ ഒരു ഘടകമായി ഉപയോഗിക്കാവുന്നതാണ്. ഇത് മൂലം ഇതര മതങ്ങളിലെ പ്രവാചകന്മാർക്ക് ലഭിച്ച വെളിപാടുകളോടുള്ള ശത്രുതാ മനോഭാവം ആദരവും ബഹുമാനവുമായി പരിണമിക്കുന്നു. വിശുദ്ധ ഖുർആന്റെ യുക്തിഭദ്രവും വ്യക്തവുമായ നിലപാട് ഇതാകുന്നു:

***'(ഇസ്‌ലാമിന്റെ വിശുദ്ധ സ്ഥാപകരായ) ഈ ദൂതൻ തന്റെ നാഥനിൽ നിന്ന് അദ്ദേഹത്തിന് വെളിപ്പെട്ടതിൽ വിശ്വസിക്കുന്നു. സത്യവിശ്വാസികളും വിശ്വസിക്കുന്നു (അവർ) എല്ലാവരും അല്ലാഹുവിലും അവന്റെ മലക്കുകളിലും അവന്റെ വേദങ്ങളിലും ദൂതന്മാരിലും വിശ്വസിക്കുന്നു. അല്ലാഹുവിന്റെ ദൂതന്മാരിൽ ആർക്കിടയിലും ഞങ്ങൾ വ്യത്യാസം കൽപ്പിക്കുന്നില്ല(എന്നവർ പറയും).ഞങ്ങൾ അല്ലാഹുവിന്റെ കൽപ്പനകൾ കേൾക്കുകയും അനുസരിക്കുകയും ചെയ്തിരിക്കുന്നു. എന്നും അവർ പറയും'*** (2:286)

***'അല്ലാഹുവിലും അവന്റെ ദൂതന്മാരിലും അവിശ്വസിക്കുകയും അല്ലാഹുവിലും അവന്റെ ദൂതന്മാർക്കിടയിലും വിവേചനം കൽപ്പിക്കുന്നതിന് ഉദ്ദേശിക്കുകയും 'ഞങ്ങൾ ചിലരിൽ വിശ്വസിക്കുന്നു, ചിലരിൽ അവിശ്വസിക്കുകയും ചെയ്യുന്നു.' എന്നു പറയുകയും, അതിന് മദ്ധ്യേ മറ്റൊരു മാർഗം സ്വീകരിക്കുവാൻ ഉദ്ദേശിക്കുകയും ചെയ്യുന്നവരാരോ അവർ തന്നെയാണ് യഥാർഥ അവിശ്വാസികൾ. അവിശ്വാസികൾക്ക് നാം അപമാനകരമായ ശിക്ഷ ഒരുക്കി വെച്ചിരിക്കുന്നു'*** (4:151.152)

## ആധികാരികത തുല്യമായാൽ പദവിയിൽ വ്യത്യാസമുണ്ടാകുമോ?

പ്രവാചകന്മാർ എല്ലാവരുടെയും ആധികാരികത തുല്ല്യമാണെങ്കിൽ അവരുടെ പദവികൾകൂടി തുല്ല്യമാകണമെന്നുണ്ടോ? ഈ ചോദ്യത്തിന്റെ ഉത്തരത്തിന് പല മാനങ്ങളുമുണ്ട്. പ്രവാചകന്മാരുടെ വ്യക്തിത്വം വിഭിന്നങ്ങളാണ്. അതിനനുസൃതമായി അവരുടെ ദൗത്യങ്ങളിലും വൈജാത്യമുണ്ട്. ദൈവത്തിന്റെ സാമീപ്യമനുസരിച്ചും ദൈവദൃഷ്ടിയിൽ അവർക്കുള്ള യോഗ്യതകളനുസരിച്ചും ദൂതന്മാർ ഒന്നിനൊന്ന് വ്യത്യസ്തരാണ്. വിശുദ്ധ ഖുർ ആൻ, വിശുദ്ധ ബൈബിൾ, മറ്റു വിശുദ്ധ ഗ്രന്ഥങ്ങൾ മുതലായ അടിസ്ഥാനമാക്കിയുള്ള പ്രവാചകന്മാരുടെ ചരിത്രം പഠിക്കുകയാണെങ്കിൽ ഈ വസ്തുത ശരിയാണെന്ന് കാണാം.

മനുഷ്യ സമാധാനത്തെ അലോസരപ്പെടുത്താത്ത രീതിയിലാണ് ഖുർആൻ പ്രവാചകന്മാരുടെ പദവി ഭേദം അംഗീകരിക്കുന്നത്. ഒരു പ്രവാചകനെ അപേക്ഷിച്ച് മറ്റൊരു പ്രവാചകന് വ്യത്യസ്തത നിരൂപിക്കുകയോ അവരുടെ സന്ദേശത്തിന്റെ ആധികാരികതയിൽ ഭിന്നത കൽപ്പിക്കുകയോ ചെയ്യരുതെ ന്ന് അതേ വിശുദ്ധ ഖുർആൻ തന്നെ അസന്ദിഗ്ധമായി പ്രഖ്യാപിക്കുന്നു.

***'ആ ദൈവദൂതന്മാരിൽ ചിലരെ മറ്റു ചിലരേക്കാൾ നാം ശ്രേഷ്ഠരാക്കിയിരിക്കുന്നു. അല്ലാഹു പ്രത്യേക മായി സംസാരിച്ച ചില കൂട്ടർ അതിൽ പ്പെടുന്നു. ചിലരെ അവൻ പല പദവികളിൽ ഉയർത്തിയിട്ടുണ്ട്.' (2:254)***

ഖുർആന്റെ ഈ പ്രയോഗം അംഗീകരിക്കുകയാണെങ്കിൽ പ്രവാചകന്മാരിൽ ആരെയാണ് ഉന്നത യോഗ്യതയുള്ളവരായി അംഗീകരിക്കുക എന്ന് ഒരാൾ അദ്ഭുതം കൂറിയേക്കാം. ഇത് വൈകാരികമായി അതി സംവേദകത്വമുണ്ടാക്കുന്ന വിഷയമാണ്. പക്ഷേ ഈ സുപ്രധാന പ്രശ്നത്തിന്റെ നേരെ ഒരാൾക്ക് കണ്ണടക്കാൻ സാദ്ധ്യമല്ല.

ഏറെക്കുറെ എല്ലാ മതങ്ങളുടേയും അനുയായികൾ അവരവരുടെ മതസ്ഥാപകരാണ് പരമ യോഗ്യൻ എന്നും വൈശിഷ്ട്യത്തിലും ഭക്തിയിലും ബഹുമതിയിലും, ചുരുക്കത്തിൽ പ്രവാചകന് യോജിച്ച സർവ ഗുണങ്ങളിലും അദ്ദേഹത്തെ വെല്ലാൻ മറ്റാരുമില്ലെന്നും അവകാശവാദം ഉന്നയിക്കുന്നു. അപ്പോൾ മുഹമ്മദ് നബി(സ) എല്ലാ പ്രവാചകന്മാരിലും വെച്ച് പരമ ശ്രേഷ്ഠൻ എന്ന് അവകാശപ്പെടുന്നില്ലേ? തീർച്ചയായും ശ്രേഷ്ഠതയിലും ഗുണത്തിലും മറ്റെല്ലാ പ്രവാചകന്മാരെക്കാളും ഉന്നതിയിൽ മുഹമ്മദ് നബി(സ) വിരാജിക്കുന്നുവെന്ന് ഇസ്‌ലാം വ്യക്തമായും അവകാശപ്പെടുന്നു. എന്നാൽ ഈ അവകാശവാദത്തിന്റെ രീതിയിലും സമീപനത്തിലും ഇസ്‌ലാമും മറ്റു മതങ്ങളും തമ്മിൽ വളരെ വ്യക്തമായ അന്തരമുണ്ട്.

ഒന്നാമതായി ഇസ്‌ലാം മതമല്ലാതെ മറ്റു മതങ്ങളൊന്നും തന്നെ, എല്ലാ സമൂഹത്തിലും ദിവ്യ പ്രവാചകന്മാർ ആഗതരായിട്ടുണ്ട് എന്ന് വിശ്വസിക്കുകയോ പ്രവാചകത്വത്തിന്റെ സാർവജനീനത അംഗീകരിക്കുകയോ ചെയ്യുന്നില്ല. യഹൂദർ മോസസ്സ്(അ)ആണ് മഹാനായ പ്രവാച കൻ എന്ന് വാദിക്കുമ്പോൾ മോസസ്സി (അ) നെ ബുദ്ധനു(അ)മായോ കൃഷ്ണ നു(അ)മായോ യേശു(അ) വുമായോ മുഹമ്മദ്(സ) ആയോ താരതമ്യപ്പെടുത്താറില്ല. കാരണം മേൽ പ്രസ്താവിച്ച മഹാന്മാരായ മത സ്ഥാപകരുടെ അവകാശ വാദങ്ങളെ യഹൂദർ നിരാകരിക്കുന്നു. മാത്രമല്ല ഈ മഹാത്മാക്കളായ സത്യാത്മാക്കളാരും തന്നെ സ്വീകരണയോഗ്യരാണെന്നും അവർ കരുതുന്നില്ല. ബൈബിൾ പഴയ നിയമത്തിലെ പ്രവാചക പട്ടിക പ്രത്യേകം പരമർശിക്കാത്ത പ്രവാചകന്മാരെ യഹൂദർ പ്രവാചകന്മാരായി അംഗീകരിക്കുന്നില്ല. ബൈബിളിന് പുറത്ത് പ്രവാചകന്മാരുണ്ടാകാമെന്ന നേരിയ സാദ്ധ്യത പോലും അവർ നിരാകരിക്കുന്നു. യഹൂദ പ്രവാചകന്മാർ മാത്രമാണ് ലോകവന്ദ്യന്മാർ എന്നുള്ള അവരുടെ അവകാശവാദം കാരണം ബൈബിളിന് പുറത്തുള്ള മതം എന്നനിലക്ക് ഇസ്‌ലാമിന്റെ അസ്തിത്വം പോലും അവർ അംഗീകരിക്കുന്നില്ല. തീർച്ചയായും ബുദ്ധമതം, സെറോസ്റ്റർ മതം, ഹിന്ദു മതം എന്നിവയുടെ നിലപാടും ഇത് തന്നെയാണ്. നാം ഓർത്തിരിക്കേണ്ട മറ്റൊരു വ്യത്യാസം യഹൂദ ക്രൈസ്തവ ഇസ്‌ലാം മതങ്ങളിലെ പ്രവാചക സങ്കൽപ്പം പോലെയൊന്ന് മറ്റു മതങ്ങളിലില്ല. ആ മതങ്ങൾ തങ്ങളുടെ വിശുദ്ധ മത പുരുഷന്മാരെ പ്രവാചകന്മാർ എന്ന് എപ്പോഴും പരിചയപ്പെടുത്താറില്ല. അവരൊക്കെ മത സ്ഥാപകന്മാരോ ദൈവാവതാരങ്ങളോ ദൈവങ്ങൾ തന്നെയോ ആയിരുന്നു. അതല്ലെങ്കിൽ അതിനടുത്തെത്തുന്ന മറ്റേതെങ്കിലുമൊക്കെ ആയികണക്കാക്കുന്നു. ഒരു പക്ഷേ ക്രൈസ്തവ വീക്ഷണത്തിൽ യഹൂദ പ്രവാചകാവതാര പാരമ്പര്യത്തിൽ നിന്നും ഭിന്നമായി യേശു ക്രിസ്തു

വിനെയും ഒരു ദൈവാവതാര സങ്കൽപ്പ മായി കരുതേണ്ടിവരും.

ഇത്തരം എല്ലാ ദൈവങ്ങളും ദൈവാ വതാരങ്ങളും ദൈവത്തിന്റെ പുത്രന്മാരും ദൈവമക്കളുമെല്ലാം അവരുടെ അനുയാ യികളാൽ പിൽക്കാലത്ത് ദൈവപുത്ര പദം ആരോപിക്കപ്പെട്ട കേവലം പ്രവാചക ന്മാരായിരുന്നു എന്നതാണ് ഇസ്‌ലാമിക വീക്ഷണം. വാസ്തവത്തിൽ പ്രവാച കന്മാരെ ആരാധനാമൂർത്തികളാക്കുന്ന പ്രക്രിയ സാവകാശം വിവിധ മതങ്ങളിൽ രൂപം കൊണ്ടതാണ്. അത് അത്തരം പ്രവാചകന്മാരുടെ ജീവിതകാലത്ത് സ്വയം ഉണ്ടായതല്ല. അതിനെ സംബന്ധിച്ച് പിന്നീട് പ്രതിപാദിക്കാം.

സ്ഥാപകരെ എല്ലാ പ്രവാചകന്മാരി ലും വെച്ച് ശ്രേഷ്ഠൻ എന്ന് പറയുമ്പോഴും ഇസ്‌ലാമിക സങ്കൽപ്പപ്രകാരം ലോകമ തങ്ങളിലെ എല്ലാ ദിവ്യാത്മാക്കളെയും അത് പരിഗണിക്കുന്നു. നാം ആവർത്തിച്ച് മനസ്സിലാക്കേണ്ടകാര്യം എല്ലാ വെളിപാട് മതങ്ങളുടേയും മതസ്ഥാപകന്മാർ ദൈവം തിരഞ്ഞെടുക്കുന്ന വെറും മനുഷ്യരായിരുന്നു. ഈ പ്രതിഭാസം സാർവജനീനമാണെന്ന് ഖുർആൻ തന്നെ പ്ര ഖ്യാപിക്കുന്നു

'***എന്നാൽ നാം ഒരോ സമുദാ യത്തിൽ നിന്നും ഓരോസാക്ഷിയെ കൊണ്ടു വരികയും ഇവർക്ക് സാക്ഷി യായി നാം നിന്നെ കൊണ്ടുവരികയും ചെയ്യുമ്പോൾ (ഇവരുടെ സ്ഥിതി യെന്തായിരിക്കും?'*** (4:42)

സുപ്രധാനമായ ഈ വസ്തുതകളുടെ വിശദീകരണത്തിന് ശേഷം ഖുർആന്റെ അടിസ്ഥാനത്തിൽ നമുക്ക് ഇസ്‌ലാമിന്റെ പദവിയെ പറ്റി വിശകലനം ചെയ്യാം. അത് സംബന്ധിച്ച് സ്പഷ്ടവും വ്യക്തവുമായ രീതിയിൽ ഖുർആനിൽ ചർച്ച ചെയ്തിട്ടുണ്ട്.

***മുഹമ്മദ് നിങ്ങളിൽ പെട്ട ഒരു പുരുഷന്റെയും പിതാവല്ല. പക്ഷേ അദ്ദേഹം അല്ലാഹുവിന്റെ ദൂതനും എല്ലാ പ്രവാചകന്മാരുടെയും മുദ്രയുമാണ്. അല്ലാഹു എല്ലാ കാര്യത്തെക്കുറിച്ചും നല്ലവണ്ണം അറിയുന്നവനാണ്. (33:41)***

ഇവിടെ ഉപയോഗിച്ചിരിക്കുന്ന ഖാതം എന്ന അറബി പദത്തിന് വിവിധ ങ്ങളായ ലക്ഷ്യാർഥങ്ങളുണ്ട്. ശ്രേഷ്ഠം, പരമമായ അവസാന വാക്ക്, പരമാധി കാരി, സർവതിനേയും ചൂഴ്ന്ന് നിൽക്കു ന്നതും മറ്റൊന്നിന്റെ സത്യത്തെ മാറ്റുരച്ചു നോക്കുന്നതും മുതലായ അർഥങ്ങ ളാണത്. (Lexicon of Arabic Language F.W.Lane Aqrab Al Muawarid, Mufradath of Imama Raghib, Fath and Zurqani) ഇസ്‌ലാം മതസ്ഥാപകരാ യ പ്രവാചക ശ്രേഷ്ഠന്റെ വൈശിഷ്ട്യം വെളിവാക്കുന്ന മറ്റൊരു ഖുർആൻ സൂക്തത്തിൽ അദ്ദേഹത്തിന്റെ അദ്ധ്യാപ നങ്ങൾ അവികലവും സമ്പൂർണവു മാണെന്ന് പ്രഖ്യാപിക്കുന്നു.

***'ഇന്നത്തെ ദിവസം നിങ്ങളുടെ മതത്തെ നാം നിങ്ങൾക്ക് പൂർണമാക്കി ത്തരികയും എന്റെ അനുഗ്രഹത്തെ നിങ്ങൾക്ക് പൂർത്തീകരിക്കുകയും ഇസ്‌ലാമിനെ നിങ്ങൾക്ക് മതമായി തൃപ്തിപ്പെടുകയും ചെയ്തിരിക്കുന്നു' 5:4)***

ലോകത്തിൽ ഏറ്റവും സമ്പൂർണമായ അദ്ധ്യാപനങ്ങൾ നൽകിയ ന്യായപ്രമാണ വാഹികളായ പ്രവാചകന്മാരുടെ സമൂഹത്തിൽ വിശുദ്ധ പ്രവാചകൻ ഉന്നതമായസ്ഥാനം അലങ്കരിക്കുന്നു വെന്ന് ഈ അവകാശവാദത്തിൽ നിന്നും വ്യക്തമായും അനുമാനിക്കാൻ കഴിയും.

ഈ പ്രമേയം വീണ്ടും വിശദീകരിച്ചു കൊണ്ട് വിശുദ്ധ പ്രവാചകന് വെളിപെട്ട ഗ്രന്ഥം എല്ലാ വിധ പ്രക്ഷിപ്തങ്ങളിൽ നിന്നും സുരക്ഷിതവും അദ്ധ്യാപനങ്ങൾ സമ്പൂർണവും സർവകാലികവുമാണെന്ന് മാത്രമല്ല അത് വെളിപ്പെട്ടത് പ്രകാരം ഓരോ വാക്കിലും അവികലമാണെന്നും അവകാശപ്പെട്ടിരിക്കുന്നു. കഴിഞ്ഞ പതിനാല് നൂറ്റാണ്ടുകൾ ഈ അവകാശ വാദത്തിന്റെ സത്യതക്ക് സാക്ഷ്യം വഹിക്കുന്നു. ചില വചനങ്ങൾ ഇപ്രകാ രമാണ്.

'***സത്യമായും ഈ പ്രബോധ ഗ്രന്ഥം ഇറക്കിയത് നാമാണ്. തീർച്ചയായും നാം തന്നെ അതിനെ സംരക്ഷിക്കു ന്നതാണ്' (15:10)***

'***എന്നാൽ മഹത്വപൂർണമായ ഖുർ ആനാണിത്. സുരക്ഷിതമായ ഒരു ഫലകത്തിൽ (ഉല്ലിഖിതമായത്)'*** (85:22,23)

മേൽ പറഞ്ഞ വീക്ഷണ പ്രകാരം വിശുദ്ധ പ്രവാചകൻ പരമ ശ്രേഷ്ഠ നാണെന്ന് പ്രഖ്യാപിക്കുക മാത്രമല്ല അദ്ദേഹത്തിന്റേത് അവസാനത്തെ ന്യായ പ്രമാണവും അന്ത്യകാലം വരെ പ്രാബല്യത്തിലുള്ളതുമാണ്.

ഇസ്‌ലാമിന്റെ വിശുദ്ധ സ്ഥാപക രെക്കുറിച്ചുള്ള ഈ അവകാശ വാദം മറ്റുള്ള മതാനുയായികളിൽ ഇസ്‌ലാമിന്റെ ഉദ്ദേശത്തെ നിഷ്ഫലമാക്കും വിധം തെറ്റിധാരണയും നീരസവുമുണ്ടാക്കില്ലേ എന്ന് ചിലർ ആശങ്കിച്ചേക്കാം. ഇസ്‌ലാം മനുഷ്യന്റെ സമസ്ത മണ്ഡലങ്ങളിലും സമാധാനം വാഗ്ദാനം ചെയ്യുന്നു എന്ന പ്രമേയവും ഈ അവകാശവാദവും തമ്മിൽ എങ്ങനെ പൊരുത്തപ്പെടും? അതും മതപരമായ സ്വാധീനം കുറഞ്ഞ സമൂഹങ്ങളിൽ ഇതെങ്ങനെ സ്വീകരി ക്കപ്പെടും ?

ഈ ചോദ്യം മനസ്സിൽ വെച്ച് കൊണ്ടായിരുന്നു ഈ അവകാശവാദം ഞാൻ ആരംഭിച്ചത്. നിഷ്പക്ഷവും പഠനസജ്ജവുമായ ഒരു മനസ്സിനെ തൃപ്തിപ്പെടുത്തുന്ന തരത്തിൽ ഈ ചോദ്യത്തിന് പല വിധത്തിലുമുള്ള ഉത്തരങ്ങൾ നൽകാൻ കഴിയും. ഇതിന് മുമ്പ് പറഞ്ഞത് പോലെ ഇത്തരം അവകാശ വാദങ്ങൾ പല മതാനുയായി കളും ഉന്നയിക്കുന്നു. അവകാശവാദ ങ്ങളിൽ ഉന്മത്തരാവാത്ത സൂക്ഷ്മദൃ ക്കായ ഒരു മതവിശ്വാസിക്ക് ആപേക്ഷിക മാനദണ്ഡങ്ങൾ വെച്ച് കൊണ്ട് ഈ വിഷയത്തിൽ ഗവേഷണം നടത്താവുന്ന താണ്. അവകാശവാദം എന്ന നിലക്ക് അത് മറ്റു മതവിശ്വാസികളുടെ ഭാവുക ത്വത്തെ പ്രകോപിപ്പിക്കുന്നില്ല. കാരണം മറ്റു മതാനുയായികളും ഇത്പോ ലെയുള്ള മറുവാദങ്ങൾ ഉന്നയിക്കു ന്നവരാണ്.

ഇസ്‌ലാം അതിന്റെ വിശുദ്ധ സ്ഥാപക രുടെ പരമസ്ഥാനത്തെ സംബന്ധിച്ചുള്ള അവകാശവാദം എളിമയിലും മാന്യമായ രീതിയിലും മാത്രമേ പ്രകടിപ്പിക്കാൻ പാടുള്ളൂ എന്ന് അതിന്റെ അനുയായി കളെ കർശനമായി ഉദ്ബോധിപ്പി ക്കുകയും അന്യരെ വേദനിപ്പിക്കുമാറ് ഈ വാദം ഉന്നയിക്കരുതെന്ന് നിഷ്കർ ശിക്കുകയും ചെയ്യുന്നു.

ഒരു പ്രകാശ ഗോപുരം പോലെ മാർഗ ദർശനം നൽകുന്ന തിരുമേനി(സ)യുടെ ജീവിതത്തിൽ നിന്ന് ഈ അദ്ധ്യാപനം വിശദീകരിക്കാൻ രണ്ട് ഉദാഹരണ ങ്ങളുന്നയിക്കാം.

1. തിരുമേനി(സ)യുടെ ഒരു അനുച രനും 'മത്സ്യക്കാരനായ പ്രവാചകൻ' എന്നറിയപ്പെടുന്ന യോനാ പ്രവാചക ന്റെ(അ) ഉറച്ച അനുയായിയും തമ്മിൽ ചൂടുപിടിച്ച ഒരു വിവാദത്തിൽ ഏർപ്പെട്ടു. രണ്ടു പേരും താന്താങ്ങളുടെ പ്രവാചക ന്മാരെ പറ്റി, ഒരാൾ മറ്റൊരാളെക്കാൾ ഉന്നതസ്ഥാനീയനാണോ എന്നതാണ് വിവാദ വിഷയം. തിരുനബി(സ)യുടെ അനുയായിയായ മുസ്‌ലിം കക്ഷി വിട്ടു കൊടുക്കാതെ കടും പിടുത്തത്തിൽ ഉറച്ച് നിന്നു. മനസ്സു വേദനിച്ച് യോനാ പ്രവാച കന്റെ അനുയായി തിരുമേനി(സ)യു ടെ അടുക്കൽ തന്റെ പ്രതിയോഗിക്കെതിരെ ആവലാതിയുമായി സമീപിച്ചു. ഈ സന്ദർഭത്തിൽ മുഴുവൻ സമൂഹ ത്തെയും അഭിസംബോധന ചെയ്ത് കൊണ്ട് തിരുമേനി(സ) അരുളി: '***മത്തായുടെ മകൻ യോന (യൂനുസ്***

*നബി (അ)) യേക്കാൾ ഉത്തമനാണ് ഞാൻ എന്ന് പ്രഖ്യാപിക്കരുത് (ബുഖാരി)*

യോനാ(അ) പ്രവാചകനേക്കാൾ മാത്രമല്ല മറ്റെല്ലാ പ്രവാചകന്മാരെക്കാളും പദവി കൊണ്ട് ഉന്നതസ്ഥാനീയനാണ് തിരുനബി (സ) എന്നുള്ള ഖുർആന്റെ അവകാശവാദത്തിന് കടക വിരുദ്ധമായ ഈ ഹദീസ്, ഹദീസ് ഭാഷ്യകാരന്മാരെ അമ്പരപ്പിക്കുകയുണ്ടായി. എന്നാൽ താൻ പദവി കൊണ്ട് യോനയേക്കാൾ താഴെയാണെന്നും യോനാ (അ) തന്നെക്കാൾ മുകളിലാണെന്നും തിരുനബി(സ) പറഞ്ഞിട്ടില്ല എന്ന കാര്യം അവർ ശ്രദ്ധിച്ചില്ല. മറ്റുള്ളവരുടെ വികാരത്തെ വ്രണപ്പെടുത്തുന്ന വിധം താൻ ഉന്നതനാണെന്ന് പ്രഖ്യാപിക്കരുതെന്നാണ് അദ്ദേഹം പറഞ്ഞത്. ഈ സംഭവത്തിൽ നിന്നും നമുക്ക് മനസ്സിലാക്കാൻ കഴിയുക പ്രവാചകൻ മുസ്‌ലിംകൾക്ക് മാനൃതയുടെ ഏറ്റവും നല്ല അദ്ധ്യാപനം നൽകുകയായിരുന്നു. തിരു നബി (സ) യുടെ പദവിയെ സംബന്ധിച്ച് വിവാദങ്ങൾ ഒഴിവാക്കേണ്ടതാണ്. അന്യരുടെ ഹൃദയത്തെ ജയിച്ചടക്കേണ്ടതിന് പകരം അവരുടെ വിദ്വേഷം സമ്പാദിക്കാനാണ് ഇത്തരം വിവാദങ്ങൾ ഉതകുക.

2. ഇത്പോലെ ഒരു യഹൂദനും മുസ്‌ലിമുമായി നടന്ന തർക്കത്തിൽ തിരുമേനി(സ) സ്വീകരിച്ച നിലപാട് ഈ സമീപനത്തെ ഒന്നു കൂടി ബലപ്പെടുത്തുന്നു. രണ്ടു പേരും താന്താങ്ങളുടെ മത ഗുരുക്കന്മാരാണ് ഉന്നതരെന്ന അവകാശ വാദവുമായി വിവാദത്തിലേർപ്പെട്ടു. യഹൂദൻ അവസരം പാഴാക്കാതെ മുസ്‌ലിമിനെതിരിൽ നബി (സ) തിരുമേനിയോട് പരാതി ബോധിപ്പിച്ചു. തന്റെ സഹജമായ വിനയത്തോടെ തിരുമേനി (സ) മുസ്‌ലിംകളെ നോക്കി ഉപദേശിച്ചു. ***'മൂസക്ക് മേൽ എന്റെ ഔന്നത്യം പ്രഖ്യാപിക്കരുത്.'(ബുഖാരി)***

പ്രവാചകന്മാരുടെ മൂപ്പിളമയും അവരുടെ താരതമ്യാത്മകമായ യോഗ്യതാസ്ഥാനങ്ങളും നിർണയിക്കാനുള്ള അധികാരം ദൈവത്തിൽ മാത്രം നിക്ഷിപ്തമാണ്. കാലനിബദ്ധമായ ഒരു നിശ്ചിത സമുദായത്തിൽ അവതരിക്കപ്പെട്ട പ്രവാചകനെ ദൈവം, അദ്ദേഹത്തോടുള്ള അഗാധമായ പ്രേമം വെളിപ്പെടുത്താൻ ശക്തിമത്തായ ഭാഷാ പ്രയോഗരീതിയനുസരിച്ച് പരമ യോഗ്യൻ എന്ന് പ്രഖ്യാപിച്ചിട്ടുണ്ടാവാം. ഈ അത്യുക്തി കലർന്ന വിശേഷണം സ്ഥലകാല ബദ്ധമായ ഒരു സാപേക്ഷിക പ്രയോഗമായിരിക്കാം.

പരമ യോഗ്യൻ എന്ന് വിശേഷിപ്പിക്കപ്പെട്ട ഈ ദിവ്യാത്മാക്കളുടെ അനുയായികൾ തങ്ങളുടെ മതപുരുഷന്മാരെ സർവകാലത്തേക്കും സമുന്നത സ്ഥാനീയൻ എന്ന വിശ്വസിക്കുന്നു. യഥാർഥത്തിൽ ഇത്തരം വിശ്വാസം ഇതര വിശ്വാസങ്ങളോടുള്ള കടന്നാക്രമണമായി കരുതേണ്ടതില്ല. ഇത്തരം വിശ്വാസങ്ങൾ മൂലം മതങ്ങൾ തമ്മിലുള്ള സഹവർത്തിത്വത്തിൽ സംഘർഷങ്ങൾ സൃഷ്ടിക്കാൻ പാടില്ലെന്ന് നമ്മുടെ ഉയർന്ന സാമൂഹിക ബോധം ആവശ്യപ്പെടുന്നു. വാസ്തവത്തിൽ നേരത്തെ പറഞ്ഞ തിരുമേനി(സ)യുടെ താക്കീതിന്റെ അന്തസ്സാരമിതായിരുയുന്നു. വിനയത്തിന്റെയും മാന്യതയുടെയും ആദർശ ബദ്ധമായ ഒരു സമീപനം മതങ്ങൾ കൈകൊള്ളുകയാണെങ്കിൽ മതസംവാദങ്ങൾ ഗുണപര്യാവസായിയായി കലാശിക്കുന്നതാണ്.

**മോക്ഷം ഒരു മതത്തിന്റേയും കുത്തകയാക്കാൻ സാദ്ധ്യമല്ല.**

മോക്ഷത്തെ സംബന്ധിച്ച എത്ര തന്നെ നിഷ്ക്കളങ്കമായ ചർച്ചകൾ പോലും മത ലോകത്ത് സമാധാന ഭംഗമുണ്ടാക്കാനുള്ള സ്ഫോടക ശേഷിയുണ്ട്.

പിശാചിൽ നിന്ന് മോചനവും ശാശ്വത മോക്ഷവും ലഭിക്കാൻ ആഗ്രഹിക്കുന്ന മനുഷ്യൻ തങ്ങളുടെ സുരക്ഷിതമായ മത വിഹായസ്സിലേക്ക് ഓടി വരിക, അവിടെയാണ് മോക്ഷവും ശാശ്വത മോചനവും കുടികൊള്ളുന്നത് എന്ന് പറയുന്ന മതം, അതേ ശ്വാസത്തിൽ തന്നെ സുരക്ഷക്കായി തങ്ങളുടെ മതത്തിലേക്ക് വരാത്തവർ എന്നന്നേക്കുമായി പാതാളത്തിൽ പതിക്കുന്നവരാണെന്ന് ശപിക്കുകയും ചെയ്യുന്നു. അവർ എത്രതന്നെ ദൈവത്തെ പ്രീതിപ്പെടുത്തിയാലും ദൈവത്തെയും അവന്റെ സൃഷ്ടികളെയും അളവറ്റ് സ്നേഹിച്ചാലും അങ്ങേയറ്റം സാത്വിക ജീവിതം നയിച്ചാലും ഇനിയൊരു മോചനം അർഹിക്കാത്തവിധം കത്തിജ്ജ്വലിക്കുന്ന നരകാഗ്നിയിൽ അവർ ശാശ്വതമായി തള്ളപ്പെടും

ഇത്തരം സങ്കുചിതവും പ്രതിലോമപരവും അസഹിഷ്ണുത യോടുകൂടിയതുമായ വീക്ഷണം പ്രകോപനപരമായ ഭാഷയിൽ മത ഭ്രാന്തന്മാർ പ്രകടിപ്പിക്കുമ്പോൾ അത് വമ്പിച്ച കലാപങ്ങൾക്ക് തീകൊളുത്തുന്നു.

ആളുകൾ പ്രതിജനഭിന്നമാണ്. അവരിൽ അഭ്യസ്ഥവിദ്യരും ധാർമിക ബോധമുള്ളവരും പക്വമതികളുമുണ്ടാവാം. ഇത്തരം പ്രസ്താവനകളോട് അവരവരുടെ സാംസ്ക്കാരിക നിലവാരമനുസരിച്ച് ആളുകൾ പ്രതികരിക്കുന്നു. പക്ഷേ മതാഭിമുഖ്യമുള്ളവർ അവർ അഭ്യസ്ഥവിദ്യരാവട്ടെ അല്ലാത്തവരാകട്ടെ അവരുടെ മത വികാരം വ്രണപ്പെടുമ്പോൾ സംഹാരാത്മകമായാണ് പ്രതികരിക്കാറ്.

നിർഭാഗ്യകരമെന്ന് പറയട്ടെ തങ്ങളുടെ മതവിശ്വാസവുമായി പൊരുത്തപ്പെടാത്തവരോട് ലോകത്തിലെ മിക്കവാറും എല്ലാ മതപുരോഹിതന്മാരും ഈ സമീപനം വെച്ചു പുലർത്തുന്നു. മദ്ധ്യകാല ഘട്ടത്തിൽ മിക്കവാറും എല്ലാ പണ്ഡിത ന്മാരും ഇസ്‌ലാം മതത്തെ പോലും പരിചയപ്പെടുത്തിയത് ഇസ്‌ലാമിന്റെ ആവിർഭാവത്തിന് ശേഷം മോക്ഷത്തിന്റെ ഒരേയൊരു കവാടം ഇസ്‌ലാമാണെന്നും അതിന് പുറത്ത് ജീവിച്ചു മരിക്കുന്ന ആദം സന്തതികൾക്ക് മോക്ഷം നിഷേധിക്കപ്പെട്ടിരിക്കുന്നുവെന്നുമാണ്. ക്രിസ്തുമതത്തിന്റെ വീക്ഷണം ഇതിൽ നിന്നും ഭിന്നമല്ല. എന്റെ അറിവിൽപ്പെട്ടിടത്തോളം മറ്റു മതങ്ങളുടെ അഭിപ്രായവും മോക്ഷ കാര്യത്തിൽ ഇത് തന്നെയാണ്.

എന്റെ സഹോദരന്മാരെ, ഇസ്‌ലാമിന്റെ പേരിൽ ഉന്നയിക്കപ്പെട്ട ഈ മുട്ടാള വാദത്തിനും സങ്കുചിത വീക്ഷണത്തിനും യാതൊരു നീതീകരണവുമില്ല. ഇത് സംബന്ധിച്ച് ഖുർആന് പറയാനുള്ളത് തികച്ചും വിഭിന്നമായ മറ്റൊരു സമീപനമാണ്.

ഖുർആന്റെ വീക്ഷണപ്രകാരം മോക്ഷം എന്നത് ലോകത്തിലെ ഒരു മതത്തിനും കുത്തകയാക്കാൻ സാധ്യമല്ല. പുതിയ സത്യങ്ങൾ വെളിപ്പെട്ടിട്ടും പുതിയ വെളിച്ചത്തിന്റെ ഉദയമുണ്ടായിട്ടും അവരുടേതല്ലാത്ത കാരണം കൊണ്ട് അത് ശ്രദ്ധയിൽപ്പെടാതെ അറിവില്ലാത്ത ജീവിതം നയിച്ചവർ, അവരാകട്ടെ തെറ്റായ ആശയങ്ങളുടെ പിന്മുറക്കാരായിരുന്നിട്ടും പൊതുവേ സത്യസന്ധമായ ജീവിതം നയിക്കാൻ ശ്രമിക്കുകയും ചെയ്യുന്ന വരാണ് താനും. അത്തരക്കാർക്ക് ദൈവം ഒരിക്കലും മോക്ഷം നിഷേധിക്കുകയില്ല.

താഴെക്കാണുന്ന ഖുർആൻ വാക്യങ്ങൾ ഈ ആശയം വിശദീ കരിക്കു ന്നു:

***'ഓരോ സമുദായത്തിനും ഒരോ ആരാധനാ സമ്പ്രദായങ്ങൾ നിശ്ചയിച്ചിട്ടുണ്ട്. അവരത് ആചരിക്കുന്നു അതിനാൽ ഇസ്‌ലാമിക രീതിയിലുള്ള ആരാധനാ സമ്പ്രദായ കാര്യത്തിലവർ നിന്നോട് തർക്കിക്കാതിരിക്കട്ടെ. നിന്റെ നാഥനിലേക്ക് നീ ക്ഷണിക്കുക. നിശ്ചയം നീ നേർമാർഗത്തിൽ തന്നെയാണ്.' (22:68)***

***'(മുഹമ്മദിൽ) വിശ്വസിച്ചവരും യഹൂദികളും സാബിഉകളും ക്രിസ്ത്യാനികളും ആര് അല്ലാഹുവിലും അന്ത്യ***

*നാളിലും വിശ്വസിക്കുകയും സൽപ്രവർത്തികൾ ചെയ്യുകയും ചെയ്യുന്നുവോ, തീർച്ചയായും അവർക്ക് യാതൊരു ഭയവും ഉണ്ടാകുന്നതല്ല. അവർ വ്യസനിക്കുന്നവരുമല്ല.' (5:70)*

വേദാനുസാരികൾ എന്നതിന് യഹൂദികളും ക്രിസ്ത്യാനികളും എന്ന അർഥത്തിലാണ് പ്രയോഗിക്കുന്നതെ ങ്കിലും അതിൽ ലീനമായതും കൂടുതൽ വിശാലമായതുമായ അർഥം കൂടിയുണ്ടെന്ന് ഞാൻ നിങ്ങളെ ഓർമിപ്പിക്കട്ടെ. *'ഒരു താക്കീതുകാരൻ വന്നുകഴിഞ്ഞിട്ടില്ലാത്ത ഒരു സമുദായവുമില്ല'* എന്ന ഖുർആന്റെ വചനമനുസരിച്ച് പഴയ നിയമവും പുതിയ നിയമവും (തൗറാത്ത്, ഇഞ്ചീൽ) മാത്രമല്ല വേദഗ്രന്ഥങ്ങൾ. മാനവരാശിയുടെ ഉൽഗതിക്കായി ദൈവത്തിൽ നിന്നും വെളിപ്പെട്ട മറ്റു വേദഗ്രന്ഥങ്ങളും ദൈവ പ്രോക്തം തന്നെയാണെന്ന കാര്യത്തിൽ നമുക്ക് യാതൊരു സംശയവുമില്ല. അപ്പോൾ ആ ദൈവത്തിന്റെ വെളിപാടുകളിൽ അധിഷ്ഠാനം അവകാശപ്പെടുന്ന എല്ലാ മതങ്ങളും ഗ്രന്ഥാനുസാരികൾ തന്നെയാണ്. സാബി എന്നത് അനറബികളും, സെമിറ്റിക്ക് അല്ലാത്തവരും സ്വന്തമായി വെളിപാടു ഗ്രന്ഥങ്ങൾ ഉള്ളവരുമായ എല്ലാ മതാനുയായികൾക്കും പൊതുവേ അറബിയിൽ ഉപ യോഗിക്കുന്ന പദമാണ്. അത്തരം ദൈവിക വെളിപാടുകളില ധിഷ്ഠിതമായ എല്ലാ മതത്തിലേയും അനുയായികൾക്കും, അവർ യഥാർഥത്തിൽ പുതിയ മതത്തിന്റെ വെളിച്ചത്തെ തിരിച്ചറിയുന്നതിൽ യഥാർഥത്തിൽ പരാജയപ്പെടാതിരിക്കുകയും സത്യസന്ധതയോടും വിശ്വസ്തതയോടും അവരുടെ പാരമ്പര്യ മതത്തിന്റെ മൂല്യങ്ങളോട് കൂറുപുലർത്തുന്നവരായി നില കൊള്ളുകയും ചെയ്യുന്നവർക്ക് ദൈവത്തിൽ നിന്ന് യാതൊന്നും ഭയപ്പെടാനില്ലെന്നും അവർക്ക് മോക്ഷം നിഷേധിക്കപ്പെടില്ലെന്നും ഉറപ്പ് നൽകപ്പെട്ടിരിക്കുന്നു. ജൂതരിലും ക്രിസ്ത്യാനികളിലും സാബികളിലും പെട്ട വിശ്വാസികൾക്ക് ഖുർആൻ ഇപ്രകാരം വാഗ്ദാനം ചെയ്തിരിക്കുന്നു:

*'അവർക്ക് തങ്ങളുടെ നാഥന്റെ അടുക്കൽ പ്രതിഫലമുണ്ട്. അവർക്ക് യാതൊരു ഭയവുമുണ്ടാകുകയില്ല ,അവർ*

*'തൗറാത്തും ഇഞ്ചീലും അവരുടെ നാഥനിൽനിന്നു (ഇപ്പോൾ) വെളിപ്പെട്ടതും അവർ മുറപ്രകാരം പ്രയോഗത്തിൽ വരുത്തിയിരുന്നുവെങ്കിൽ അവർ തങ്ങളുടെ മേൽ ഭാഗത്ത് നിന്നും (നല്ല വസ്തുക്കൾ ശേഖരിച്ച്) ഭക്ഷിക്കുമായിരുന്നു. മിതത്വം സ്വീകരിക്കുന്ന ഒരു കൂട്ടർ അവരിലുണ്ട്. എന്നാൽ അവരിൽ പെട്ട അധികപേരും പ്രവർത്തിക്കുന്നത് എത്രയും ചീത്തയായിട്ടുള്ളതത്രെ' (5:67)*

ഇസ്‌ലാം മതം വിശ്വസിക്കാത്തവരെ വിവേചന രഹിതമായി മുസ്‌ലിംകൾ കുറ്റപ്പെടുത്തുന്നത് നിരോധിച്ചുകൊണ്ട് ഖുർആൻ അസന്ദിഗ്ധമായി പ്രഖ്യാപിക്കുന്നത് കാണുക.

*'അവർ (എല്ലാവരും) ഒരു പോലെയല്ല. ഗ്രന്ഥാനുസാരികളുടെ കൂട്ടത്തിൽ അതീവ സാത്വികരും ഭക്തരും അവരുടെ കരാറുകളിൽ അടിയുറച്ച് നിൽക്കുന്നവരുമുണ്ട്. അവർ നിശാവേളയിൽ അല്ലാഹുവിന്റെ വചനങ്ങൾ ഓതുകയും അവന്റെ മുന്നിൽ പ്രണാമമർപ്പിക്കുകയും ചെയ്യുന്നു. അവർ അല്ലാഹു വിലും അന്ത്യദിനത്തിലും വിശ്വസിക്കുകയും നിഷിദ്ധ കാര്യങ്ങൾ വിലക്കുകയും ചെയ്യുന്നു. അവർ സദ്‌വൃത്തരിൽ പെട്ടവരാകുന്നു. അവർ ചെയ്യുന്ന നന്മകൾക്കനുസൃതമായ പ്രതിഫലം അവർക്ക് നിഷേധിക്കപ്പെടുന്നതല്ല. ആരാണ് തിന്മക്കെതിരിൽ സൂക്ഷ്മത പാലിക്കുന്നതെന്ന് അല്ലാഹു പറയുന്നു' (3:114,115)*

സമീപകാലത്തെ ജൂത-മുസ്‌ലിം രാഷ്ട്രീയ ശാത്രവത്തിൽ നിന്നും ഉൽഭൂതമായ ഭീമമായ ഒരു തെറ്റിദ്ധാരണയുണ്ട്. അതായത് ഇസ്‌ലാം മതവിശ്വാസ പ്രകാരം ജൂതരെല്ലാം നരകാവകാശികളാണെന്നാണ് ആ തെറ്റിദ്ധാരണ.

*'സത്യമനുസരിച്ച് വഴികാട്ടുകയും അത് മുഖേന നീതിപാലിക്കുകയും ചെയ്യുന്ന ഒരു സമുദായം മൂസയുടെ ജനത്തിലുണ്ട്.' (7:160) ഈ വചനമനുസരിച്ച് ഖുർആൻ എല്ലാ തെറ്റിദ്ധാരണയും നീക്കംചെയ്യുന്നു.*

### മതങ്ങൾ തമ്മിലുള്ള സൗഹാർദവും പരസ്പര ബഹുമാനവും

സത്യസ്ഥിതരും മറ്റു മതസ്ഥരോട് ഗുണദോഷോപദേശം ചെയ്യുന്നവരും നീതിയുടെ നിർവാഹകരും മുസ്‌ലിംകൾ മാത്രമല്ലെന്ന് ഖുർആൻ അസന്ദിഗ്ധമായി പ്രഖ്യാപിക്കുന്നു. മതങ്ങൾ തമ്മിലുള്ള സംഘർഷം ലഘൂകരിക്കാനും ബന്ധം മെച്ചപ്പെടുത്താനും ലോകത്തിലുള്ള എല്ലാ മതങ്ങളും ഇത്തരം സമീപനം സ്വീകരിക്കേണ്ടതുണ്ട്. അന്യ മതവിശ്വാസികളോട് മാനവീയവും സൗഹൃദപരവുമായ നിലപാട് അവലംബിക്കുകയും ഹൃദയ വിശാലത വളർത്തിയെടുക്കുകയും ചെയ്താൽ മാത്രമേ മതസൗഹാർദം യാഥാർഥ്യ മാവുകയുള്ളൂ.

എല്ലാ മതങ്ങളെയും അഭിസംബോധന ചെയ്തുകൊണ്ട് ഖുർആൻ പ്രഖ്യാപിക്കുന്നു:

*'സത്യമനുസരിച്ച് ജനങ്ങളെ നയിക്കുകയും അത് കൊണ്ട് തന്നെ നീതി പുലർത്തുകയും ചെയ്യുന്ന ഒരു വിഭാഗം ആളുകൾ നാം സൃഷ്ടിച്ചവരിലുണ്ട്.*

## സാൻമാർഗിക ഗുണങ്ങൾ


നീതി പുലർത്തുന്നതിനും മറ്റുള്ളവർക്ക് നൻമ ചെയ്യുന്നതിനും അടുത്ത ബന്ധുക്കൾക്കെന്നപോലെ (അന്യർക്കും) സഹായം നൽകുന്നതിനും അല്ലാഹു കൽപിക്കുന്നു. നീചപ്രവർത്തിയേയും നിഷിദ്ധകർമ്മത്തേയും നിയമലംഘനത്തേയും അവൻ അവൻ വിലക്കുകയും ചെയ്യുന്നു. നിങ്ങൾ ചിന്തിച്ചുമനസ്സിലാക്കുന്നതിനുവേണ്ടി അവൻ നിങ്ങളെ ഉപദേശിക്കുന്നു. (16 : 91)

## വിനയം

"വിശ്വാസികളോടു അവരുടെ ദൃഷ്ടികൾ കീഴ്പ്പോട്ടിടുകയും ചാരിത്രം സൂക്ഷിക്കുകയും ചെയ്യുവാൻ നിർദേശിക്കുക. അവർ ചെയ്യുന്നതെന്താണെന്നു അല്ലാഹു നല്ലവണ്ണം അറിയുന്നു. വിശ്വാസിനികളായ സ്ത്രീകളെ തങ്ങളുടെ ദൃഷ്ടികൾ കീഴ്പ്പോട്ടിടുകയും ചാരിത്രം സൂക്ഷിക്കുകയും ചെയ്യുവാൻ നിർദേശിക്കുക. അവർ തങ്ങളുടെ സൌന്ദര്യത്തെ, സ്വയം വെളിപ്പെടുന്നവയൊഴിച്ചു, പുറമെ പ്രദർശിപ്പിക്കരുത്." (വി. ഖു. 24:31 –32)

# ഉമ്മുൽമുഅ്മിനീൻ ഹദ്റത്ത് മയ്മൂന

## (റദിയല്ലാഹുഅൻഹ)



മുഹമ്മദ് ഇസ്മായീൽ ആലപ്പുഴ

പ്രവാചകത്വവാദത്തിനുശേഷം മക്കക്കാരിൽനിന്ന് നബി(സ)തിരുമേനിക്ക് അസഹ്യമായ എതിർപ്പുകളാണ് നേരിടേണ്ടിവന്നത്. എതിരാളികൾ നബി(സ)യേയും തിരുസ്വഹാബാക്കളേയും വല്ലാതെ ബുദ്ധിമുട്ടിച്ചുകൊണ്ടിരുന്നു. അതിൽ ഏറ്റവും വലിയ ബുദ്ധിമുട്ട്, അവർക്കു അല്ലാഹുവിന്റെ സന്ദേശം എത്തിക്കാൻ സാധിച്ചില്ല എന്നതാണ്. അതുകൊണ്ട് നബി(സ)തിരുമേനി മദീനയിലേക്ക് ഹിജ്റപോയി. ആ മഹാത്മാവിന് ഏറ്റവും പ്രിയങ്കരിയായിരുന്നു തന്റെ ജന്മനാടായ മക്ക. നബി(സ)യും സ്വഹാബാക്കളും തങ്ങളുടെ ജന്മനാടിന്റെ ഓർമകൾ അയവിറക്കിക്കൊണ്ട് ദിനങ്ങൾ തള്ളി നീക്കിക്കൊണ്ടിരുന്നു.

ഹിജ്റത്തിനു ആറു വർഷത്തിനു ശേഷം താൻ സ്വഹാബാക്കളുമൊത്ത് കഅ്ബ ദേവാലയത്തിനു പ്രദക്ഷിണം ചെയ്തുകൊണ്ടിരിക്കുന്നതായി നബി(സ)സ്വപ്നം കണ്ടു. അങ്ങനെയാണ് ആ വർഷം ഉംറ ചെയ്യുക എന്നുദ്ദേശ്യത്തോടുകൂടി നബി(സ) 1400 സ്വഹാബാക്കളോടൊപ്പം മദീനയിലേക്കു പുറപ്പെട്ടത്.

നബി(സ)തിരുമേനിയും സംഘവും മക്കയിൽനിന്ന് 9 മൈൽദൂരം ഇപ്പുറത്ത് ഹുദയ്ബിയ്യഃ എന്ന സ്ഥലത്തെത്തിയപ്പോൾ ഖുറയ്ശികൾ അവരെ തടഞ്ഞു. മക്കയിൽ കടക്കാൻ അനുവദിച്ചില്ല. അവിടെവച്ച് ഒരുസന്ധി ചെയ്യപ്പെട്ടു. 'ഈ വർഷം നബി(സ)തിരുമേനിയും സ്വഹാബാക്കളും മടങ്ങിപ്പോകണമെന്നും അടുത്ത വർഷം വന്ന് പ്രദക്ഷിണം ചെയ്യാവുന്നതാണ്' എന്നുമായിരുന്നു ആ സന്ധി. 'ഹുദയ്ബിയ്യസന്ധി' എന്ന പേരിൽ ഇതറിയപ്പെടുന്നു.

മക്കയിലേക്കു പോകാനുള്ള തയ്യാറെടുപ്പുകൾ നടത്താൻ നബി(സ) അടുത്തവർഷം വിളംബരം ചെയ്തു. കഴിഞ്ഞ വർഷം ഹുദയ്ബിയ്യഃവരെ പോയി മടങ്ങി വന്നവർ ഇതിലെന്തായാലും ഉണ്ടാകണമെന്നും നിർദേശിച്ചു.

അന്നു ബുദ്ധിമുട്ടു സഹിച്ചവർ ഇന്ന് സന്തോഷം കാണണമെന്ന് നബി(സ) ആഗ്രഹിച്ചിരുന്നു. ആ യാത്രയിൽ ഉമ്മുൽമുഅ്മിനീൻ ഹദ്റത്ത് ഉമ്മുസൽമ(റ) യും നബി(സ)യോടൊപ്പം പോയിരുന്നു. ഒരു തമ്പിൽ നബി(സ) മൂന്നു ദിവസം താമസിച്ചു. ഒരു ദിവസം നബി(സ)തിരുമേനിയുടെ പിതൃസഹോദരൻ ഹദ്റത്ത് അബ്ബാസ് (റ), നബി(സ)യെ കാണാൻ വന്നു. അദ്ദേഹം പറഞ്ഞു: 'എന്റെ ഭാര്യ ഉമ്മുൽ ഫള്ലിന്റെ സഹോദരി വിധവയാണ്. അങ്ങ് ഇഷ്ടപ്പെടുന്നെങ്കിൽ അവളെ വിവാഹം കഴിക്കാവുന്നതാണ്.' നബി(സ)തിരുമേനി ആ അഭ്യർഥന സ്വീകരിച്ചു. ഹദ്റത്ത് ജഅ്ഫർ(റ)നെ വിവാഹ സന്ദേശവുമായി

ഹദ്റത്ത് മയ്മൂനയുടെ അടുക്കൽ അയച്ചു. ഹദ്റത്ത് മയ്മൂന അഭിപ്രായം ആരായുന്നതിനുവേണ്ടി തന്റെ സഹോദരി ഭർത്താവ് ഹദ്റത്ത് അബ്ബാസ്(റ)ന്റെ അടുക്കൽ വന്നു. ഹദ്റത്ത് അബ്ബാസ്(റ) ഉടനെ അതു സമ്മതിച്ചു. ഹിജറ 7-ാം വർഷം ശവ്വാൽമാസം 7 ന് 'സരിഫ്' എന്ന സ്ഥലത്തുവച്ച് 400 ദർഹം ഹഖ് മഹ്റായിക്കൊണ്ട് ഹദ്റത്ത് അബ്ബാസ് (റ) ഹദ്റത്ത് മയ്മൂനയെ, നബി(സ) തിരുമേനിക്കു നിക്കാഹ് ചെയ്തു കൊടുത്തു.

നിക്കാഹ് നേരത്ത് ഹദ്റത്ത് മയ്മൂനയുടെ പ്രായം 26 വയസ്സായിരുന്നു. ഹദ്റത്ത് മയ്മൂന(റ)യുടെ സഹോദരി ലുബാബത്തുസ്സുഗ്റാ, ഹദ്റത്ത് ഖാലിദ് ബിൻ വലീദ് (റ)ന്റെ മാതാവാണ്.

വിവാഹം കഴിക്കണമെന്ന ഉദ്ദേശ്യമോ എന്തെങ്കിലും ആഗ്രഹമോ നബി(സ)യ്ക്കുണ്ടായിരുന്നില്ല. അതിനായിട്ടല്ല മക്കയിൽ പോയതും. അതെല്ലാം അല്ലാഹുവിന്റെ പ്രവൃത്തിയായിരുന്നു. അതെല്ലാം ചില പ്രത്യേക ഉദ്ദേശ്യത്തോടെ നബി(സ)യെക്കൊണ്ടു അവൻ ചെയ്യിക്കുകയായിരുന്നു. ചില വിവാഹങ്ങൾ ഗോത്രങ്ങൾ തമ്മിൽ സൗഹൃദമുണ്ടാക്കുന്നതിനായിരുന്നെങ്കിൽ ചിലത് പരസ്പര സ്പർധ തുടച്ചു നീക്കുന്നതിനും ചിലത് ഗോത്രങ്ങളെ തമ്മിൽ അടുപ്പിക്കുന്നതിനുവേണ്ടിയുമായിരുന്നു. അല്ലാഹുവിന്റെ യുക്തികളാണ് നബി(സ)യുടെ മനസ്സിൽ ഭരണം നടത്തിയിരുന്നത്.

നജ്ദുകാരുമായിട്ടാണ് ഹദ്റത്ത് മയ്മൂന(റ)യുടെ ബന്ധം. ആ പ്രദേശകാരാണെങ്കിൽ ഇസ്‌ലാമിന്റെ കഠിന വിരോധികളായിരുന്നു. വിശുദ്ധ ഖുർആൻ മനഃപാഠ മാക്കിയവരും (ഹാഫിദുമാർ) ഖാരിക ളുമായ 70 സ്വഹാബാക്കളെ വഞ്ചനയി ലൂടെ വധിച്ചവരാണവർ. ഹദ്റത്ത് മയ്മൂനാ(റ)യുടെ സഹോദരി നജ്ദ് ഭരണാധികാരിയുടെ ഭാര്യയായിരുന്നു. ഈ വിവാഹ ബന്ധത്തിലൂടെ നജ്ദുകാരുമായി ഐക്യത്തിന്റേയും സൗഹൃദത്തിന്റേയും കൈകൾ നീളുകയും സമാധാനത്തിന്റെ ഒരു കവാടം തുറക്കുകയും ചെയ്തു.

മക്കയിൽ താമസത്തിനിടെ മുസ്‌ലീംകൾ പ്രദക്ഷിണം ചെയ്യുന്ന തിലും ആരാധനാ കർമങ്ങളിലും മുഴുകി. എന്നാൽ, എതിരാളികൾ കഠിനമായ ദുഃഖത്തിന്റേയും വിദ്വേഷത്തിന്റേയും ലോകത്തായിരുന്നു. മൂന്നു ദിവസം പൂർത്തിയായതോടെ മക്കക്കാർ ഒരു സംഘത്തെ അയച്ചു. അവർ വന്ന് ഹദ്റത്ത് അലി(റ)യോടു പറഞ്ഞു: 'താങ്കൾ താങ്കളുടെ നേതാവിനോട് ഇവിടെനിന്ന് തിരിച്ചുപോകാൻ പറയുക. ഇവിടെ താമസിക്കാൻ നിങ്ങൾക്കു അനുവദിച്ച സമയം കഴിഞ്ഞിരിക്കുകയാണ്.'

നബി(സ) ഒരു വിധത്തിലും സന്ധി ലംഘിക്കുമെന്ന് പ്രതീക്ഷിക്കാവതല്ല. തനിക്കു അനുവദിച്ച സമയം കഴിഞ്ഞിരിക്കുകയാണെന്ന് നബി(സ)യ്ക്ക് അറിയാമായിരുന്നു. അതുകൊണ്ട് മടങ്ങിപ്പോകാനുള്ള ഒരുക്കവും തുടങ്ങിക്കഴിഞ്ഞിരുന്നു. പക്ഷേ, ഹദ്റത്ത് മയ്മൂനായുടെ വീടുകൂടൽ മക്കയിൽവച്ച് നടന്നാൽ കൊള്ളാമെന്ന് നബി(സ) ആഗ്രഹിച്ചിരുന്നു. അങ്ങനെ മക്കക്കാരുമായിട്ടും ഐക്യത്തിന്റേയും സൗഹൃദത്തി ന്റേയും നല്ലൊരുബന്ധം ഉണ്ടാകട്ടെ എന്ന് കരുതിയായിരുന്നു അത്. സമാധാനശ്രമംകൊണ്ടു പുതിയവഴികൾ തുറക്കപ്പെടാവുന്നതാണല്ലോ? അവിടെ ശത്രുത കുറയുകയും ചെയ്തു കൂടായ്കയില്ല. നബി(സ) ആ സംഘത്തോടു പറഞ്ഞു: 'നിങ്ങൾ സമ്മതിക്കുകയാണെങ്കിൽ ഇവിടെ വിവാഹത്തിനുള്ള ഏർപ്പാട് ചെയ്ത് സൽക്കാരത്തിൽ നിങ്ങളെയെല്ലാവരേയും പങ്കെടുപ്പിക്കുന്നതാണ്.' എന്നാൽ, ഈ അനുഗൃഹീതമായ സൽക്കാരത്തെ ആ ദൗർഭാഗ്യർ കഠിനഹൃദയത്തോടെ നിഷേധിച്ചു. അതിനുകാരണം നബി(സ) തിരുമേനിയുടേയും സ്വഹാബാക്കളുടേയും ഉന്നതമായ പെരുമാറ്റം ആളുകളുടെ ഹൃദയം വശീകരിച്ചു കളയുമോ എന്നതായിരുന്നു.

നബി(സ)തിരുമേനി താൻ ചെയ്ത സന്ധിയും മക്കക്കാരുടെ ആഗ്രഹവും ഓർത്തു. അതുകൊണ്ടു നിർബന്ധമൊന്നും പിടിച്ചില്ല. എന്നല്ല, പോകുകയാണെന്ന കാര്യം വിളംബരം ചെയ്യാൻ ഹദ്റത്ത് അബൂറാഫിഅ്(റ)നോടു പറയുകയും ചെയ്തു. ഇനി വൈകുന്നേരംവരെ ഇവിടെ ആരും നില്ക്കാൻ പാടില്ല. നബി(സ) മടങ്ങിപ്പോ കാൻ തയ്യാറെടുത്തു കഴിഞ്ഞിരുന്നു. ആ നേരത്ത് ഹദ്റത്ത് മയ്മൂന(റ)യെ കൂടെക്കൊണ്ടുപോകാൻ പറ്റുമായിരുന്നില്ല. അതുകൊണ്ട് തങ്ങൾ പുറപ്പെട്ടതിനുശേഷം ഹദ്റത്ത് മയ്മൂനയെ കൂട്ടിക്കൊണ്ടു വരുന്നതിനായി ഹദ്റത്ത് അബൂറാഫിഅ്നെ അവരുടെ അടുക്കൽ അയച്ചു. അങ്ങനെ നബി(സ) തിരുമേനിയും തിരുസ്വഹാബാക്കളും മക്കയിൽ നിന്ന് മടങ്ങി. മക്കയിൽനിന്ന് ഏകദേശം ഏഴു മൈൽ അകലെയുള്ള 'തൻയീം'ന് അടുത്ത് 'സരിഫ്' എന്ന സ്ഥലത്ത് താമസിച്ചു.

ഹദ്റത്ത് അബൂറാഫിഅ് (റ) ഹദ്റത്ത് മയ്മൂന(റ)യേയുംകൊണ്ട് മദീനയിലേക്ക് പോകാൻ ഒരുങ്ങിയപ്പോൾ കോപം കൊണ്ടു ജ്വലിച്ചിരുന്ന മക്കക്കാർ അദ്ദേഹത്തെ ചീത്ത വിളി ക്കാൻ തുടങ്ങി. അബൂറാഫിഅ് (റ) ഭയം ജനിപ്പിക്കും വിധം അവർക്കു മറുപടി നല്കി: 'ഇപ്പോൾ ഞങ്ങളുടെ യാത്രാവാഹനങ്ങളും ആയുധങ്ങളും ദൂരത്തല്ല ഉള്ളത്. അതുകൊണ്ട് നിങ്ങൾ ഉടമ്പടി ലംഘിക്കരുത്.' ഇതു കേട്ടപാടെ ജനക്കൂട്ടം അങ്ങോട്ടും ഇങ്ങോട്ടും നീങ്ങിപ്പോകാൻ തുടങ്ങി. ഹദ്റത്ത് അബൂറാഫിഅ്(റ) ഹദ്റത്ത് മയ്മൂന യേയും(റ)കൂട്ടി സരിഫിൽ എത്തി. ഇവിടെവച്ചാണ് നബി(സ)യുമായി അവരുടെ ആദ്യത്തെ കൂടിക്കാഴ്ച നടക്കുന്നത്. സരിഫിൽ ഒരു ദിവസം താമസിച്ചശേഷം നബി(സ) മദീനയി ലേക്കു പുറപ്പെട്ടു.

ഈ അനുഗൃഹീത വധുവിനെ മദീനവാസികൾ അതീവ സന്തോഷത്തോടെ വരവേറ്റു. ഹദ്റത്ത് മയ്മൂന(റ) മസ്ജിദുന്നബ്‌വിയുടെ ഒരു മുറിയിൽ താമസം തുടങ്ങി. അവിടെയാണ് ഇന്ന് നബി(സ)യുടെ അനുഗൃഹീത ഖബ്ർ(റൗദശരീഫ്) സ്ഥിതിചെയ്യുന്നത്. അത് ഹദ്റത്ത് ആയിശ(റ)യുടെ മുറിയായിരുന്നു. അതിന്റെ വാതിൽ വടക്കു ഭാഗത്തായിരുന്നു. അതിനോട് ചേർന്ന് മസ്ജിദിന്റെ തെക്കു വശത്ത് ഭിത്തിയോടു ചേർന്ന് ഹദ്റത്ത് സൗദ, ഹദ്റത്ത് സ്വഫിയ്യ എന്നിവരുടെ മുറികളായിരുന്നു. വടക്കു വശത്ത് ഹദ്റത്ത് ഉമ്മുസൽമ, ഹദ്റത്ത് ഉമ്മു ഹബീബ, ഹദ്റത്ത് സയ്നബ് ബിൻത് ഖുസയ്മഃ, ഹദ്റത്ത് ജുവയ്രിയ്യഃ, ഹദ്റത്ത് മയ്മൂനഃ, ഹദ്റത്ത് സയ്നബ് ബിൻത് ജഹ്ശ് എന്നിവരുടെ മുറികളായിരുന്നു. ഈ മുറികളിൽ നബി(സ)തിരുമേനിയും അങ്ങേയറ്റം ലളിതമായി ജീവിച്ചു.

ഒരു ദിവസം ഹദ്റത്ത് ഉമർ(റ), നബി(സ)തിരുമേനിയുടെ വീട്ടിൽപോയി. വീട്ടിൽ സാധനങ്ങളൊന്നും ഉണ്ടായിരുന്നില്ല. നബി(സ)പായയിൽ കിടക്കുകയായിരുന്നു. നബി(സ)യുടെ പുറത്ത് പായയുടെ അടയാളം കണ്ട് ഹദ്റത്ത് ഉമർ(റ)പൊട്ടിപ്പൊട്ടിക്കരയാൻ തുടങ്ങി. ഉമറേ! എന്തിനാണ് താങ്കൾ കരയുന്നത്? നബി(സ) ചോദിച്ചു. ഗദ്ഗദത്തോടെ ഉമർ(റ)പറഞ്ഞു: 'അല്ലാഹുവിന്റെ റസൂലേ! അങ്ങയുടെ ബുദ്ധിമുട്ട് കണ്ടപ്പോൾ കരച്ചിൽ അടക്കാൻ കഴിഞ്ഞില്ല. അവിശ്വാസികളായ ഖയ്സറും കിസ്റായും എത്ര

സുഖകരമായിട്ടാണ്ജീവിക്കുന്നത്; അങ്ങ് ഈ ബുദ്ധിമുട്ടിലും.' ഇതുകേട്ടപ്പോൾ നബി(സ)പറഞ്ഞു: 'ദുൻയാവിനെ ക്കൊണ്ട് എനിക്കെന്ത് നേട്ടമാണുള്ളത്? അതികഠിനമായ ചൂടത്ത് ഒട്ടകപ്പുറത്ത് യാത്രചെയ്യുന്നവനെപ്പോലെയാണു ഞാൻ. നട്ടുച്ച നേരത്ത് ചൂട് അസഹ്യ മായപ്പോൾ അയാൾ ഒരു മരത്തിനു കീഴിൽ വിശ്രമിച്ചു. കുറച്ചു കഴിഞ്ഞ പ്പോൾ ആ ചൂടത്ത് അയാൾ വീണ്ടും യാത്ര തുടർന്നു.

നബി(സ)തിരുമേനിയുടെ ഭാര്യമാരിൽ ഹദ്റത്ത് ആയിശ(റ)യെക്കൂടാതെയുള്ള എല്ലാവരും പ്രായമേറിയവരായിരുന്നു. ചിലർ 60 വയസ്സുവരെ എത്തിയിരുന്നു. ഇതിൽനിന്ന് മനസ്സിലാകുന്നത് നബി(സ) കൂടുതൽ വിവാഹം കഴിക്കാനുള്ള പ്രധാനകാരണം, സ്ത്രീകളിൽ മതപ രമായ അധ്യാപനങ്ങൾ പ്രചരിപ്പിക്കുക എന്നതായിരുന്നു. ഭാര്യമാർക്ക് മതവി ദ്യാഭ്യാസം നല്കുക, അവർ തങ്ങളുടെ മാതൃകാ ജീവിതവും മതപരമായ അറിവുംകൊണ്ട് മറ്റു സ്ത്രീകളെ മതബോധമുള്ളവരാക്കിത്തീർക്കുക. അവർക്കു നേർമാർഗം കാണിച്ചു കൊടുക്കുക.

നബി(സ)തിരുമേനിയുടെ ഭാര്യമാർക്ക് ആഭരണങ്ങൾ ഇല്ലാത്തതിനു സമമാ യിരുന്നു. സ്ത്രീസ്വഹാബാക്കളും നബി(സ)യുടെ അധ്യാപനമനുസരിച്ച് ആഭരണങ്ങൾ ഉണ്ടാക്കിയിരുന്നില്ല. വിശുദ്ധഖുർആനിന്റെ പാഠമനുസരിച്ച് നബി(സ)പറഞ്ഞു: 'ധനം കൂട്ടിവയ്ക്കുക എന്നതിന്റെ അർഥം ദരിദ്രരുടെ അവകാശങ്ങൾ ഇല്ലായ്മ ചെയ്യുക എന്നാണ്.'

താമസിക്കുന്ന വീടിന്റെ കാര്യത്തിലും നബി(സ)ലാളിത്യപ്രേമിയായിരുന്നു. നബി(സ)യുടെ വീടുകളിൽ ഓരോ വീട്ടിലും ഓരോ മുറിയാണുണ്ടായി രുന്നത്; ചെറിയ മുറ്റവും. ആ മുറിയ്ക്കു ള്ളിൽ ഒരു കയർ വലിച്ചുകെട്ടിയിട്ടു ണ്ടാകും. അത് കർട്ടൺ തൂക്കാനുള്ള താണ്. ആളുകളാരെങ്കിലും വരുമ്പോൾ ആ കർട്ടൺ വലിച്ചിടും. എന്നിട്ട് അവരുമായി സംസാരിക്കും. വീട്ടുകാർക്ക് ബുദ്ധിമുട്ടുണ്ടാകാതിരിക്കാനായിരുന്നു അങ്ങനെ ചെയ്തിരുന്നത്. കട്ടിൽ ഉപയോഗിച്ചിരുന്നില്ല. തറയിൽ ബിസ്തർ വിരിച്ചാണ് ഉറങ്ങിയിരുന്നത്. നബി(സ) യുടെ താമസം എത്രമാത്രം ലളിതമാ യിരുന്നുവെന്നാൽ, ആ ധന്യാത്മാവിന്റെ വേർപാടിനുശേഷം ഹദ്റത്ത് ആയിശ(റ) പറഞ്ഞു: 'നബി(സ)തിരുമേനിയുടെ കാലഘട്ടത്തിൽ പലപ്പോഴും ഈത്തപ്പഴം തിന്നും പച്ചവെള്ളം കുടിച്ചും ഞങ്ങ ൾക്കു കഴിയേണ്ടി വന്നിട്ടുണ്ട്. നബി(സ) വഫാത്തായ ദിവസവും ഈത്തപ്പഴവും വെള്ളവുമല്ലാതെ ഞങ്ങളുടെ വീട്ടിൽ ഒന്നുമുണ്ടായിരുന്നില്ല.'

നബി(സ)യുടെ ഭാര്യമാരിൽ രണ്ടു പേരൊഴികെ എല്ലാവരും പലഗോത്രങ്ങ ളുമായി ബന്ധപ്പെട്ടവരായിരുന്നു. ആ രണ്ടുപേർ ഹദ്റത്ത് സയ്നബ് ബിൻത് ഖുസയ്മയും ഹദ്റത്ത് മയ്മൂനയുമായി രുന്നു. ഈ ഗോത്രങ്ങൾ തമ്മിൽ സുഹൃത്ബന്ധമൊന്നും ഉണ്ടായിരുന്നില്ല. നബി(സ)യുടെ വിവാഹത്തിലൂടെ പുതിയൊരു സുഹൃത് ബന്ധം അവർക്കിടയിലുണ്ടായി. അല്ലാ ഹുവിന്റെ ഉറ്റമിത്രത്തിന്റെ സ്നേഹമാ യിരുന്നു അതിന്റെ അടിത്തറ. ഭാര്യ മാരിൽ ചിലരുടെ ബന്ധം അറേബ്യയിൽ വസിച്ചിരുന്ന മറ്റു മതക്കാരു മായിട്ടാ യിരുന്നു. ഹദ്റത്ത് സ്വഫിയ്യഃ ജൂത ന്മാരിൽനിന്നുള്ള ബനുഇസ്റായീൽ ക്കാരിയായിരുന്നു. അറേബ്യക്കാരി യായിരുന്നില്ല. ഹദ്റത്ത് മാരിയത്തുൽ ഖിബ്ത്വിയ്യഃ ക്രിസ്ത്യാനിയും മിസ്റി യുമായിരുന്നു. ഹദ്റത്ത് ആയിശ(റ) മാത്രമായിരുന്നു ജന്മനാ മുസ്ലിം. മറ്റുള്ളവരെല്ലാം ഇസ്ലാം സ്വീകരിച്ച വരാണ്. ഒരു കുടക്കീഴിൽ വിവിധ സ്വഭാവക്കാരികളായ സ്ത്രീകൾ നബി(സ) തിരുമേനിയുടെ ശിക്ഷണത്തിനു വിധേയ രായിക്കൊണ്ട് അല്ലാഹുവിന്റേയും അവന്റെ റസൂലിന്റേയും മിത്രങ്ങളാ യിത്തീർന്നു.

ഖുർആനും യുക്തിജ്ഞാനവും നബി(സ)എങ്ങനെ മറ്റുള്ളവരെ പഠിപ്പിക്കണമെന്ന് വിശുദ്ധഖുർആനിൽ പറഞ്ഞിട്ടുള്ളതുപോലെ നബി(സ)യുടെ ഭാര്യമാരുടേയും കുറച്ചു നിർബന്ധ കടമകൾ വിവരിച്ചിട്ടുണ്ട്. അവരെന്താണ് ചെയ്യേണ്ടത് അവരെന്താണ് ചെയ്യാൻ പാടില്ലാത്തത് എന്ന് പറഞ്ഞിട്ടുണ്ട്.

ആ നിലവാരത്തിലുള്ള സൽസ്വ ഭാവം, ഭരണഘടന ജീവിതപഥത്തിൽ കൊണ്ടുവരിക ഏറെ പ്രയാസമുള്ളതാണ്. അല്ലാഹു നബി(സ)യുടെ ഭാര്യമാരെ സമുദായത്തിനു മാതൃകയാക്കാൻ ആഗ്രഹിച്ചു. അതുകൊണ്ടുതന്നെ അവരിൽനിന്ന് ഉന്നതമായ ധാർമികഗുണ ങ്ങൾ ഉണ്ടാകേണ്ടതുമാണ്. ഓരോ സ്ത്രീയേയും തിരഞ്ഞെടുത്ത് തിര ഞ്ഞെടുത്ത് ആ പ്രവർത്തനരേഖ അനു സരിച്ച് പ്രവർത്തിക്കുന്നതിന് കഴിവുള്ള വരാക്കിത്തീർക്കാൻ നബി(സ)യുടെ വീട്ടിൽ അവരെ ഒരുമിച്ചുകൂട്ടി. ആ പ്രവർത്തനരൂപരേഖ അല്ലാഹുവി ന്റേതായിരുന്നു. വിശുദ്ധഖുർആനിൽ നബി(സ)യുടെ ഭാര്യമാരെ സംബോധന ചെയ്തുകൊണ്ടു അല്ലാഹു പറയുന്നു: 'പ്രവാചകന്റെ ഭാര്യമാരേ! നിങ്ങളിലാരെ ങ്കിലും ഉന്നതമായ വിശ്വാസത്തിനെ തിരിൽ സംസാരിച്ചാൽ, അവൾക്കു ശിക്ഷ ഇരട്ടിയായി വർധിപ്പിക്കുന്നതാണ്. ഇക്കാര്യം അല്ലാഹുവിന് എളുപ്പമുള്ള തുമാണ്. നിങ്ങളിലാരെങ്കിലും അല്ലാഹു വിനേയും അവന്റെ റസൂലിനേയും അനുസരിക്കുകയും അതനുസരിച്ച് (അനുസരണത്തിന്റെ പ്രതാപത്തി നനുസരിച്ച്) പ്രവർത്തിക്കുകയും ചെയ്താൽ അവൾക്കുള്ള പ്രതിഫലവും നാം ഇരട്ടിയായി നല്കുന്നതാണ്. അത്തരം എല്ലാ ഭാര്യമാർക്കും നാം ഇരട്ടിയായ പ്രതിഫലം ഒരുക്കി വച്ചിട്ടുണ്ട്.

ഹദ്റത്ത് മയ്മൂനാ(റ)യുടെ ഉന്നതമായ സ്വഭാവങ്ങൾക്ക്, ഹദ്റത്ത് ആയിശ(റ) നല്കിയ അംഗീകാരം ഈ വാക്യത്തിലൂടെശ്രദ്ധിക്കുക:

**ഇന്നഹാ കാനത് ഇത്ഖാന ല്ലാഹി വ അവ്സ്വലുനാ ലിർറഹിമി.** 'അല്ലാഹു വാണ! മയ്മൂന(റ) ഈ ലോകത്തു നിന്നുപോയി. അവർ ഞങ്ങളെക്കാ ളെല്ലാം അല്ലാഹുവിനെ ഭയപ്പെടുന്നവരും കുടുംബബന്ധങ്ങൾ പുലർത്തുന്നവരു മായിരുന്നു.'

അല്ലാഹുത്തആല എത്രമാത്രം സ്നേഹമുള്ളവരെയാണ് തന്റെ ഉറ്റ മിത്രത്തിന്റെ അടുത്ത് ഒരുമിച്ചു കൂട്ടിയത്. അവർക്ക് നബി(സ)യുടെ ഖുർആനില ധിഷ്ഠിതമായ ജീവിതം അടുത്ത് നിന്ന് നിരീക്ഷിച്ച് സ്വന്തം ജീവിതത്തിൽ പകർത്തി മറ്റു സ്ത്രീകൾക്കു ഭംഗിയായ നിലയിൽ പകർന്നുകൊടുക്കാനുള്ള കഴിവും അല്ലാഹു നല്കിയിരുന്നു. ഹദ്റത്ത് മയ്മൂന(റ), ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ അബ്ബാസ്(റ)നോടു പറഞ്ഞു: 'നബി(സ) അങ്ങേയറ്റം സ്നേഹ ത്തോടും വാത്സല്യത്തോടുംകൂടിയാണ് വീട്ടിൽ താമസിക്കുന്നത്. ചെറിയ ചെറിയ തെറ്റുകൾ പൊറുത്തുതരുന്നു. വളരെ തന്മയത്വത്തോടെ തെറ്റുകൾ തിരു ത്തുന്നു.' ഈ ഭാര്യമാർ ഓരോരുത്തരും ഓരോ ഗ്രന്ഥങ്ങളായിരുന്നു; വിവിധ രീതിയിൽ നബി(സ)യുടെ ജീതചരിത്രം രചിക്കുകയും സൂക്ഷിച്ചുവയ്ക്കുകയും ചെയ്യുന്ന ഗ്രന്ഥങ്ങൾ. ഓരോരുത്തരും തങ്ങളുടെ സ്വഭാവത്തിനു അനുസരിച്ച് സ്വാധീനം ഉൾക്കൊള്ളുകയും ആകർഷി ച്ചെടുക്കുകയും പിന്നീടത് വിശദീകരി ക്കുകയും ചെയ്തു. ഈ മാർഗം ഇല്ലായിരുന്നെങ്കിൽ നമ്മൾ നമ്മുടെ പ്രിയ റസൂലിന്റെ ഒരുപാടു കാര്യങ്ങൾ

അറിയാതെ പോകുമായിരുന്നു.

ഹദ്റത്ത് മയ്മൂന(റ)യ്ക്ക് നല്ല ഓർമശക്തിയായിരുന്നു. കാര്യങ്ങൾ വളരെ പെട്ടെന്ന് അവർ മനസ്സിലാക്കിയിരുന്നു. 76 ഹദീഥുകൾ അവരിൽനിന്ന് രേഖപ്പെടു ത്തപ്പെട്ടിട്ടുണ്ട്. അധികമായി ആരാധ നാകർമങ്ങളിൽ മുഴുകുമായിരുന്നു. മസ്ജിദുന്നബ്വിയിൽ നമസ്കരിച്ചാൽ വളരെയധികം പ്രതിഫലമുണ്ടെന്ന് അവർ നബി(സ)യിൽനിന്ന് കേട്ടിരുന്നു. മസ്ജിദുന്നബ്വിയിൽത്തന്നെ എപ്പോഴും നമസ്കരിക്കാനും അവർ ശ്രമിച്ചിരുന്നു. ഇക്കാര്യം മറ്റു സ്ത്രീകളേയും അറിയിച്ചിരുന്നു.

മദീനയിൽ ഒരു സ്ത്രീയ്ക്ക് കഠിനമായൊരു രോഗം പിടിപെട്ടു. അല്ലാഹു രോഗശമനം നല്കിയാൽ താൻ ബയ്ത്തുൽമഖ്ദസിൽ പോയി നമസ്കരിക്കുന്നതാണെന്ന് അവർ ശപഥം ചെയ്തു. അല്ലാഹു അവർക്കു ശിഫാ നല്കുകയും ചെയ്തു. അങ്ങനെ ബയ്ത്തുൽമഖ്ദസിൽപ്പോയി തന്റെ ശപഥം നിറവേറ്റാൻ അവർ തീരുമാനിച്ചു. ആ സ്ത്രീ യാത്രചോദിക്കാൻ ഹദ്റത്ത് മയ്മൂന(റ)യുടെ അടുക്കൽ വന്നു. നടന്ന കാര്യങ്ങളെല്ലാം വിശദീകരിച്ചു പറഞ്ഞു. മസ്ജിദുന്നബ്വിയിൽ നമസ്കരിക്കുന്നത് മറ്റുള്ള എല്ലാ മസ്ജിദുകളിലും നമസ്കരിക്കുന്നതിനെക്കാൾ ആയിരക്കണക്കിനിരട്ടി പ്രതിഫലം നല്കുമെന്ന് അവർക്കു മനസ്സിലാക്കിക്കൊടുത്തു. നീ ഇവിടെ നമസ്കരിച്ചാൽ മതിയെന്ന് പറയുകയും ചെയ്തു.

ഹദ്റത്ത് മയ്മൂന(റ)യ്ക്കുണ്ടായ അല്ലാഹുവിന്റെ പ്രത്യേകമായ അനുഗ്രഹങ്ങളിൽ ഒരു അനുഗ്രഹം ഇങ്ങനെ രേഖപ്പെടു ത്തിയിരിക്കുന്നു. നബി(സ)യ്ക്കുണ്ടായ ഒരു ജാഗ്രദർശനത്തിൽ ഹദ്റത്ത് മയ്മൂന(റ)യ്ക്കും ഭാഗഭാക്കാകാൻ കഴിഞ്ഞു എന്നതാണത്. ഹദ്റത്ത് മയ്മൂന(റ)പറയുന്നു: 'ഒരു രാത്രി നബി(സ) മദീനയിൽ എന്റെ വീട്ടിൽ ഉറങ്ങുകയായിരുന്നു. നബി(സ)തഹജ്ജുദ് നമസ്കരിക്കുന്നതിന് എഴുന്നേറ്റ് വുദു ചെയ്യാൻ തുടങ്ങി. അപ്പോൾ നബി(സ)തിരുമേനി പറയുന്നതായി ഞാൻ കേട്ടു, **'ലബ്ബയ്ക്ക, ലബ്ബയ്ക്ക, ലബ്ബയ്ക്ക.'** അതിനുശേഷം പറഞ്ഞു, **'നുസിർത്ത, നുസിർത്ത, നുസിർത്ത.'** ഇതിനുശേഷം അവർ പറയുന്നു, നബി(സ)എന്റെ അടുത്തു വന്നപ്പോൾ ഞാൻ ചോദിച്ചു, അല്ലാഹുവിന്റെ റസൂലേ! ആരെങ്കിലും അങ്ങയുടെ അടുക്കൽ വന്നിരുന്നുവോ? ആരുമായിട്ടാണ് അങ്ങ് സംസാരിച്ചത്? നബി(സ) പറഞ്ഞു, അതേ വന്നിരുന്നു. ജാഗ്രദർശനത്തിൽ എന്റെ മുമ്പിൽ ഖുസാഅ് ഗോത്രത്തിലെ ഒരു സംഘമാളുകൾ കൊണ്ടുവരപ്പെട്ടു. അവർ അലറിവിളിച്ചുകൊണ്ടു വരുന്നതായിട്ടാണ് ഞാൻ കണ്ടത്-അതായത് 'ഞങ്ങൾ മുഹമ്മദിനോട് അദ്ദേഹത്തിന്റെ ദൈവത്തെ പിടിച്ച് സത്യംചെയ്തുകൊണ്ടു പറയുന്നു, അങ്ങയോടും അങ്ങയുടെ പൂർവപിതാക്കളോടും ഞങ്ങൾ ഉടമ്പടി ചെയ്തിരുന്നു. ഞങ്ങൾ അങ്ങയെ സഹായിച്ചുവരികയും ചെയ്യുന്നുണ്ട്. എന്നാൽ ഖുറയ്ശികൾ ഞങ്ങളോടു കരാർ ലംഘനം നടത്തിയിരിക്കുകയാണ്. രാത്രിനേരത്ത് അവർ ഞങ്ങളുടെമേൽ ആക്രമണം നടത്തി. അപ്പോൾ ഞങ്ങളിൽ ചിലർ സുജൂദിലായിരുന്നു. ചിലർ റുക്കൂഇൽ ആയിരുന്നു. ഞങ്ങളെ അവർ കൊന്നു. ഇപ്പോൾ താങ്കളുടെ സഹായം തേടി ഞങ്ങൾ വന്നിരിക്കുകയാണ്.' ആ സംഘത്തെ ദർശനത്തിൽ കണ്ടപ്പോൾ **'ലബ്ബയ്ക്ക, ലബ്ബയ്ക്ക, ലബ്ബയ്ക്ക'**എന്നു ഞാൻ പറഞ്ഞു. ഞാൻ നിങ്ങളെ സഹായിക്കാൻ സന്നദ്ധനാണെന്ന്.

പിന്നീടു ഞാൻ പറഞ്ഞു, **'നുസ്വിർത്ത, നുസ്വിർത്ത, നുസ്വിർത്ത'** നിങ്ങളെ ഞാൻ സഹായിക്കുമെന്ന്. ഹദ്റത്ത് മയ്മൂന(റ)ദർശനത്തിൽ ആ സംഘത്തെ കണ്ടിരുന്നില്ല. പക്ഷേ, നബി(സ) തിരുമേനിയുടെ ശബ്ദം കേട്ടു. കുറച്ചു ദിവസത്തിനുശേഷം അങ്ങനെതന്നെ സംഭവിക്കുകയും ചെയ്തു. അല്ലാഹു തആല ഈ സംഭവത്തിന് ഹദ്റത്ത് മയ്മൂന(റ)യെ സാക്ഷിയാക്കി.

ഹദ്റത്ത് മയ്മൂന(റ)ദരിദ്രരെ സഹായിക്കാൻവേണ്ടി ചിലപ്പോൾ കടം വാങ്ങാറുണ്ടായിരുന്നു. വീട്ടിലുള്ള ആരോ ഇത് ശരിയല്ലെന്ന് പറഞ്ഞത് ഹദ്റത്ത് മയ്മൂന(റ)യ്ക്ക് ഇഷ്ടപ്പെട്ടില്ല. അത്യാവശ്യ ഘട്ടത്തിൽ കടം വാങ്ങാവുന്നതാണ് എന്നുള്ള തന്റെ പ്രിയപ്പെട്ട ഭർത്താവിന്റെ നിർദേശം അവർ കേൾപ്പിച്ചു: 'മുസ്ലീം കളിലാരെങ്കിലും കടം വാങ്ങുകയും അല്ലാഹു അത് വീട്ടിക്കൊള്ളുമെന്ന് വിശ്വസിക്കുകയും ചെയ്താൽ അല്ലാഹു അവന്റെ അദൃശ്യമായ ഖജനാവുകളിൽനിന്ന് അതു വീട്ടാനുള്ള ഏർപാടു ചെയ്യുന്നതാണ്.'

അടിമകളെ മോചിപ്പിക്കുന്നത് വളരെ ഇഷ്ടമായിരുന്നു. ഒരു അടിമസ്ത്രീയെ മോചിപ്പിച്ചപ്പോൾ നബി(സ) പറഞ്ഞു: 'അല്ലാഹു അതിനു നിനക്കു പ്രതിഫലം നല്കുമാറാകട്ടെ.'

മറ്റൊരു സംഭവമുണ്ട്. നബി(സ) തിരുമേനിയോടു പറയാതെ ഒരിക്കൽ മറ്റൊരു അടിമസ്ത്രീയെ മോചിപ്പിച്ചു. നബി(സ) വീട്ടിലേക്കു കയറി വന്നപ്പോൾ, 'ഞാനെന്റെ അടിമസ്ത്രീയെ മോചിപ്പിച്ചത് അങ്ങയ്ക്ക് അറിയുമോ' എന്ന് ചോദിച്ചു. നബി(സ)ചോദിച്ചു, 'അങ്ങനെ തന്നെയോ?' അവർ പറഞ്ഞു, 'അല്ലാഹുവിന്റെ റസൂലേ, അങ്ങനെത്തന്നെ.' നബി(സ) പറഞ്ഞു: 'നീ ആ അടിമസ്ത്രീയെ നിന്റെ മാമായ്ക്കു കൊടുത്തിരുന്നെങ്കിൽ നിനക്ക് കൂടുതൽ പ്രതിഫലം കിട്ടുമായിരുന്നു.'

ഈ ഹദീഥിൽനിന്ന് പരിശുദ്ധ പത്നിമാർക്ക് സ്വന്തം ഇഷ്ടപ്രകാരം തീരുമാനമെടുക്കാനുള്ള അധികാരവും ഉണ്ടായിരുന്നുവെന്ന് മനസ്സിലാകുന്നു. പക്ഷേ, ഉടനെതന്നെ നബി(സ) തിരുമേനിയോടു പറഞ്ഞുകൊണ്ട് അനുസരണത്തിന്റെ ഉദാത്ത മാതൃക കാണിക്കുകയും ചെയ്തു. ഹദ്റത്ത് മയ്മൂന(റ) അതു ചെയ്തത് അല്ലാഹുവിന്റെ പ്രതിഫലത്തിനു വേണ്ടിയായിരുന്നു എന്ന് മനസ്സിലാക്കിക്കൊണ്ട് കൂടുതൽ പ്രതിഫലം കിട്ടാവുന്ന മാർഗവും പറഞ്ഞുകൊടുത്തു. അതായത് അടുത്ത ബന്ധുക്കളിലാരെങ്കിലും അർഹരായിട്ടുണ്ടെങ്കിൽ സമ്മാനത്തിന്റെ അല്ലെങ്കിൽ സ്വദഖയുടെ വസ്തുക്കൾ അവർക്കു നല്കിയാൽ കൂടുതൽ പ്രതിഫലം കിട്ടുന്നതാണ്.

നബി(സ)തിരുമേനിയോടുള്ള സ്നേഹവും ആ മഹാത്മാവിന്റെ സ്വഭാവം മനസ്സിലാക്കുന്നതിലുള്ള സാമർഥ്യവും മനസ്സിലാക്കിത്തരുന്ന ഒരു സംഭവമുണ്ട്.

ഒരിക്കൽ ഹദ്റത്ത് മയ്മൂന(റ)യുടെ ഗോത്രമായ ബനൂഹിലാലിന്റെ ഒരു സംഘം നബി(സ)യുമായി കൂടിക്കാഴ്ച നടത്താനും ഇസ്ലാം സ്വീകരിക്കാനുമായി വന്നു. ആ സംഘത്തിൽ സയ്യാദ് ബിൻ അബ്ദുല്ലാഹ് ബിൻ മാലിക് ആമിരിയുമുണ്ടായിരുന്നു. ഹദ്റത്ത് മയ്മൂന(റ)യുടെ സഹോദരി പുത്രനാണ് അദ്ദേഹം. അയാൾ വന്നപ്പോൾ നബി(സ)വീട്ടിലുണ്ടായിരുന്നില്ല. നബി(സ)വീട്ടിൽ വന്നപ്പോൾ അപരിചിതനായ ഒരാൾ വീട്ടിലിരിക്കുന്നത് കണ്ട് ആ തിരുമുഖത്ത് അനിഷ്ടകരമായ നേരിയൊരു ഭാവം നിഴലിക്കുന്നത് അവർ കണ്ടു. ഹദ്റത്ത് മയ്മൂനായ്ക്ക് കാര്യം മനസ്സിലായി. ഉടനെ പറഞ്ഞു, അല്ലാഹുവിന്റെ റസൂലേ! ഇതെന്റെ സഹോദരിയുടെ മകനാണ്. ബനൂഹിലാലിന്റെ സംഘത്തിൽ വന്നതാണ്. എന്നെക്കാണാനാണ് ഇവിടെ വന്നത്. അപ്പോൾ നബി(സ)സന്തോഷിക്കുകയും അനുഗ്രഹവും കാരുണ്യവും ഉണ്ടാകാൻ

# അർഥവത്തായ രണ്ട് ഖുർ ആനിക പ്രവചനങ്ങൾ

ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ്(റഹ്)

**ആധുനിക ലോകം ആവിർഭവിക്കുമ്പോൾ സ്പെയിനിൽ ജ്വലിച്ചുനിന്ന ഇസ്ലാമിക പ്രതാപം അസ്തമിക്കുമെന്നും ഇസ്ലാമിന് ജീർണതയേൽക്കുമെന്നും ഖുർആൻ ഒരു പ്രവചനത്തിലൂടെ സൂചിപ്പിക്കുന്നു.**

സൂറ: അൽ തക്‌വീറിലെ തുടക്കത്തിലെ രണ്ട് വചനങ്ങൾ പുതുയുഗം ആവിർഭവിക്കുന്നതിന് മുമ്പേ ഇസ്ലാം ശൈഥില്യം പ്രാപിച്ചിരിക്കുമെന്ന് പ്രവചിച്ചിരിക്കുന്നു.

***സൂര്യൻ ചുരുട്ടി മടക്കപ്പെടുമ്പോൾ, നക്ഷത്രങ്ങൾ നിഷ്പ്രഭമാകുമ്പോൾ (വി.ഖുർആൻ81 :2-3)***

ഖുർ ആൻ വചനങ്ങളിൽ സൂര്യനും നക്ഷത്രങ്ങളും പ്രതീകാത്മകമായി ഇസ്ലാമിനേയും മുസ്ലിം ദിവ്യ പുരുഷൻമാരേയുമാണ് പ്രതീകവത്ക്കരിച്ചിരിക്കുന്നത്. വിശുദ്ധ ഖുർആൻ റസൂൽ തിരുമേനി(സ)യെ *'സിറാജൻ മുനീറ:'* എന്നാണ് വിശേഷിപ്പിച്ചിരിക്കുന്നത്. അതിന്റെ അർഥം 'ജ്വലിക്കുന്ന സൂര്യൻ' എന്നാണ്. സാത്വികരായ ജനങ്ങൾ റസൂൽ തിരുമേനി(സ)യിൽ നിന്ന് പ്രകാശം ഏറ്റു വാങ്ങുന്ന നക്ഷത്രങ്ങളായും ചിത്രീകരിച്ചിരിക്കുന്നു. സൂര്യന്റെ അഭാവത്തിൽ യാത്രക്കാർക്ക് പ്രകാശം നൽകിക്കൊണ്ട് നക്ഷത്രങ്ങൾ വഴികാണിക്കുന്നു.

***എന്റെ അനുചരൻമാർ വഴികാട്ടുന്ന നക്ഷത്രങ്ങളെ പോലെയാണ്, നിങ്ങളിൽ ആരാണോ അവരെ പിന്തുടരുന്നത് അവർ ശരിയായ പാതയിൽ നയിക്കപ്പെടുന്നതാണ്. (മിശ്ക്കാത്ത്)*** 'സൂര്യൻ പ്രകാശം പൊഴിക്കുന്നത് നിറുത്തുമ്പോൾ' എന്ന വിവരണം വ്യക്തമായും പറയുന്നത്, ഇസ്ലാം മതത്തിന്റെ ജീർണതയെക്കുറിച്ചാണ്. കാരണം റസൂൽ തിരുമേനി(സ)യാണ് ഇസ്ലാം മതത്തിന്റെ ജീവിക്കുന്ന പ്രതീകം. നക്ഷത്രങ്ങളുടെ മങ്ങലിനെ പറ്റിയും അതേ യുക്തിശാസ്ത്രമുപയോഗിച്ചും വിവരിക്കാവുന്നതാണ്. അതായത് ഇസ്ലാ മിന്റെ പ്രകാശം പ്രതിഫലിപ്പിക്കാത്ത മുസ്ലിം ദിവ്യൻമാരുടെ കാലഘട്ടത്തെക്കുറിച്ചാണ് ഇവിടെ പ്രതിപാദിക്കുന്നത്. ഈയൊരു നിഗമനത്തെ തുടർന്നു വരുന്ന വചനങ്ങളിലെ ഉള്ളടക്കം പൂർണമായും പിന്തുണക്കുന്നു. ഈ വചനങ്ങൾ ശാസ്ത്രീയവും, രാഷ്ട്രീയവും സാമൂഹികവുമായ മഹത്തായ മുന്നേറ്റങ്ങളുണ്ടാവുന്ന ഒരു കാലഘട്ടത്തെക്കുറിച്ചാണ് നിരന്തരം സംസാരിക്കുന്നത്. വ്യക്തമായും ഇത് ഈ കാലഘട്ടത്തെ മഹത്വപ്പെടുത്തുന്നു. മുകളിൽ ഉദ്ധരിച്ച ഈ സൂറത്തിലെ ആദ്യത്തെ വചനങ്ങളിൽ ഈ വിപ്ലവകരമായ മാറ്റത്തെ പറ്റിയാണ് പ്രതിപാദിച്ച

---

പ്രാർഥിക്കുകയും ചെയതു.

ഒരിക്കൽ ഹദ്റത്ത് മയ്മൂനാ(റ)യുടെ ഒരു ബന്ധു അവരെ കാണാൻ വന്നു. അയാൾ സംസാരിക്കാൻ തുടങ്ങിയപ്പോൾ വായിൽനിന്ന് മദ്യത്തിന്റെ നാറ്റംവന്നു. നബി(സ)അയാളോട് ഇനി ഇവിടെ വന്നുപോകരുതെന്ന് പറഞ്ഞ് ദ്വേഷപ്പെട്ടു.

ഹദ്റത്ത് മയ്മൂന(റ)യ്ക്ക് അങ്ങേയറ്റം സ്നേഹിക്കുന്ന തന്റെ ഭർത്താവുമൊത്ത് വെറും മൂന്നു വർഷം കഴിയാനേ സാധിച്ചുള്ളു. ഈ മൂന്നു വർഷത്തിനുള്ളിൽ അവർ സമ്പാദിച്ചത് വിലപിടിച്ച സ്വത്തായിരുന്നു.

ഹിജറ വർഷം 51-ൽ ഹദ്റത്ത് മയ്മൂന(റ)ഹജ്ജിനു പോയി. അവിടെവച്ച് സുഖമില്ലാതെയായി. തന്റെ സമയം അടുത്തിരിക്കുന്നവെന്ന് അവർക്കു മനസ്സിലായി. തന്നെ മക്കയിൽനിന്ന് 'സരിഫിൽ' കൊണ്ടുപോകാൻ അവർ ബന്ധുക്കളോടു പറഞ്ഞു. ഇവിടെ വെച്ചാണ് അവരുടെ വിവാഹം നടന്നത്. അവിടെവച്ച് അവർ മരിക്കുകയും ചെയ്തു. തമ്പിൽവച്ച് നബി(സ) തിരുമേനിയെ ആദ്യമായി കണ്ടുമുട്ടിയ അതേ സ്ഥലത്ത് മറയടക്കപ്പെട്ടു. ഹദ്റത്ത് മയ്മൂനാ(റ)യുടെ സഹോദരി പുത്രനായ അബ്ദുല്ലാഹ് ബിൻ അബ്ബാസ്(റ)ജനാസ നമസ്കരിപ്പിച്ചു. ഖബ്റിൽ മയ്യിത്തിറക്കാനുള്ള ഭാഗ്യവും അദ്ദേഹത്തിനു ലഭിച്ചു. ജനാസ തോളിലേറ്റിയപ്പോൾ ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ അബ്ബാസ്(റ) പറഞ്ഞു, **'ഇത് അല്ലാഹുവിന്റെ റസൂലിന്റെ ഭാര്യയാണ്. ജനാസയ്ക്ക് ഇളക്കം തട്ടാതെ സാവകാശം ആദരവോടെ കൊണ്ടുപോകുക.'**

നബി(സ)തിരുമേനിയുടെ ഭാര്യമാരുടെ മനസ്സുകളിലുണ്ടായിരുന്ന നബിയോടുള്ള സ്നേഹം, ആ മഹാത്മാ വിൽനിന്ന് അവർ ആർജിച്ചെടുത്ത നല്ലസ്വാധീനം അതെപ്പോഴും അവരുടെ ഹൃദയാന്തരംഗങ്ങളിൽ തുടിച്ചുകൊണ്ടിരുന്നു. ഹദ്റത്ത് മയ്മൂന(റ) തന്റെ അവസാന നിമിഷമെത്തിയപ്പോൾ താൻ നബി(സ)യെ ആദ്യം കണ്ടുമുട്ടിയ സ്ഥലത്തു, തന്നെ ഖബ്റടക്കണമെന്ന് ആഗ്രഹം പ്രകടിപ്പിച്ചു.

ഹദ്റത്ത് മയ്മൂന(റ)യെയാണ് നബി(സ)അവസാനമായി വിവാഹം ചെയ്തത്. അതിനു ശേഷം കൂടുതൽ വിവാഹം കഴിക്കുന്നത് അല്ലാഹുവിലക്കി (സൂറഃ അഹ്സാബ് 53) നബി (സ) യുടെ ഭാര്യമാരെ വിവാഹം കഴിക്കാൻ അനുവാദമില്ലെന്ന് മുസ്ലീംകളോടു പറയുകയും ചെയ്തു. കാരണം അവരുടെ പദവിയും സ്ഥാനവും ഉമ്മയുടേതാണ്. (സൂറഃ അഹ്സാബ് -7)

(ലജ്ന ഇമായില്ലാഹ് പാക്കിസ്താൻ പ്രസിദ്ധീകരിച്ച അമത്തുർറശീദ് അർസലയുടെ ഉമ്മുൽമുഅ്മിനീൻ ഹദ്റത്ത് മയ്മൂന(റ) എന്ന ലഘുകൃതിയോടു കടപ്പാട്)

തെന്ന് പറയുകയാണെങ്കിൽ ഈ വചന ങ്ങൾ തമ്മിലുള്ള പൊരുത്തക്കേടിന്റെ അപസ്വരം വളരെ അധികമായിരിക്കും. അത് തമ്മിൽ പൊരുത്തപ്പെടുകയാണെ ങ്കിൽ എന്തൊരു അമ്പരപ്പിക്കുന്ന പൊരു ത്തപ്പെടലായിരിക്കുമത്. അതായത് വിജ്ഞാനത്തിന്റെ അത്യുജ്ജ്വലമായ മുന്നേറ്റത്തിന്റെ കാലം സമാഗതമായാൽ സൂര്യൻ ചുരുട്ടി മടക്കപ്പെടുമെന്നും നക്ഷ ത്രങ്ങൾക്ക് അതിന്റെ പ്രഭ ഇല്ലാതായി പോകുമെന്നുമാണ് പറയുന്നത്. അപ്പോൾ എന്തുതരം പൊരുത്തപ്പെടലാണത്. എന്നാൽ, അവ രണ്ടും ഭാവിയിലെ മുന്നേ റ്റങ്ങളുമായി ബന്ധപ്പെട്ട രണ്ട് വ്യത്യസ്ത മായ കാര്യങ്ങളാണ്. അതായത് ഈ സൂറ ത്തിലെ മുഖ്യ പ്രതിപാദ്യ വിഷയം, അമേ രിക്കയുടെ കണ്ടുപിടിത്തത്തെ തുടർന്നു ണ്ടായ ക്രിസ്തീയ ലോകത്തിന്റെ ഭൗതിക വളർച്ചയെ പറ്റിയാണെങ്കിൽ അതിനു വിരുദ്ധമായി ഈ അദ്ധ്യായത്തിലെ ആദ്യത്തെ രണ്ട് വചനങ്ങൾ ഇസ്‌ലാമിന്റെ വിധിയെ സംബന്ധിച്ചുള്ള താണെന്ന് മനസ്സിലാക്കേണ്ടിയിരിക്കുന്നു. അമേരിക്ക കണ്ടുപിടിച്ച വർഷത്തിൽ ഇസ്‌ലാമിന് നിരാശാജനകമായ ഈ വിവ രണം നേടിക്കൊടുത്ത സംഭവമെന്താണ്? ഈ ചോദ്യത്തിന് നാം ഉത്തരം കണ്ടെ ത്തുമ്പോൾ നമ്മുടെ വ്യാഖ്യാനത്തിന് മറ്റു തെളിവുകളൊന്നും ആവശ്യമായി വരിക യില്ല. 1492 എന്ന വർഷം ഇതിന് മുമ്പേ നാം ചൂണ്ടിക്കാട്ടിയത് പോലെ ചരിത്ര ത്തിന്റെ വളരെയേറെ പ്രാധാന്യമേറിയ ഒരു വർഷമാണ്. ആ വർഷമാണ് പുതിയ ലോകത്തെ പഴയതിൽ നിന്ന് വേർതിരി ക്കുന്നത്. ഇതേ വർഷം തന്നെയാണ് ഇസ്‌ലാമിന്റെ ശൈഥില്യം അതിന്റെ ഏറ്റവും പാരമ്യത്തിലെത്തിയ വർഷ മെന്ന് തെളിയിക്കാൻ കഴിഞ്ഞാൽ ഏതൊരു വായനക്കാരനും അവ രണ്ടും തമ്മിലുള്ള ബന്ധം എളുപ്പത്തിൽ തിരിച്ച റിയാൻ കഴിയേണ്ടതല്ലേ? അതെ, നമു ക്കത് മുസ്‌ലിംകളുടേതോ അല്ല. ചരിത്ര ത്തിന്റെ തെളിവുകൾ സഹിതമുള്ള ഈ വിധി പ്രസ്താവം ക്രിസ്ത്യൻ ചരിത്ര കാരൻമാരുടേതാണ്. 'Chronicle of the world' എന്ന പുസ്തകത്തിൽ ഇസ്‌ലാമു മായി ബന്ധപ്പെട്ട അതിപ്രധാനമായ ഈ വർഷത്തിന്റെ പ്രത്യേകതകളെ പറ്റി പരാ മർശിക്കുന്നു.

സ്പെയിനിൽ അവശേഷിക്കുന്ന ഏക മുസ്‌ലിം സ്റ്റേറ്റായ ഗ്രനഡ, 10 വർഷത്തെ ആക്രമണങ്ങൾക്ക് ശേഷം കാസ റ്റിലിയൻ (ക്രിസ്ത്യൻ സ്പെയിൻ) പട്ടാളത്തിന്റെ കീഴിലമർന്നു. ക്രിസ്ത്യാനി കൾക്ക് മുമ്പിൽ സംഭവിച്ച ഈ നഗര ത്തിന്റെ പതനം അതീവ നിർണായകവും സ്പെയി നിന്റെ ചരിത്രത്തിലെ ഏറ്റവും അനുഗ്രഹ പൂർണവുമായ ദിനമാണ്. മുസ്‌ലിംകൾ ഇതിനെ ഇസ്‌ലാമിന്റെ മേൽ പതിച്ച എക്കാലത്തേക്കും വെച്ച് ഏറ്റവും വലിയ ദുരന്തങ്ങളിലൊന്നാണെന്ന് വിവ രിക്കുന്നു.

രണ്ടു നൂറ്റാണ്ടു കാലമായി ക്രിസ്തീയ ശക്തിയെ പ്രതിരോധിച്ചു കൊണ്ടിരിക്കു കയായിരുന്ന സ്പെയിനിലെ അവസാ നത്തെ മുസ്‌ലിം രാജ്യമായ ഗ്രനഡയെ ഫെർഡിനാൾഡും ഇസബെല്ലയും കൂടി കീഴടക്കി.1

എഴുനൂറ് വർഷക്കാലത്തെ അനസ്യൂ തമായ മുസ്‌ലിം ഭരണത്തിന് അതോടെ അറുതിയായി.

1492 ൽ മുസ്‌ലിംകളുടെ രാഷ്ട്രീയ ഭരണം സ്പെയിനിൽ അവസാനിച്ച പ്പോൾ ക്രിസ്തുസഭ ഇസ്‌ലാമിനെ വധിച്ചു കളയാൻ ഒരു ആക്രമണോത്സുതകമായ പ്രചാരണം നടത്തി. അഞ്ഞൂറ് വർഷക്കാ ലത്തിലധികം നീണ്ടു നിന്ന മുസ്‌ലിം ഭര ണത്തിന് ശേഷം മുസ്‌ലിംപ്രാബല്യം സ്പെയിനിൽ പൊടുന്നനെ അന്ത്യം കുറി ച്ചു. മുസ്‌ലിംകൾ കഴിഞ്ഞ അഞ്ചുനൂ റ്റാണ്ടു കൊണ്ട് പടുത്തുയർത്തിയ സ്വാധീനം രണ്ടോ മൂന്നോ വർഷം കൊണ്ട് തുടച്ചു നീക്കാൻ സാധ്യമല്ലായി രുന്നു. അന്തലൂഷ്യ (സ്പെയിനിന്റെ അറബ് നാമം) യുടെ തെക്കൻ മലപ്രദേ ശങ്ങളിൽ ധാരാളം മൂറുകളുടെ* ഒറ്റപ്പെട്ട ശക്തമായ സങ്കേതങ്ങൾ ചിതറിക്കിടന്നി രുന്നു. സ്പെയിനിൽ തദ്ദേശിയരായ സ്പാനിഷ് നിവാസികളും ഇസ്‌ലാമി ലേക്ക് മതപരിവർത്തനം ചെയ്തിരുന്നു. അറേബ്യയിൽ നിന്നും വടക്കനാഫ്രിക്ക യിൽ നിന്നും വന്ന അവരുടെ ഭരണാധി കാരികളായ ജേതാക്കൻമാരേക്കാൾ ഇസ്‌ലാം മതം ആചരിക്കുന്നതിൽ സമർപ്പണത്തിലും ആത്മാർഥതയിലും സ്പെയിൻകാരായ മുസ്‌ലിംകൾ ഒട്ടും കുറവായിരുന്നില്ല. ഈ സ്പാനിഷ് മുസ്‌ലിംകളായിരുന്നു ക്രിസ്ത്യൻ പുരോ ഹിതൻമാർക്ക് മതവിശ്വാസത്തിന് മറ്റെന്തി നെക്കാളും വെച്ചു പൊറുപ്പിക്കാൻ കഴി യാതിരുന്നത്. സ്പാനിഷ് മുസ്‌ലിംക ളെയും അവരുടെ മതത്തേയും നശിപ്പി ക്കാൻ വർഷങ്ങളായി ക്രിസ്ത്യൻ പുരോ ഹിതൻമാരിൽ വളർന്നു വന്ന വിദ്വേ ഷവും, നിരാശയും അവർ ക്രിസ്ത്യാനി കൾക്ക് അസഹനീയമായ ഒരു ശല്യമാ ണെന്ന് തെളിയിക്കപ്പെട്ടിരുന്നു. ക്രിസ്തു സഭാഭീകരതയുടെ ഏറ്റവും ശക്തനായ അപ്പോസ്തലനായിരുന്നു സിമെനിസ് (Ximenes) (ഖെമിനീസ് -Khemenies-എന്ന് ഉച്ചാരണം).

........അവർ ഇഷ്ടപ്പെട്ടാലും ഇല്ലെ ങ്കിലും ശരി ഈ അവിശ്വാസികളുടെ ആത്മാക്കളെ നരകത്തീയിൽ നിന്ന് രക്ഷി ച്ചിരിക്കണം.*2* ഇസബെല്ല* യുടെ വിശുദ്ധ മനസ്സിൽ അതിമാരകമായ മത സിദ്ധാന്തം കുത്തിവെച്ചത് സിമെനിസ് ആയിരുന്നു. അവിശ്വാസികളുമായി ബന്ധം സ്ഥാപിക്കുന്നത് ദൈവത്തിൽ നിന്ന് ബന്ധം വിച്ഛേദിക്കലാണ് എന്നാ യിരുന്നു അദ്ദേഹത്തിന്റെ സിദ്ധാന്തം.

.......ഒരു മനുഷ്യനേയും അവന്റെ ഉദ്ദേശ്യത്തിൽ നിന്ന് തടഞ്ഞു നിറുത്തു വാൻ എളുപ്പത്തിൽ സാധ്യമല്ല. മൂറുകളെ ഒന്നുകിൽ ജ്ഞാനസ്നാനം ചെയ്യു വാനോ അല്ലെങ്കിൽ രാജ്യത്തു നിന്ന് പുറത്ത് പോകാനോ അതിലൊന്ന് തിര ഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യം അവർക്ക് നൽകുന്ന ഒരു പ്രഖ്യാപനം നടത്താൻ അദ്ദേഹം രാജ്ഞിയെ പ്രേരിപ്പിച്ചു. അവ രുടെ പൂർവികർ ഒരു കാലത്ത് ക്രിസ്ത്യാ നികൾ ആയിരുന്നുവെന്ന് അവരെ ഓർമി പ്പിക്കുകയുണ്ടായി. അവരുടെ പിൻതലമു റക്കാർ സഭയിലാണ് പിറന്നു വീണത്. അവർ തങ്ങളുടെ വിശ്വാസം സ്വാഭാവിക മായും തുറന്നു പ്രഖ്യാപിക്കണം.3

അങ്ങനെ സ്പെയിനിൽ ഇസ്‌ലാമിന്റെ അന്ത്യത്തിന് തുടക്കമായി. ഈ ഉൻമൂലന പ്രക്രിയ പൂർത്തിയാവാൻ ഇരുനൂറ് വർഷമെടുത്തു.

പള്ളികളെല്ലാം അടച്ചു പൂട്ടി. മൂറുക ളുടെ വൈജ്ഞാനിക കാലഘട്ടത്തിന്റെ പരിണിതിയായ എണ്ണമറ്റ കയ്യെഴുത്തു പ്രതികൾ നിർദയരായ കർദിനാൾമാർ ചുട്ടുകരിച്ചു. സന്തോഷരഹിതരായ 'അവി ശ്വാസികളെ' സമാധാനത്തിന്റെ സുവി ശേഷത്തിലേക്ക് ഭീഷണിപ്പെടുത്തിയും മർദിച്ചും ആനയിച്ചിരുന്നു. ദുരിതങ്ങൾ അത്രയൊന്നും അനുഭവിക്കേണ്ടി വന്നി ട്ടില്ലാത്ത ജൂതൻ മാർക്ക് ഈ രീതി അവ ലംബിച്ചതിന് ശേഷം അവരുടെ കത്തോലിക്കാ യജമാനൻമാരിൽ നിന്ന് ദയാവായ്പ് അംഗീകരിക്കപ്പെട്ടു. അവ രുടെ ജന്മഗേഹം ഉപേക്ഷിക്കുന്നതിന് പകരം മതം ഉപേക്ഷിക്കുകയാണ് നല്ലെ തെന്ന് കണ്ട് ഭൂരിപക്ഷവും കത്തോ ലിക്കാ മതസ്ഥർക്ക് കീഴടങ്ങി. പക്ഷേ ആൽപുക്സാറാസിലെ (Alpuxzrras) പർവതനിവാസികളായ മൂറുകളിൽ പഴയ ആ ചൈതന്യ ത്തിന്റെ ഒരു സ്ഫുരണം കെട്ടടങ്ങാതെ ജ്വലിച്ചു നിന്നു....4 ....മൂറുകളുമായുള്ള ഇടപാ ടിൽ സ്പെയിൻ ഭരണാധികാരികൾ ഒരി ക്കലും വിവേകമോ സത്യസന്ധതയോ കാണിച്ചിരുന്നില്ല. ഉചിതമായ സമയം

വന്നപ്പോൾ അവർ കൂടുതൽ ക്രൂരൻമാരും വ്യാജന്മാരുമാകുകയാണുണ്ടായത്. 'അവിശ്വാസികൾ' അവരുടെ ജന്മദേശം വിടാനും വർണശബളമായ വസ്ത്രങ്ങൾ ഉപേക്ഷിക്കാനും കൽപിക്കപ്പെട്ടു. ക്രിസ്ത്യാനികളുടെ തൊപ്പിയും കാലുറയും ധരിക്കാൻ ആജ്ഞാപിക്കപ്പെട്ടു. കുളി ഉപേക്ഷിച്ച് അവരെ കീഴടക്കിയ ഭരണാധികാരികളുടെ വൃത്തികേടുകൾ കൈക്കൊള്ളാനും, അവരുടെ ഭാഷ പരിത്യജിക്കാനും, ആചാരങ്ങളും ആഘോഷങ്ങളും വർജിക്കാനും അവരുടെ നാമങ്ങൾ പോലും ഉപേക്ഷിക്കാനും നിർബന്ധിക്കപ്പെട്ടു. സ്പാനിഷ് സംസാരിക്കാനും സ്പെയിൻകാരനെപ്പോലെ പെരുമാറാനും പുനർനാമകരണം ചെയ്ത് സ്പെയിൻകാരനെ പ്പോലെ ആയിത്തീരാനും കൽപിക്കപ്പെട്ടു.5

തന്റെ പിതാവ് അഭിമാനപൂർവം ഉപേക്ഷിച്ചു പോയ ഭീകര നിയമം പ്രായോഗികമാക്കുക എന്നത് ഫിലിപ്പ് രണ്ടാമന് അവകാശപ്പെട്ട ഒന്നായിരുന്നു. അദ്ദേഹമാണ് ഭാഷ, വസ്ത്രം അത്തരത്തിലുള്ള സംഗതികളെപറ്റിയും, ശുചിത്വത്തോടെ നടക്കുന്നത് നിരോധിച്ചുമുള്ള അറപ്പുളവാക്കുന്ന നിയമങ്ങൾ 1567ൽ പ്രാബല്യത്തിൽ കൊണ്ടു വന്നത്. അൽ ഹംറ* കൊട്ടാരത്തിലെ അതിമനോഹരമായ സ്നാനഹർമ്യങ്ങൾ അദ്ദേഹം ഇടിച്ചു നിരത്തുകയുണ്ടായി.6

1569–70 ലെ ഒരു ശിശിര കാലത്ത് അദ്ദേഹം(ഡോൺ ജോൺ) തന്റെ ആക്രമണം ആരംഭിച്ചു. മെയ് മാസത്തോടുകൂടി കീഴടങ്ങലിലെ വ്യവസ്ഥകളെല്ലാം തയ്യാറാക്കി. അതിനിടയിലുള്ള മാസങ്ങൾ കടുംചെമപ്പ് രക്തപ്പുഴയാൽ കറപിടിച്ചിരുന്നു. യുദ്ധദയ പാടില്ല എന്നായിരുന്നു ഡോൺ ജോൺസിന്റെ മുദ്രാവാക്യം. പുരുഷൻമാരും സ്ത്രീകളും കുട്ടികളും അയാളുടെ ആജ്ഞയാൽ തന്റെ കൺമുമ്പിൽവെച്ച്തന്നെ കശാപ്പ് ചെയ്യപ്പെട്ടു അൽപുക്സാറ ഒരു മനുഷ്യകശാപ്പു ശാലയായി മാറി 7

ഹതഭാഗ്യരായ നിരവധി പലായനക്കാർ വിശന്നും ശോഷിച്ചും കാലാവസ്ഥയുടെ തീക്ഷ്ണതയേറ്റും വഴിയിൽ തന്നെ മരിച്ചു വീണു. മറ്റുള്ളവർ വടക്കനാഫ്രിക്കയിൽ എത്തിച്ചേർന്നു. അവിടെ അവർ നിസ്സാര ദിവസ വേതനത്തിനു വേണ്ടി യാചിച്ചു. അവർക്ക് ജീവിക്കാൻ പറ്റിയ ഒരു ഭൂമിയും അവിടെ കണ്ടില്ല.8

ഗ്രനഡയുടെ പതനത്തിനും 17–ാം നൂറ്റാണ്ടിന്റെ ആദ്യ ദശകം വരെയുള്ള കാലഘട്ടത്തിനുമിടയിൽ മൂന്നര ദശലക്ഷത്തിൽ കുറയാത്ത മൂറുകളെ സ്പെയിനിൽ നിന്ന് പുറത്താക്കുകയുണ്ടായി. അറബി വൃത്താന്തമെഴുത്തുകാരൻ ഒരൊറ്റയടിക്ക് ഈ ദുരന്ത കഥ രേഖപ്പെടുത്തിയത് ഇപ്രകാരമാണ്. സർവശക്തൻ അവർക്ക് വിജയം നൽകി അനുഗ്രഹിച്ചില്ല. നാലുഭാഗത്തു നിന്ന് അധിനിവേശങ്ങളും കൊലപാതകങ്ങളും അവരെ കീഴടക്കി. അന്തലൂസിൽ നിന്ന് അവർ ആട്ടിയോടിക്കപ്പെടും വരെ അത് തുടർന്നു. നമ്മുടെ കാലം വരെ ആ ദുരന്തം കടന്നു വന്നു. പലായനത്തിന്റെ കാലം വരെ അത് തുടർന്നു. തീർച്ചയായും ദേശങ്ങളും നാടുകളും ദൈവത്തിന്റെതാണ്. അത് ദൈവം അവനിച്ഛിക്കുന്ന വർക്ക് നൽകുന്നു.9

മൂറുകൾ നാടുകടത്തപ്പെട്ടു. കുറച്ച് കാലത്തേക്ക് കടം വാങ്ങിയ പ്രകാശത്താൽ ക്രിസ്ത്യൻ സ്പെയിൻ ചന്ദ്ര നെപോലെ പ്രകാശിച്ചു. പിന്നീട് അതിന് ഗ്രഹണം ബാധിച്ചു. ആ ഇരുട്ടിൽ സ്പെയിൻ എന്നെന്നേക്കുമായി നികൃഷ്ടമായി മാറി.10

അങ്ങനെയാണ് സ്റ്റാൻലി ലെയിൻ പൂൾ (Stamley Lane Poole) അദ്ദേഹത്തിന്റെ 'The moors in Spain'(സ്പെയിനിലെ മൂറുകൾ) എന്ന പുസ്തകം ഉപസംഹരിക്കുന്നത്. മുസ്ലിം സ്പെയിനിന്റെ രാഷ്ട്രീയ മേധാവിത്വം 1492 ൽ അസ്തമിക്കുകയുണ്ടായി. സ്പെയിനിന്റെ വ്യോമമണ്ഡലത്തിൽ നിന്ന് ഇസ്ലാമിക പ്രകാശത്തിന്റെ ആ അസ്തമയശോഭ പൂർണമായും നീങ്ങിക്കിട്ടാൻ വീണ്ടും രണ്ട് നൂറ്റാണ്ടു കാലമെടുത്തു. പിന്നീട് അത് താരരഹിതമായ ആകാശമായി മാറി.11

നിഷ്ക്രമിച്ചു പോയ മുസ്ലിം സംസ്കാരം സ്പെയി നിൽ കൊണ്ടു വന്ന ഭൗതിക പ്രബുദ്ധതയുടെ അവശേഷിപ്പ് അധികകാലം നീണ്ടു നിന്നില്ല.

1492 ൽ രണ്ട് വാതായനങ്ങളാണ് തുറന്നിട്ടത്. അതിലൊന്നിലൂടെയാണ് പിൽക്കാലത്തെ ക്രിസ്തീയ മുന്നേറ്റം പ്രതാപത്തോടെ കടന്നു വന്നത്. മറ്റേ വാതായനത്തിലൂടെ ഇസ്ലാമിന്റെ എല്ലാ ഭൂതകാല പ്രതാപങ്ങളും തലയും താഴ്ത്തി വിടപറഞ്ഞു. ആ വിടപറയലിന്റെ വേദനാജനകമായ ഓരോ ചുവടുവെപ്പും ദുസ്സഹമായ വേദനയുടെ പീഡനങ്ങളായിരുന്നു.

***മൂറുകൾ(Moors)**: സ്പെയിനിലെ വടക്കാനാഫ്രിക്കൻ വംശജരായ മുസ്ലിംകളെയാണ് മൂറുകൾ എന്ന് വിളിക്കുന്നത്. സ്പെയിൻ, മുസ്ലിംകൾ ഭരിച്ചിരുന്നപ്പോൾ മൂറുകളായിരുന്നു പ്രബലശക്തി. സ്പെയിനിനഭിമുഖമായി വടക്കാനാഫ്രിക്കയിലെ മൗറിത്താനിയ(മോറോക്കോ) യിലെ നിവാസികൾ എന്ന പേരിൽ നിന്നാണ് മൂറുകൾ എന്ന പദം നിഷ്പന്നമായത്. ഇപ്പോഴത്തെ വടക്കൻ മോറോക്കോയും പടിഞ്ഞാറൻ അൾജീരിയയും ചേർന്ന പ്രദേശമാണ് മൗരിത്താനിയ എന്നറിയപ്പെട്ടിരുന്നത്.(വിവ:)

***ഇസബെല്ല (Isabella 1451-1504)**: കാസ്റ്റയിലെ (ക്രിസ്ത്യൻ സ്പെയിൻ) രാജ്ഞിയായിരുന്ന ഇസബെല്ല പതിനെട്ടാം വയസ്സിൽ ആർഗോണിലെ ഫെർഡിനാന്റ് രാജകുമാരനെ വിവാഹം കഴിച്ചു. ഇസബെല്ലാ ഫെർഡിനാന്റ് ദമ്പതികളാണ് സ്പെയിനിൽ നിന്ന് മുസ്ലിംകളെ പുറത്താക്കുന്ന പ്രക്രിയ പൂർത്തിയാക്കിയത്. കുപ്രസിദ്ധമായ ഇൻക്വിസിഷനിലൂടെ ജൂതൻമാരെയും മുസ്ലിംകളെയും കൂട്ടക്കൊല ചെയ്ത് സ്പെയിനെ അവർ കത്തോലിക്കാ സഭയുടെ കീഴിലാക്കുകയാണുണ്ടായത് ( വിവ:)

***അൽ ഹംറ (Al Hamra)**: അന്തലൂസിലെ(സ്പെയിൻ)ഗ്രനഡയിലെ വിശ്വപ്രശസ്തമായ കൊട്ടാരം. ചെമന്നത് എന്ന അർഥമുള്ള 'ഹംറ' എന്ന അറബി പദത്തിൽ നിന്നാണ് 'അൽ ഹംറ' എന്ന പേരു വന്നത്. കൊട്ടാരം ചെമന്ന കല്ലുകൾ കൊണ്ട് നിർമിച്ചതിനാലായിരിക്കാം ഈ പേരു വന്നത്. 1231 മുതൽ 1492 വരെ ഗ്രനഡ ഭരിച്ചിരുന്ന നസ്രി രാജാക്കന്മാരുടെ കാലത്താണ് അൽ ഹംറ പണിതത്(വിവ:)

1. Chronichcle of the world(188) London p. 436, 2. Lane-Poole,s. The moors in spain 8th edition, London.p. 270, 3. Lane-Poole,s. The moors in spain 8th edition London.p.270-71
4. Lane-Poole,s. The moors in spain 8th edition London.p.271, 5. Lane-Pooe,s. The moors in spain 8th edition London.p.273, 6. Lane-Poole,s. The moors in spain 8th edition London.p.278, 7. Lane-Poole,s. The moors in spain 8th edition London.p. 279, 8. Lane-Poole,s. The moors in spain 8th edition London.p.280, 9. Lane-Poole,s. The moors in spain 8th edition London.p 280, 10.Lane-Poole,s.The moors in spain 8th edition London.280,11.Lane-Poole,s. The moors in spain 8th edition London.p.280

# തുർക്കി സാമ്രാജ്യവും
## ഉഥ്മാനിയാ ഖിലാഫത്തിന്റെ ഉത്ഥാനപതനങ്ങളും

ആറുനൂറ്റാണ്ടുകളോളം നിലനിൽക്കുകയും ഇസ്‌ലാമിക ഖിലാഫത്തിന്റെ പ്രാതിനിധ്യം വഹിക്കുകയും ചെയ്ത തുർക്കി സാമ്രാജ്യത്തിന്റെ ചരിത്രം

എ .ക്യു. മഹ്ദി

**ഉ**ഥ്മാനിയ്യാ സാമ്രാജ്യം എന്നു കേട്ടിരിക്കും. ഉഥ്മാനികളുടെ വംശപരമ്പര ആരംഭിക്കുന്നത് പുരാതന മുസ്‌ലിം തുർക്കിയിലാണ്. ഈ വംശത്തിന്റെ സ്ഥാപകൻ ഉഥ്മാൻ ഖാൻ ആണ്.

ഇന്നേക്ക് ഏഴ് നൂറ്റാണ്ടുകൾക്ക് മുമ്പാണ് ഈ സംഭവം. തുർക്കിയുടെ തലസ്ഥാനമാണ് അങ്കാറ . മംഗോളിയർ ഏഷ്യാ മൈനർ കീഴടക്കി അങ്കാറക്ക് സമീപം വരെയെത്തി. തുർക്കി സുൽത്താൻ അലാവുദ്ദീൻ മംഗോളിയരെ നേരിടുകയും അവരുടെ മുന്നേറ്റം തടയുവാനായി ശക്തമായ ഏറ്റുമുട്ടൽ നടത്തുകയും ചെയ്തു. യുദ്ധം കൊടുമ്പിരികൊണ്ടു. അപ്പോഴാണ് ഒരു സംഘം നാടോടികൾ ദേശാടനത്തിനിടയിൽ ആ വഴി വന്നത്. നാടോടി സംഘത്തിന്റെ തലവൻ ഉർദുഗ്ദുർ ആയിരുന്നു. അദ്ദേഹം വളരെ ധീരനായ ഒരു പോരാളി കൂടിയായിരുന്നു

ഈ യുദ്ധം നേരിൽ കണ്ടപ്പോൾ അത് അവഗണിച്ച് പോകാൻ ആ നാടോടി സംഘത്തിന്ന് കഴിഞ്ഞില്ല. യുദ്ധമുന്നണിയിലെ ഇരു ഭാഗത്തേയും സൈനിക സാന്നിദ്ധ്യം അദ്ദേഹം ശ്രദ്ധയോടെ വീക്ഷിച്ചു. തുർക്കി ഭാഗത്ത് വളരെ കുറച്ച് സൈനികരും മറുവശത്ത് മംഗോളിയർക്ക് വളരെ വിപുലമായ സൈനിക സന്നാഹവുമാണ് നാടോടി തലവൻ കണ്ടത്. യുദ്ധത്തിൽ പങ്കുചേരാനും തുർക്കിയുടെ ചെറിയ സൈന്യത്തെ സഹായിക്കാനുമാണ് അദ്ദേഹത്തിന് തോന്നിയത്. ചെറു സൈന്യം സ്വന്തം രാജ്യത്തിന് വേണ്ടി ചെറുത്തുനിൽക്കാനിടവന്നു.

ഉർദുഗ്ദുലിന്റെ നാടോടി സംഘത്തിൽ ധീരരായ 444 അശ്വഭടന്മാരും ഉണ്ടായിരുന്നു. അവർ സാഹസികമായി ചെറുസംഘത്തോടൊപ്പം ചേർന്നു എതിരാളികളെ നേരിട്ടപ്പോൾ മംഗോളിയർ അമ്പേ പരാജയപ്പെട്ടു. യുദ്ധത്തിൽ വിജയിച്ച സുൽത്താൻ അലാവുദ്ദീൻ നന്ദി സൂചകമായി നാടോടി സംഘത്തലവനും ധീരസേനാനിയുമായ ഉർദുഗ് ദുറിന് തന്റെ രാജ്യത്തിന്റെ ഒരു ഭാഗം തന്നെ വിട്ടു കൊടുത്തു. ഏതാനും വർഷം ഉൽദുഗദുർ ആ ഭൂവിഭാഗത്തിന്റെ ഭരണസാരഥ്യം വഹിക്കുകയും ചെയ്തു.

ക്രി. വ. 1288 ലായിരുന്നു ഈ സംഭവം. ഉർദുഗ്ദുർ അന്തരിച്ചപ്പോൾ അദ്ദേഹത്തിന്റെ മകൻ ഉഥ്മാൻ ഭരണ പ്രവേശം നടത്തി.

ഉഥ്മാൻ ഖാൻ തുർക്കിയിൽ ഒരു സ്വതന്ത്ര ഭരണ സംവിധാനം നടപ്പാക്കി. ഇതാണ് ഉഥ്മാനിയാ ഖിലാഫത്ത് എന്നറിയപ്പെടുന്നത്. ഈ ഖിലാഫത്ത് ഉഥ്മാനിയാ സാമ്രാജ്യം എന്നും ചരിത്രത്തിൽ അറിയപ്പെട്ടു.

ഉഥ്മാനിയാ ഭരണ വിസ്തൃതി അന്ന് കിഴക്കൻ റോമാ സാമ്രാജ്യം എന്നറിയപ്പെട്ടിരുന്ന ബൈസാന്റ്യം സാമ്രാജ്യത്തിന്റെ തലസ്ഥാനമായ കോൺസ്റ്റാന്റിനോപ്പിൾ വരെ എത്തിയിരുന്നു.

പുരാതന റോമാക്കാർ ഉഥ്മാനിയാ ഭരണ കൂടത്തെ ഇടക്കിടെ അക്രമിച്ച് കൊണ്ടിരുന്നു. അസഹ്യമായി തീർന്ന ഈ ആക്രമണങ്ങളെ നേരിടാൻ ഒടുവിൽ ഉഥ്മാൻ ഖാൻ ധീരമായ ഒരു സൈനിക നീക്കം തന്നെ നടത്തി. ഉഥ്മാൻ തന്നെ നേരിട്ട് വന്ന് പടനയിക്കുകയും കോൺസ്റ്റാന്റിനോപ്പിളിലെ പല സ്ഥലങ്ങളും പിടിച്ചെടുക്കുകയും ചെയ്തു. അങ്ങിനെ ക്രി. വ 1361 ൽ ബൂർസാ നഗരം ഉഥ്മാനികളുടെ തലസ്ഥാനത്തിനു പകരമായി നിന്നു.

ഉഥ്മാൻ ഖാൻ നല്ലൊരു ഭരണാധികാരിയായിരുന്നു. ലളിത ജീവിതമാണ് അദ്ദേഹം നയിച്ചത്. സാധുജനസംരക്ഷകനായി അദ്ദേഹം അറിയപ്പെട്ടു. ആധുനികകാല തുർക്കികൾ ഉഥ്മാനെപറ്റി ഇന്നും ബഹുമാനാദരങ്ങളോടെയാണ് സ്മരിക്കുന്നത്. ഇസ്‌ലാമിക ചരിത്രത്തിൽ ഒരു രാജവംശവും ഇത്രദീർഘമായ കാലയളവിൽ ഭരണം നടത്തിയിട്ടില്ല.

ഉഥ്മാന്റെ ഭരണ ശേഷം അടുത്തതായി ഭരണമേറ്റടുത്തത് മകൻ ആർഖാൻ ആയിരുന്നു. ക്രി. വ 1326 ൽ ഏറ്റെടുത്ത ആർഖാന്റെ ഭരണം 33 വർഷം 1359 ൽ വരെ നീണ്ടു നിന്നു. മുസ്‌ലിംകൾ ആദ്യമായി കിഴക്കൻ യൂറോപ്പിൽ കാലുകുത്തിയത് ഇദ്ദേഹത്തിന്റെ കാലത്താണ്. ആർഖാൻ വിപുലമായ ഒരു സൈനിക വ്യൂഹം തന്നെ സംഘടിപ്പിച്ചു. ആ സൈനിക സംഘം ഒരു കാലാൾ വിഭാഗമായിരുന്നു. തുർക്കിയുടെ പടയോട്ടത്തിൽ ഏറ്റവും കൂടുതൽ സൈനിക വിജയം നേടിക്കൊടുത്തതും ഈ സൈനിക വിഭാഗമായിരുന്നു. ആർഖാന്റെ ഭരണകാലത്ത തുർക്കിയുടെ രാജ്യവിസ്തൃതി അതി വിപുലമായി. ഏഷ്യ യൂറോപ്പ് ഭൂഖണ്ഡങ്ങൾക്കിടയിലെ ദർദാനിയൻ കടലിടുക്കിന്റെ മറുകരയിലെ യൂറോപ്യൻ പ്രദേശങ്ങൾ ഒന്നൊന്നായി തുർക്കി സാമ്രാജ്യത്തിന്റെ ഭാഗമായി തീർന്നതും ആർഖാന്റെ കാലത്താണ്.

വിജ്ഞാനത്തിനും കലകൾക്കും പ്രോത്സാഹനം നൽകിയ ഉഥ്മാനിയ്യാ ഭരണ കർത്താവാണ് ആർഖാൻ. സാധു ജനങ്ങൾക്ക് പട്ടിണിയകറ്റാൻ സ്വന്തം കരങ്ങൾ കൊണ്ട് ഭക്ഷണം വിതരണം ചെയ്യുകയും , അതിനായി ഒരു വിതരണ സമ്പ്രദായം ആരംഭിക്കുകയും ചെയ്തു. അദ്ദേഹം കവികളേയും പണ്ഡിതരേയും ആദരിക്കുകയും ബഹുമാനിക്കുകയും ചെയ്തിരുന്നു.

ആർഖാന് ശേഷം അദ്ദേഹത്തിന്റെ മകൻ മുറാദ് ഭരണം ഏറ്റെടുത്തു. ക്രി. വ 1359 നും 1389നും ഇടക്ക് മൂന്നു പതിറ്റാണ്ടു കാലമായിരുന്നു മുറാദിന്റേത്. അദ്ദേഹം ഒരു വീരയോദ്ധാവായിരുന്നു. ബൈസാന്റിയം സാമ്രാജ്യത്തോടു ചേർന്നു കിടന്നിരുന്ന യൂറോപ്പിലെ ബൾഗേറിയ,

സെർവിയ, ബോസ്നിയ എന്നീ രാജ്യങ്ങളെയും മുറാദ് പിടിച്ചെടുത്ത് തന്റെ സാമ്രാജ്യത്തോട് ചേർത്തു. യൂറോപ്പിന് പുറമേ ഏഷ്യയി ലേയും ചില രാജ്യങ്ങൾ അദ്ദേഹം കീഴടക്കുകയു ണ്ടായി. പിതാവായ ആർഖാന്റെ കാലത്തുണ്ടായിരുന്ന സാമ്രാജ്യം അദ്ദേഹം അഞ്ചിരട്ടിയായി വർദ്ധിപ്പിച്ചു. തുർക്കികളുടെ അമ്പിളിക്കലയുള്ള രക്തവർണാങ്കിതമായ ദേശീയ പതാക യുടെ രൂപകൽപ്പന നടത്തിയതും മുറാദ് ആണ്.

മുറാദ് ഒന്നാമന് ശേഷം ബായസീദ് ഭരണമേറ്റെടുത്തു. ബായസീദിന്റെ കാലഘട്ടം ക്രി. വ 1389 മുതൽ 1402 വരെയുള്ള 13 വർഷങ്ങളായിരുന്നു. അദ്ദേഹമാണ് തുർക്കി ഭരണാധി കാരികളിൽ സുൽത്താൻ എന്ന പേര് ആദ്യമായി സ്വീകരിച്ചു തുടങ്ങിയത്. സുൽത്താൻ ബായിസീദിന്റെ സഹധർ മിണി ഒരു ക്രിസ്ത്യൻ വനിതയായിരുന്നു. യൂറോപ്യൻ സംസ്കാരത്തിന് വിധേയ രായി ജീവിച്ച അവരിൽ നിന്നും ബായസീദ് മദ്യപാന ശീലം ആരംഭി ക്കുകയും അത് ജീവിതത്തിൽ പിന്തുട രുകയും ചെയ്തു. ഈ ദുസ്സ്വഭാവം അദ്ദേഹത്തിന്റെ പേരിൽ കളങ്കമായി. എന്നാൽ യുദ്ധക്കളത്തിൽ ബായസീദ് ഒരു ഈറ്റപുലിയായിരുന്നു. മിന്നൽ പിണർ പോലെ യുദ്ധം ചെയ്ത് 'യൽക്രം' അഥവാ മിന്നൽ പിണർ എന്ന് അദ്ദേഹത്തിന് പേരും ലഭിച്ചു. ഉഥ്മാനിയാ സാമ്രാജ്യത്തിന്റെ വിസ്തൃതി അദ്ദേഹ ത്തിലൂടെ അൽപ്പം കൂടി വിശാലമായി.

സമർക്കന്ദിലെ ചക്രവർത്തിയുടെ സേന അങ്കാറയിൽ വെച്ച് ബായസീദു മായി ഏറ്റുമുട്ടുകയും സുൽത്താൻ തടവുകാരനാക്കപ്പെടുകയും ചെയ്തു, ഇതോടെ തുർക്കി സാമ്രാജ്യത്തിന്റെ അന്ത്യം എന്ന തോന്നലുണ്ടായെങ്കിലും 10 വർഷത്തിന് ശേഷം സ്ഥിതിഗതികൾ ഒക്കെയും മാറിമറിഞ്ഞു. അദ്ദേഹത്തിന്റെ മകൻ മുഹമ്മദ് ഒന്നാമൻ നഷ്ടപ്പെട്ട സാമാജ്യം തിരികെ പിടിക്കുകയും ചെയ്തു. ഉഥ്മാനിയാ സാമ്രാജ്യത്തിന്റെ രണ്ടാം സ്ഥാപകനായി ഈ മുഹമ്മദ് ഒന്നാമൻ ചരിത്രത്തിൽ അറിയപ്പെടുന്നു. 'ചലീപ്പി'എന്ന പേരിൽ പ്രസിദ്ധനാണ് അദ്ദേഹം. പണ്ഡിതന്മാർക്കും ഉന്നത ശ്രേണിയിലുള്ളവർക്കും തുർക്കി ഭാഷയിൽ സൂചിപ്പിക്കുന്ന പേരാണ് ചലീപി.

മുഹമ്മദ് ഒന്നാമന് ശേഷം മകൻ മുറാദ് രണ്ടാമൻ തന്റെ കൗമാര പ്രായത്തിൽ അധികാരമേറ്റു. അന്ന് അദ്ദേഹത്തിന് പ്രായം 18 വയസ്സ്.

വീണ്ടും സാമ്രാജ്യം വിശാലമാക്ക പ്പെട്ടു. നീതി നിഷ്ഠയിലും സ്വഭാവ മഹിമയിലും മുൻഗാമികളെക്കാൾ അദ്ദേഹം മുൻപന്തിയിലായിരുന്നു. ഒരു നബി വചനം ഇവിടെ സ്മർത്തവ്യമാണ്. 'നിങ്ങൾ കോൺസ്റ്റാന്റിനോപ്പിൾ കീഴടക്കും, അതിന്റെ അമീർ ഏറ്റവും നല്ല അമീറാണ്. അതിന്റെ സൈന്യമാകട്ടെ ഏറ്റവും നല്ല സൈന്യവും'

പ്രവാചക വചനത്തിലെ ആ വിശിഷ്ടനായ വ്യക്തി താനായിരിക്കണം എന്ന ഉദ്ദേശ്യത്തോടെ പല മുസ്ലിം ഭരണാധികാരികളും ശ്രമിച്ചു വെങ്കിലും പരാജയപ്പെടുക യായിരുന്നു ചെയ്തത്.

മുറാദ് രണ്ടാമനു ശേഷം മകൻ മുഹമ്മദ് ഇരുപത്തിരണ്ടാം വയസ്സിൽ ഭരണ മേറ്റെടുത്തു. കോൺസ്റ്റാന്റി നോപ്പിൾ കീഴടക്കപ്പെട്ടിരുന്നില്ലെങ്കിലും അവർ തുർക്കിക്ക് കപ്പം കൊടുത്തു കൊണ്ടിരുന്ന കാലമായിരുന്നു അത്.

കോൺസ്റ്റാന്റിനോപ്പിൾ അധീന പ്പെടുത്താൻ തുർക്കിക്ക് കഴിയാത്ത വിധം സുരക്ഷിതമായ പ്രതിരോധ സംവിധാനങ്ങൾ അന്നവർക്കുണ്ടായി രുന്നു. നഗരത്തിന് ചുറ്റും ഒന്നിനു പുറകെ ഒന്നായി മൂന്നുകോട്ടമതിലുകൾ അവർ നിർമിച്ചിരുന്നു. അവിടെവിടായി ശത്രുനീക്കം സൂക്ഷ്മമായിഅറിയാനുള്ള നിരീക്ഷണ ഗോപുരങ്ങളും കോട്ടമതിലു കൾക്കിടയിൽ അഗാധമായ കിടങ്ങുകൾ കുഴിച്ചും പ്രത്യേക സുരക്ഷ അവർ ഉറപ്പാക്കിയിരുന്നു. ഇതിന് പുറമെ ആ നഗരത്തിന് ചുറ്റുമുള്ള ഉൾക്കടലുകൾ പ്രകൃതിദത്തമായ വലിയൊരു പ്രതിരോധ വലയമായി സംരക്ഷണം ഒരുക്കി ക്കൊടുക്കുകയും ചെയ്തിരുന്നു. ഉഥ്മാനിയാ സാമ്രാജ്യത്തിലെ ഏഴാം ഖലീഫയായിരുന്ന സുൽത്താൻ മുഹമ്മദ് ഫാത്തിഹ് പിതാവായ മുറാദ് രണ്ടാമന് ശേഷം ഭരണ ഭാരമേറ്റെടുത്ത സമയമായിരുന്നു അത്. ഇദ്ദേഹമാണ് ഉഥ്മാനിയാ സാമ്രാജ്യത്തിന് വ്യവസ്ഥാപിതമായ നിയമാവലി എഴുതിത്തയ്യാറാക്കിയത്.(തുടരും)

## നല്ല ഭരണാധികാരികൾ

ഏറ്റവും നല്ല ഭരണാധികാരികൾ നിങ്ങൾ ഇഷ്ടപ്പെടുന്നവരും നിങ്ങളെ ഇഷ്ടപ്പെടുന്നവരും നിങ്ങൾക്ക് വേണ്ടി പ്രാർഥിക്കുന്നവരും നിങ്ങൾ പ്രാർഥിക്കുന്നവരും ഏറ്റവും മോശപ്പെട്ടവർ നിങ്ങൾ വെറുക്കുന്നവരും നിങ്ങളെ വെറുക്കുന്നവരും നിങ്ങൾ ശപിക്കുന്നവരും നിങ്ങളെ ശപിക്കുന്നവരും ആകുന്നു. ആരോ ചോദിച്ചു: നബിയേ, അത്തരം ആളുകളെ ബലം പ്രയോഗിച്ചു സ്ഥാനത്തുനിന്ന് ഇറക്കാൻ ശ്രമിക്കണമോ? നബി (സ) മറുപടി നൽകി: നിങ്ങൾക്കിടയിൽ നമസ്കാര കൃത്യങ്ങൾ നിലനിർത്തുവോളം പാടില്ല; നിങ്ങൾ വെറുക്കുന്ന കാര്യങ്ങൾ അവരിലാരിലെങ്കിലും നിങ്ങൾ കണ്ടെത്തുന്ന പക്ഷം അയാളുടെ പെരുമാറ്റത്തിൽ പ്രതിഷേധിക്കുക. എന്നാൽ, അനുസരണത്തിൽനിന്നും പിൻമാറരുത്.



# നവ തലമുറയുടെ സംസ്കരണവും മാതാക്കളുടെ ചുമതലകളും

ബുഷ്റ നജീബ്, വാഴക്കാല

**സന്താനങ്ങളെ നല്ലവരാക്കി വളർത്തിയെടുക്കുന്നതിൽ മാതാക്കൾക്കുള്ള പങ്ക് വലുതാണ്**

**ഈ** കാലഘട്ടത്തിൽ മാതാവിന്റെ സ്ഥാനത്തെ കുറിച്ചും അവരുടെ ഉത്തരവാദിത്വങ്ങളെക്കുറിച്ചും കടമകളെക്കുറിച്ചും അറിയുകയെന്നുള്ളത് അനിവാര്യമാണ്. മാതാവിന്റെ കർത്തവ്യങ്ങളെക്കുറിച്ച് വിസ്മരിക്കപ്പെട്ട ഒരു സമൂഹത്തിലാണ് നാം ജീവിക്കുന്നത്. നമ്മുടെ സമൂഹം അധ:പതിക്കുന്നതിനുള്ള പ്രധാന കാരണം തങ്ങളുടെ കടമകളെ കുറിച്ച് മാതാക്കൾ വിസ്മരിക്കുന്നത്കൊണ്ടാണ്. മനുഷ്യത്വ രഹിതമായ സമീപനങ്ങളെക്കുറിച്ചും സ്നേഹ ശൂന്യമായ പെരുമാറ്റങ്ങളെകുറിച്ചും, അതുണ്ടാക്കുന്ന പ്രത്യാഘാതങ്ങളെക്കുറിച്ചും അതിനോടനുബന്ധിച്ച സംഭവ വികാസങ്ങളെ കുറിച്ചും നാം നിത്യേന മാധ്യമങ്ങളിൽ അറിഞ്ഞു കൊണ്ടിരിക്കുന്നുണ്ട്. ഇതിന്റെയെല്ലാം മൂലകാരണം മാതാക്കളുടെ ഭാഗത്ത് നിന്നും കുട്ടികൾക്ക് ലഭിക്കേണ്ടുന്ന ആത്മീയവും ധാർമികവുമായ മൂല്യങ്ങളിലൂന്നിക്കൊണ്ടുള്ള ശിക്ഷണമില്ലായ്മയാണ്.

മാതാവ് ആദ്യത്തെ ഗുരുവും, വീട് ആദ്യത്തെ വിദ്യാലയവുമാണെന്ന് നാം കേട്ടിട്ടുണ്ട്. തീർച്ചയായും ഒരു മാതാവിന്റെ ഉത്തരവാദിത്വം തന്റെ മക്കൾക്ക് നല്ലശിക്ഷണം നൽകുകയെന്നുള്ളതാണ്. കാരണം തന്റെ മക്കളുടെ ഭാവി നിർണയിക്കുന്നതിൽ മാതാവിന് വളരെയധികം പങ്കുണ്ട്. കൂടാതെ അതിന് സഹനവും ത്യാഗവും അത്യാവശ്യമാണ്. നിത്യജീവിതത്തിൽ നാം പാലിക്കേണ്ട ധാർമികതയിലധിഷ്ഠിതമായ പരമ്പരാഗത മൂല്യങ്ങളും പെരുമാറ്റ രീതികളും ഇന്നത്തെ തലമുറക്ക് അന്യമായിക്കൊണ്ടിരിക്കുകയാണ്. മുതിർന്നവരെ ബഹുമാനിക്കാനും ആദരിക്കാനും നമ്മുടെ മുൻ തലമുറ മക്കളെ പഠിപ്പിച്ചിരുന്നു. അതുപോലെ തന്നെ, അഗതികൾക്കും അനാഥർക്കും ആശ്വാസമേകാനും അവർ തങ്ങളുടെ മക്കളെ പ്രാപ്തരാക്കി. തത്ഫലമായി ഒരു മൂല്യാധിഷ്ഠിത സമൂഹം വളർന്നു വന്നുകൊ ണ്ടിരുന്നു. എന്നാൽ ഇന്ന് കാലം മാറി. മനുഷ്യന്റെ ജീവിതരീതികൾക്ക് മാറ്റം വന്നു. ആധുനികതയുടെ പേരിൽ കാരുണ്യമില്ലാത്ത സ്വാർഥരായ ഒരു ജന സമൂഹം തഴച്ചു വളരുകയാണ്.

തലമുറകൾ തമ്മിലുള്ള വിടവ് എന്ന് ആധുനിക സമൂഹം പറയുന്ന നമ്മുടെ സ്ംസ്കാരത്തിലുണ്ടായ ഈ നൈരന്തര്യഭംഗം പുതുതലമുറയുടെ അപഥസഞ്ചാരത്തിന്റെ വഴിത്തിരിവായി തീരുന്നു. വിശുദ്ധ ഖുർആൻ പറയുന്നു

തീർച്ചയായും നിങ്ങൾ അറിഞ്ഞുകൊള്ളുക, നിങ്ങളുടെ സമ്പത്തും സന്താനങ്ങളും പരീക്ഷണ വസ്തുക്കളാണ്. അല്ലാഹുവിന്റെ അടുത്താണ് മഹത്തായ പ്രതിഫലമുള്ളത്. (അൻഫാൽ–29)

എന്നാൽ പലപ്പോഴും നാം ഇതു മറക്കുന്നു. സമ്പത്തും സന്താനങ്ങളും സർവസ്വമായി നാം കരുതുന്നു. അവർക്ക് സ്നേഹ വാത്സല്യങ്ങളിലൂടെ ധാർമിക ശിക്ഷണങ്ങളും ദൈവ ഭയവും നൽകേണ്ടതിന് പകരം കാലത്തിന്റെ ഒഴുക്കിൽ സമകാലീന പ്രവണതകളുടെ പിന്നാലെ പോകുന്ന സന്താനങ്ങൾക്ക് സർവവിധ പിന്തുണയുമായി മാതാപിതാക്കൾ നിൽക്കുന്നു. അമിതമായ വാത്സല്യത്തിൽ അവരെ അല്ലലും അലട്ടലും ഒന്നും അറിയാതെ വളർത്തുന്നു. സ്വാതന്ത്ര്യത്തിന്റെ പേരിൽ അവരെ തുറന്നുവിടുന്നു. തത്ഫലമായി അന്യരുടെ വിഷമങ്ങൾ മനസ്സിലാക്കാത്തതും കാരുണ്യമില്ലാത്തതുമായ ഒരു തലമുറ അങ്ങനെ ഉടലെടുക്കുന്നു. ആചാര മര്യാദകളും സൽപെരുമാറ്റങ്ങളും അവർ പഠിക്കുന്നില്ല. അല്ലെങ്കിൽ അവരെ പഠിപ്പിക്കുന്നില്ല. കുടുംബ ബന്ധങ്ങൾ എന്താണെന്ന് അവർ മനസ്സിലാക്കുന്നില്ല. അതിനു പ്രാധാന്യം കൊടുക്കുന്നില്ല. മുതിർന്നവരെ ബഹുമാനിക്കാനോ, ചെറിയവരോട് കാരുണ്യം കാണിക്കാനോ അവർക്കറിയുന്നില്ല. അങ്ങനെ പാരമ്പര്യമായി നമുക്ക് ലഭിച്ചതും അനുഭവങ്ങളാൽ സമ്പന്നവുമായ മൂല്യങ്ങൾ ഇവിടെ അന്യം നിന്നു പോകുന്നു..

കുട്ടികളെ വളർത്തി വലുതാക്കാനുള്ള ഭാരം ദൈവം ഏൽപ്പിച്ചത് മാതാക്കളെയാണ്. ഈ കർത്തവ്യത്തിൽ ആധുനിക മാതാക്കൾ വിമുഖരായിപ്പോവുന്നു. അവരുടെ പ്രഥമ കടമ മക്കളെ നോക്കുക എന്നുള്ളത് തന്നെയാണ്. ജോലിക്കാരെയോ ആയയോ നിർവഹിക്കേണ്ടതല്ല ഈ പാവനമായ കർത്തവ്യം.

നമ്മുടെ മാർഗദർശനം ഖുർആനും, തിരുസുന്നത്തും ഇക്കാലത്ത് ഇത് രണ്ടിനേയും വ്യാഖ്യാനിക്കാൻ അല്ലാഹു നിയോഗിച്ച വാഗ്ദത്ത മസീഹി(അ)ന്റെ അദ്ധ്യാപനങ്ങളുമാണ്. നമ്മുടെ ജീവിതം

ഇവിടെ വെച്ച് അവസാനിക്കുന്നില്ലെന്ന് നാം വിശ്വസിക്കുന്നു. പരലോകമെന്ന ഒരു ജീവിതവുമുണ്ട് അതിലേക്കുള്ള വിളവെടുപ്പാണ് ഇഹലോക ജീവിതം. ഇവിടെ നാം കരസ്ഥമാക്കുന്ന ജീവിത രീതികളുടെ പ്രത്യക്ഷമായ പ്രകടനമായിരിക്കും അവിടെ ഉണ്ടാ കുന്നത്.ഇവിടെ നാം നന്മ ചെയ്താൽ അതിന്റെ ഫലം അവിടെ കിട്ടും. നന്മതിന്മകൾക്കനുസൃതമായ ഒരു ശരീരമായിരിക്കും നമുക്ക് അവിടെ കിട്ടുക. അതുകൊണ്ട് നമ്മുടെ ജീവിതം ആരോഗ്യകരമായ ഒരാത്മീയ ശരീരം അവിടെ കിട്ടത്തക്ക വിധത്തിലുള്ളതായിരിക്കണം.ആയതിനാൽ നമ്മുടെ ജീവിതം ഖുർആന്റെ അദ്ധ്യാപനങ്ങളെ പരിപൂർണമായി അനുധാവനം ചെയ്യുന്നവിധ ത്തിലായിരിക്കണം.

ആദരവായ നബി(സ)പറയുന്നു, നാം മരിച്ചുകഴിഞ്ഞാൽ മൂന്ന് കാര്യങ്ങൾ നമ്മുടെ കൂടെ വരും. ഒന്ന് നമ്മുടെ കർമങ്ങൾ, രണ്ട് നല്ല സന്താനങ്ങൾ ചെയ്യുന്ന പ്രാർഥനകൾ, മൂന്ന് നാം ചെയ്ത സദ്ഖാ ജാരിയ്യയായ കർമങ്ങൾ.

ഈ ഹദീസിന്റെ വെളിച്ചത്തിൽ നാം പ്രവർത്തിക്കുകയാണെങ്കിൽ നമ്മുടെ ഈ ലോകവും പരലോകവും ധന്യമായി തീരുന്നതാണ്.

ഒന്ന് നമ്മുടെ കർമങ്ങൾ പരലോകത്ത് നമുക്കനുകൂലമായി സാക്ഷി പറയത്തക്ക വിധത്തിൽ നാം ആക്കി തീർക്കണം. അപ്പോൾ ഒരു മാതാവെന്ന നിലയിൽ അല്ലാഹുവി നോടുള്ള കടമകളും സൃഷ്ടികളോടുള്ള കടമകളും പൂർണമായി സ്വയം നിറവേറ്റുന്നവരും, മറ്റുള്ളവർക്ക് അതിനുള്ള പാഠം നൽകുന്നവരുമായി നാം മാറും. ദൈവത്തോടും അവന്റെ സൃഷ്ടികളോടുമുള്ള കടപ്പാടിനെപറ്റി നമ്മുടെ സന്താനങ്ങളെ നാം ചെറുപ്പത്തിൽ തന്നെ ബോധവത്ക്കരിക്കേണ്ടതുണ്ട്. ഭൗതിക ലോകത്തിന്റെ ആന്ദനാനുഭൂതികളിലും ചമയങ്ങളിലും ആകൃഷ്ടരായി ശ്രദ്ധനഷ്ടപ്പെടുന്ന സന്താനങ്ങളെ ദൈവചിന്തയിലേക്കും ദൈവാനുരാഗത്തിലേക്കും കൊണ്ടുവരിക എന്ന ഏറ്റവും ശ്രമകരമായ കർത്തവ്യമാണ് ആധുനിക മാതാവിന്റെ ഏറ്റവും വലിയ വെല്ലുവിളി. സന്തനാങ്ങളെ ആരാധനാ കാര്യങ്ങളിൽ താൽപര്യവും ശ്രദ്ധയും ഉണർത്തുന്ന വിധത്തുള്ള അദ്ധ്യാപനമായിരിക്കണം നാം നൽകേണ്ടത്. ഉപദേശങ്ങളേക്കാൾ കുട്ടികളെ സ്വാധീനിക്കുക കർമ മാതൃകകളാണ്. വാക്കും പ്രവൃത്തിയും തമ്മിലുള്ള പാരസ്പര്യം ഇതിൽ പ്രധാന ഘടകമാണ്. നമ്മുടെ കുട്ടികൾ നല്ലവരായി തീരണമെങ്കിൽ നാം ആദ്യം നന്നായി തീരേണ്ടതുണ്ട് . അങ്ങനെ നന്മയിലേക്കുള്ള ഓരോ ചുവടുവെപ്പും നാനാവിധത്തിലും നന്മ പ്രസരിപ്പിക്കുന്നതായിതീരുന്നു. ആരാധനാ കാര്യങ്ങളിൽ അലസത ഉണ്ടാകാൻ പാടില്ല. അതുപോലെ മുഴുകുടുംബത്തിന്റേയും ശ്രദ്ധ ഇക്കാര്യത്തിലേക്ക് തിരിക്കാൻ ഒരു മാതാവിന് കഴിയണം. അത് പോലെ ദാനധർമങ്ങൾ ചെയ്യാനും സാമ്പത്തിക ത്യാഗങ്ങൾ അനുഷ്ഠിക്കുന്ന ശീലം ഉണ്ടാക്കിതീർക്കാനും മാതാക്കൾ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

ഭൗതീക വിദ്യാഭ്യാസത്തിനു ഊന്നൽ നൽകുന്നതോടൊപ്പം ആത്മീയ വിദ്യാഭ്യാസത്തിനുള്ള താൽപര്യവും കുട്ടികളിൽ ജനിപ്പിക്കേണ്ടതാണ്. ദൈവത്തിന്റെ വചനം എന്ന നിലക്ക് വിശുദ്ധ ഖുആനോടുള്ള ആദരം ചെറുപ്രായത്തിൽ തന്നെ കുട്ടികളിൽ ഉണ്ടാക്കിയെടുക്കണം. അതീവ ശ്രദ്ധയോടെ അത് പരായണം ചെയ്യുന്ന ശീലം വളർത്തിയെടുക്കാനും ആ വിശുദ്ധ വചനങ്ങളുടെ സാരത്തെപറ്റി ചിന്തകളിൽ മുഴുകാനും നാം കുഞ്ഞുങ്ങളെ ശീലിപ്പിക്കേണ്ടതാണ്. അത് നിത്യവും പാരായണം ചെയ്യുന്നവരാക്കി തീർക്കുകയാണ് ഇതിനെല്ലാമുള്ള പോംവഴി.

സൃഷ്ടികളോടുള്ള കടപ്പാടുകളും വിശാലമാണ്. ഒരു മാതാവ് എന്നു പറയുമ്പോൾ, അവർക്ക് സ്വന്തം കുടുംബവും, ഭർത്താവിന്റെ കുടുംബവും ഉണ്ട്. അവരുമായി ബന്ധപ്പെട്ട് അനേകം ബന്ധുമിത്രാദികളുമുണ്ട്. അവരെയെല്ലാം പരിഗണിക്കേണ്ടത് ഒരു വിശ്വാസിക്ക് അനിവാര്യമാണ്. ഇവിടെ നാം മനസ്സിലാക്കേണ്ട ഒരു കാര്യമുണ്ട്. അതായത് യാതൊരു വിവേചനവും കൂടാതെ ഈ ബന്ധുമിത്രാദികളോട് പെരുമാറുകയെന്നത് നമുക്ക് നിർബന്ധമാണ്. എല്ലാ ചിന്തയും പ്രവൃത്തിയും അനക്കമടക്കവും എന്നുവേണ്ട എല്ലാ ചലനവും അല്ലാഹുവിന്റെ ഇംഗിതത്തിനും, തൃപ്തിക്കും വേണ്ടിയായിരിക്കണം.

റസൂൽ തിരുമേനി (സ) പറഞ്ഞു, മാതാവിന്റെ കാൽപാദത്തിനടിയിലാണ് സ്വർഗം. ഈ ഹദീസ് ഒരു ഭാഗത്ത് മാതാവിന്റെ അഭിമാനത്തെ വർദ്ധിപ്പിക്കുന്നുണ്ടെങ്കിലും, മറുഭാഗത്ത് മാതാവിന്റെ ഉത്തരവാദിത്വത്തെക്കുറിച്ച് ഓർമിപ്പിക്കുകയാണ് ചെയ്യുന്നത്.ഏതു പ്രവൃത്തി ചെയ്താലും അത് സ്വർഗത്തിനു കാരണമാകും എന്നർഥം ഇതിനില്ല. മറിച്ച് ഒരു മാതാവിൽ നിന്ന് എപ്പോഴും മക്കൾ, കുടുംബം, ബന്ധുമിത്രാദികൾ പ്രതീക്ഷിക്കുന്നത് സ്വർഗതുല്യമായ പെരുമാറ്റമാണ്. അത് കുടുംബത്തിലും എല്ലാ സ്ഥലത്തും സമാധാനം പരത്തുന്നതായിരിക്കണം.അപ്പോൾ മാത്രമേ മാതാവിന്റെ കാൽപാദത്തിനടിയിലാണ് സ്വർഗം എന്ന് നബി(സ)പറഞ്ഞ വാക്കുകൾ മാതാവിന്റെ മേൽ അന്വർഥമാവുകയുള്ളു. അല്ലെങ്കിൽ മാതാക്കൾ നരകം കാഴ്ചവെക്കുന്നവരായി തീരുന്നതാണ്.

ഭാര്യക്കും ഭർത്താവിനും സന്താനങ്ങളുടെ കാര്യത്തിൽ ഉത്തരവാദിത്വങ്ങൾ ഉണ്ടെങ്കിലും മാതാവിന്റെ കാൽപാദത്തിനടിയിലാണ് സ്വർഗം എന്ന പദവി നൽകിക്കൊണ്ട് നബി(സ)മാതാക്കളിൽ വളരെയധികം പ്രതീക്ഷകൾ അർപ്പിച്ചിരിക്കുന്നു. സ്ത്രീക്ക് അവളുടെ മേഖലയിൽ സ്വാതന്ത്ര്യത്തോടെ കടമകൾ നിർവഹിക്കാൻ പുരുഷൻ അനുവാദം നൽകേണ്ടതാണ്.അല്ലെങ്കിൽ ആ വീടിന്റെ, വീട്ടുകാരുടെ നാശത്തിനുത്തരവാദി പുരുഷൻ തന്നെയായിരിക്കും.

ഫിർഔന്റെ ഭാര്യ ആസ്യ(റ)യെ സത്യവിശ്വാസിനികൾക്ക് ഒരു ഉദാഹരണമായി വിശുദ്ധഖുർആൻ ചൂണ്ടി കാണിക്കുന്നു. ഫിർഔൻ ഒരു അവിശ്വാസിയായിരുന്നിട്ടും അദ്ദേഹത്തിന്റെ ഭാര്യയുടെ ശിക്ഷണത്തിൽ വളർന്ന്, മൂസാ(അ) ഒരു പ്രവാചകനായിത്തീരുകയുണ്ടായി. തീർച്ചയായും സത്യവിശ്വാസിനികൾക്ക് അവർ ഒരു മാതൃകാ വനിത തന്നെയാണ്. വിശുദ്ധഖുർആൻ അവിശ്വാസികൾക്ക് ഉദാഹരണമായി ചൂണ്ടി കാണിച്ച ഒരു സ്ത്രീയാണ് നൂഹ്(അ)ന്റെ ഭാര്യ. ഒരു പ്രവാചകനായ നൂഹ്(അ)ന്റെ ശിക്ഷണത്തിൽ വളർന്നിട്ടും അദ്ദേഹത്തിന്റെ മകൻ, അവിശ്വാസിയായ ഉമ്മയുടെ മാർഗത്തിൽപ്പെട്ട് അവിശ്വാസിയായിപ്പോയി.

നന്മയുടെയും തിന്മയുടെയും മാർഗത്തിലുള്ള ഈ രണ്ട് മഹിളാ മാതൃകകളും ദൈവാനുഗ്രഹത്താൽ നാം തന്നെയാണ് നമ്മുടെ വിധി രൂപ പ്പെടുത്തിയെടുക്കുന്നത് എന്ന ചിന്ത നമ്മിൽ ഉണർത്തുകയും നമ്മെ കർമോജ്ജ്വലരാക്കി തീർക്കുകയും ചെയ്യുന്നു. ദീനിന്റെ പാതയിൽ പുരുഷൻമാർ അശ്രദ്ധരായിക്കിടക്കുന്ന വീടുകളിൽ, ഈ ഉദാഹരണങ്ങൾ മുഖേന സ്ത്രീകൾക്ക് ഒരു നവജീവൻ ഉണ്ടാകുന്നതാണ്. എല്ലാറ്റിലും ഉപരിയായി ദുആകൾ കൊണ്ട് നമ്മുടെ വീടുകൾ നിറക്കേണ്ടതാണ്. ദുആകൾ ഇല്ലാതെ എത്ര തന്നെ നാം പരിശ്രമിച്ചാലും അതിൽ ഫലപ്രാപ്തിയുണ്ടാവുകയില്ല.

# ആരോപണങ്ങൾ അപ്രസക്തമാകുമ്പോൾ

മുഹമ്മദ് നജീബ് ഖാൻ, വാഴക്കാല

പ്രവാചക പ്രഭുവും, പ്രവാചക ന്മാരുടെ അഭിമാനവും ഇരുലോകത്തിന്റെ ചക്രവർത്തിയും നായകനുമായ ഹദ്റത്ത് മുഹമ്മദ് മുസ്തഫാ (സ) അവസാനകാല ത്ത് മുസ്ലിംകളിൽ സംജാതമാകുന്ന രണ്ട് കാലങ്ങളെ കുറിച്ച് ദീർഘ ദർശനം ചെയ്യുകയുണ്ടായി. അതായത് ഇസ്ലാമിന്റെ ശോഭനവും ശോചനീയവുമായ രണ്ട് അവസ്ഥകളെ കുറിച്ച്, ആർക്കും എത്രയും എളുപ്പം മനസ്സിലാക്കാൻ കഴിയുന്ന രീതിയിലാണ്, ഭാഷയിലാണ് ആ പ്രവചനങ്ങൾ ചെയ്തിട്ടുള്ളത്. ആദരവായ നബി (സ) മുസ്ലിംകളുടെ സംസ്കരണത്തിനും, ഇസ്ലാമിന്റെ വിജയത്തിനും വേണ്ടി ഏതൊരു മഹ്ദി ഇമാമിനെ സംബന്ധിച്ചാണോ, പ്രവചനം ചെയ്തിട്ടുള്ളത് ആ മഹാത്മാവിന്റെ വരവിന്റെ കാലഘട്ടം 14-ാം നൂറ്റാണ്ടാണെന്ന് വിശുദ്ധ ഖുർആനിലെ ചില സൂക്തങ്ങളിൽ നിന്നും തിരുവചനങ്ങളിൽ നിന്നും സമുദായത്തിന്റെ പൂർവകാല പണ്ഡിതന്മാരുടെ ഉദ്ധരണികളിൽ നിന്നും നമുക്ക് മനസ്സിലാകുന്നുണ്ട്. തികച്ചും അതേ സമയത്ത് തന്നെ അതായത് 14 -ാം നൂറ്റാണ്ടിന്റെ തലക്കൽ അല്ലാഹുവിന്റെ വാഗ്ദാന പ്രകാരം, മതം അപകടത്തിലാണെന്നും, മുസ്ലിംകളുടെ കർമ മണ്ഡലം ദുഷിച്ചു പോയെന്നുമുള്ള വിലാപങ്ങൾ നടന്നുകൊണ്ടിരുന്ന അതേ കാലത്ത് തന്നെ ഹദ്റത്ത് മിർസാഗുലാം അഹ്മദ് (അ) നെ അല്ലാഹു മഹ്ദി ഇമാം ആയി നിയോഗിക്കുകയുണ്ടായി.അദ്ദേഹം ആ കാര്യം ഇപ്രകാരം പ്രഖ്യാപിച്ചു.

**ഞാൻ അല്ലാഹുവിൽ നിന്ന് ഇമാം മഹ്ദിയും മസീഹ് മൗഊദും ആയിക്കൊണ്ടും, ആന്തരീകവും, ബാഹ്യവുമായ അഭിപ്രായഭിന്നതകൾക്ക് നീതിയുക്തമായി വിധി കൽപ്പിക്കുന്നവനായും കൊണ്ട് അയക്കപ്പെട്ടിരിക്കുന്നുവെന്ന് അല്ലാഹുവിന്റെ പരിശുദ്ധവും പവിത്രവുമായ വഹ്യ് (ദൈവ ഭാഷണം) മുഖേന എന്നെ അറിയിച്ചിരിരക്കുന്നു. എനിക്ക് നൽപ്പെട്ടിരിക്കുന്ന മഹ്ദി, മസീഹ് രണ്ട് നാമങ്ങളിലൂടെ അല്ലാഹുവിന്റെ റസൂലും എന്നെ മഹത്വപ്പെടുത്തിയിരിക്കുന്നു.കൂടാതെ അല്ലാഹുവും അവന്റെ നേരിട്ടുള്ള ദൈവ ഭാഷണത്തിൽ എനിക്ക് ഇതേ പേരുകൾ തന്നെയാണ് വെച്ചിട്ടുള്ളത്. കാലത്തിന്റെ വർത്തമാന സാഹചര്യങ്ങളും ആവശ്യപ്പെടുന്നത് എന്റെ പേര് ഇത് തന്നെയായിരിക്കണമെന്നാണ്.** എന്നാൽ അല്ലാഹുവിൽ നിന്ന് വരുന്ന പ്രവാചകന്മാർക്കെതിരിൽ എതിരാളികൾ പലതരത്തിലുള്ള ആക്ഷേപങ്ങളും, ആരോപണങ്ങളും ഉന്നയിച്ചുക്കൊണ്ട് അവരെ പരിഹാസപാത്രമാക്കുന്നു. ഈ ചരിത്ര യാഥാർഥ്യത്തെ വിവരിച്ചുകൊണ്ട് ഖുർആൻ സൂറ യാസീനിൽ പറയുന്നു. **മനുഷ്യർക്ക് അഹോ കഷ്ടം! അവരുടെ പരിഹാസത്തിനു പാത്രമായിട്ടല്ലാതെ ഒരു പ്രവാചകനും അവരുടെയടുക്കൽ വരുന്നില്ല.**

ഒരു പ്രവചകനും എതിർക്കപ്പെടാതെ, പരിഹസിക്കപ്പെടാതെ കഴിഞ്ഞ് കടന്നിട്ടില്ല. ലോകത്ത് ഇതു വരെ അവതരിച്ചിട്ടുള്ളഎല്ലാ പ്രവാചകന്മാരുടെയും ചരിത്രം ഈ യാഥാർഥ്യത്തെ അന്വർഥമാക്കുന്നുണ്ട്. ഹദ്റത്ത് ഇമാം മഹ്ദി(അ) താൻ മഹ്ദിയും മസീഹുമാണെന്ന് വാദമുന്നയിച്ചപ്പോൾ തന്നെ അദ്ദേഹത്തിനെതിരിലും പലതരത്തിലുള്ള ശക്തമായ വിമർശങ്ങളുടെ ഭാണ്ഡം തന്നെ അഴിച്ചുവിടുകയുണ്ടായി. അതിൽ കൂടതലായി പ്രചാരത്തിലുള്ള അടിസ്ഥാന പരമായ ചില ആരോപണങ്ങളെയും വിമർശനങ്ങളെയും വിശകലന വിധേയമാക്കാനാണ് ഈ ലേഖനം കൊണ്ട് ഉദ്ദേശിക്കുന്നത്.

### പ്രവാചകന്റെ പൂർവകാല ജീവിതം ശക്തമായ തെളിവ്

ഒരു പ്രവാചകന്റെ സത്യതയെ വിലയിരുത്തുമ്പോൾ അദ്ദേഹത്തിന്റെ വാദത്തിനു മുമ്പുള്ള ജീവിതം പഠനവിധേയമാക്കേണ്ടത് അനിവാര്യമാണ്. കാരണം ഈ മാനദണ്ഡമാണ് വിശു ദ്ധ ഖുർആൻ നബി(സ)യുടെ സത്യതക്കുള്ള അളവ് കോലായി നിശ്ചയിച്ചിട്ടുള്ളത്. അതുകൊണ്ട് തന്നെ ഹദ്റത്ത് ഇമാം മഹ്ദി(അ)ന്റെ സത്യതക്കും ഏറ്റവും ശക്തമായ തെളിവും അദ്ദേഹത്തിന്റെ വാദത്തിനു മുമ്പുള്ള ജീവിതം തന്നെയാണ്. കാരണം എതിരാളികൾ, ഇന്നും ഹദ്റത്ത് ഇമാം മഹ്ദി(അ)ന്റെ വാദത്തിനു മുമ്പുള്ള ജീവിതത്തിനെതിരിൽ വിവിധതരത്തിലുള്ള ആരോപണങ്ങൾ ഉന്നയിക്കുന്നുണ്ട്.

ഹദ്റത്ത് ഇമാം മഹ്ദി (അ) ന്റെ വാദത്തിനു മുമ്പുള്ള ജീവിതം, പൂർവകാല പ്രവാചകന്മാരെപ്പോലെ തന്നെ പരിശുദ്ധവും, പവിത്രവുമായിരുന്നു. ജീവിതത്തിന്റെ സകലമാന മേഖലകളിലും യാതൊരു വിധ സന്ദേഹത്തിനോ, സംശയത്തിനോ ഇടം നൽകാത്ത വിധത്തിൽ പ്രകാശമയമായ ഒരു വിശിഷ്ഠ ജീവിത ചര്യയുടെ ഉടമയായിരുന്നു അദ്ദേഹം. എന്നാൽ ശത്രുക്കൾ തന്റെ വ്യക്തി ജീവിതത്തെ കുറിമാനമാക്കി ആരേപണ ശരങ്ങൾ എയ്തു വിട്ടപ്പോൾ, മക്കയിലെ എതിരാളികളുടെ മുന്നിൽ മുഹമ്മദ് മുസ്തഫാ(സ)തന്റെ സത്യതയെ ബോധ്യപെടുത്താനായി ഏതൊരു ഖുർആനിക തെളിവാണോ, ഉന്നയിച്ചത് അതേ ഖുർ ആനിക മാനദണ്ഢത്തിൽ നിന്നു കൊണ്ട് ഹദ്റത്ത് ഇമാം മഹ്ദി(അ)തന്റെ സത്യത സ്ഥാപിക്കുകയുണ്ടായി. അതായത് ഖുർ ആൻ പറയുന്നു.

**ഞാൻ ഇതിനു മുമ്പ് ഒരു നീണ്ടകാലം നിങ്ങളിൽ ജീവിച്ചിരുന്നില്ലേ? നിങ്ങൾ എന്തുകൊണ്ട് ചിന്തിക്കുന്നില്ല?** (സൂറത്ത് യൂനസ് റുക്കൂഅ്-16) അതായത്, ഒരു നീണ്ട കാലം ഞാൻ നിങ്ങളിൽ ഒരുവനായിക്കൊണ്ട് നിങ്ങളോടൊത്ത് ജീവിച്ചിരുന്നില്ലെ? എന്റെ ശൈശവവും, എന്റെ ബാല്യവും, എന്റെ കൗമാരവും,എന്റെ യുവത്വവും എല്ലാം നിങ്ങളുടെ കൺമുമ്പിലാണ് ഞാൻ കഴിച്ചുകൂട്ടിയിട്ടുള്ളത്.ഹദ്റത്ത് ഇമാം മഹ്ദി (അ) ഇത് സംബന്ധമായി പറയുന്നു.

**ഞാൻ നാല്പത് വർഷക്കാലം നിങ്ങളുടെ ഇടയിൽ തന്നെയാണ് ജീവിച്ചുകൊണ്ടിരുന്നത്. എന്റെ കർമങ്ങൾ വ്യാജത്തിലും, കറ്റുക്കെട്ടിലുമല്ലെന്ന്, ഈ സുദീർഘമായ കാലമത്രയും നിങ്ങൾ എന്നെ കണ്ടുകൊണ്ടിരുന്നില്ലേ? അല്ലാഹു എന്നെ അശുദ്ധമായ ജീവിതത്തിൽ നിന്ന് സംരക്ഷിച്ചു നിർത്തി. ഈ കാലമത്രയും അതായത്**

**നാല്പത് വർഷക്കാലം വരെ എല്ലാ വിധ കറ്റുകെട്ടിൽനിന്നും കുതന്ത്രങ്ങളിൽ നിന്നും, വികൃതികളിൽ നിന്നും മലിനതകളിൽനിന്നും സംരക്ഷിക്ക പ്പെട്ടിരിക്കുകയും, ഇത് വരെ ഒരിക്കലും മനുഷ്യരോട് കള്ളം പറഞ്ഞിട്ടില്ലാത്ത ഒരു വ്യക്തി തന്റെ പൂർവ കാല സ്വഭാവ ശീലങ്ങൾക്ക് വിരുദ്ധമായി ഇപ്പോൾ അല്ലാഹുവിന്റെ മേൽ എങ്ങനെയാണ് കറ്റുകെട്ടിപറയാൻ സാധിക്കുക..... എന്റെ ആദ്യ കാല ജീവിത്തിൽ നിന്ന് ഒരു തരത്തിലുള്ള ന്യൂനതയോ, കറ്റുകെട്ടോ, വ്യജമോ, വഞ്ചനയോ, എടുത്ത് കാണിക്കാൻ നിങ്ങൾക്ക് സാധ്യമല്ല.തന്മൂലം ആദ്യകാലം മുതൽ ക്കെ കള്ളം പറയുന്ന ശീലമുള്ള ഒരാൾ, ഇതും കള്ളം തന്നെയാണ് പറഞ്ഞിട്ടുള്ള തെന്ന് ചിന്തിക്കാൻ നിങ്ങൾക്ക് കഴിയുമായിരുന്നു. എന്നാൽ എന്റെ പൂർവകാല ജീവിതത്തിൽ ആരോപണം ഉന്നയിക്കാൻ കെൽപ്പുള്ള ആരെങ്കിലും നിങ്ങളിൽ ഉണ്ടോ? തുടക്കം മുതൽക്കെ എന്നെ തഖ്‌വയിൽ നിലനിർത്തിയത് അല്ലാഹുവിന്റെ അനുഗ്രഹമാകുന്നു. ചിന്തി ക്കുന്നവർക്ക് ഇത് ശക്തമായ ഒരു തെളിവാകുന്നു.**

ഈ വെല്ലുവിളി ഇന്നും നിലനിൽക്കു കയാണ്. ഈ വെല്ലുവിളി നടത്തിയ കാലഘട്ടത്തിൽ എതിരാളികളിൽ ഒരാൾക്ക് പ്പോലും ഹദ്റത്ത് ഇമാം മഹ്ദി (അ)ന്റെ ജീവിതത്തിൽ ഇന്ന ഇന്ന ന്യൂനതകൾ ഞങ്ങൾ ദർശിച്ചിട്ടുണ്ട് എന്ന് പറയാൻ സാധിച്ചിട്ടില്ല. ഹദ്റത്ത് ഇമാം മഹ്ദി(അ)മിനെ ചെറുപ്പം മുതൽക്കെ അറിയാവുന്നതും സഹപാഠി യും സഹപ്ര വർത്തകനുമായിരുന്ന മൗലവി മുഹമ്മദ് ഹുസൈൻ ബട്ടാലവി ആ കാലഘട്ടത്തിലെ അഹ്‌ലെ ഹദീസ് പണ്ഡിതനായിരുന്നു, അദ്ദേഹം ഹദ്റത്ത് ഇമാം മഹ്ദി(അ)യെ കുറിച്ച് ഇപ്രകാരം പറയുന്നു. **ബറാഹീനെ അഹ്ദിയ്യായുടെ രചിയിതാവ് എതിരാളികളുടെയും അനുകൂലികളുടെയും വീക്ഷണത്തിൽ മുഹമ്മദിയ്യ ശരിഅത്തിൽ നിലക്കൊ ള്ളുന്ന ആളും, മുത്തഖിയും, സത്യസ ന്ധനുമാണ്.** (ഇശാഅത്തുസുന്ന, ഭാഗം7, ലക്കം4)

## പ്രവാചകത്വംക്രമാനുഗതമായ വളർച്ചയിലൂടെ

ജനങ്ങളുടെ സംസ്കരണത്തിനായി വരുന്ന പ്രവാചകമാർ ഒരു സുപ്രഭാത ത്തിൽ തെരഞ്ഞെടുക്കപ്പെടുന്നവര ല്ലയെന്ന കാര്യം നാം മനസ്സിലാക്കേണ്ട താണ്. ശൈശവ കാലം മുതൽക്കെ അവർ നിഷ്കളങ്കരായിരിക്കും.ബോധപൂർമായ തെറ്റുകൾ ഒന്നും തന്നെ അവരിൽ നിന്ന് സംജാതമാവുകയില്ല. സത്യ സ്വപ്ന ങ്ങളും, കശ്ഫുകളും, വഹ്‌യികളും ഇൽഹാമുകളും അനുസ്യൂതം ലഭിച്ചു ക്കൊണ്ടിരിക്കുന്നവരായിക്കും അവർ. ഇവയുടെ ആധിക്യമാണ് പ്രവാച കത്വം എന്നു പറയുന്നത്.ഇവരുടെ പ്രവാചകത്വ സ്ഥാനങ്ങളിലും വ്യത്യാസങ്ങളുമുണ്ടാ യിരിക്കും. എന്നാൽ അത് പതുക്കെ പതുക്കെ ക്രമാനുഗതമായിട്ടാണ് വെളി പ്പെടുന്നത്. ഇങ്ങനെ വെളിപ്പെടുന്നതിലും ചില പരീക്ഷണങ്ങൾ ജനങ്ങൾക്കായി ഒളിഞ്ഞുകിടപ്പുണ്ട്. അത്തരം ഒരു പരീക്ഷണമാണ് നമ്മുടെ എതിരാളി കൾക്ക് പിണഞ്ഞിരിക്കുന്നത്. അവർ ഹദ്റത്ത് ഇമാം മഹ്ദി(അ)ക്കെതിരിൽ ഉന്നയിക്കുന്ന മറ്റൊരു ആരോപണം ഹദ്റത്ത് ഇമാം മഹ്ദി (അ) തന്റെ വാദത്തിൽ ഉറച്ചുനിന്നില്ല എന്നുള്ളതാണ്. അദ്ദേഹം വാദം അടിക്കടി മാറ്റി മാറ്റി പറഞ്ഞുക്കൊണ്ടിരുന്നു. താൻ മസീ ഹാണ്, മഹ്ദിയാണ്, ഉമ്മത്തി നബിയാണ്, താൻ ശ്രീ കൃഷ്ണനാണ്, മൂസായാണ്, ഈസയാണ്.കൂടാതെ മറ്റു മതാനുയാ യികൾ അവസാനകാലത്ത് ആരെയൊ ക്കെയാണോ കാത്തിരിക്കുന്നത് അവ രാക്കെ താൻ തന്നെയാണെന്ന് അദ്ദേഹം വാദിച്ചിരുന്നു എന്നുള്ളതാണ്.

വാസ്തവത്തിൽ പ്രവാചകന്മാർ ഏകാന്തവാസം ഇഷ്ടപ്പെടുന്നവരും ഭൗതിക പ്രപഞ്ചത്തിലെ അനുരാഗ ങ്ങൾക്കും, സ്ഥാനമാനങ്ങൾക്കും ലവലേശം വിലകൽപിക്കാത്തവരു മായിരിക്കും. ഭൗതിക പ്രശസ്തിയും പ്രസിദ്ധിയും അവർക്ക് ലക്ഷ്യമല്ല. പ്രപഞ്ച നിയന്താവിന്റെ ശക്തമായ കരങ്ങൾ അവരെ വലിച്ചുകൊണ്ട് ജനസമക്ഷം കൊണ്ടുവരുന്നതല്ലാതെ അവർ സ്വയം രംഗപ്രവേശം ചെയ്യാറില്ല. അതുകൊണ്ട് തന്നെ അവർ അതീവ വിനയാന്വിതരായിരിക്കും. ഒരിക്കലും അവർ അവരുടെ വാദത്തിൽ ധൃതി കാട്ടാറുമില്ല. മറിച്ച് അല്ലാഹുവിൽ നിന്ന് അടിക്കടി വെളിപാടുകൾ ഇറങ്ങു കയും, അത് ജനങ്ങളിൽ പ്രചരിപ്പിക്കേ ണ്ടത് അല്ലാഹുവിന്റെ ഇംഗിതമായി മനസ്സിലാക്കുകയും, അത് അങ്ങനെ ചെയ്തിട്ടില്ലെങ്കിൽ അല്ലാഹുവിന്റെ അനിഷ്ടത്തിനു കാരണമാകുമെന്നു മനസ്സിലാക്കുമ്പോഴുമാണ് അവർ ജനങ്ങളുടെ എല്ലാവിധ എതിർപ്പു കളെയും, തൃണവൽഗണിച്ചുകൊണ്ട് അവരുടെ ഇഷ്ടാനിഷ്ടങ്ങളെ പരിഗണി ക്കാതെ തങ്ങളുടെ വാദങ്ങൾ ജനസക്ഷം അവതരിപ്പിക്കുന്നത്. അവരുടെ ഏകമായ ചിന്ത അല്ലാഹുവിന്റെ തൃപ്തിയായി രിക്കും. ഹദ്റത്ത് മുഹമ്മദ് നബി (സ) യുടെ പ്രവാചകത്വത്തിലേക്ക് നമ്മുക്കൊ ന്ന് കണ്ണോടിക്കാം.

നമ്മുടെ ആദരവായ നബി കരീം(സ) ഖാത്തമുന്നബിയ്യീൻ ആയിരുന്നു. അഖിലലോക പ്രവാചകനായിരുന്നു. ഖിയാമത്ത് നാൾ വരെ നില നിൽക്കുന്ന പ്രവാചകത്വം അദ്ദേഹത്തിനു നൽകപ്പെട്ടി രുന്നു. എന്നാൽ ഇതെല്ലാം ഒരു ക്ഷണ ത്തിൽ, സന്ദർഭത്തിൽ നൽകപെട്ട തല്ലയെന്ന് നമുക്കറിയാം.ആരംഭത്തിൽ ഈ വാദങ്ങളൊന്നും നബി(സ) ഉന്നയിച്ചി രുന്നുമില്ല.അദ്ദേഹത്തിന്റെ വാദങ്ങൾ എല്ലാം തന്നെ ക്രമാനുഗതമായിട്ടാണ് വെളിപ്പെട്ടിരുന്നത്.നോക്കുക!ഹിറാ ഗുഹയിൽ വെച്ച് അദ്ദേഹത്തിനു ഖുർ ആനിക വചനം വഹ്‌യായി അവതരിച്ചു. അദ്ദേഹം പ്രാവചകനാക്കപ്പെട്ടിരിക്കുന്നു എന്ന വസ്തുത നബി (സ)ന് അറിയാമാ യിരുന്നു. എന്നാൽ അതിൽ ധിറുതികാ ട്ടിയില്ല. പിന്നീട് ജനങ്ങളിലേക്ക് സന്ദേശ പ്രചാരണത്തിനായി ഇറങ്ങാൻ അല്ലാഹു ശക്തമായി ഉദ്ബോധിപിച്ചപ്പോഴാണ് തന്റെ പ്രവാചകത്വം ഉറക്കെ പ്രഖ്യാപിക്കു ന്നത്. മറ്റൊരു സന്ദർഭത്തിൽ, ഒരു യഹൂദിയും ഒരു മുസ്‌ലിമും തമ്മിൽ വഴക്കടിക്കുന്നു.ഇരുവരുടെയും വാദങ്ങൾ അവരവരുടെ പ്രവാചകന്മാരെ കുറിച്ചാണ്. യഹൂദി പറയുന്നു ഹദ്റത്ത് മൂസാ (അ) ആണ് ശ്രേഷ്ഠൻ, മുസ്‌ലിം പറയുന്നത് ഹദ്റത്ത് മുഹമ്മദ് നബി (സ) യാണ് ശ്രേഷ്ഠൻ എന്നാണ്. ഇതു കേട്ടയു ടനെ ആദരവായ നബി (സ) പറയുന്നു.

ലാ തഖയ്യറൂനീ അലാ മൂസാ എനിക്ക് മൂസയെക്കാൾ ശ്രേഷ്ഠത കൽപ്പിക്കരുത്. മറ്റൊരു ഘട്ടത്തിൽ അദ്ദേഹം പറഞ്ഞു,

മൻ ഖാല അന ഖൈറുൻ മിൻ യൂനസ് ബ്നു മത്താ ഫഖദ് ഖദിബ

ആരെങ്കിലും യൂനസ്ബ്നു മത്താ യെക്കാൾ ഞാൻ ശ്രഷ്ഠനാണെന്നു പറഞ്ഞാൽ അയാൾ കളവു പറയുന്നു. എന്നാൽ തന്റെ സ്ഥാനത്തെ കുറിച്ച് അല്ലാഹുവിൽ നിന്ന് വ്യക്തമായ വെളിപാടുകൾ വന്നു കിട്ടിയപ്പോൾ നബി(സ) പറഞ്ഞു.

അന സയ്യിദെ വുലിദെ ആദം വലാ ഫഖർ

ഞാൻ മുഴു ആദം സന്തതികളുടെയും നേതാവാണ്. അതിൽ ഞാൻ അഹങ്കരി ക്കുന്നില്ല.

അതുപോലെ തന്നെ നബി(സ)ക്ക് ഒരുപാട് നാമങ്ങൾ നൽകപ്പെട്ടിട്ടുണ്ട്.ഈ നാമങ്ങൾ നബി(സ) ജനങ്ങളിൽ നടത്തേണ്ട സംസ്കരണ പ്രവർത്ത

നങ്ങളുമായി ബന്ധപ്പെട്ടുകൊണ്ടാണ് നൽകപ്പെട്ടിട്ടുള്ളത്. അദ്ദേഹം മുഹമ്മദ്, അഹ്മദ്, മാഹി, ഹാശിർ എന്നീ പേരുകളിലും അറിയപ്പെടുന്നുണ്ട്. ചുരുക്കത്തിൽ നബി(സ)യും അല്ലാഹുവിൽനിന്ന് വെളിപാടുകൾ കിട്ടുന്നതിനനുസരിച്ച് ക്രമാനുഗതമായി തന്റെ വാദങ്ങളിലും പരിഷ്കരണം വരുത്തിയിട്ടുണ്ട്. ഇത് നബി(സ)യുടെ സത്യതക്കുള്ളതെളിവാണ്.

ഇത് പോലെ ഹദ്റത്ത് ഇമാം മഹ്ദി (അ) വിവിധ നാമങ്ങളിൽ ഉന്നയിച്ചിരിക്കുന്ന വാദങ്ങൾ നബി (സ)യുടെ പ്രവചനപ്രകാരം അദ്ദേഹം ഈ ഭൂമുഖത്ത് നിർവഹിക്കേണ്ട ആത്മീയ സംസ്കരണ പ്രവൃത്തികളുമായി ബന്ധപ്പെട്ടിട്ടുള്ളതാണ്. ഹദ്റത്ത് ഇമാം മഹ്ദി (അ) എല്ലാ മതസമുദായങ്ങൾക്കുവേണ്ടി വന്നിട്ടുള്ളവാഗ്ദത്ത പരിഷ്കർത്താവാണ്. കാരണം എല്ലാ മതവിഭാഗങ്ങളും അവസാന കാലത്ത് തന്താങ്ങൾക്ക് വേണ്ടി ഒരു പരിഷ്കർത്താവിനെ കാത്തിരിക്കുന്നുണ്ട്. അദ്ദേഹത്തിന്റെ വാദം താൻ ക്രിസ്ത്യാനികൾക്ക് മസീഹാണ്. മുസ്ലിംകൾക്ക് മഹ്ദിയാണ്. ഹിന്ദുക്കൾക്ക് കൃഷ്ണാ വതാരമാണ്. എല്ലാ മതാനുയായികളെയും മുഹമ്മദീ ഉമ്മത്തിൽ ഒരുമിച്ച് കൂട്ടാനായി അല്ലാഹു മുഹമ്മദ് നബി (സ) മുഖേന ഏർപ്പെടുത്തിയിട്ടുള്ള സംവിധാനമാണ് ഇത്. ഇതിൽ വിമർശനത്തിനു പകരം ഇസ്ലാമിന്റെ ശ്രേഷ്ഠതയാണ് നിഴലിച്ചു കാണുന്നത്. ഇതു സംബന്ധമായി ഹദ്റത്ത് ഇമാം മഹ്ദി (അ) പറയുന്നു.

**ഞാൻ വളരെ ബഹുമാനത്തോടും, വിനയത്തോടും കൂടി മുസ്ലിംകളുടെയും ക്രിസ്ത്യാനികളുടെയും, ഹിന്ദുക്കളുടെയും, ആര്യന്മാരുടെയും പണ്ഡിതൻമാരോട് ഈ ലഘു ലേഖ മുഖേന അറിയിക്കുന്നത്,ഞാൻ ധാർമ്മികവും,വിശ്വാസപരവുമായ എല്ലാ ന്യൂനതകളുടെയും, തെറ്റുകളുടെയും സംസ്കരണത്തിനു വേണ്ടി അയക്കപ്പെട്ടവാനാകുന്നു..........,**

## ഇമാം മഹ്ദി (അ) ആരെയും കാഫിറാക്കിയിട്ടില്ല.

ഒരു പ്രവാചകൻ ലോകത്ത് അവതരിച്ചുകഴിഞ്ഞാൽ ഒരു വിഭാഗം വിശ്വാസികളും, മറ്റൊരു വിഭാഗം അവിശ്വാസികളും ആയിതീരുന്നതാണ്. ഇതിൽ രണ്ട് പക്ഷമില്ല. വിശുദ്ധ ഖുർ ആൻ പ്രവാചകന്റെ അനുയായികളെ വിശ്വാസികൾ എന്നും എതിരാളികളെ കാഫിറെന്നുമാണ് പറഞ്ഞിട്ടുള്ളത്. വിശ്വാസിയും, കാഫിറും ആകുന്നതെല്ലാം ഓരോരുത്തരുടെയും കർമങ്ങളുമായി ബന്ധപ്പെട്ടാണ് നിലകൊള്ളുന്നത്. ഹദ്റത്ത് ഇമാം മഹ്ദി (അ) മറ്റുള്ളവരെ കാഫിർ എന്നു വിളിച്ചിട്ടുണ്ടെന്നൊരു ആരോപണം തബ്ലീഗ് വേളയിൽ എതിരാളികൾ പറയാറുണ്ട്.

ഹദ്റത്ത് ഇമാം മഹ്ദി (അ) മറ്റുള്ളവരെ കാഫിർ എന്ന് വിളിച്ചിട്ടുണ്ടെന്നുള്ളത് തികച്ചും അടിസ്ഥാനരഹിതവും, വ്യാജത്തിലധിഷ്ഠിതവുമായ ആരോപണമാകുന്നു. ഈ ആരോപണം ഹദ്റത്ത് ഇമാം മഹ്ദി (അ)ന്റെ കാലത്തും ഉന്നയിച്ചിട്ടുള്ളതായിരുന്നു. അന്ന് അതിനു നൽകിയിട്ടുള്ള മറുപടി ഇപ്രകാരമായിരുന്നു.

**ഞങ്ങളാണ് ആദ്യമായി അവരെ കാഫിറെന്ന് വിളിച്ചിട്ടുണ്ടെന്നുള്ളതിന് ഏതെങ്കിലും മൗലവിക്കോ, എതിരാളിക്കോ വല്ല തെളിവും തരുവാൻ കഴിയുമോ? അവർ ഞങ്ങളെ കാഫിർ എന്നു പറഞ്ഞുകൊണ്ട് ആദ്യമായി മത വിധി അതായത് ഫത്ത്വാ പുറപ്പെടുവിക്കുന്നതിനു മുമ്പ് ഞങ്ങൾ മുസ്ലിംകളായിട്ടുള്ള എതിരാളികളെ കാഫിർ എന്നു പറഞ്ഞിട്ടുണ്ടെന്ന് തെളിയിക്കുന്ന ഏതെങ്കിലും കടലാസോ, ലഘുലേഖയോ, പുസ്തകമോ ഞങ്ങളുടെതായിട്ട് കാണിക്കാൻ നിങ്ങൾക്ക് കഴിയുമോ? സ്വയം കാഫിറെന്നു മുദ്രകുത്തുകയും എന്നിട്ട് ഞങ്ങൾ മുഴു മുസ്ലിംകളെയും കാഫിർ എന്നു പറയുകയും ചെയ്തിരിക്കുന്നു എന്ന് ആരോപണം ഉന്നയിക്കുന്നത് എത്ര കഠിനതരമായ വഞ്ചനയാണെന്നു ഒന്നു ചിന്തിച്ചു നോക്കുക.**

എന്നാൽ, ഒരു ഹദീസിന്റെ അടിസ്ഥാനത്തിൽ അതായത് ഏതെങ്കിലും ഒരു മുസ്ലീം മറ്റൊരു മുസ്ലിമിനെ കാഫിർ എന്ന് വിളിക്കുകയും,അയാൾ യഥാർഥത്തിൽ കാഫിറുമല്ലായെങ്കിൽ കാഫിറെന്ന് വിളിക്കുന്ന ആൾ സ്വയം കാഫിറായി തീരുന്നതാണ്. ആ മഹാത്മാവ് പറയുന്നു.

**ഞങ്ങളെ കാഫിറെന്നു വിളിക്കാത്തവരെ ഞങ്ങൾ കാഫിറെന്നു വിളിക്കുകയില്ല. എന്നാൽ ഞങ്ങൾ കാഫിർ എന്നു വിളിക്കുന്നവരെ ഞങ്ങൾ കാഫിറെന്ന് മനസ്സിലാക്കുന്നില്ലെങ്കിൽ പിന്നെ ഈ ഹദീസിനെയും ഏകകണ്ഡമായ ഒരു അഭിപ്രായത്തെയും നിഷേധിക്കുന്നവരായിതീരും. അത് ഞങ്ങളെക്കൊണ്ട് സാധ്യമല്ല.**

**ഒരാൾ ഹദ്റത്ത് ഇമാം മഹ്ദി (അ)നോട് ചോദിച്ചു. താങ്കളെ വിശ്വസിക്കാത്തവർ കാഫിർ ആണോ? അല്ലയോ? ഹദ്റത്ത് ഇമാം മഹ്ദി (അ) അതിനു ഇപ്രകാരം മറുപടി പറഞ്ഞു. നിങ്ങൾ മൗലവിമാരോട് പോയി ചോദിക്കുക. വരേണ്ട മസീഹിനെയും മഹ്ദിയെയും വിശ്വസിക്കാതിരുന്നാൽ അവരുടെ അവസ്ഥ എന്തായിരിക്കും. ചുരുക്കത്തിൽ ആ വരേണ്ട മസീഹും മഹ്ദിയും ഞാൻ തന്നെയാണ്.**

## പ്രവാചകനും ജോലിയും

നമുക്ക് അറിയാം ലോകത്ത് ജീവിക്കണമെങ്കിൽ അദ്ധ്വാനിക്കണം. എന്നാൽ ആ കാലത്തും, ഈ കാലത്തും ജോലി ചെയ്യാതെ ജീവിക്കുന്ന ഒരു പാട് പണ്ഡിതന്മാരുടെ ഇടയിലാണ് നാം ജീവിക്കുന്നത്. അതുകൊണ്ട് ജോലി തന്നെ അതൊരു അപരാധമാവുകയാണ്, ആരോപണമാകുകയാണിവിടെ. അവർ പറയുന്നു ഹദ്റത്ത് ഇമാം മഹ്ദി (അ) സിയാൽക്കോട്ടിൽ ജോലി ചെയ്തിട്ടുണ്ട്. പ്രവാചകന്മാർക്ക് ജോലി ഭൂഷണമല്ല. ഇവർക്ക് അദ്ധ്വാനിക്കുന്ന പ്രവാചകനെയല്ല ആവശ്യം യാചന ശീലമാക്കിയ ഒരു സൂഫിയെയാണ് ഇവർക്കാവശ്യം.

എന്താണ് യഥാർഥ്യം. പ്രവാചകന്മാർ ജോലി ചെയ്തിട്ടില്ലേ? ഖുർആൻ നോക്കുക. ഹദ്റത്ത് യൂസഫ് (അ) രാജാവിന്റെ ദർബാറിൽ ജോലി ചെയ്യുക മാത്രമല്ല രാജാവിനോട് ജോലി ആവശ്യപെടുകയും ചെയ്തിട്ടുണ്ട്. ഹദ്റത്ത് മൂസാ നബി (അ) ഉം ജോലി ചെയ്തതായി ഖുർആൻ പറയുന്നുണ്ട്. നമ്മുടെ നബി (സ) ഉം കച്ചവടം ചെയ്തായി ചരിത്രം പറയുന്നു.

മുഹമ്മദ് മുസ്തഫാ (സ) പറയുന്നു. കുൻത്തു അർ ഞാൻ കുറച്ച് ഖീറാത്ത് (അന്ന് നിലവിലുണ്ടായിരുന്ന രൂപയുടെ പേര്) വാങ്ങിക്കൊണ്ട് മക്കാനിവാസികളുടെ ആടുകളെ ഞാൻ മേയാൻ കൊണ്ട് പോകാറുണ്ടായിരുന്നു.

പൂർവകാല പ്രവാചകന്മാരും നമ്മുടെ ആദരവായ പ്രാവാചകനും ജോലി ചെയ്തെങ്കിൽ പിന്നെ ഹദ്റത്ത് ഇമാം മഹ്ദി (അ) ജോലി ചെയ്തതിനെ എന്തിനു ആക്ഷേപ പാത്രമാക്കണം.

## വിജയം അല്ലാഹുവിന്റെ പ്രവാചകന്മാർക്ക് തന്നെ

അല്ലാഹു വിശുദ്ധ ഖുർആനിൽ പറഞ്ഞതുപോലെ ഞാനും എന്റെ പ്രവാചകനും വിജയിക്കുകതന്നെ ചെയ്യും. എന്നതിന്റെ അടിസ്ഥാനത്തിൽ അല്ലാഹുവിൽ നിന്ന് കിട്ടിക്കൊണ്ടിരുന്ന സുവിശേഷങ്ങളുടെ അടിസ്ഥാനത്തിലും തീർച്ചയായും ഈ പ്രസ്ഥാനം പുരോഗതി പ്രാപിച്ചുക്കൊണ്ടിരിക്കുമെന്ന് ഹദ്റത്ത് ഇമാം മഹ്ദി(അ)ക്ക്ദൃഢ നിശ്ചയമുണ്ടായിരുന്നു. അല്ലാഹുവിന്റെ

അനുഗ്രഹത്താൽ ഇന്ന് ഈ ജമാഅത്ത് അന്തർ ദേശീയ ജമാഅത്തായി വളർന്നു കഴിഞ്ഞിരിക്കുന്നു. വിവിധ നാടുകളിൽ ഇസ്‌ലാമിക പ്രചാരണ രംഗത്ത് അതി ശീഘ്രം മുന്നേറിക്കൊണ്ടിരിക്കുക യാണ്. സൂര്യൻ അസ്തമിക്കാത്ത ഒരു ഇസ്‌ലാമിക പ്രസ്ഥാനമുണ്ടെങ്കിൽ ഒരു ജമാഅത്തുണ്ടെങ്കിൽ അത് ഹദ്റത്ത് ഇമാം മഹ്ദി (അ) യാൽ സ്ഥാപിതമായ ഈ ജമാഅത്തുമാത്രമായിരിക്കും.

ഹദ്റത്ത് ഇമാം മഹ്ദി (അ) പ്രസ്ഥാനത്തിന്റെ പുരോഗതിയെ കുറിച്ച് ഇപ്രകാരം പറയുന്നു.

ഇബ്റാഹീം(അ)ന് നൽകപ്പെട്ട അതേ പ്രകാശം തന്നെയാണ് എന്റെ ആത്മാവിലും കുടികൊള്ളുന്നത്. എനിക്ക് ഇബ്റാഹീമുമായി ഒരു ബന്ധമുണ്ട്. എന്റെ അല്ലാഹുവല്ലാതെ എന്റെ രഹസ്യം ആരും അറിയുന്നില്ല. എതിരാളികൾ അനാവശ്യമായി സ്വയം നഷ്ടത്തിൽ ആപതിച്ചുകൊണ്ടിരിക്കുകയാണ്. ഞാൻ അവരുടെ കൈകളാൽ പിഴുതെറിയുന്ന ഒരു ചെടിയല്ല. അവരുടെ പൂർവികരും ഇനി വരുന്നവരും, ജീവിച്ചിരിക്കുന്നവരും മരിച്ചവരും എല്ലാവരും ഒന്നിച്ചു ചേർന്നുകൊണ്ട് എന്റെ നാശത്തിനു വേണ്ടി പ്രാർഥിച്ചാലും എന്റെ അല്ലാഹു ആ എല്ലാ പ്രാർഥനകളെയും ശാപത്തിന്റെ രൂപത്തിൽ അവരിലേക്ക് തന്നെ തിരിച്ചയക്കുന്നതാണ്. ...ഈ ആകാശീയമായ പ്രവർത്തനങ്ങളെ തടയാൻ ആർക്കെങ്കിലും സാധിക്കുമോ? വല്ല ശക്തിയുമുണ്ടെങ്കിൽ തടയുക. പ്രവാചകന്മാരുടെ എതിരാളികൾ ചെയ്തുകൊണ്ടിരുന്ന എല്ലാ തരത്തി ലുള്ള തന്ത്രങ്ങളും കുതന്ത്രങ്ങളും പ്രയോഗിച്ചുക്കൊള്ളുക. പല്ലും നഖവും ഉപയോഗിച്ചു പരിശ്രമിക്കുക. മരിക്കുന്നതുവരെ എനിക്കെതിരിൽ ദുആ ചെയ്തുകൊണ്ടിരിക്കുക. പിന്നെ നോക്കുക നിങ്ങൾക്ക് എന്താണ് ചെയ്യാൻ സാധിച്ചത് എന്ന്.

എന്നാൽ, എനിക്ക് അധികമധികമായി മഹത്വം തന്നരുളുമെന്നും എന്റെ സ്നേഹത്തെ ജനഹൃദയങ്ങളിൽ ഉത്ഭൂതമാക്കപ്പെടുമെന്നും, എന്റെ പ്രസ്ഥാനത്തെ ഭൂതലമാകമാനം പ്രചരിപ്പിക്കുമെന്നും, സർവകക്ഷികളു ടെയും മേൽ അതിനെ വിജയിപ്പിക്കു മെന്നും, നിരന്തരം അല്ലാഹു എനിക്ക് സുവാർത്തനൽകിയിട്ടുണ്ട്. കൂടാതെ എന്റെ പ്രസ്ഥാനത്തിലെ ജനങ്ങൾ തങ്ങളുടെ തെളിവുകൾ കൊണ്ടും, അടയാളം കൊണ്ടും, സത്യത്തിന്റെ പ്രകാശം കൊണ്ടും സർവരുടെയും വായ് കൊട്ടിയടക്കും വിധം അറിവിലും വിജ്ഞാനത്തിലും പരിപൂർണത കരസ്ഥമാക്കുന്നതുമാണ്. എല്ലാ സമൂഹവും ഈ ഉറവിൽ നിന്ന് വെള്ളം കുടിക്കുന്നതാണ്. ഈപ്രസ്ഥാനം ഭൂമിയിൽ ആകമാനം പടർന്നു പന്തലിക്കുന്നതുവരെ ത്വരിതഗതിയിൽ ഇത് വളരുകയും പുഷ്പിക്കുകയും ചെയ്യുന്നതാണ്. അനവധി തടസ്സങ്ങളും പരീക്ഷണങ്ങളും നേരിടേണ്ടിവരും. എന്നാൽ അവയെ എല്ലാം മധ്യത്തിൽ നിന്ന് നീക്കിക്കളയുകയും അല്ലാഹു തന്റെ വാഗ്ദാനം പൂർത്തിയാക്കുന്നതുമായിരിക്കും.എന്നെ സംബോധന ചെയ്തുകൊണ്ടു അല്ലാഹു പറഞ്ഞു, രാജാക്കന്മാർ നിന്റെ വസ്ത്രങ്ങളിൽ നിന്ന് അനുഗ്രഹം തേടുമാറ് ഞാൻ നിനക്ക് അനുഗ്രഹത്തിനുമേൽ അനുഗ്രഹം തന്നരുളുന്നതാണ്.അതിനാൽ അല്ലയോ ശ്രോതാക്കളെ!, ഇക്കാര്യങ്ങൾ ഓർമിച്ചു കൊള്ളുക. ഈപ്രവചനങ്ങളെ നിങ്ങളുടെ പെട്ടികളിൽ സുരക്ഷിതമാക്കി വെക്കുക. കാരണം ഇത് ഒരുനാൾ പൂർത്തിയാകേണ്ട ദൈവത്തിന്റെ വചനങ്ങളാകുന്നു.


MTA INTERNATIONAL

Reaching the corners of the Earth



Every Friday live at 13.00 GMT on MTA International

**Live Translations:**
English, French, Arabic, German, Bengali

**Translations on repeat**
Russian, Turkish, Swahili, Tamil, Malayalam

**ജുമുഅ ഖുത്വ്ബ**

എല്ലാ വെള്ളിയാഴ്ചകളിലും പള്ളികളിൽ പ്രാർഥനയ്ക്കായ് ഒരുമിച്ചു കൂടാൻ മുസ്‌ലിംകൾ നിഷ്കർഷിക്കപ്പെട്ടിരിക്കുന്നു. ഈ വെള്ളിയാഴ്ച പ്രാർഥനയിലൂടെ വ്യക്തിപരവും സമൂഹപരവുമായ പ്രശ്നങ്ങൾ ചർച്ച ചെയ്യാനും ആവശ്യമായ പരിഹാരങ്ങൾ തേടാനും മുസ്‌ലിംകൾക്ക് അവസരം കൈവരുന്നു.

ആഗോള അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ പരമാദ്ധ്യക്ഷൻ ഖലീഫത്തുൽ മസീഹ് അഞ്ചാമൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു) ആഴ്ചതോറും നിർവഹിച്ചു വരുന്ന ജുമുഅ പ്രഭാഷണം **മുസ്‌ലിം ടെലിവിഷൻ അഹ്മദിയ്യ** (MTA)യിലൂടെ ലോകം മുഴുവൻ വിവിധ ഭാഷകളിലുള്ള തർജമ സഹിതം സംപ്രേഷണം ചെയ്യപ്പെടുന്നു. ഇതിലൂടെ അഹ്മദിയ്യാ ഇമാം, പള്ളിയിൽ ഒരുമിച്ചു കൂടിയവരെ മാത്രമല്ല മറിച്ച് മുഴുലോകത്തേയുമാണ് അഭിസംബോധന ചെയ്യുന്നത്. ഈ സംവിധാനം മുഖേന കാലത്തിന്റെ ഇമാമിന് ആഗോള മുസ്‌ലിം സമുദായത്തെ ഉപദേശിക്കാനും അവരെ അലട്ടിക്കൊണ്ടിരിക്കുന്ന കാലിക പ്രശ്നങ്ങൾക്കുള്ള പരിഹാരം കൃത്യസമയത്തുതന്നെ നിർദേശിക്കാനും ഔദാര്യവാനായ അല്ലാഹു വഴിയൊരുക്കിയിരിക്കുന്നു.

www.mta.tv

# സയണിസത്തിന്റെ ആവിർഭാവം

യഹൂദ ജനതക്ക് ഒരു ജന്മഗേഹം എന്ന ലക്ഷ്യം സാക്ഷാത്ക്കരിച്ച പ്രസ്ഥാനമാണ് സയണിസം. സയണിസത്തിന് രണ്ട് ഘട്ടങ്ങളുണ്ട്. ഒന്ന് അതിന്റെ മതകീയവും ആത് മീയവുമായ ഘട്ടമാണ്. മറ്റേത് അതിന്റെ സംഹാരാത്മകമായ രാഷ് ട്രീയ ഘട്ടമാണ്.

എ. എം. മുഹമ്മദ് സലീം

ഫ്രഞ്ച് വിപ്ലവത്തിന് ശേഷം യഹൂദ സമുഹത്തിന് യൂറോപ്പിൽ തുല്യ പൗരത്വം അനുവദിക്കപ്പെട്ടു. ഫ്രഞ്ച് വിപ്ലവം പരാജയമായിരുന്നെങ്കിലും പിന്നീട് യൂറോപ്പ് മതപരമായ ശാക്തീകര ണത്തിലേക്കും ഫ്യൂഡൽ അധികാര ഘടനയിലേക്കും തിരിച്ചു പോയില്ല. പകരം ദേശീയത ശക്തിപ്പെടുകയാണു ണ്ടായത്. പത്തൊമ്പതാം നൂറ്റാണ്ടിൽ ആകമാനം യൂറോപ്പിൽ ദേശീയ രാഷ്ട്രങ്ങൾ രൂപപ്പെടുകയായിരുന്നു. യൂറോപ്യൻ സമുഹത്തിൽ നിന്ന് വിമോചിതരായ യഹുദികൾ (Emancipated Jews)ദേശീയ ധാരയിലേക്ക് സ്വാംശീകരിക്കപ്പെട്ടു(Assimilation). യൂറോപ്യൻ രാഷ്ട്രങ്ങളുടെ ദേശീയ പരമായ സ്വത്വരൂപീകരണം യഹൂദ സമൂഹത്തേയും ആവേശഭരി തരാക്കുക യുണ്ടായി. പൗരാവകാശങ്ങൾ വകവെച്ചു കൊണ്ടുള്ള പുതിയ ദേശീയത യഹൂദ രുടെ ദുരിതപൂർണമായ ചരിത്രഭാഗ ധേയത്തിന് ശമനം വരുത്തി.

പൗരത്വത്തെ സംബന്ധിച്ച് മതപ രമായ പക്ഷപാതിത്വങ്ങളില്ലാത്ത ദേശീയ തയുടെ വസന്തകാലം യൂറോപ്പിലെ യഹൂദികൾ തുടക്കത്തിൽ ആത്മാർ ഥമായി സ്വാഗതം ചെയ്തു. പക്ഷേ സെമിറ്റിക്ക് വിരോധത്തിന്റെ ഇരുണ്ട നൂറ്റാണ്ടുകൾ യഹൂദ മനസ്സിനെ വേട്ടയാടി ക്കൊണ്ടിരുന്നു. യഹൂദ വിരോധത്തിന്റെ സുനാമി തരംഗങ്ങൾ ഏത് സമയത്താണ് ക്രിസ്ത്യൻ യൂറോപ്പിൽ പൊട്ടിപുറപ്പെടുക എന്നത് അപ്രവചനീയമായിരുന്നു. യൂറോ പ്യൻ രാജ്യങ്ങൾ ദേശീയ രാഷ്ട്രങ്ങളായി മാറിക്കൊണ്ടിരിക്കുമ്പോൾ ലോകത്തിലെ ഏതൊരൂ ജനതയേക്കാളും ഗോത്ര ബോധം ഗ്രസിച്ചിരുന്ന യഹൂദികളുടെ ദേശീയ ബോധത്തിന് തീപിടിക്കാൻ അധികം താമസമുണ്ടായില്ല. തങ്ങളുടെ സുരക്ഷക്ക്‌വേണ്ടിയുള്ള ഒരു രക്ഷാ ഗേഹത്തെ പറ്റി യൂറോപ്പിന്റെ പുതിയ പശ്ചാത്തലത്തിൽ യഹൂദികൾ ചിന്തിച്ചു തുടങ്ങി. യഹൂദ ദേശീയതക്കനുകൂലമായ ശക്തമായ ഒരു വൈകാരിക പശ്ചാത്തലം യഹൂദ സമുദായത്തിനുണ്ടായിരുന്നു. ആദ്യത്തിൽ തികച്ചും മതപരവും തീർഥാടനപരവുമായ ഒരു അധ്യാത്മിക പ്രസ്ഥാനമായിരുന്നു സയണിസം. ജെറുസലേമിന്റെ പര്യായമായി യഹൂദ സാഹിത്യങ്ങളിൽ ഉപയോഗിച്ചിരുന്ന സിയോണിനെ കേന്ദ്രമാക്കിയുള്ള ഈ മതകീയ ബോധത്തെ യഹൂദ ദേശീയ തയുടെ വക്താക്കൾ ഒരു രാഷ്ട്രീയ യാഥാർഥ്യമാക്കി മാറ്റാൻ ഉപയോഗിച്ചു. സയണിസ്റ്റ് പ്രസ്ഥാനത്തിന് അധ്യാത്മി കമായ ഒരു പ്രാഗ്ഘട്ടവും രാഷ്ട്രീയമായ ഒരു ദ്വിതീയ ഘട്ടവുമുണ്ട്.

**യഹോവയുടെ വാഗ്ദാനം**

യഹൂദർക്ക് ഒരു ജന്മഗേഹം എന്ന ആശയം ഉരുതിരിയുന്നത് ബൈബിളിലെ ഒരു മിത്തിൽ നിന്നാണ്. അതായത് അന്നു കർത്താവ് അബ്രഹാമിനോട് ഒരുടമ്പടിയുണ്ടാക്കി പറഞ്ഞു ' ഞാൻ നിന്റെ സന്തതികൾക്കായി മിസ്രയീം നദി മുതൽ ഫ്രാത്ത് നദിയായ മഹാനദി വരെ യുള്ള ദേശം തരുന്നു' (ഉൽപത്തി: 15:18) അതായത് ഈജിപ്തിലെ നൈൽ നദി മുതൽ ഇറാഖിലെ യൂഫ്രട്ടീസ് നദി വരെയുള്ള ദേശം യഹോവയായ ദൈവം ഇസ്റ യേൽ മക്കൾക്ക് തീറാധാരമായി വാഗ്ദാനം ചെയ്തതാണെന്നതാണ് വാദം. ദൈവമഹത്വത്തിന് യോജിക്കാത്ത ഈ വാദം അങ്ങേയറ്റം വംശീയമാണ് . എല്ലാ മനുഷ്യരും ദൈവത്തിന്റെ സൃഷ്ടിയായിരിക്കെ ദൈവത്തിന്റെ ഭൂമിയിൽ പാർത്തുവരുന്ന ജനങ്ങളിൽ ഒരു കൂട്ടർക്ക് മാത്രമായി വലിയൊരു ഭൂവിഭാഗം ദൈവം വാഗ്ദാനം ചെയ്തു എന്നത് സാധാരണ നീതി തത്ത്വങ്ങൾക്ക് യോജിച്ചതല്ല. ദൈവം യഹോവക്ക് നൽകിയ ഈ ബൈബിൾ വാഗ്ദാനത്തോടെ ആ നാട്ടിൽ ചരിത്രാതീത കാലം മുതൽ ജീവിച്ചു വരുന്ന യഹൂദരല്ലാത്ത മനുഷ്യർക്ക് ആ ഭൂമിയിൽ യാതൊരു അവകാശവുമില്ല എന്ന് വരുന്നത് ദൈവ നീതിക്ക് പോയിട്ട് സാധാരണ സിവിൽ നീതിതത്ത്വങ്ങൾക്ക് പോലും നിരക്കുന്നതല്ല. ഈ ബൈബിൾ വാഗ്ദാനത്തിന്റെ മീതെയാണ് പിൽക്കാലത്ത് സയണിസവും ഇസ്രായേൽ ജന്മഗേഹ വാദവും കെട്ടിപടുത്തത്. സയണിസത്തിന് രണ്ട് വ്യത്യസ്ത മുഖങ്ങളുണ്ട്. അതിൽ ഒന്ന് ആത്മീയ പ്രചോദിതമായതും തീർഥാടനപരവുമായ മതകീയ സയണിസമാണ്. മറ്റേത് പിൽക്കാലത്ത് ആവിർ ഭവിച്ചതും കൂടുതൽ സംഹാരാത്മകവും വിനാശകരവുമായ രാഷ് ട്രീയ സയണിസവുമാണ്.

**മതകീയ സയണിസം**

ഏതൊരു മതസമൂഹത്തിനും അതിന്റെ ഉറവിട ദേശവുമായി ഒരു പൊക്കിൾ കൊടി ബന്ധമുണ്ട്. ആത്മീയതയുടെ ഈ പ്രാക്തന വിശു ദ്ധിയിലാണ് പുണ്യസ്ഥലികളും ആത് മീയ കേന്ദ്രങ്ങളും സൃഷ്ടിക്കപ്പെടുന്നത്. എല്ലാ മതങ്ങൾക്കും ആ മതത്തിന്റെ മതപുരുഷൻ ഭൂജാതനായതും ജീവിത സംഭവങ്ങൾക്ക് സാക്ഷ്യം വഹിച്ചതുമായ ദേശം ആ മതാനുയായികളുടെ വിശുദ്ധ സ്മരണകൾക്ക് ചൈതന്യം പകരുന്നു. മതപുരുഷന്റെ പദ പങ്കജങ്ങൾ സ്പർ ശിച്ച കല്ലും മണ്ണും വിശ്വാസികളുടെ ഹൃദയത്തിൽ ദിവ്യാനുഭൂതികൾ

സൃഷ്ടിക്കുന്നു. സർവലോക സ്രഷ്ടാവും സംരക്ഷകനും പരിപാലകനുമായ ദൈവവുമായി അവന്റെ വിനീത ദാസൻ സംവദിച്ച ദേശം അങ്ങനെ പവിത്രീകരിക്കപ്പെടുന്നു. തീർച്ചയായും യഹൂദ മതത്തിന് ജറുസലെമുമായുള്ള ബന്ധം അത്തരത്തിലുള്ളതായിരുന്നു. മുസ്‌ലിംകൾക്ക് മക്കയുമായും ക്രിസ്ത്യാനികൾക്ക് യേശുവിന്റെ ജന്മനാട് എന്നനിലയിൽ ജെറുസലേമുമായും ഹിന്ദുക്കൾക്ക് മഥുരയുമായും അയോദ്ധ്യയുമായും ബുദ്ധമതക്കാർക്ക് കപിലവസ്തുവുമായും ഉള്ള ബന്ധവും ഇതു തന്നെയാണ്. ഈ ദേശങ്ങളെ ഒരു അധികാര ശക്തിയുടെ കേന്ദ്രവും രാഷ്ട്രീയ ലക്ഷ്യങ്ങളുടെ ആസ്ഥാനമായും കാണുന്നത് മതവിരുദ്ധവും ദൈവികതയുടെ നിഷേധവും മതമൗലിക വാദവുമാണ്. സനാതന മൂല്യങ്ങളുടെ സാർവജനീനമായ ആത്മീയ സ്രോതസ്സുമായാണ് അത്തരം പുണ്യസ്ഥലികളെ നാം കാണേണ്ടത്.

'സയണിസം' എന്ന വാക്ക് 'സിയോൺ' എന്ന ഒരു സ്ഥലനാമത്തിൽ നിന്ന് നിഷ്പന്നമായതാണ്. പലസ്തീന്റെ തലസ്ഥാനമായ ജെറുസെലമിലെ ഒരു സ്ഥലനാമമാണിത്. ബൈബിളിലെ 'സിയോൺ' എന്ന പദം വാസ്തവത്തിൽ ഒരു ഹിബ്രൂപദമല്ല. സിയോൺ എന്നപദത്തിന്റെ യഥാർഥ അർഥം അവ്യക്തമാണ്. സാധ്യമായ അർഥം പാറ, ശക്തി കേന്ദ്രം, ഉണങ്ങിയ സ്ഥലം എന്നൊക്കെയാണ് Religious Encyclopeadia സയണിസം എന്ന ശീർഷകത്തിൽ പറയുന്നത്. ഈ പദം ബൈബിളിൽ ആദ്യമായി ഉയോഗിക്കപ്പെട്ടത് ശമുവേൽ പുസ്തകത്തിലാണ്. രാജാവും(ദാവീദ്) ആൾക്കാരും ജറുസെലേമിൽ എത്തി തദ്ദേശവാസികളായ യെബുസിയരെ നേരിട്ടു.....എന്നിട്ട് ദാവീദ് സിയോണി ന്റെകോട്ട പിടിച്ചെടുത്തു അതാണ് ദാവീദിന്റെ നഗരം (2ശമുവേൽ 5,6,7), സിയോൺ കോട്ട യെബുസിയരുടേതാണെന്നാണ് ഇവിടെ ബൈബിൾ വ്യക്തമായും പറയുന്നത്. ഇസ്രയേൽ രാജാവായ ദാവീദ് അത് പിടിച്ചെടുക്കുകയായിരുന്നു. സിയോൺ എന്ന പദം ഒരു യെബുസി പദമാണ്. പിന്നീട് ആ കോട്ടയോടൊപ്പം സിയോണും പദവും ഹിബ്രുവത്ക്കരിക്ക പ്പെട്ടതാണ്. ആ കോട്ട നിന്നത് ജെറുസെലേമിലായിരുന്നു. ജെറുസെലം പിന്നീട് ദാവീദിന്റെ ഇസ്‌റായേൽ രാജ്യത്തിന്റെ തലസ്ഥാനമായി മാറി. പിന്നീടുള്ള ബൈബിൾ വചനങ്ങളിൽ ജെറുസലെമിന്റെ പര്യായമായും സിയോൺ ഉപയോഗിക്കപ്പെടുകയാണുണ്ടായത്. നാലായിരത്തോളം വർഷം പഴക്കമുള്ള യഹൂദ ചരിത്രത്തിൽ ദാവീദും മുൻഗാമിയായ ശൗലും മകൻ സോളമനും കൂടി ഏകദേശം ഒരു നൂറ്റാണ്ടുകാലമേ ഇസ്രയേൽ രാജ്യം ഭരിച്ചിട്ടുള്ളു എന്നകാര്യം നാം ഓർക്കണം. ഹ്രസ്വകാലം ഭരിച്ചിട്ടും ബൈബിൾ സൃഷ്ടിച്ച സർവ വ്യാപക മായമിത്താണ് ഇസ്രയേൽ എന്ന പദം ഇത്ര വ്യാപകമായി ജനഹൃദയ ങ്ങളിൽ പതിയാൻ കാരണം. സോളമന് ശേഷം പന്ത്രണ്ട് ഗോത്രങ്ങളായി പിരിഞ്ഞ യഹുദന്മാരെ അസീറിയ, ബാബിലോണിയ, പേർഷ്യ, ഇന്ത്യ, ഗ്രീസ് മുതലായ രാജ്യങ്ങളിൽ അടിമകളായി പിടിച്ചുകൊണ്ടു പോകപ്പെടുകയാണുണ്ടായത്. പേർഷ്യൻ അടിമത്ത കാലത്താണ് അവരിൽ ഏതാനും ചിലർ ജെറസെലേമിലേക്ക് മടങ്ങി വന്നത്. ബാക്കി പത്ത് ഗോത്രങ്ങളും ജറുസെലേമിലേക്ക് ഒരിക്കലും മടങ്ങി വന്നിട്ടില്ല. ഇവരെയാണ് ഇസ്രയേൽ ഗൃഹത്തിലെ കാണാതെ പോയ ആട്ടിൻ ഗോത്രങ്ങൾ എന്ന് പറയുന്നത്. നൂറ്റാണ്ടുകളോളം പ്രവാസികളായി അടിമത്ത ജീവിതം കൊണ്ട് പല ഇസ്രയേൽ ഗോത്രങ്ങളും തദ്ദേശീയ സംസ്കാരങ്ങളും ജനതകളുമായി ലയിച്ചു ചേർന്നിട്ടുണ്ട്. കാണാതെ പോയ പത്ത് ഗോത്രങ്ങളിൽ പെട്ടവരാണ് കാശ്മീരികളും അഫ്ഘാനികളും, ഉത്തരേന്ത്യയിലെ ചില ജനസമൂഹങ്ങളെന്നും അഹ്മദിയ്യാ പ്രസ്ഥാന സ്ഥപകരായ ഹദ്റത്ത് അഹ്മദ് (അ) തന്റെ മസീഹ് ഹിന്ദുസ്ഥാൻ മെ എന്ന ഗ്രന്ഥത്തിൽ അഭിപ്രായ പെട്ടിട്ടുണ്ട് എന്ന കാര്യം ഇവിടെ സ്മരിക്കട്ടെ

ബാബിലോൺ പ്രവാസ കാലഘട്ടത്തിൽ സിയോൺ (ജെറുസെലെം) നെക്കുറിച്ചുള്ള ഗൃഹാതുരത്വ പൂർണമായ ചിന്തകൾ ഇസ്രയേലികൾ പുലർത്തിയതായി കാണാം. ഇതിഹാസ വർണനകളിൽ ഊതിപ്പെരുപ്പിച്ച് സിയോൺ പെരുമ സാധാരണ മതസാഹിത്യങ്ങളിൽ കാണുന്ന അത്യുക്തിയുടെയും അനുരക്തിയുടെയും പ്രകടനങ്ങൾ മാത്രമാണ്. ബൈബിളിൽ ഇങ്ങനെ കാണാം. ബാബിലോണിലെ നദികൾക്കരികെ ഇരുന്ന ഞങ്ങൾ സിയോണിനെക്കുറിച്ച് ഓർത്തപ്പോൾ കരഞ്ഞു..... അവർ പറയുകയാണ് സിയോണിന്റെ ഗാനങ്ങളിലൊന്ന് പാടി കേൾപ്പിക്കുക..... കർത്താവിന്റെ ഗാനം അന്യദേശത്ത് എങ്ങനെ പാടും?. ജറുസെലേമെ, നിന്നെ ഞാൻ മറക്കുന്നങ്കിൽ എന്റെ വലത് കൈക്ക് മറവി പറ്റട്ടെ (സങ്കീർത്തനം. 137-135)

ലോകത്തിലെങ്ങുമുള്ള യഹൂദരെ പോലെ തോമശ്ലീഹ വരുന്നതിന് മുമ്പ് പുരാതന കാലം മുതൽ നമ്മുടെ കേരളത്തിൽ പാർത്തിരുന്ന യഹൂദരുടെ ഗാനങ്ങളും ജെറുസെലേം സ്തുതി അഥവാ സിയോൺ പരാമർശം കാണാം. യഹൂദ പാരമ്പര്യമുള്ള ക്രിസ്ത്യാനികളുടെ റബ്ബാൻ പാട്ടിലും മാർഗം കളിപ്പാട്ടിലും പാലും തേനും ഒഴുകുന്നതും ദൈവമിരിക്കുന്നതുമായ ജെറുസെലേമിനെക്കുറിച്ചും അവിടെ ശലമോൻ രാജാവ് പണിത കോട്ടയെക്കുറിച്ചും പരാമർശമുണ്ട്. പണ്ടുകാലത്തെ ഒരു മാർഗം കളിപ്പാട്ട് ഇങ്ങനെയാണ്.

ആദിയെ മുൻപു ശലമോൻ ചമച്ച
ആലയം ഭാഷയിൽ കണ്ടൊരു ചോഴൻ
ആയത് പോൽതന്നെ നമുക്കുമിങ്ങു
ആദരാലൊന്നു ചമക്കവേണം
തേനോടു പാലുമൊഴുകും നാട്
തേവരി പട്ടണമാകും ദേശം
തേറിയതിന്ന് മേലില്ല ഭൂമി
ദൈവമിരിപ്പിടമെന്നും ചൊല്ലാം

(കേരള ഭാഷാഗാനങ്ങൾ- മാർഗം കളിപ്പാട്ട്. പ്രൊഫ. ബി. ആനന്ദകുട്ടൻ കേരള സാഹിത്യ അക്കാദമി, പേ.270)

ബൈബിളിലെ മിശിഹാ വിശ്വാസവുമായി കെട്ടുപിണഞ്ഞു കിടക്കുന്നതാണ് സിയോൺ പ്രവേശന സങ്കൽപ്പം. പാലും തേനും ഒഴുകിയിരുന്ന ഇസ്രയേൽ നാട്ടിൽ ദാവീദിന്റെ സിംഹാസനം പുനസ്ഥാപിക്കാൻ പ്രകൃത്യാതീത മാർഗേണ മിശിഹാ വരുമെന്നും മിശിഹാ വന്നതിന് ശേഷം ഇസ്രയേൽ സിംഹാസനത്തിൽ ആരുഢനാകുമെന്നുമാണ് യഹൂദികൾ

അതിഗാഢമായി വിശ്വസിക്കുന്നത് . രണ്ടായിരം വർഷങ്ങൾക്ക് മുമ്പ് യേശു ജറുസലെമി ലെ ഇസ്രയേലികളുടെ മസീഹായി വന്നപ്പോൾ യഹൂദികൾ അദ്ദേഹത്തോട് ചോദിച്ചത് ദാവീദിന്റെ സിംഹാസനവും പാലും തേനും ഒഴുകുന്ന ഇസ്രയേൽ നാടും എവിടെ എന്നായിരുന്നു. എന്നാൽ യേശു '**എന്റെ രാജ്യം ഐഹികമല്ല**.' എന്ന മറുപടിയാണ് നൽകിയത്. അപ്പോൾ യഹൂദികൾ അദ്ദേഹത്തെ അവിശ്വസിച്ചു. ക്രൂശിച്ചു വധിക്കാൻ ശ്രമിക്കുകയുണ്ടായി. 1948-ൽ ഇസ്രയേൽ സ്റ്റേറ്റ് രൂപം കൊണ്ടപ്പോൾ യാഥാസ്ഥിതികരായ പല യഹുദികളും അതിനെ എതിർത്തത് മിശിഹാ വരാതെ ഇസ്റയേൽ രാജ്യം സ്ഥാപിതമാകില്ല എന്ന മതപരമായ അടിയുറച്ച ബൈബിൾ

വിശ്വാസത്തിന്റെ അടിസ്ഥാനത്തിലാണ്.

ബൈബിളിലെ ഇത്തരം പരാമർശങ്ങളിൽ നിന്നാണ് ജെറുസലെമിലേക്കുള്ള തിരിച്ച് പോക്ക് എന്ന സങ്കൽപ്പം സയണിസം വളർത്തിയെടുത്തത്. ഫ്രാൻസിലെ കമ്മ്യൂണിസ്റ്റ് പാർട്ടി സൈദ്ധാന്തികരിലൊരാളും പിന്നീട് ഇസ്‌ലാം മതം സ്വീകരിച്ചയാളുമായ രജാഗരോഡി തന്റെ 'സയണിസം' എന്ന പുസ്തകത്തിൽ ഈ മതകീയ സയണിസത്തെ പറ്റി വിവരിക്കുന്നത് കാണുക. മതകീയ സയണിസത്തിനും രാഷ്ട്രീയ സയണിസത്തിനും തികച്ചും വ്യത്യസ്തമായ രണ്ട് ലക്ഷ്യങ്ങളാണു ള്ളത്. അവ തമ്മിൽ യാതൊരു ആശയ കുഴപ്പവും ഉണ്ടാകേണ്ടതില്ല.....

യഹൂദ മതത്തിലെ അപൂർവ ജ്ഞാനികളായ മിസ്റ്റിക്കുകൾ പ്രചരിപ്പിച്ച ഒന്നാണ് മതകീയ സയണിസം. രക്ഷകൻ വരുമെന്ന യഹൂദ മതത്തിന്റെ പ്രതീക്ഷയുമായി ബന്ധപെട്ടു നിൽക്കുന്നു അത്. ഈ വിശ്വാസ മനുസരിച്ച് കാലത്തിന്റെ അവസാനത്തിൽ മിശിഹാ പ്ര ത്യക്ഷപ്പെടുകയും 'ഭൂമിയിലെ എല്ലാ കുടുംബങ്ങളും' (ഉൽപ്പത്തി 13: 3) ദൈവരാജ്യത്തിലേക്ക് വിളിക്കപ്പെടുകയും മനുഷ്യരാശിക്ക് വേണ്ടി മുഴുവനും വേണ്ടി ദൈവരാജ്യം സ്ഥാപിതമാവുകയും ചെയ്യും. അബ്രഹാമിന്റെയും മോശയുടെയും കഥകൾ ഇന്നയിന്നയിടങ്ങളിലാണ് അരങ്ങേറിയതെന്ന് ബൈബിളിൽ പറയുന്നുണ്ട്. ആ സ്ഥലങ്ങളിലായിരിക്കും ഈ ദൈവരാജ്യത്തിന്റെ കേന്ദ്ര സ്ഥാനങ്ങൾ (സയണിസം, രജാഗരോഡി, മലയാള വിവർത്തനം, ഐ.പി.എച്. പേ.15,16) മദ്ധ്യകാല ഘട്ടത്തിലും ഈ സിയോൺ സ്തുതി യഹൂദ കവിതകളിൽ പ്രകടമായിരുന്നു. എ. ഡി. 1075- 1140) ജീവിച്ച യഹൂദ് ഹാലേവി(Yehuda Halevi)എന്ന ജൂതകവിയുടെ 'ശയ്‌രി സിയോൺ' (സിയോൺ ഗീതങ്ങൾ) വളരെ പ്രശസ്തമാണ് അതിൽനിന്നുള്ള ഏതാനും വരികളാണ് ഇത്.

My heart is in the East and I am at the edge of the West

How can I taste what I eat, How can I enjoy it

How can I fullfill my dows and pledges, while

zion is domain of Edom(Christian Crusaders )

And I am in the bonds of Arabia (ie. Muslim Spain) എന്റെ ഹൃദയം കിഴക്കാണ്. ഞാനാകട്ടെ പശ്ചിമ മുനമ്പിലും.

എന്റെ ഭോജ്യങ്ങൾ എങ്ങനെ രുചികരമാകും?

എനിക്കതെങ്ങനെ അസ്വാദ്യകരമാകും?

എന്റെ പ്രതിജ്ഞകളും ശപഥങ്ങളും എങ്ങനെ നിറവേറ്റും?

സിയോൺ എദോമിന്റെ (ക്രിസ്ത്യൻ കുരിശുയുദ്ധക്കാരുടെ) പരിധിയിലായി.

ഞാനോ അറേബ്യയുടെ (മുസ്‌ലിം സ്പെയിൻ)പിടിയിലും.

ചുരുക്കത്തിൽ സിയോണിനോടുള്ള പ്രേമവും സിയോൺ പ്രവേശനവും മതപരമായ അർഥത്തിലാണ് യഹൂദ മതം താലോലിച്ചത്. (തുടരും)

---

പേജ് 14 ൽ നിന്നും തുടർച്ച

ഉൾക്കൊള്ളുന്നതാണ്. ഈ അവസരം വിനിയോഗിച്ചുകൊണ്ട് ഫള്‌ലെ ഉമർ ഫൗണ്ടേഷനോട് എനിക്ക് പറയാനുള്ളത്, നിങ്ങളുടെ പ്രവർത്തനങ്ങളിൽ വേഗത വർദ്ധിപ്പിക്കണമെന്നാണ്. പ്രസിദ്ധീകരത്തിന്റെ ഈ പ്രവർത്തനം വേഗത്തിൽ അവർ പൂർത്തിയാക്കേണ്ടതാണ്. ഇത് ഉറുദുവിലാണ് ഇപ്പോൾ ശേഖരിക്കുന്നത്. അതിന്റെ തർജമ വിവിധ ഭാഷകളിൽ പ്രസിദ്ധീകരിക്കേണ്ടതായുണ്ട്.

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ് ഒരു സ്ഥലത്ത് പറഞ്ഞിരുന്നു. "അല്ലാഹു ലോകത്തുള്ള വിവിധ ഭാഷകളെ ചുരുങ്ങിയ ഭാഷകളിൽ ഒരുമിച്ച് കൂട്ടിക്കൊണ്ട് നമുക്കായി വളരെ എളുപ്പമാക്കിയിരിക്കുകയാണ്. എത്രയോ ഭാഷകൾ ഉണ്ടെങ്കിലും ചില പ്രസിദ്ധമായ ഭാഷകൾ ലോകത്തെ അടക്കിവാഴുകയാണ്. ഉർദു, അറബി, എന്നിവ കൂടാതെ ഇംഗ്ലീഷ്, ജർമൻ, ഫ്രഞ്ച് എന്നീ ഭാഷകൾ ലോകത്ത് പൊതുവിൽ പറയപ്പെടുകയും മനസ്സിലാക്കപ്പെടുകയും ചെയ്യുന്നു. ഈ ഭാഷകളിൽ തർജമ ചെയ്യപ്പെട്ടാൽ തന്നെ 90% ജനങ്ങളിലും നമ്മുടെ സന്ദേശം എത്തിക്കാൻ സാധിക്കുന്നതാണ്. ഹദ്റത്ത് മുസ്‌ലിഹ് മൗഊദിന്റെ ചില ഗ്രന്ഥങ്ങളുടെ തർജമ ആയിട്ടുണ്ട്. പല പുസ്തകങ്ങളുടെയും തർജമ ഇപ്പോഴും ലോകത്തിന്റെ വൈജ്ഞാനികവും ആത്മീയവുമായ ദാഹശമനത്തിന് അത്യാവശ്യമാണ്. ഈ തർജമ മറ്റു സ്ഥാപനങ്ങളാണ് ചെയ്യുന്നത്. ഫള്‌ലെ ഉമർ ഫൗണ്ടേഷൻ എന്ന സ്ഥാപനമല്ല ചെയ്യുന്നത്. യഥാർഥത്തിൽ ഈ പ്രവർത്തനം ഫള്‌ലെ ഉമർ ഫൗണ്ടേഷന്റേത് തന്നെയാണ്. ഇതുവരെ ചെയ്തില്ലെങ്കിലും ഇതിലേക്ക് ശ്രദ്ധിക്കാൻ ഞാൻ ആവശ്യപ്പെടുന്നു. ജമാഅത്തിന്റെ മറ്റു സ്ഥാപനങ്ങൾ ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെ പുസ്തകങ്ങളിലേക്കാണ് ആദ്യം ശ്രദ്ധിക്കേണ്ടത്. അവർ അത് ശ്രദ്ധിക്കുകയും ചെയ്യുന്നുണ്ട്. കഴിവിന്റെ പരമാവധി പരിശ്രമിച്ചുകൊണ്ട് മുസ്‌ലിഹ് മൗഊദിന്റെ ഗ്രന്ഥങ്ങളും തർജമ ചെയ്യുന്നുണ്ട്. ജമാഅത്തിന്റെ മറ്റു സാഹിത്യങ്ങളും തർജമ ചെയ്യുന്നുണ്ട്.

എന്തായിരുന്നാലും ഫള്‌ലെ ഉമർ ഫൗണ്ടേഷൻ അവരുടെ പ്രവർത്തനം ത്വരിതപ്പെടുത്തേണ്ട ആവശ്യമുണ്ട്. ഹദ്റത്ത് മുസ്‌ലിഹ് മൗഊദിന്റെ ഗ്രന്ഥങ്ങൾ തർജമ ചെയ്യാത്തതുകാരണം ചിലർ ഇത് ചോരണം ചെയ്തു പ്രസിദ്ധീകരിക്കുന്നുണ്ട്. സ്വന്തം പേരിലാണ് അവർ പ്രസിദ്ധീകരിക്കുന്നത്. അറബി ഡസ്കിന്റെ മുറബ്ബി സാഹിബ് അറിയിക്കുന്നു. മിൻഹാജുത്താലിബീൻ എന്ന മുസ്‌ലിഹ് മൗഊദ് (റ) ന്റെ ഗ്രന്ഥം ഇത് ധാർമിക ഗുണങ്ങളുടേയും സവിശേഷ കാര്യത്തേയും കുറിച്ചുള്ള വിഖ്യാത ഗ്രന്ഥമാണ്. ഇതിൽ നിന്നും വിഷയങ്ങളെടുത്ത് ഒരാൾ തന്റെ പേരിൽ അത് പ്രസിദ്ധീകരിച്ചിട്ടുണ്ട്. അയാൾക്ക് ഉർദുവും അറിയാവുന്നതാണ്. ഇതിനെക്കുറിച്ച് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ് (റ) എഴുതിയിട്ടുള്ളത് ഇപ്രകാരമാണ്. "ഈ വിഷയത്തെക്കുറിച്ച് ഞാൻ ചിന്തിച്ചു. അല്ലാഹുവിന്റെ അനുഗ്രഹത്താൽ അത്യാധുനിക രീതിയിലുള്ള വിഷയം എനിക്ക് മനസ്സിലാകുകയുണ്ടായി. ഇത് ധാർമികതയുടെ വിഷയം തന്നെ മാറ്റി മറിച്ചിരിക്കുകയാണ്."

മുസ്‌ലിഹ് മൗഊദിന്റെ പ്രവചനം അദ്ദേഹത്തിന്റെ പ്രവർത്തനവുമായി തട്ടിച്ചുനോക്കുമ്പോൾ ശോഭയാർന്ന രീതിയിൽ നമ്മുടെ മുമ്പാകെ തെളിഞ്ഞുവരികയാണ്. ഞാൻ പറഞ്ഞതുപോലെ ഇത് തിരുനബി (സ) യുടെ പ്രവചനമാണ്. ഇത് നമ്മുടെ യജമാനൻ ഹദ്റത്ത് മുഹമ്മദ് മുസ്തഫാ (സ) യുടെ അത്യുന്നതവും നിറമങ്ങാതിരിക്കുന്നതുമായ സ്ഥാനമാഹാത്മ്യം വെളിപ്പെടുകയാണ് ചെയ്യുന്നത്. ഈ പ്രവചനത്തിന്റെ പൂർത്തീകരണം എന്നത് ഒരു വ്യക്തി ജനിച്ച് അദ്ദേഹം കുറേ സേവനങ്ങൾ ചെയ്തു എന്നതിൽ മാത്രം ഒതുങ്ങുന്നില്ലെന്ന കാര്യം നാം ഓർക്കണം. ഇതിന്റെ യാഥാർഥ്യം വെളിപ്പെടുന്നത് ഈ പ്രവർത്തനത്തെ മുന്നോട്ട് കൊണ്ടുപോകുന്നവർ നമ്മിൽ നിന്ന് ജന്മമെടുക്കുമ്പോഴാണ്.

# ലൈംഗികാതിക്രമങ്ങളും ശിക്ഷയും

മുസാഫിർ

2012 ഡിസംബർ 16ന് ഡൽഹിയിലെ ഫിസിയോ തെറാപ്പി വിദ്യാർഥിനിയെ ആറു പേർ ചേർന്ന് ക്രൂരമായി ബലാത്സംഗം ചെയ്യുകയും മാരകവും ഭീഭത്സവുമായി പരുക്കേൽപ്പിക്കുകയും ചെയ്യുകയുണ്ടായി. ഹതഭാഗ്യയായ ആ സഹോദരി പതിമൂന്ന് ദിവസങ്ങൾക്ക് ശേഷം മരണപ്പെടുകയും ചെയ്തു. ഐക്യരാഷ്ട്ര സഭയുടെ ലിംഗ സമത്വ ത്തിനും സ്ത്രീ ശാക്തീകരണ ത്തിനും വേണ്ടിയുള്ള (Entity for Gender Equality and Empowerment of Women) സംഘടന ഇന്ത്യാഗവൺമെന്റിനോടും ഡൽഹി സംസ്ഥാന ഗവൺമെന്റിനെയും വിളിച്ച് ഇത്തരം സംഭവങ്ങൾ ആവർത്തി ക്കാതിരിക്കാനും സത്രീകൾക്ക് സുരക്ഷി തമായി ജീവിക്കാനാവശ്യമായ നിയമപര വും ഭരണപരവുമായ നടപടിക ളെടുക്കാനും അഭ്യർഥിക്കുകയുണ്ടായി. ഐക്യ രാഷ്ട്രസഭാ ജനറൽ സെക്രട്ടറി ബാൺ കീ മൂണും ഇതിനെതിരെ പ്രതികരിച്ചു. അമേരിക്കൻ എംബസിയും നിരവധി അന്താരാഷ്ട്ര സംഘടനകളും ഡൽഹിയിൽ നടന്ന ക്രൂരകൃത്യത്തോട് പ്രതികരിക്കുകയുണ്ടായി. ഡൽഹിയിലും ഇന്ത്യയിലെല്ലായിടത്തും ഈ ക്രൂരതക്കെതിരെ അതി രൂക്ഷമായ പ്രതിഷേധങ്ങൾ ഉയരുകയുണ്ടായി. സോഷ്യൽ നെറ്റ് വർക്കുകളിലൂടെയുള്ള പ്രചാരണം വഴി ആയിരക്കണക്കിന് യുവജനങ്ങൾ ഇന്ത്യാഗേറ്റിനും റെയ്സിനാ ഹാളിനും പാർലമെന്റ്–രാഷ്ട്രപതിഭവൻ എന്നിവിടങ്ങൾക്ക് മുമ്പിലും പ്രതിഷേധവുമായി അനിയ ന്ത്രിതമായി കൂട്ടം കൂടി നിലയുറ പ്പിക്കുകയുണ്ടായി. ഇതിന്റെയെല്ലാം ഫലമായിസ്ത്രീകളുടെ നേരെ നടക്കുന്ന കുറ്റകൃത്യങ്ങൾ തടയാനുള്ള നിയമങ്ങൾ പരിഷ്ക്കരിക്കാൻ സുപ്രീം കോടതി റിട്ടയേർഡ് ചീഫ് ജസ്റ്റിസ് ജെ. എസ് വർമയുടെ നേതൃത്വത്തിൽ ഒരു കമ്മിറ്റിയെ കേന്ദ്ര ഗവൺമെന്റ് നിയമി ക്കുകയും . ആ കമ്മിറ്റി നിരവധി നിയമ വിദഗ്ധന്മാരിൽനിന്നും എൻ ജി ഒ കളിൽ നിന്നും വനിതാ സംഘടനകളിൽ നിന്നും രാഷ് ട്രീയ സംഘടനകളിൽ നിന്നും മത പ്രസ്ഥാനങ്ങളിൽ നിന്നും അഭിപ്രായം ആരാഞ്ഞു ഒരു റിപ്പോർട്ട് സർക്കാറിന് സമർപ്പിച്ചിരിക്കുകയാണ്. ശിക്ഷയുടെ പ്രസക്തി തന്നെ നഷ്ടപ്പെടുന്ന വിധം വിചാരണയിലും വധി പ്രസ്താവത്തിലുമുണ്ടാകുന്ന കാല താമസം ഒഴിവാക്കാൻ ഡൽഹി ബലാത്സംഗ കേസ് വിചാരണ ചെയ്യാൻ ഒരു ഒരു അതിവേഗ കോടതിയും സ്ഥാപിച്ചിട്ടുണ്ട്. ഇന്ത്യയിൽ പ്രത്യേകിച്ച് ഡൽഹിയിൽ സ്ത്രീകൾക്കെതിരെയുള്ള അതിക്രങ്ങൾ വർദ്ധിച്ചു വരികയാണ്. നാഷണൽ ക്രൈം റിക്കാർഡ് ബ്യൂറോയുടെ കണക്ക് പ്രകാരം 2011 ൽ ഇന്ത്യയിൽ 24,206 ബലാത്സംഘ കേസുകൾ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുണ്ട്. റിപ്പോർട്ട്പ്പെടാത്ത കേസുകൾ തീർച്ച യായും ഇതിലധികമായിരിക്കാനാണ് സാധ്യത. ബലാത്സംഗം എന്നകുറ്റത്തെ സംബന്ധിച്ച് ഇസ്ലാമിക വീക്ഷണ ത്തിൽ പലരും അഭിപ്രായം പറഞ്ഞിട്ടുണ്ട്.



ബലാൽ സംഘം എന്നത് വ്യഭിചാരത്തേക്കാൾ കുറ്റകൃത്യ സ്വഭാവം കൂടുതലുള്ള ഒരു ക്രിമിനൽ നടപടിയാണ്. അവ രണ്ടും തികച്ചും വ്യത്യസ്തമായ രണ്ട് കുറ്റകൃത്യങ്ങളാണ്.ഹീനമായ പാപം എന്ന നിലക്ക് ചിരപുരാതനകാലം മുതൽ എല്ലാ സമൂഹവും അംഗീകരിച്ചുവരുന്ന കുറ്റമാണ് വ്യഭിചാരം. പലരും വകതിരിവില്ലാതെ ഒരേ രീതിയിലാണ് ഇത് രണ്ടും നോക്കി കാണുന്നത്. പല മുസ്ലിം രാജ്യങ്ങളിലും ബലാത്സംഗത്തിന് ഇരയാക്കപ്പെടുന്ന സ്ത്രീക്ക് നീതി നിഷേധിക്കപ്പെടുകയും അവളെ വ്യഭിചാരിണിയെ പോലെ കല്ലെറിഞ്ഞു കൊല്ലുകയും ചെയ്യുന്നു. മനുഷ്യത്വ വിരുദ്ധവും അതിക്രൂരവുമായ ഇത്തരം സംഭവങ്ങൾ ബംഗ്ലാദേശിലേയും പാകിസ്താനിലേയും ഇന്തോനേഷ്യയിലേയും പ്രാദേശിക ശരീഅ: കോടതികളിൽ ഇടക്കിടെ നടക്കാറുണ്ട്. ഇത് സംബന്ധമായി ഖുർആൻ പറയുന്ന കാര്യം അല്പം പരാമർശിക്കേണ്ടതുണ്ട്.

വ്യഭിചാരത്തെ പറ്റി ഖുർആനിൽ വ്യക്തമായ പ്രതിപാദനമുണ്ട്. മാത്രമല്ല കുടുംബ ബന്ധങ്ങളെ ശിഥിലമാക്കുന്നതും തലമുറകളെ നശിപ്പിക്കുന്നതും മനുഷ്യന്റെ സംസ്ക്കാ രത്തെ ഉന്മൂലനം ചെയ്യുന്നതും മനുഷ്യ ന്റെ സ്വാഭാവിക പ്രകൃതിക്ക് യോജിക്കാത്തതുമായ ഒരു അപഭ്രംശവുമാണത്. ഇസ്ലാം വ്യഭിചാരത്തിലേക്ക് നയിക്കുന്ന എല്ലാ മാർഗങ്ങളെയും തടയുന്നു. ഇതിന് വിദ്യാഭ്യാസപരവും ആചാരപരവും പെരുമാറ്റപരവും നിയമ പരവുമായ നിരവധി നിർദേശങ്ങൾ മുന്നോട്ടു വെക്കുന്നു. ഈ കാര്യത്തിലുള്ള നിയമ നിർദേശം ഖുർആൻ വ്യക്തമാക്കുന്നുണ്ട്. വ്യഭിചാരം സംശയാതീതമായി തെളിയിക്കപ്പെട്ടാൽ 100 അടി ശിക്ഷ അർഹിക്കുന്ന കുറ്റമാണെന്നാണ് ഖുർആൻ പറയുന്നത്. (24:3) ഇതിനെതിരെ വ്യഭിചാരത്തിന് ഇസ്ലാമിൽ എറിഞ്ഞുകൊല്ലലാണ് ശിക്ഷയെന്ന് വാദിക്കുന്നവരുണ്ട്. പൗരാണിക കാലം മുതൽ വ്യഭിചാരം ഇല്ലാതാക്കാൻ യഹൂദ മതം സ്വീകരിച്ചത് കിരാതമായ ഒരു ശിക്ഷാരീതിയാണ്. ബൈബിൾ ലേവ്യർ 20:10 ൽ അത് വിവരിക്കുന്നു. റസൂൽ തിരുമേനി (സ)യുടെ കാലത്തുള്ള യഹൂദർ ഈ ശിക്ഷാരീതി അനുവർത്തിച്ചു വന്നിരുന്നു. വ്യഭിചാരത്തിന് ഈ ശിക്ഷ അക്കാലത്ത് അറേബ്യയിൽ നടന്നതായി ചില ഹദീസുകളിൽ ഉണ്ടെന്നും അതിനാൽ ഇസ്ലാമിലെ ശിക്ഷ ഇതാണെന്നും ഹദീസ് പ്രമാണ വാദികൾ പറയുന്നു. എന്നാൽ ഇസ്ലാമിന്റെ മുഖ്യ പ്രമാണമായ വിശുദ്ധ ഖുർആനിൽ വ്യക്തമായ നിയമ നിർദേശമുള്ള ഒരു കാര്യത്തിൽ അത് അവഗണിച്ച് പലപ്പോഴും സന്ദിഗ്ധതകൾ നിറഞ്ഞ ഹദീസിനെ പ്രമാണമാക്കുന്നത് ഇസ്ലാമിക വിരുദ്ധമായ സമീപനമാണ്. ഖുർആനിൽ പറഞ്ഞ 100 അടിശിക്ഷ അവിവാഹി തരായ വ്യഭിചാരികൾക്കുള്ളതാണെന്നും (Fornicator) വിവാഹിതരായ വ്യഭിചാരികൾക്ക്(Adulterer) കല്ലെറിഞ്ഞു കൊല്ലലാണെന്നും ഇവർ വാദിക്കുന്നു. മാത്രമല്ല ഇത് സംബന്ധിച്ച് അവർ ഉന്നയിക്കുന്ന മറ്റൊരു ഗുരുതരവും ഖുർആന്റെ അപ്രമാദിത്വത്തെ തന്നെ ചോദ്യം ചെയ്യുന്നതും അപകീർത്തികരവുമായ ഒരു വാദം, കല്ലെറിഞ്ഞു കൊല്ലണ മെന്ന ഒരു വചനം ഖുർആനിലുണ്ടായിരുന്നുവെന്നും ഖുർആൻ സമാഹരണ വേളയിൽ അത് നഷ്ടപെട്ടു പോയതാണെന്നുമാണ്. ഈ വാദമുയർത്തുന്ന മത യാഥാസ്ഥിതികരുടെ പറുദീസയായ സഊദി അറേബ്യ, താലീബാനിസത്തിന് പ്രാമുഖ്യമുള്ള അഫ്ഘാനിസ്ഥാൻ, പാകിസ്താൻ, ഇന്തോനേഷ്യ, ബംഗ്ലാദേശ്, സുഡാൻ, ഇറാൻ, യെമൻ, നൈജീരിയ, യു. എ. ഇ എന്നീ മുസ്ലിം രാജ്യങ്ങളിൽ വ്യഭിചാരത്തിനുള്ള ശിക്ഷ ഇപ്പോഴും കല്ലെറിഞ്ഞ് കൊല്ലലാണ്.

ഖുർആനിൽ 'സിന' എന്നത്, അവിവാഹിതൻ, വിവാഹിതൻ എന്ന വിഭജനമില്ലാതെ വ്യഭിചാരത്തെ കുറിക്കാനു പയോഗിക്കുന്ന പദമാണ്. പ്രസ്തുത വിഭജനം ഒരു ബൈബിൾ സങ്കൽപ്പമാണെന്ന് സാന്ദർഭികമായി ഇവിടെ സൂചിപ്പിക്കാനാഗ്രഹിക്കുന്നു. ഒരേ കുറ്റം ചെയ്ത വിവാഹിതനും അവിവാഹിതനും രണ്ട് ശിക്ഷകൾ ബൈബിൾ വിവരിക്കുന്നുണ്ട്. (ആവർത്തനം:22:25-28) ബലാത്സംഗവും വ്യഭിചാരവും തികച്ചും വ്യത്യസ്തമായ രണ്ട് കുറ്റങ്ങളാണ്. വ്യഭിചാരത്തിന് അറബിയിൽ 'സിന'എന്നാണ് പറയുന്നത്. ബലാത്സംഗത്തിന് 'ഇഗ്തിസാബ്' എന്നും പറയുന്നു. ബലാത്സംഗത്തെ പറ്റി ഖുർആനിൽ പ്രത്യേകമായ പരാമർശമില്ല. പകരം യൂസുഫ് നബി (അ) യുടെ സൗന്ദര്യത്തിൽ ഭ്രമിച്ച് മന്ത്രി പത്നി പുരുഷനായ അദ്ദേഹത്തെ അങ്ങോട്ട് കൈയ്യേറ്റം ചെയ്ത ഒരു സംഭവകഥ ഖുർആൻ വിവരിക്കുന്നു. ഈ അസാധാരണ സംഭവം പോലെ തന്നെ കൈയേറ്റത്തിന് ഇരയായ യൂസുഫ് നബി (അ) ആണ് സംഗതിവശാൽ ജയിലിലായതും. ഈ സംഭവത്തിൽ ഖുർആന്റെ ഭാഗത്തു നിന്നുള്ള നിയമ നിർദേശങ്ങളൊന്നുമില്ല.

വാസ്തവത്തിൽ വ്യഭിചാരത്തേക്കാൾ കുറ്റകരമാണ് ബലാത്സംഗം. വ്യഭിചാരം എന്നത് രണ്ടു പേരും ഉഭയ സമ്മതത്തോടെ ചെയ്യുന്ന ഒരു കുറ്റമാണ്. പാപം അഥവാ ധാർമികമായ തെറ്റിൽ നിന്നും ഉത്ഭൂതമാകുന്ന ഒരു കുറ്റമാണത്. ഈ കുറ്റത്തിൽ രണ്ടും പേരും തുല്യപങ്കാളികളാണ്. ഒരു കേസ് എന്ന നിലക്ക് ഇതിൽ വാദിയും പ്രതിയുമില്ല. ഒരാൾക്ക് അപരനെ പറ്റി പരാതിയുമില്ല. പരസ്യമാകുമ്പോഴോ പിടിക്കപ്പെടുമ്പോഴോ മാത്രമാണ് ഇസ്ലാമികമോ അല്ലാത്തതോ ആയ രാജ്യത്തെ നിലവിലുള്ള നിയമത്തിന്റെ ലംഘനം എന്ന നിലക്ക് അവർ ശിക്ഷിക്കപ്പെടുന്നത്. ആധുനിക സെക്കുലർ കോടതികൾ വ്യഭിചാരം ഒരു കുറ്റമാണോ എന്ന് സന്ദേഹപ്പെടുന്നുണ്ട്. കുറ്റം എന്നത് ഒരാളുടെ ജീവനും സ്വത്തിനും അഭിമാനത്തിനും മെതിരെയുള്ള അപരന്റെ കയ്യേറ്റമോ ഹാനിവരുത്തലോ ആണ്. വ്യഭിചാരത്തിൽ ഇതൊന്നുമില്ല. അത്കൊണ്ട് സ്വാഭാവികമായും ആധുനിക സെക്കുലർ കോടതികൾ വ്യഭിചാരത്തെ കുറ്റമായി കാണുന്നില്ല. യൂറോപ്യൻ രാജ്യങ്ങളിലും അമേരിക്കയിലെ ചില സംസ്ഥാനങ്ങളിലും വ്യഭിചാരം കുറ്റമല്ല. പാശ്ചാത്യ നാടുകളിലെ നിയമപരമായി തന്നെ അംഗീകരിക്കപ്പെട്ട ഈ സർവസ്വതന്ത്രമായ ലൈംഗിക സ്വാതന്ത്ര്യം മൂലം അവിടുത്തെ കുടുംബ ബന്ധങ്ങൾ ആകമാനം താറുമാറായിരിക്കുകയാണ്. വിശ്വസ്തത പുലർത്തുന്ന ദാമ്പത്യബന്ധം നഷ്ടമായതിനാൽ ദമ്പതികൾക്ക് കുട്ടികൾ ഉണ്ടാവുകയോ കുട്ടികൾ ഉണ്ടാവാൻ ആഗ്രഹിക്കുകയോ ചെയ്യുന്നില്ല. മാതാവായി കുട്ടികളെ വളർത്തി വലുതാക്കേണ്ട യൗവനം മുഴുവൻ ഉത്തരവാദിത്വങ്ങളില്ലാത്ത ലൈംഗികാസ്വാദനത്തിന്റെ ലോകത്ത് ജീവിച്ച് തീർക്കുന്ന യൂറോപ്യൻ യുവതയുടെ ഉൽപ്പാദന ക്ഷമത ക്രമേണ നഷ്ടമാവുന്നു എന്നാണ് പഠനങ്ങൾ സൂചിപ്പിക്കുന്നത്. അതിനാൽ യൂറോപ്പ് ഇപ്പോൾ ഗുരുതരമായ ജനസംഖ്യാ ശോഷണത്തെ തന്നെ അഭിമുഖീകരിക്കുകയാണ്.

കുറ്റത്തിന്റെയും ശിക്ഷയുടെയും പരിധിയിൽ നിന്നും ഭാവിയിൽ ഇസ്ലാമിക കോടതികളും വ്യഭിചാരത്തെ ഒഴിവാക്കികളയാതിരിക്കാനാണ് മറ്റു കുറ്റങ്ങൾക്കൊന്നും നിയതമായ ശിക്ഷ നിശ്ചയിക്കാത്ത ഖുർആൻ വ്യഭിചാരത്തിന് വ്യക്തമായും നിയമത്തി ന്റെ ഭാഷയിൽ അടി ശിക്ഷയെ നിഷ്ക്കർ

ശിച്ചിട്ടുള്ളത് എന്ന് മനസ്സിലാക്കാം. എന്നാൽ ബലാത്സംഗത്തിന് ഖുർആൻ ശിക്ഷ പറയുന്നില്ല. അത് സ്ത്രീക്കെതിരെയുള്ള കൈയ്യേറ്റമാണ്. ആ കുറ്റത്തിന്റെ സ്ഥിരീകരണത്തിന് വ്യഭിചാരത്തിന്റെ കാര്യത്തിലെന്ന പോലെ നാല് സാക്ഷികളെ ഹാജരാക്കണമെന്നാണ് മുസ്‌ലിം രാജ്യങ്ങളിലെ നിബന്ധന. അതിനാൽ മിക്കപ്പോഴും ബലാത്സംഗത്തിന് ഇരയായ സ്ത്രീക്ക് അവിടെ നീതി ലഭിക്കുകയോ കുറ്റവാളി ശിക്ഷിക്കപെടുകയോ ചെയ്യുന്നില്ല. ഇരയാക്കപ്പെട്ട സ്ത്രീയോട് തന്നെ കുറ്റം തെളിയിക്കാൻ നാല് സാക്ഷികളെ ഹാജരാക്കണമെന്ന വ്യവസ്ഥയിലെ അനീതി യെപറ്റിയൊന്ന് ആലോചിച്ചു നോക്കൂ. ചില മുസ്‌ലിം രാജ്യങ്ങളിൽ ബലാത്സംഗം ചെയ്യപെട്ട പരാതിക്കാരിയായ സ്ത്രീയെ തന്നെ വ്യഭിചാര കുറ്റം ചുമത്തി ശിക്ഷിക്കുന്നതായും റിപ്പോർട്ട് ചെയ്യപെടുന്നു. നീതിയുടെ ആന്തരിക ചൈതന്യം മനസ്സിലാക്കാത്ത പല മുസ്‌ലിം രാജ്യങ്ങളും പരിഹാസ്യമാം വിധം അധഃപതിച്ചിരിക്കുന്നു.

ഒരു ഇസ്‌ലാമിക സമൂഹത്തിന്റെ പശ്ചാത്തലത്തിൽ മാത്രമേ ഇസ്‌ലാമിക നിയമങ്ങൾ സംഗതമാവുകയുള്ളൂ. ലൈംഗിക അരാജകത്വത്തിനുള്ള എല്ലാ വാതിലുകളും തുറന്നിട്ടു കൊണ്ട് ആളുകളെ ലൈംഗിക മനോരോഗികളാക്കുന്ന ഒരു സമൂഹത്തിൽ കുറ്റങ്ങൾക്ക് ശിക്ഷ മാത്രം കഠിനമാക്കുന്നത് ശരിയാണോ എന്നും ചിന്തിക്കേണ്ടതുണ്ട്. വിശുദ്ധ ഖുർആനിൽ ബലാത്സംഗത്തിനും പ്രത്യേകം നിയമം നിർദേശിച്ചിട്ടില്ല അത് ഗുരുതരമായ ഒരു ക്രിമിനൽ കുറ്റമായതിനാൽ ആ കുറ്റത്തിന്റെ നഷ്ട മൂല്യം നിർണയിച്ച് അതാത് കാലത്തുള്ള നിയമനിർമാണ സഭകളും കോടതികളും ഉചിതമായ ശിക്ഷകൾ നടപ്പാക്കുകയാണ് വേണ്ടത്. സാധാരണ കുറ്റം തെളിയിക്കുന്ന തെളിവു നിയമത്തി ന്റെയും സാക്ഷ്യങ്ങളുടെയും അടിസ്ഥാനത്തിൽ കുറ്റവാളികളെ വിചാരണ ചെയ്ത് ശിക്ഷിക്കുകയും ചെയ്യാവുന്നതാണ്. എല്ലാ ക്രിമിനൽ കുറ്റങ്ങൾക്കും ഖുർആനിൽ നിയമങ്ങളില്ല. വാസ്തവത്തിൽ ഇത് ഖുർആന്റെ ഒരു മഹത്വമാണ്. നിയമത്തെ പറ്റി പ്രതിപാദിക്കുമ്പോൾ. നീക്കു പോക്കില്ലാത്തതും നിർണിതവും കണിശവുമായ നിയമ ഭാഷയിലല്ല ഖുർആൻ വിവരിക്കുന്നത്. നീതിസാര വാക്യങ്ങളും മാർഗ നിർദേശക തത്ത്വങ്ങളുമായാണ് ഖുർആനിൽ അവ പ്രതിപാദിച്ചിട്ടുള്ളത്. മനുഷ്യന്റെ കാലികവും വൈജ്ഞാനികവുമായ വളർച്ചക്കനുസൃതമായി നിയമരംഗത്ത് വികാസമുണ്ടാകാൻ നിയമനിർമാണ മേഖല മിക്കവാറും ഖുർആൻ വിട്ടുകളഞ്ഞിരിക്കുന്നു. ഇത് സംബന്ധിച്ച് വാഗ്ദത്ത മസീഹിന്റെ ആധികാരികമായ ഒരു പ്രസ്താവന നോക്കൂ.

*'വിശുദ്ധ ഖുർആനെ സംബന്ധിച്ച് അവധാനതയോടെ പഠിക്കാത്തത് കൊണ്ടാണ് അവർ ഇത്തരത്തിൽ ചിന്തിക്കുന്നത്. സിവിൽ ക്രിമിനൽ റവന്യൂ നിയമങ്ങളെ സംബന്ധിച്ച് ഖുർആനിക നിർദേശങ്ങൾ രണ്ടു വിധമുണ്ട്. ഒന്നാമത് പറഞ്ഞത് ശിക്ഷയെ സംബന്ധിച്ചോ നടപടിക്രമങ്ങളെ സംബന്ധിച്ചോ വിശദാംശമുള്ളതാണ്. ചിലത് തത്വങ്ങൾ അടങ്ങുന്ന നിർ ദേശങ്ങൾ മാത്രമുള്ളവ. രണ്ടാമത് പറഞ്ഞത് മാറിക്കൊണ്ടിരിക്കുന്ന പരിതസ്ഥിതികളെ നേരിടാൻ വേണ്ടിയാണ് ...ഈ കാലത്തെ പറ്റി ചിന്തിക്കുമ്പോൾ ചില നിയതമായ ശിക്ഷാനിയമങ്ങൾ ഫലപ്രദമല്ലാതാവുമ്പോൾ ആ നിയമത്തെ വിശാലമാക്കുകയാണ് ചെയ്യുന്നത്..... വിശുദ്ധ ഖുർആൻ എല്ലാ ശിക്ഷകൾക്കും ബാധകമായ പൊതു തത്വങ്ങളാണ് ഈ വിഷയത്തിൽ നിർദേശിച്ചിട്ടുള്ളത്. തൗറാത്ത് ഈ മാർഗം പിന്തുടർന്നിട്ടില്ല. സുവിശേഷം ഇവ തീർത്തും അവഗണിച്ചിരിക്കുന്നു.' (കിതാബുൽ ബരിയ്യ)*

അത്കൊണ്ടാണ് ഇസ്‌ലാമിൽ നിയമശാസ്ത്രം വലിയൊരളവോളം വളർന്നത്. പിന്നീട് ഈ വളർച്ച മുരടി ക്കുകയാണുണ്ടായത്. വിശ്വപ്രശസ്ത നിയമജ്ഞനും ഖുർആൻ വിവർത്തകനു മായ സർ മുഹമ്മദ് സഫറുല്ലാഹ് ഖാൻ തന്റെ 'ഇസ്‌ലാമും മനുഷ്യാവകാശവും'എന്ന പുസ്തകത്തിൽ ഇക്കാര്യം സൂചിപ്പിക്കുന്നത് കാണുക.

*'അത്യാവശ്യമായ കാര്യങ്ങളിൽ മാത്രമേ ഖുർആനിൽ വിശദീകരണമുള്ളൂ. ഇത് മുഖേന ഇസ്‌ലാം ബുദ്ധി വികാസത്തിനുള്ള വഴികൾ തുറന്നിടുകയും നീക്കു പോക്കില്ലാത്ത നിയന്ത്രണങ്ങൾക്കെതിരിൽ പരിരക്ഷ നൽകുകയുമാണ് ചെയ്തിരിക്കുന്നത്. ഒരോ കാര്യത്തിലും വ്യക്തമായ ദൈവ വിധി തേടുന്നതിനെതിരായി ഖുർആൻ യഥാർഥത്തിൽ താക്കീത് ചെയ്തിരിക്കയാണ് ചെയ്തിരിക്കുന്നത്. അങ്ങിനെ ചെയ്തിരുന്നില്ലെങ്കിൽ ആ ചട്ടകൂട് അകുഞ്ചകവും ഇലാസ്തികമല്ലാത്തതും (Inelastic) തന്മൂലം ദുർഭരവും ആയിതീരും*

*ഖുർആൻ പറയുന്നു:* ***അല്ലയോ വിശ്വാസികളേ വെളിപ്പെടുത്തിത്തന്നാൽ നിങ്ങൾക്ക് പ്രയാസമുണ്ടാക്കുന്ന പ്രശ്നങ്ങളെ കുറിച്ച് നിങ്ങൾ ചോദിക്കായ്‌വീൻ......അല്ലാഹു തന്നെ അവയെ വിട്ടുകളഞ്ഞിരിക്കയാണ്. അല്ലാഹു ഏറ്റവും പൊറുക്കുന്നവനും സഹനമുള്ളവനും അത്രെ. നിങ്ങൾക്ക് മുമ്പുള്ള ഒരു ജനം നിശ്ചയമായും അപ്രകാരം ചോദിച്ചു കൊണ്ടിരുന്നിട്ടുണ്ട്. അവർക്ക് നിർദേശങ്ങൾ ലഭിച്ചപ്പോഴൊക്കെ അവർ അവയെ തിരസ്ക്കരിച്ചു കളയുകയാണ് ചെയ്തത്.(5:102-103)'*** ചിലർ ധരിച്ചിരിക്കുന്നത് ഇസ്‌ലാമിക ശിക്ഷാ നിയമം പ്രാകൃതവും കർശനവുമാണെന്നാണ്. എന്നാൽ മേൽ വിവരിച്ച ചില കാര്യങ്ങളിലൊഴികെ മറ്റൊന്നിന്നും തന്നെ ഇസ്‌ലാമിന്റെ മൂലപ്രമാണമായ ഖുർആൻ ശിക്ഷാ നിയമം പറയുന്നില്ല. കുറ്റശാസ്ത്രത്തിലും (Criminology) ശിക്ഷാശാസ്ത്രത്തിലു(Penology)മുണ്ടായ എല്ലാ നൂതന വികാസങ്ങളെയും ഉൾക്കൊള്ളാനും സ്വാംശീകരിക്കാനും മനുഷ്യരിൽ നീതിയുടെ സർഗാത്മകത വളർത്താനുമാണ് ഖുർആൻ അപ്രകാരം ചെയ്തത്. ഇസ്‌ലാമിക ശിക്ഷാ നിയമം കുറ്റവാളിയുടെ അവകാശങ്ങളെയും അവന്റെ സംസ്ക്കരണത്തെയും കൂടി ഉൾക്കൊള്ളുന്നു. കുറ്റവാളിയോട് മനുഷ്യത്വപരമായ സമീപനം ലോകത്ത് ആദ്യമായി അവതരിപ്പിച്ചതും ഇസ്‌ലാമാണ്. മാപ്പും വിട്ടുവീഴ്ച്ചയും കൂടി അത് ഉൾക്കൊള്ളുന്നു. വളരെ വിശാലമായൊരു വിഷയമായതിനാൽ ഇവിടെ അത് കൂടുതൽ വിവരിക്കുന്നില്ല.

ഡൽഹി ബലാത്സംഗത്തിന് ശേഷം സ്ത്രീകൾക്ക് നേരെ നടക്കുന്ന ലൈംഗിക കുറ്റകൃത്യങ്ങൾക്കെതിരെ ശക്തമായ നിയമം നിർമിക്കാൻ ചുമതലപ്പെടുത്തിയ ജസ്റ്റീസ് ജെ.എസ് വർമ്മ കമ്മിറ്റിയെ പറ്റി തുടക്കത്തിൽ പറഞ്ഞുവല്ലോ. ആ കമ്മിറ്റിയുടെ മുമ്പാകെ കോൺഗ്രസ്സ്, ബി. ജെ. പി മുതലായ ദേശീയ പാർട്ടികളടക്കം പല സംഘടനകളും വ്യക്തികളും പല നിർദേശങ്ങളും മുന്നോട്ട് വെക്കുകയുണ്ടായി. ഡൽഹി സംഭവത്തിന്ന് ശേഷം വൈകാരികമായി തിളനിലയിൽ നിൽക്കുന്ന ഒരു സമൂഹത്തോട് ഒരു മാസത്തെ സമയമനുവദിച്ചു കൊണ്ട് നിയമനിർദേശം സമർപ്പിക്കാനാ വശ്യപ്പെടുന്നതിന്റെ ഔചിത്യ ത്തെപറ്റി പലരും അഭിപ്രായം പറഞ്ഞിട്ടുണ്ട്. ഈ പ്രക്ഷുബ്ധാവസ്ഥയിൽ പലരും പലതാൽപര്യത്തോടെ സമർപ്പിച്ച നിർദേശങ്ങളിൽ നിന്നും തന്നെ അത് വ്യക്തമാണ്. ബലാത്സംഗത്തിന് വധശി

ക്ഷനൽകണം എന്ന കോൺഗ്രസ്സ് പാർട്ടി യുടെ നിർദേശത്തിലെ യുക്തിരാഹിത്യവും അമിതത്വവും ജസ്റ്റിസ് വർമ തന്നെ ചൂണ്ടിക്കാട്ടുകയുണ്ടായി. അതായത് ബലാത്സംഗത്തിന് തന്നെ കാപിറ്റൽ പണിഷ്മെന്റായ വധശിക്ഷയാണെങ്കിൽ തെളിവു നശിപ്പിക്കാനെന്നോണം അവളെ കൊല്ലാനുള്ള സാധ്യത വളരെയേറെയാണെന്നും ഇരയാക്കപ്പെടുന്നവർക്ക് ഇത് വിനയായിതീരു മെന്നും കമ്മിറ്റി പറയുകയുണ്ടായി. പട്ടാളം വിന്യസിക്കപെട്ട പ്രദേശങ്ങളിൽ അവർ നടത്തുന്ന കുറ്റകൃത്യങ്ങൾ പൊതുകോടതികളിൽ വിചാരണ ചെയ്യാൻ AFSPA( Armed Forces Special Powers Act)നിയമം അനുവദിക്കുന്നില്ല. ഇതി ന്റെ മറവിൽ പട്ടാളത്തിന്റെ ഭാഗത്ത് നിന്ന് വലിയ തോതിൽ സ്ത്രീകൾക്കെതിരെ അതിക്രമങ്ങൾ നടക്കുന്നതായി കശ്മീർ, അരുണാചൽ പ്രദേശ്, ആസ്സാം, മണിപ്പൂർ, മേഘാലയ, മിസോറാം, നാഗാലാന്റ്, ത്രിപുര എന്നിവിടങ്ങളിൽ നിന്നുള്ള പരാതികളുടെ അടിസ്ഥാനത്തിൽ AFSPA പുനഃപ്പരിശോധിക്കാനും സ്ത്രീകളുടെ സുരക്ഷ ഉറപ്പ് വരുത്തും വിധം AFSPA ഭേദഗതി ചെയ്യാനും ശക്തമായി റിപ്പോർട്ടിൽ ഗവൺമെന്റിനോട് ശുപാർശ ചെയ്തിട്ടുണ്ടെന്നും ജസ്റ്റിസ് വർമ്മ റിപ്പോർട്ടിൽ ഉറപ്പ് നൽകിയിട്ടുണ്ട്. പ്രധാനമന്ത്രിയും ഇത് സംബന്ധിച്ച് പ്രസ്താവന പുറപ്പെടുവിച്ചിട്ടുണ്ട്. അത് പോലെ റിട്ടയേർഡ് ജസ്റ്റീസ് കൃഷ്ണയ്യരുടെ ശുപാർശയിലെ കുറ്റവാളിയെ രാസ വന്ധീകരണത്തിന് വിധേയനാക്കി ശക്തി നശിപ്പിക്കണമെന്ന നിർദേശവും കമ്മിറ്റി തള്ളിക്കളഞ്ഞു.

ശിക്ഷ എന്നനിലക്ക് ഖുർആൻ പ്രതിപാദിക്കുന്ന ഒരു ശിക്ഷാരീതി അടി(ഹദ്ദ്) ആണ്. അടി പ്രാകൃതമാണെന്ന് കരുതുന്നത് കൊണ്ടായിരിക്കാം ഈ ഇസ്‌ലാമിക ശിക്ഷാരീതിയെ പറ്റി വർമ കമ്മീഷനുമുമ്പാകെ ആരും പറയാത്തത്. മാത്രമല്ല അടിശിക്ഷ നടപ്പാക്കാനുള്ളആർജവവും ധീരതയും ഭരണകൂടത്തിനും ജുഡീഷ്യറിക്കും ഉണ്ടാവണം. വിശ്വപ്രശ്സ്ത നോവലിസ്റ്റും ചിന്തകനും ഹ്യൂമനിസ്റ്റുമായ ലിയോ ടോൾസ്റ്റോയ തന്റെ 'Resurrection' (ഉയിർത്തെഴുന്നേൽപ്പ്) എന്ന നോവലിൽ നെഹ്ലുദേവ് എന്ന കഥാപാത്രത്തെകൊണ്ട് ജയിൽ ശിക്ഷയു ടെ നിരർഥകതയും അടിശിക്ഷയുടെ യുക്തിപരതയും പ്രതിപാദിപ്പിക്കുന്നത് കാണുക.

*'യുക്തിപൂർവമായ രണ്ടേ രണ്ട് ശിക്ഷകളെയുള്ളൂ വെന്നാണ് ഞാൻ ഉദ്ദേശിച്ചത്. അവ പണ്ട് കാലങ്ങളിൽ ഉപയോഗിച്ചിരുന്നവയാണ്: ദേഹദണ്ഡനയെന്ന ശിക്ഷയും വധശിക്ഷയും ആചാരങ്ങൾ മയപ്പെട്ടുവന്നതോടെ അവയുടെ പ്രയോഗവും കുറഞ്ഞു കുറഞ്ഞു വരുന്നു. നെഹലൂദൊവ് പറഞ്ഞു.... ഒരാൾക്ക് ദേഹദണ്ഡന നൽകുന്നത് യുക്തിക്ക് നിരക്കുന്നതാണ്. എന്തു ചെയ്തതിന്റെ പേരിലാണോ അയാൾക്ക് ദേഹദണ്ഡന നൽകിയത്, അത് അയാൾ മേലിൽ ചെയ്യാതിരിക്കാൻ വേണ്ടിയാണ്. സമുദായത്തിന് ഉപദ്രവകാരിയും അപകടകാരിയുമായ ഒരുത്തന്റെ തല വെട്ടിക്കളയുന്നതും യുക്തിക്ക് തികച്ചും നിരക്കുന്നതാണ്. ഈ രണ്ട് ശിക്ഷകളുടെ അർഥം നമുക്ക് മനസ്സിലക്കാൻ കഴിയും. എന്നാൽ അലസ ജീവിതം കൊണ്ട് മറ്റുള്ളവരുടെ ദുഷ്പ്രവർത്തികൾ കണ്ടും പഠിച്ചും വികല സ്വഭാവിയായി തീർന്ന ഒരുത്തനെ ജയിലിലടക്കുക, നിർബന്ധിതമായ അലസതയുടെ ചുറ്റുപാടുകളിലും ഏറ്റവും വികല സ്വഭാവി ആയിതീർന്നവരുടെ സഹവസത്തിലും അയാളെ തീറ്റിപ്പോറ്റുക അതിലെന്ത് അർഥമാണുള്ളത്....ആളൊന്നുക്ക് അഞ്ഞൂറു റുബിൾ ചെലവുവരും'*

ബലാത്സംഗ കേസിലെ ശിക്ഷ എന്ന നിലക്ക് ജസ്റ്റിസ് വർമ്മ കമ്മിറ്റിക്ക് കോൺഗ്രസ്സിലെ ഏറ്റവും മുതിർന്ന നേതാക്കന്മാർ കൂടിയാലോചിച്ച് സമർപ്പിച്ച ശുപാർശ വധ ശിക്ഷയാണ്. അത് യുക്തിസഹമല്ല അമിതവുമാണ് എന്ന് പറഞ്ഞു കൊണ്ടാണ് വർമ്മ കമ്മിറ്റി അത് തള്ളിയത്. ഏതായാലും ക്രൂരതയിൽ അടിശിക്ഷ വധ ശിക്ഷയേക്കാൾ കുറവാണ്. ഇത്തരം ക്രൂരമായ കുറ്റങ്ങൾ നാട്ടിൽ വ്യാപകമാവുമ്പോൾ എന്തുകൊണ്ട് പൊതുജനമദ്ധ്യത്തിൽ അടി ശിക്ഷ നടത്തികൂടാ. അത് കുറ്റവാളിയിലും കണ്ടു നിൽക്കുന്ന സമൂഹത്തിലുമുണ്ടാക്കുന്ന മാസ്മരികവും മനഃശാസ്ത്രപരവുമായ പരിവർത്തനങ്ങളും നടുക്കവും ഇത്തരം കുറ്റങ്ങൾ ആവർത്തിരിക്കാനുമുള്ള ഫലപ്രദമായ നടപടിയായിരിക്കും. ടോൾസ്റ്റോയിയുടെ കഥാപാത്രം പറഞ്ഞത് പോലെ ശരീരം ചെയ്യുന്ന തെറ്റിന് ശരീരം തന്നെ വേദന അനുഭവിക്കുക എന്നതാണ് ഇതിലെ യുക്തി. ജയിൽ ശിക്ഷ മാത്രം കൊണ്ട് ഇത്തരം ക്രൂരമായ കുറ്റകൃത്യങ്ങൾ എത്രമാത്രം തടയാൻ കഴിയും? കുറ്റവാളിയെ ജയിലി ലേക്കയക്കുമ്പോൾ സമൂഹത്തിന് സുരക്ഷിതത്വ ബോധം ഉണ്ടാകുന്നു എന്നല്ലാതെ ജയിൽ എന്ന കുറ്റവാളികളുടേതായ ലോകത്ത് ഒരു കുറ്റവാളി ദീർഘകാലം കഴിയുന്നത് കൊണ്ട് അയാൾ കൂടുതൽ ദുഷിക്കുകയല്ലാതെ എന്തെങ്കിലും പരിവർത്തനം അയാളിൽ സാധ്യമാവില്ല. ഒരാളെ ശിക്ഷിക്കുമ്പോൾ അതുമൂലം അയാളുടെ സംസ്ക്കരണത്തിനും പ്രാധാന്യമുണ്ട്.

ഓരോ കുറ്റവാളിയും സൃഷ്ടിക്കപ്പെടുമ്പോഴും സമൂഹത്തിനും അതിൽ പങ്കുണ്ടെന്ന് യാഥാർഥ്യവും നാം ഓർക്കണം. തെരുവുകളിൽ ജനിക്കുകയും തെരുവുകളിൽ ജീവിക്കുകയും തെരുവുകളിൽ തന്നെ മരിച്ചൊടുങ്ങുകയും ചെയ്യുന്ന ദരിദ്ര കോടികൾ സമൂഹത്തിന്റെ പുറമ്പോക്കിൽ ജീവിക്കുന്നു. അവർക്ക് മുമ്പിൽ തുറന്ന് കാട്ടപ്പെടുന്ന അതിസമ്പന്നതയുടെയും സുഖാനുഭൂതിയുടേയും അഴിഞ്ഞാട്ടത്തിന്റെയും താളപ്പിഴകളുടെയും ലോകം ആത്മ ബലം കുറഞ്ഞവന് ഒരു പ്രലോഭനമാണ്. നിയമലംഘനം നടത്തി ദേഹേച്ഛയുടെ കൊതിക്ക് ശമനം വരുത്താൻ അവൻ തുനിയുമ്പോയാണ് കുറ്റവാളി ജനിക്കുന്നത്. നിയമ സാഹിത്യത്തിലെ ഒരു ആപ്ത വാക്യം ഇങ്ങനെയാണ് Society prepare the crime, the criminal commit it 'സമൂഹം കുറ്റങ്ങൾ തയ്യാറാക്കുന്നു, കുറ്റവാളി അത് നിർവഹിക്കുന്നു.' കുറ്റവാളിക്കെതിരെ ഒരു വിരൽ ചൂണ്ടുമ്പോൾ ബാക്കി വിരലുകൾ ചൂണ്ടുന്നവർക്ക് നേരെയും തിരിഞ്ഞുനിൽക്കുന്നു എന്ന് എല്ലാ അധികാര സ്ഥാനങ്ങളിലിരിക്കുന്നവരും ഓർക്കേണ്ടതാണ്.

ഇവിടെ സ്ത്രീകൾക്ക് നേരെ നിരന്തരം വർദ്ധിച്ചുവരുന്ന ആക്രമണം ഇല്ലാതാക്കാൻ കഠിനമായ ശിക്ഷകൾ നടപ്പാക്കുക തന്നെയാണ് അടിയന്തിര പ്രാധാന്യമുള്ള വിഷയം. അതോടൊപ്പമുണ്ടാവേണ്ട സമൂഹ സംസ്ക്കരണം എങ്ങനെയുണ്ടാവും? ഇന്ത്യയെ പോലെയുള്ള ചിരപുരാതന സംസ്കാരത്തിന്റെ നൈരന്തര്യം നിലനിൽക്കുന്ന നമ്മുടെ രാജ്യത്ത് മത വിശ്വാസികളുടെ ആത്മീയവും ധാർമികവുമായ മൂല്യങ്ങളെ ഉജ്ജീവിപ്പിച്ചും മതത്തിൽ വിശ്വസിക്കാത്തവർക്ക് തങ്ങളുടെ മനസ്സാക്ഷിയുടെ ഉൾവിളിക്ക് കാതോർത്ത് കൊണ്ടും മൂല്യാധിഷ്ഠിതമായ ഒരു ഇന്ത്യൻ സമൂഹത്തെ നിർമിക്കാൻ സർവശക്തൻ തുണക്കുമാറാകട്ടെ.



മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യായുടെ പ്ലാറ്റിനം ജൂബിലിആഘോഷങ്ങളുടെ ഭാഗമായി എറണാകുളം റീജ്യണൽ കാൻസർ സെന്ററിൽ സംഘടിപ്പിച്ച ശ്രമദാനം എറണാകുളം മേഖല അമീർ ബി. ബി. അഹ്മദ് കബീർ സാഹിബ് ഉദ്ഘാടനം ചെയ്യുന്നു.

# ഡോക്ടറേറ്റ് ലഭിച്ചു



മണ്ണാർക്കാട് ജമാഅത്തിലെ അബ്ദുൾ അസീസ് സാഹിബിന്റെയും നൂർജഹാൻ സാഹിബയുടെയും മകൻ മഖ്ബൂൽ അഹ്മദ് സാഹിബിന് കൊമേഴ്സ് വിഷയത്തിൽ ഡോക്ടറേറ്റ് ലഭിച്ചു. കാൻപൂറിലെ ഛത്രപതി ഷാഹുജി മഹാരാജ് യൂണിവേഴ്സിറ്റിയിൽ നിന്നും അർബൻ കോഓപറേറ്റീവ് ബാങ്കുകളുടെ പ്രവർത്തനക്ഷമത എന്ന വിഷയത്തിലാണ് ഡോക്ടറേറ്റ് ലഭിച്ചത്. ഇപ്പോൾ മലപ്പുറം വെള്ളിയഞ്ചേരിയിൽ ഹയർ സെക്കണ്ടറി സ്കൂൾ അദ്ധ്യാപകനായി ജോലി ചെയ്യുന്നു. 2002 ൽ കൊമേഴ്സിൽ ബിരുദാനന്തര ബിരുദം നേടിയ മഖ്ബൂൽ സാഹിബ് 2004ൽ കലിക്കറ്റ് യൂണിവേഴ്സിറ്റിയിൽ നിന്നും ഫിസിക്കൽ എഡുക്കേഷനിൽ ബിരുദവും നേടിയിട്ടുണ്ട്.

തൃശ്ശൂരിലെ കലിക്കറ്റ് യൂണിവേഴ്സിറ്റി കാമ്പസിലെ ജോൺ മത്തായി സെന്റർ ഓഫ് റിസർച്ച് & സ്റ്റഡീസിൽ വിസിറ്റിംങ്ങ് ലക്ചറായും അദ്ദേഹം പ്രവർ ത്തിച്ചിട്ടുണ്ട്

നല്ലൊരു ഫുട്ബോളർ കൂടിയായ മഖ്ബുൽ സാഹിബ് 1993 ൽ രാജസ്ഥാനിലെ കോട്ടയിൽ നടന്ന അഖിലേന്ത്യാ ജൂനിയർ ഫുട്ബോൾ മത്സരത്തിൽ കേരള ടീമിന്റെ വൈസ് ക്യാപ്റ്റനായി പങ്കെടുക്കുകയും കലിക്കറ്റ് യൂണിവേഴ്സിറ്റി ഇന്റർസോൺ മത്സരത്തിൽ കാലടി എം. ഇ. എസ് കോളേജിനെ ടീം ക്യാപ്റ്റൻ സ്ഥാനം വഹിക്കുകയും ചെയ്തിട്ടുണ്ട്.

ഭാര്യ-ജസ്ന എം. ശറഫ് (സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ, കായംകുളം) മകൾ- നിമ മഖ്ബൂൽ.

# അനുസ്മരണം



**ഒ. എ. ഹുസൈൻ**

കൊച്ചി ജമാഅത്തിലെ ഒ.എ. ഹുസൈൻ സാഹിബ് 63 വയസ് 7.12.12 ന് വഫാത്തായി. ഇന്നാലില്ലാഹി.... 1985 ൽ ബൈഅത്ത് ചെയ്ത് ജമാഅത്തിൽ പ്രവേശിച്ച ഇദ്ദേഹം ദീർഘനാളിയി സഈമായി സേവനമനുഷ്ഠിച്ച് വരികയായിരുന്നു. ഖലീഫത്തുൽ മസീഹ് റാബിഅ്, നാഇബ് സദറായിരുന്ന ഇദ്ദേഹത്തിന് സദറിന്റെ ചുമതല നല്കുകയുണ്ടായി. ജമാഅത്ത് വ്യവസ്തിതിയോട് പൂർണമായി കൂറു പുലർത്തിയിരുന്ന ഇദ്ദേഹം മൂസിയായിരുന്നു. അല്ലാഹു ഇദ്ദേഹത്തിന് ജന്നത്തും മഗ്ഫിറത്തും നല്കി അനുഗ്രഹിക്കു മാറാകട്ടെ. ആമീൻ

-നാസിർ അഹ്മദ്, കൊച്ചി

2013 February
Vol: 85 Issue.2
Price Rs. 20/-
Registered. Reg.No. 3332/1957, Postal Reg.No. KL/EKM/726/2012-14
The Sathyadoothan Monthly


# Ahmadiyya Muslim Community

*Apps for mobile devises*

Download free apps developed by Ahmadiyya Muslim Community for your iphone,ipode, and Android




## Quran

Read the Holy Quran in easy Yassarnal Quran Font




## Conditions of Bai'at

A pocket reference of Shara't-e-Bai'at in 7 languages



## Sermons

Huzoor's Friday Sermons In 15 languages




## MTA

Watch MTA Live, view Schedule and much more



## Ahmadiyya News

Stay up to date with the Latest jama'at news




View these apps at
alislam.org/apps
or scan the QR code below

**അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് എന്ന ദൈവീക പ്രസ്ഥാനത്തെപ്പറ്റി കൂടുതൽ അറിയാൻ ബന്ധപ്പെടുക**

**1800 425 2020** Toll Free (9 am to 9 pm)